

രണ്ടാം പതിപ്പ്
നസ്രത്തിൽ നിന്ന്
ഒരു പ്രവാചകൻ
ഡോ. മൈക്കിൾ കാരിമറ്റം
mediahouseonline.in



ഡോ. മൈക്കിൾ കാരിമറ്റം

# നസ്രത്തിൽ നിന്ന് ഒരു പ്രവാചകൻ

നസ്രത്തിലെ യേശുവിന്റെ സാമ്പത്തിക - സാമൂഹിക - സാംസ്കാരിക - രാഷ്ട്രീയ പശ്ചാത്തലങ്ങൾക്ക് കൂടുതൽ വ്യക്തതവരുത്തികൊണ്ട് യേശുവിന്റെ ആത്മീയ വെളിപാടുകളെയും നിലപാടുകളെയും പ്രബോധനങ്ങളെയും നിർണ്ണയിക്കുന്ന ഗ്രന്ഥം.

ബൈബിൾ വിജ്ഞാനീയത്തിന്റെ മേഖലയിൽ നമ്മുടെ കാലഘട്ടത്തിൽ ഏറ്റവും അധികം സംഭാവന നൽകിയിട്ടുള്ള കൃതഹസ്തന്റെ തൂലികയിൽ നിന്ന് മറ്റൊരു ഗ്രന്ഥം.

MEDIA HOUSE
Noor Complex
Mavoor road, Kozhikode -673 004
Ph: 9746077500, 9746440800
email: mediahousecalicut@gmail.com
www.mediahousecalicut.com

MEDIA HOUSE
375/A, Pocket 2.
Mayur Vihar Phase-1, Delhi- 110 091
Ph: 011- 2275317, 43042096
email: mediahousedelhi@gmail.com
www.mediahousedelhi.com

www.mediahouseonline.in

Price ₹ 120/-
ISBN 978-93-840341-1-5

# നസ്രത്തിൽനിന്ന്
# ഒരു പ്രവാചകൻ

## ഡോ. മൈക്കിൾ കാരിമറ്റം

പതിനഞ്ചു വർഷക്കാലം തലശ്ശേരി അതിരൂപതയുടെ ബൈബിൾ അപ്പോസ്തൊലേറ്റിന്റെ ഡയറക്ടറായും നാലുവർഷം മുരിങ്ങൂർ ഡിവൈൻ ബൈബിൾ കോളജിന്റെ പ്രിൻസിപ്പലായും പ്രവർത്തിച്ച ഡോ. മൈക്കിൾ കാരിമറ്റം 2002 മുതൽ തൃശ്ശൂർ മേരിമാതാ മേജർ സെമിനാരിയിൽ അദ്ധ്യാപകനായി സേവനം ചെയ്തുവരുന്നു.

മലയാളത്തിലെ ആദ്യത്തെ സമ്പൂർണ്ണ ബൈബിൾ വ്യാഖ്യാനമായ ആൽഫാ ബൈബിൾ കമന്ററിയുടെ ചീഫ് എഡിറ്റർ കൂടിയാണ് അദ്ദേഹം.

# നസ്രത്തിൽനിന്ന് ഒരു പ്രവാചകൻ

ഡോ. മൈക്കിൾ കാരിമറ്റം

മീഡിയ ഹൗസ്
2012

2012
Malayalam
NAZARETHILNINNU ORU PRAVACHAKAN
(Sacred Scripture)
Author: Dr. Michael Karimattam

Copy Right: Reserved
Layout: M. Sheeja, Media House, Kozhikode
Cover Design: Ashraf, Enterr Media

ISBN: 978-93-7495-434-8

Printed by: Ember Communications, Santhi Ashram
Kolathara - P.O., Kozhikode - 673 655
Ph: 9746440700

Published by:
Media House
375-A, Pocket 2
Mayur Vihar Phase-I, Delhi-110 091
Phone: 011- 43042096, 09953484415
E-mail: mediahousedelhi@hotmail.com
mediahousedelhi@gmail.com

Website: www.mediahousedelhi.com

Distributed by:
Media House
Noor Complex, Mavoor Rd.
Kozhikode - 673 004
Ph: 9746077500, 9746440600, 9746440800
email: mediahousecalicut@gmail.com

# നസ്രായൻ

## ആമുഖം

"യേശുവും ശിഷ്യന്മാരും കേസറിയാ ഫിലിപ്പിഗ്രാമങ്ങളിലേക്കു പുറപ്പെട്ടു. വഴിമധ്യേ അവൻ ശിഷ്യന്മാരോടു ചോദിച്ചു: ഞാൻ ആരെന്നാണ് ആളുകൾ പറയുന്നത്? അവർ പറഞ്ഞു: ചിലർ സ്നാപകയോഹന്നാൻ എന്നും മറ്റുചിലർ പ്രവാചകരിൽ ഒരുവൻ എന്നും പറയുന്നു. അവൻ ചോദിച്ചു: എന്നാൽ ഞാൻ ആരെന്നാണ് നിങ്ങൾ പറയുന്നത്?"

യേശുവിനോടൊപ്പം യാത്ര ചെയ്യുന്ന ശിഷ്യന്മാരോട് യേശു ചോദിച്ച ചോദ്യം എന്നും പ്രസക്തമാണ്. മറ്റുള്ളവർ യേശുവിനെക്കുറിച്ച് എന്തു പറയുന്നു എന്നത് ശിഷ്യന്മാരെ സംബന്ധിച്ചിടത്തോളം പ്രാധാന്യമുള്ളതാണ്. അത് ബൗദ്ധികമായ അറിവിന്റെ തലത്തിൽ നില്ക്കുന്നു. എന്നാൽ, അതിനേക്കാൾ ഏറെ പ്രാധാന്യമുള്ളതാണ് അവർ യേശുവിനെക്കുറിച്ച് എന്ത് പറയുന്നു എന്നത്. ഇവിടെ അറിവിന്റെ മേഖലയിൽ നിന്ന് തീരുമാനത്തിന്റെ മേഖലയിലേക്കു കടക്കാൻ ശിഷ്യന്മാർ നിർബ്ബന്ധിതരാവുകയാണ്. യേശു തങ്ങൾക്കാരണെന്ന ചോദ്യത്തിന് ശിഷ്യസമൂഹം ഒന്നിച്ചും ഓരോരുത്തർ വ്യക്തിപരമായും ഉത്തരം നല്കേണ്ടതുണ്ട്. യേശു ആരാണെന്ന ചോദ്യം ആത്യന്തികമായി യേശു എനിക്കാരാണ് എന്ന ചോദ്യത്തിൽ ചെന്നു നില്ക്കും. യേശുവുമായി കണ്ടുമുട്ടുന്ന ഓരോ

വ്യക്തിയും ഈ ചോദ്യത്തിനു മറുപടി കൊടുത്തേ മതിയാകൂ. ആ മറുപടി വ്യക്തിയുടെ ജീവിതത്തെ അടിസ്ഥാനപരമായി സ്വാധീനിക്കുകയും ചെയ്യും.

പുതിയ നിയമത്തിൽതന്നെ ഈ ചോദ്യത്തിന് പല മറുപടികൾ കാണാം. ഓരോ സുവിശേഷകന്മാരും ലേഖന കർത്താക്കളും പാരമ്പര്യത്തിൽ അടിയുറച്ചുകൊണ്ടാണെങ്കിലും, തങ്ങളുടേതായ ഉത്തരം നൽകുന്നുണ്ട്. യേശുവിന്റെ വ്യക്തിത്വത്തെക്കുറിച്ചുള്ള പഠനവും ധ്യാനവും ആ വ്യക്തിയുമായുള്ള വൈയക്തികബന്ധവും വിവിധങ്ങളായ ഉത്തരങ്ങൾക്കു വഴി തെളിച്ചിട്ടുണ്ട്. അങ്ങനെ പുതിയ നിയമത്തിൽ വൈവിധ്യമാർന്ന ക്രിസ്തുവിജ്ഞാനീയങ്ങൾ നമുക്കു കാണാൻ കഴിയും. ഈ ക്രിസ്തു ചിത്രങ്ങൾ ഒന്നു മറ്റൊന്നിൽ നിന്നു വ്യത്യസ്തമെങ്കിലും ഒരേ വ്യക്തിത്വത്തിന്റെ വിവിധവശങ്ങൾക്ക് ഊന്നൽ കൊടുക്കുന്നവയെന്നതിനാൽ പരസ്പര വിരുദ്ധങ്ങളല്ല, പരസ്പരപൂരകങ്ങളാണ്. ആത്യന്തികമായി ക്രിസ്തുവിന്റെ വ്യക്തിത്വം ഒരു രഹസ്യമാണ്. ആ വ്യക്തിത്വത്തെ പല കാഴ്ചപ്പാടുകളിലൂടെ നോക്കിക്കാണാനും അപഗ്രഥിക്കാനും ചിത്രീകരിക്കാനും കഴിയും. ഇപ്രകാരം വൈവിധ്യമാർന്ന ക്രിസ്തു ചിത്രങ്ങൾ ഇന്നും നിലനില്ക്കുന്നുണ്ട്. അന്തിമവിശകലനത്തിൽ ഓരോരുത്തരും ഈ വ്യക്തിത്വത്തിന്റെ മുമ്പിൽ എടുക്കുന്ന തീരുമാനമാണ് പരമപ്രധാനമായുള്ളത്.

"ഞാൻ ആരെന്നാണ് നിങ്ങൾ പറയുന്നത്?" എന്ന ചോദ്യത്തിന് ഓരോരുത്തരും മറുപടി കൊടുക്കേണ്ടതുണ്ട്. വ്യക്തികളുടെയും വ്യക്തികൾ രൂപം നല്കുന്ന സമൂഹത്തിന്റെയും രൂപഭാവങ്ങൾ ഈ മറുപടിയെ ആശ്രയിച്ചിരിക്കും. ജീവൽപ്രധാനമായ ഈ ചോദ്യത്തിന് ഉത്തരം തേടുകയാണ് ഇവിടെ. ആധുനിക ബൈബിൾവിജ്ഞാനീയത്തിന്റെ സഹായത്തോടെ സുവിശേഷങ്ങളെ അപഗ്രഥിക്കുന്നതോടൊപ്പം ആനുകാലിക ചിന്തയിൽ നിലനില്ക്കുന്ന ക്രിസ്തുചിത്രങ്ങളെയും മുന്നിൽ കണ്ടുകൊണ്ടാണ് ഈ പഠനം തയ്യാറാക്കുന്നത്. ഓരോ സുവിശേഷകനും തനതായ കാഴ്ചപ്പാടുകളുണ്ടെന്നത് അവഗണിക്കാതെതന്നെ, സുവിശേഷങ്ങൾ അവതരിപ്പിക്കുന്ന ക്രിസ്തുചിത്രത്തെ സമഗ്രമായി കാണാനുള്ള ശ്രമമായിരിക്കും ഇവിടെ നടത്തുക. അതേസമയം "യേശു - പ്രവാചകൻ" എന്ന പ്രമേയത്തിന് ഊന്നൽ നല്കുന്നതായിരിക്കും.

ചരിത്രപുരുഷനായ യേശുവിന്റെ വ്യക്തിത്വത്തെ അനാവരണം ചെയ്യാൻ "പ്രവാചകൻ" എന്ന വീക്ഷണം ഏറെ സഹായകമായി കരുതുന്നതിനാലാണ് ഈ ഊന്നൽ. എന്നാൽ ഒരുപേരും അവിടുത്തെ വ്യക്തിത്വത്തെ പൂർണ്ണമായി വെളിപ്പെടുത്തുകയില്ല എന്ന യാഥാർത്ഥ്യം അംഗീകരിക്കുകയും വേണം.

ഏറ്റം സ്പഷ്ടവും ആർക്കും ഗ്രഹിക്കുകയും അംഗീകരിക്കുകയും ചെയ്യാവുന്നതുമായ പുറന്തോടിൽ തുടങ്ങി സാവധാനം ആ വ്യക്തിത്വത്തിന്റെ ഉള്ളിലേക്കു കടക്കാനുള്ള ശ്രമമാണിവിടെ നടത്തുന്നത്. യേശുക്രിസ്തുവിന്റെ വ്യക്തിത്വത്തിന്റെ ഉപരിതലത്തിൽനിന്നു കേന്ദ്രത്തിലേക്കുള്ള ഈ തീർത്ഥാടനത്തിൽ ഓരോ ഘട്ടങ്ങൾ പിന്നിടുമ്പോഴും പുതിയ മാനങ്ങൾ കണ്ടെത്തും. അപ്പോൾ ആദ്യം കണ്ടതിൽ ചിലതു തിരുത്തുകയും ചിലത് ഉപേക്ഷിക്കുകയും ചെയ്യേണ്ടിവന്നേക്കാം. സുവിശേഷത്തിലെ പല സംഭവവിവരണങ്ങളും യേശുവിന്റെ പഠനങ്ങളും ഒന്നിലേറെ തവണ പരാമർശ വിഷയമാകും. ആദ്യവീക്ഷണത്തിൽ ഇത് ആവർത്തന വിരസമായി തോന്നിയേക്കാമെങ്കിലും ഓരോ ഘട്ടത്തിലും ലഭിക്കുന്ന പുതിയ ഉൾക്കാഴ്ചകൾ കാര്യമായി കണക്കിലെടുക്കുമ്പോൾ അത് ആവർത്തനത്തേക്കാൾ ആഴമേറിയ അറിവായി അനുഭവപ്പെടുമെന്നാണ് പ്രതീക്ഷ. ഇതൊരു തീർത്ഥാടനമാണ് - യേശു എനിക്കാര് എന്ന ചോദ്യത്തിന് ഉത്തരം തേടിയുള്ള ഒരു ജീവിതപ്രയാണം.

# ഉള്ളടക്കം


ആമുഖം ........ 05

1 പാലസ്തീനാ - പുകയുന്ന ഒരഗ്നിപർവ്വതം ........ 11

2. തച്ചന്റെ മകൻ ........ 25

3. വിപ്ലവകാരി? ........ 34

4. മതാത്മകവിപ്ലവം ........ 48

5. തെറ്റിദ്ധരിക്കപ്പെട്ട വിപ്ലവം ........ 62

6. ഗലീലിയിൽ നിന്നൊരു പ്രവാചകൻ ........ 72

7. യേശു പ്രവാചകൻ സുവിശേഷകന്മാരുടെ കാഴ്ചപ്പാടിൽ . 85

8. പ്രവാചകന്റെ സദ്‌വാർത്ത ........ 92

9. പ്രവാചകൻ - ദൈവത്താൽ അയയ്ക്കപ്പെട്ടവൻ ........ 100

10. പ്രവാചകൻ - നീതിയുടെ വക്താവ് ........ 107

11. പ്രവാചകൻ - മാറ്റത്തിന്റെ കാഹളം ........ 114

12. പ്രത്യാശയുടെ പ്രവാചകൻ ........ 120

13. യേശു - മഹാപുരോഹിതൻ ........ 148

14. എല്ലാ നാമങ്ങൾക്കും ഉപരി ........ 161

ഉപസംഹാരം ........ 173



1

# പലസ്തീന - പുകയുന്ന ഒരഗ്നിപർവ്വതം

കാലത്തിനതീതനാണ് ദൈവം. സ്ഥലകാലങ്ങൾക്കതീതമാണ് അവിടുന്നു നല്കുന്ന രക്ഷയുടെ സന്ദേശം. പക്ഷേ, സ്ഥലകാലബന്ധിയായ മനുഷ്യചരിത്രത്തിലൂടെയാണ് ദൈവം സ്വയം വെളിപ്പെടുത്തുക. ആ വെളിപ്പെടുത്തൽ മനസ്സിലാക്കണമെങ്കിൽ അതു സംഭവിച്ച സാഹചര്യങ്ങൾ അറിഞ്ഞിരിക്കുക ആവശ്യമാണ്. ഈ ഭൂമിയുടെ ഒരു പ്രത്യേക കോണിൽ, മാനവചരിത്രത്തിന്റെ ഒരു പ്രത്യേക മുഹൂർത്തത്തിൽ നടന്ന ക്രിസ്തുസംഭവത്തെ മനസ്സിലാക്കാൻ ആ നാടിന്റെ അന്നത്തെ സമൂർത്ത യാഥാർത്ഥ്യങ്ങൾ കണക്കിലെടുക്കേണ്ടതുണ്ട്.

## രാഷ്ട്രീയപശ്ചാത്തലം

ലോകത്തിനു മുഴുവൻ രക്ഷ നല്കുക എന്ന പ്രത്യേക ലക്ഷ്യത്തോടെ ദൈവം തിരഞ്ഞെടുത്തു വളർത്തിയ ജനതയാണു തങ്ങൾ എന്നു വിശ്വസിക്കുന്ന ഇസ്രായേൽ ജനം. ഈജിപ്തിൽ

അടിമകളായിരുന്ന തങ്ങളെ വാഗ്ദത്തഭൂമിയിൽ കുടിയിരുത്തിയതു ദൈവമാണെന്ന് അവർ വിശ്വസിച്ചു. എല്ലാ അടിമകൾക്കും മോചനവും എല്ലാ ജനതകൾക്കും സ്വന്തമായൊരു നാടും ദൈവം നല്കും എന്ന വിശ്വാസം അവരിൽ ആഴത്തിൽ വേരൂന്നിയിരുന്നു. ആരും ആരെയും അടിമയാക്കാൻ പാടില്ല. ദൈവം സൃഷ്ടിച്ച ഈ ഭൂമിയിൽ എല്ലാവർക്കും ജീവിക്കാനും വളരാനും വികസിക്കാനും അവകാശമുണ്ട് എന്നും അവർ വിശ്വസിച്ചു. എന്നാൽ ബി.സി. 587 മുതൽ ഏതെങ്കിലും ഒരു വിദേശ മേൽക്കോയ്മയുടെ കീഴിൽ മാത്രമേ ഈ ജനത്തിനു ജീവിക്കാൻ കഴിഞ്ഞുള്ളൂ. ബാബിലോണും, പേർഷ്യയും, ഗ്രീസും, റോമും ഓരോ കാലഘട്ടങ്ങളിൽ അവരുടെമേൽ ആധിപത്യം സ്ഥാപിച്ചിരുന്നു.

ബി.സി. 63 ലാണ് റോമാക്കാർ പലസ്തീന കീഴടക്കിയത്. ഇദുമേയാക്കാരൻ അന്തപ്പാത്തറിന് ഒരു യഹൂദസ്ത്രീയിൽ ജനിച്ച പകുതി യഹൂദനായ ഹേറോദേസ് റോമാക്കാരുടെ അംഗീകാരത്തോടെ പലസ്തീനായിൽ ബി.സി. 40 മുതൽ രാജാവായി വാണു. റോമൻ സെനറ്റ് ഹേറോദേസിനെ ബി.സി. 40 ൽ രാജാവായി പ്രഖ്യാപിച്ചെങ്കിലും ബി.സി. 37 ലാണ് ദേശം പിടിച്ചടക്കി രാജഭരണം ആരംഭിക്കാൻ കഴിഞ്ഞത്. ബി.സി. 4 ൽ ഹേറോദേസ് മരിച്ചപ്പോൾ പലസ്തീന പല പ്രവിശ്യകളായി മക്കൾ വിഭജിച്ചെടുത്തു. ഇദുമേയാ, യൂദയാ, സമറിയാ എന്നീ പ്രവിശ്യകൾ അർക്കാലിവോസും ഗലീലി അന്തിപ്പാസും സ്വന്തമാക്കി. റോമാക്കാരുടെ അപ്രീതിക്കിരയായ അർക്കലാവോസ് എ.ഡി. 6 ൽ നാടുകടത്തപ്പെട്ടു. അയാളുടെ ഭരണസീമയിൽപ്പെട്ട പ്രദേശങ്ങൾ റോമാക്കാർ ഗവർണർമാർ വഴി നേരിട്ടു ഭരിക്കാൻ തുടങ്ങി. ഏ.ഡി. 39 വരെ ഗലീലിയിൽ ഹേറോദേസ് അന്തിപ്പാസ് ഭരിച്ചു – റോമാക്കാരുടെ ഹിതാനുവർത്തിയായി കഴിയേണ്ടിവന്നു അന്തിപ്പാസിന്. ചുരുക്കത്തിൽ, യേശു ജീവിച്ച പലസ്തീന ഒരു റോമൻ കോളണിയായിരുന്നു.

ദേശീയ വരുമാനത്തിന്റെ മുപ്പതു ശതമാനത്തിലേറെ റോമാക്കാർ നികുതിയായി പിരിച്ചു ഭൂനികുതി, കച്ചവട നികുതി, ചുങ്കം ഇവയ്ക്കു പുറമെ തലയെണ്ണി പിരിക്കുന്ന നികുതിയുമുണ്ടായിരുന്നു. നികുതി നിശ്ചയിക്കാൻവേണ്ടി റോമാക്കാർ പലസ്തീനായിൽ പലതവണ ജനസംഖ്യാകണക്കെടുത്തു. ഇത് യഹൂദരെ സംബന്ധിച്ചിടത്തോളം വലിയൊരു നിന്ദനമായിരുന്നു. ദൈവജനത്തെ ആരും എണ്ണാൻപാടില്ല എന്നൊരു ചിന്താഗതി അവർ വച്ചുപുലർത്തി

പ്പോന്നു. തന്നെയുമല്ല, ഈ കാനേഷുമാരി റോമാക്കാരുടെ ആധിപത്യത്തിന്റെ പ്രത്യക്ഷയടയാളമായി അവർ കരുതുകയും ചെയ്തു. റോമിന്റെ കിഴക്കൻ പ്രവിശ്യയായ സിറിയായുടെ തലസ്ഥാനമായിരുന്നു ഡമാസ്ക്കസ്. അവിടെ ഒന്നിലേറെ റോമൻ ലീജിയൻ എപ്പോഴും പാളയമടിച്ചിരുന്നു. ഒരു ലീജിയണിൽ 6500 റോമൻ പടയാളികളുണ്ടായിരുന്നു; അതിനു പുറമെ അത്രയുംതന്നെ കൂലിപ്പട്ടാളവും. യൂദയാ ഭരിച്ചിരുന്ന റോമൻ ഗവർണർ സ്ഥിരതാമസമാക്കിയിരുന്നത് ഗലീലിയ്ക്കു വടക്ക്, മധ്യധരണ്യാഴിയുടെ തീരത്ത് ഹേറോദേസ് പണികഴിപ്പിച്ച കേസറിയ മരിത്തിമ എന്ന പട്ടണത്തിലായിരുന്നു. പ്രധാന തിരുനാളുകളോടനുബന്ധിച്ചു മാത്രമേ ഗവർണർ ജറുസലെമിൽ വസിച്ചിരുന്നുള്ളൂ. ജറുസലെമിൽത്തന്നെ, ദേവാലയത്തിനു തൊട്ടടുത്തായി ഹേറോദേസ് പണിയിച്ച് മാർക്ക് ആന്റണിയുടെ ബഹുമാനാർത്ഥം അന്റോണിയാ എന്ന പേരിട്ട കോട്ടയിൽ റോമൻ പടയാളികൾ എന്നും കാവൽ നിന്നു. ഡമാസ്ക്കസിൽനിന്നും, കേസറിയായിൽനിന്നും റോമൻ പടയാളികൾ ജറുസലേമിലേക്കു വരും; പട്ടാളം മാർച്ച് ചെയ്തിരുന്ന വഴി ഗലീലി തടാകത്തിനു പടിഞ്ഞാറുകൂടി, നസ്രത്തു കടന്നാണ് പോകുന്നത്. നികുതി പിരിവും, ക്രമസമാധാനവും ഉറപ്പുവരുത്തുകയായിരുന്നു പടയാളികളുടെ കടമ. ഈ കടമ അവർ ശക്തമായി, നിഷ്ക്കരുണം നടപ്പിലാക്കിക്കൊണ്ടിരുന്നു. റോമൻ പടയാളികളുടെ കാലൊച്ച കേട്ടുകൊണ്ടാണ് ബാലനായ യേശു നസ്രത്തിൽ വളർന്നത്.

## സാമ്പത്തികതലം

യേശുവിന്റെ കാലത്തു പലസ്തീനായിൽ നിലനിന്ന സാമ്പത്തിക സംവിധാനം ദരിദ്രരെ സൃഷ്ടിക്കുന്നതായിരുന്നു. ഫലപുഷ്ടമായ ഭൂമിയുടെ നല്ലൊരുഭാഗം, പ്രത്യേകിച്ചും ഗലീലിയയിൽ, വലിയ തോട്ടങ്ങളായി മാറിക്കഴിഞ്ഞിരുന്നു. റോമാക്കാരും രാജപ്രീതി നേടിയ നാട്ടുപ്രമാണികളും വലിയ തോട്ടമുടമകളായി. ഉടമകൾ ഡമാസ്ക്കസ്, ടിബേരിയാസ്, ജറുസലെം മുതലായ വൻ നഗരങ്ങളിൽ വസിച്ചു. തോട്ടങ്ങൾ പാട്ടക്കാർക്ക് ഏല്പിച്ചുകൊടുക്കുകയോ മേൽനോട്ടക്കാർവഴി നേരിട്ടു നടത്തുകയോ ചെയ്തുകൊണ്ടിരുന്നു. സ്വന്തമായി ഭൂമി ഇല്ലാത്തവരുടെ എണ്ണം ഏറെയായിരുന്നു. ഗലീലിത്തടാകതീരത്ത് മത്സബന്ധനം തൊഴിലാക്കിയ അനേകർ പാർത്തിരുന്നു. ചെറുകിടകൃഷിക്കാരും കൈത്തൊഴിൽക്കാരും ചെറുകിട കച്ചവടക്കാരും ഗലീലിയിൽ ഏറെയുണ്ടാ

യിരുന്നു. പക്ഷേ നികുതിഭാരം ഈ ഇടത്തരക്കാരെ വല്ലാതെ വലച്ചു. അവരെ നിർദ്ദയം ചൂഷണം ചെയ്തിരുന്ന വൻകിട വ്യാപാരികളും പണമിടപാടുകാരും പലസ്തീനായിൽ തഴച്ചുവളർന്നു. ഭരണകൂടത്തിന്റെ ആനുകൂല്യം അനുഭവിച്ചിരുന്ന വൻകിട മുതലാളിമാർക്ക് തങ്ങളുടെ സ്വത്ത് നിർബ്ബാധം വർദ്ധിപ്പിക്കാൻ കഴിഞ്ഞു. കടത്തിനു കനത്ത പലിശ ഈടാക്കിയിരുന്ന അവർ സാവധാനം ഇടത്തരക്കാരുടെ കൃഷിഭൂമിയും മറ്റ് ഉത്പാദനോപകരണങ്ങളും കയ്യടക്കി. ചെറുകിടക്കാർ ദരിദ്രരായി. കടം വീട്ടാൻ കഴിയാതെ വന്നവർ ഭൂരഹിതരായി; ചിലപ്പോഴൊക്കെ അടിമകളായി വില്ക്കപ്പെടുകയും ചെയ്തു.

ഇടത്തരക്കാരുടെ തകർച്ചയോടെ തൊഴിലില്ലായ്മ നാട്ടിൽ രൂക്ഷമായി. ജോലിക്കുവേണ്ടി ആളുകൾ പൊതുസ്ഥലത്തു കാത്തുനിന്നു. ഏതെങ്കിലും മുതലാളി തങ്ങളെ ദിവസക്കൂലിക്ക്, പണിക്കുവിളിക്കുമെന്ന അവരുടെ പ്രതീക്ഷ പലപ്പോഴും ഫലമണിഞ്ഞില്ല. തൊഴിൽ തേടുന്നവരുടെ എണ്ണം പെരുകുകയും തൊഴിലവസരങ്ങൾ ആനുപാതികമായി വർദ്ധിക്കാതിരിക്കുകയും ചെയ്തപ്പോൾ തൊഴിലാളിതന്നെ വില്പനച്ചരക്കായി. തൊഴിലിനു വിലപേശൽ നടന്നു. ചുരുങ്ങിയ വേതനത്തിനും വേലചെയ്യാൻ അവർ നിർബ്ബന്ധിതരായി. അതും പലപ്പോഴും കിട്ടിയില്ലെന്നും വരും. കഠിനാദ്ധ്വാനത്താൽ തകർന്ന ഒരു വലിയ സമൂഹം നിത്യദാരിദ്ര്യത്തിലും മുഴുപ്പട്ടിണിയിലും വലഞ്ഞപ്പോൾ ധനികരുടേതായ ഒരു ന്യൂനപക്ഷം സുഖസമൃദ്ധിയിൽ നീന്തിത്തുടിച്ചു. തങ്ങളുടെ വീട്ടുപടിക്കൽ കിടന്നു വിശന്നുമരിക്കുന്ന ദരിദ്രരെ കണ്ടിട്ടും കാണാതെ അവർ വിരുന്നു സൽക്കാരങ്ങളിലും മദിരോൽസവങ്ങളിലും മുഴുകി.

## സാമൂഹികതലം

ജനനത്തിന്റെയും തൊഴിലിന്റെയും ശാരീരികാവസ്ഥയുടെയും പേരിൽ പല തട്ടുകളിലായി തിരിക്കപ്പെട്ട ഒരു ജനമാണ് പലസ്തീനായിൽ ജീവിച്ചു പോന്നത്. അബ്രാഹത്തിന്റെയും സാറായുടെയും രക്തം കലർപ്പില്ലാതെ തങ്ങളുടെ സിരകളിലൂടെ ഒഴുകുന്നു എന്നവകാശപ്പെടാൻ കഴിയുന്ന യഹൂദരാണ് അസ്സൽ ശുദ്ധ യഹൂദർ. ഈ ശുദ്ധ "രക്തി"കൾക്കു മാത്രമേ പുരോഹിത ശുശ്രൂഷയും മതത്തിന്റേതായ മറ്റ് ഔദ്യോഗികകർമ്മങ്ങളും നടത്താൻ കഴിയുമായിരുന്നുള്ളൂ. പല വിധത്തിലുള്ള ശുദ്ധാശുദ്ധ വിവേചന

ങ്ങൾ പലസ്തീനായിൽ നിലനിന്നു. വികലാംഗർ പൊതുവേ അശുദ്ധരാണ്. അവർക്ക് ദേവാലയത്തിലും ജപാലയങ്ങളിലും പ്രവേശം നിഷേധിച്ചിരുന്നു. കുഷ്ഠരോഗികൾ കൂടുതൽ അശുദ്ധരാണ്. അവർ പട്ടണത്തിനും ഗ്രാമത്തിനും വെളിയിൽ അവരുടേതായ കോളനികളിൽ ഒതുങ്ങിക്കഴിയേണ്ടിവന്നു. ആടുമേയ്ക്കൽ, തുണി അലക്ക്, ക്ഷൗരം, ഇറച്ചിവെട്ട് മുതലായ തൊഴിലുകൾ ചെയ്യുന്നവരും മാന്യന്മാരുടെ സമൂഹത്തിൽ നിന്നും പുറന്തള്ളപ്പെട്ടവരായ അശുദ്ധന്മാരായിരുന്നു. റോമാക്കാർക്കുവേണ്ടി നികുതി പിരിച്ചിരുന്ന ചുങ്കക്കാർ ധനികരെങ്കിലും അശുദ്ധരായിരുന്നു. സ്ത്രീകൾക്കു പൊതുവേ രണ്ടാംതരം പൗരത്വമേ അനുവദിച്ചിരുന്നുള്ളൂ. അവരുമായി പൊതുസ്ഥലത്തുവച്ച് സംസാരിക്കുക മാന്യന്മാർക്കു യോജിച്ചതായിരുന്നില്ല, സങ്കരവർഗ്ഗമായ സമറിയാക്കാർ, വിജാതീയർ ഇവരെയെല്ലാം അശുദ്ധരായി പരിഗണിച്ചിരുന്നു.

'അശുദ്ധരെ' എല്ലാം പൊതുവെ പാപികളായിട്ടാണ് കരുതിപ്പോന്നത്. ദാരിദ്ര്യവും, അംഗവൈകല്യവും ഒക്കെ പാപഫലമായി കരുതിപ്പോന്ന സമൂഹത്തിൽ പാപികളുടെ എണ്ണം വളരെയേറെ ഉണ്ടായിരുന്നു. ഇത്തരം പാപികളുമായുള്ള സമ്പർക്കം തന്നെ തങ്ങളെ അശുദ്ധരാക്കും എന്നു ഭയന്നതിനാൽ ശുദ്ധരും വിശുദ്ധരുമായ യഹൂദനേതാക്കൾ ഇവരിൽ നിന്നൊക്കെ ശ്രദ്ധാപൂർവ്വം ഒഴിഞ്ഞുമാറി. ആരോഗ്യം, സമ്പത്ത്, ദീർഘായുസ്സ്, ഇവയെല്ലാം ദൈവാനുഗ്രഹത്തിന്റെ അടയാളമായി, അഥവാ ദൈവാനുഗ്രഹം തന്നെയായി കരുതിയിരുന്നവരുടെ ഇടയിൽ ഈ അനുഗ്രഹമൊന്നും ലഭിക്കാത്തവർ ദൈവത്താൽ തിരസ്കരിക്കപ്പെട്ടവരും ശപ്തരുമായി കരുതപ്പെട്ടു. ഈ മനോഭാവത്തെ ഊട്ടിയുറപ്പിക്കാൻ പോരുന്നതായിരുന്നു പലസ്തീനായിൽ നിലനിന്ന മതസംവിധാനം.

### മതാത്മകതലം

ദേവാലയവും ബലിയർപ്പണവും ആയിരുന്നു യഹൂദമതജീവിതത്തിന്റെ കേന്ദ്രം. പലസ്തീനായിൽ ഒരേഒരു ദേവാലയമേ ഉണ്ടായിരുന്നുള്ളൂ - ജറുസലെമിൽ. പ്രധാന തിരുനാളുകളിൽ യഹൂദജനം തീർത്ഥാടകരായി അങ്ങോട്ടു പോകും. കാഴ്ചകളും ബലികളും അർപ്പിക്കും. പതിനായിരക്കണക്കിന് തീർത്ഥാടകർ. ബലിയർപ്പിക്കാൻ ഒരേഒരു ദേവാലയം. പുരോഹിതന്മാർക്കു വലിയ

തിരക്കായിരുന്നു അവിടെ. ദിവസേന മുന്നൂറു പുരോഹിതന്മാരും നാനൂറു ലേവായരും ദേവാലയ ശുശ്രൂഷയ്ക്കുണ്ടായിരുന്നു. ശുദ്ധ മായ മൃഗങ്ങളെ (പൊട്ടും പുള്ളിയും, ചട്ടും ചടവും ഇല്ലാത്ത, ഒരു വയസ്സ് പ്രായമുള്ള കൊഴുത്ത മുട്ടാടുകൾ, പശുക്കിടാങ്ങൾ) മാത്രമേ ദേവാലയത്തിൽ ബലിയർപ്പിക്കാവൂ. ഇപ്രകാരം ശുദ്ധമായ മൃഗ ങ്ങളെ ദേവാലയവളപ്പിൽതന്നെ കച്ചവടം ചെയ്തു. വലിയൊരു മൃഗ ശാല (കാളച്ചന്ത) ദേവാലയവളപ്പിൽ രൂപംകൊണ്ടു. ആരുടെയങ്കിലും രൂപമുള്ള നാണയങ്ങൾ ദേവാലയഭണ്ഡാരത്തിൽ നിക്ഷേപിക്കാൻ പാടില്ല. റോമൻ നാണയങ്ങളിലെല്ലാം സീസറിന്റെ രൂപം ആലേഖനം ചെയ്തിരുന്നു. അതിനാൽ തലയുള്ള നാണയം മാറ്റി തലയില്ലാത്ത ദേവാലയനാണ്യം കൊടുക്കുന്ന നാണയമാറ്റവും (ഫോറിൻ എക്സ്ചേഞ്ച്) ദേവാലയത്തോടനുബന്ധിച്ച് നടപ്പിൽവന്നു. കാളച്ച ന്തയുടെയും പണക്കച്ചവടത്തിന്റെയും ഇനത്തിൽ വരുന്ന ലാഭം മുഴു വൻ പ്രധാന പുരോഹിതന്റെ കണക്കിലേക്കാണ് ചേർക്കപ്പെടുക.

### ദേവാലയവും ജപാലയങ്ങളും

ഇസ്രായേൽജനത്തിന്റെ മതജീവിതത്തിന്റെ സിരാകേന്ദ്ര മാണ് ദേവാലയം. സോളമൻ പണികഴിപ്പിച്ച ദേവാലയം ബി.സി. 587 ൽ നബുക്കദ്നേസർ തകർത്തു. പ്രവാസികൾ മടങ്ങിവന്ന് ബി.സി. 515 ൽ ആ സ്ഥലത്ത് പുതിയൊരു ദേവാലയം പണിതു. ബി.സി. 20 ൽ ഹേറോദേസ് ആ ആലയത്തെ മോടി പിടിപ്പിക്കാൻ ശ്രമിച്ചു. പണികൾ ഏ.ഡി. 64 വരെ തുടർന്നു. അതിമനോഹര മായ ദേവാലയം. അതിലെ ഭീമാകാരമായ ഓട്ടു ബലിപീഠത്തിനു ചുറ്റും ബലിമൃഗങ്ങളുടെ രക്തം തളംകെട്ടി. ബലിപീഠത്തിൽ കത്തി യെരിയുന്ന പച്ച മാംസത്തിന്റെ രൂക്ഷമായ ഗന്ധം ദേവാലയത്തിൽ മുറ്റിനിന്നു. സുഗന്ധബലിപീഠത്തിൽനിന്ന് കുന്തിരിക്കവും കർപ്പൂ രവും മീറയും നറും പശയും കത്തിയുരുകി പരിമളധൂപം ചുരുളു കളായി ഉയർന്നു, ദേവാലയത്തിൽ നിറഞ്ഞു.

അതോടൊപ്പം തീർത്ഥാടകർ ഉരുവിടുന്ന ഭക്തഗാനങ്ങൾ, പുരോഹിതരുടെ പ്രാർത്ഥന, ലേവായരുടെ സ്തോത്രഗീതങ്ങൾ, പ്രാർത്ഥനായാമങ്ങൾ വിളിച്ചറിയിക്കുന്ന കൊമ്പുവിളികൾ, കാഹ ളധ്വനികൾ - ശബ്ദമുഖരിതവും ഭക്തിനിർഭരവും പരിമളപൂരിത വുമായ ദേവാലയം. കട്ടപിടിച്ച രക്തത്തിന്റെയും കത്തിയെരിയുന്ന മാംസത്തിന്റെയും ഗന്ധം പരിമളദ്രവ്യങ്ങളോടു കൂടിക്കലർന്ന്

തികച്ചും അസാധാരണമായൊരന്തരീക്ഷം ദേവാലയത്തിൽ സൃഷ്ടിച്ചു. ദേവാലയവളപ്പിൽ ബലിമൃഗങ്ങളുടെ രോദനം. വില പേശുന്ന കച്ചവടക്കാരുടെ വാക്കുതർക്കങ്ങൾ, ആക്രോശങ്ങൾ, പൊൻ വെള്ളിനാണയങ്ങൾ കൂട്ടിയുരസുന്ന കിലുകിലാരവം. കാളച്ചന്തയും അറവുശാലയും പണക്കടയും ആയി മാറിയ ദേവാലയം. കൂലി വാങ്ങി പ്രാർത്ഥിക്കുന്നവരും പ്രാർത്ഥിപ്പിക്കാൻ കൂലി കൊടുക്കുന്നവരും സമ്മേളിക്കുന്ന ദേവാലയം. വൈരുദ്ധ്യങ്ങളുടെ കേദാരമായിത്തീർന്നു ആ ആലയം. വികലാംഗർക്കും വിജാതീയർക്കും അതിൽ പ്രവേശം നിഷേധിക്കപ്പെട്ടു. 'വിശുദ്ധരും' 'മാന്യരും' തിരുസാന്നിധ്യത്തിൽ സംതൃപ്തി നേടി. പാവപ്പെട്ടവരും പാപികളും ഇവിടെയും പരിത്യക്തരായി. ബലിയർപ്പണവും തിരുനാളാഘോഷവുമൊക്കെ വമ്പന്മാർക്കു തങ്ങളുടെ പ്രൗഢി പ്രകടിപ്പിക്കാനുള്ള അവസരമായി മാറി. തങ്ങൾ നല്കുന്ന കാഴ്ചകളുടെ വലുപ്പമനുസരിച്ചു പ്രസാദിക്കുകയും അതിനാനുപാതികമായ വരദാനങ്ങൾ വിതരണം ചെയ്യുകയും ചെയ്യുന്നവനാണ് ദൈവം എന്ന് അവർ വിശ്വസിച്ചു, പഠിപ്പിച്ചു.

ദേവാലയം ഒന്നേ ഉണ്ടായിരുന്നുള്ളൂ. എന്നാൽ നാട്ടിലുട നീളം ജപാലയങ്ങൾ ഉണ്ടായിരുന്നു. സിനഗോഗുകൾ എന്നാണ് അവ അറിയപ്പെടുക. അവിടെ ബലിയർപ്പണമില്ല; പ്രാർത്ഥനകൾ മാത്രം. സാധാരണഗതിയിൽ സാബത്തു ദിവസം (ശനിയാഴ്ച) ആണ് യഹൂദർ പ്രാർത്ഥനാലയങ്ങളിൽ സമ്മേളിക്കുക. ബൈബിൾ വായന, വ്യാഖ്യാനം, ഉപദേശം, പ്രാർത്ഥന, ഇതായിരുന്നു സിനഗോഗുകളിലെ കർമ്മങ്ങളുടെ ക്രമം. പന്ത്രണ്ടു വയസ്സായ ഏതു യഹൂദപുരുഷനും ജപാലയത്തിൽ ബൈബിൾ വായിക്കാൻ അവകാശമുണ്ട്. ബൈബിൾ ഹെബ്രായ ഭാഷയിൽ വായിക്കും. സാധാരണ ജനത്തിന് ഹെബ്രായഭാഷ നിശ്ചയമില്ലാതിരുന്നതിനാൽ അവരുടെ സംസാരഭാഷയായ അരമായയിൽ വിവർത്തനം ചെയ്യും. 'തർഗും' എന്നാണീ വിവർത്തനം അറിയപ്പെടുക. (ഇതിൽ നിന്നാണല്ലോ തർജ്ജമ എന്ന പദം മലയാളത്തിലേക്ക് കടന്നുവന്നത്). സ്ത്രീകൾക്കു ജപാലയത്തിനു പുറത്തു നില്ക്കാനേ അനുവാദമുണ്ടായിരുന്നുള്ളൂ. അവർ നിശബ്ദമായേ പ്രാർത്ഥിക്കാവൂ. സ്ത്രീകൾ പൊതുസമ്മേളനത്തിൽ സംസാരിക്കാൻ പാടില്ലായിരുന്നു. ഈ ജപാലയങ്ങളിലെ ബൈബിൾ പാരായണവും വ്യാഖ്യാനവും പ്രാർത്ഥനയുമാണ് സാധാരണ ജനത്തിന്റെ വിശ്വാസത്തെ നിലനിർത്തുകയും

വളർത്തുകയും ചെയ്തിരുന്നത്. നിയമങ്ങളും പാരമ്പര്യങ്ങളും കണിശമായി പഠിപ്പിച്ചിരുന്നത് ഈ ജപാലയങ്ങളിലാണ്.

മതനേതൃത്വം

യഹൂദ മതനേതൃത്വത്തിൽ മൂന്നുകൂട്ടം ആളുകളെ കാണാം. പുരോഹിതർ, ഫരിസേയർ, നിയമജ്ഞർ. ലേവീഗോത്രത്തിൽപെട്ടവർ മാത്രമേ പുരോഹിതരാകൂ. ലേവിയുടെ ഗോത്രത്തിലും ചിലർ മാത്രമേ പുരോഹിതശുശ്രൂഷക്കായി തിരഞ്ഞെടുക്കപ്പെടുകയുള്ളൂ. യേശുവിന്റെ കാലത്ത് പലസ്തീനായിൽ മൊത്തം പന്തിരായിരം പുരോഹിതന്മാരുണ്ടായിരുന്നത്രേ. ഇവരെ ഇരുപത്തിനാലു ഗണങ്ങളായി തിരിച്ച് ഓരോ ഗണത്തിനും ഒരാഴ്ച ശുശ്രൂഷ ഏല്പിച്ചുകൊടുക്കുകയാണ് പതിവ്. ബലിയർപ്പിക്കേണ്ട ഗണവും ആളുകളും ഏതെന്നു കുറിയിട്ടാണ് നിശ്ചയിക്കുക. പുരോഹിതരിൽത്തന്നെയുണ്ട് പല തരം തിരിവുകൾ. അവരിൽ ഏറ്റവും ഉന്നതൻ, പ്രധാന പുരോഹിതൻ (High priest) എന്നാണറിയപ്പെടുക. യഹൂദമതത്തിന്റെ അത്യുന്നതാധികാരിയാണദ്ദേഹം. സാദോക്ക് വംശത്തിൽപ്പെട്ടവർ മാത്രമേ പ്രധാനപുരോഹിതനായി തിരഞ്ഞെടുക്കപ്പെട്ടിരുന്നുള്ളൂ. മക്കബായക്കാരുടെ കാലം (ബി.സി. 164) മുതലിങ്ങോട്ട് രാഷ്ട്രീയാധികാരികൾ പ്രധാന പുരോഹിതനെ നിയമിക്കാൻ തുടങ്ങി. പണം കൊടുത്തു പ്രധാനപുരോഹിതസ്ഥാനം വാങ്ങിയവരും ഇക്കൂട്ടത്തിലുണ്ട്. ഭരണകൂടവുമായി ഒത്തുപോവുക തങ്ങളുടെ നിലനില്പിന് ആവശ്യമായിരുന്നതിനാൽ പ്രധാനപുരോഹിതന്മാർ പൊതുവെ രാഷ്ട്രീയാധികാരികളെ പ്രീണിപ്പിക്കാൻ ശ്രമിച്ചുപോന്നു.

ഹെറോദേസ് മഹാരാജാവു ഭരണം തുടങ്ങിയ ബി.സി. 37 മുതൽ ജറുസലെം നശിപ്പിക്കപ്പെട്ട ഏ.ഡി. 70 വരെയുള്ള 107 വർഷങ്ങൾക്കിടയിൽ 28 പേർ പ്രധനാപുരോഹിതന്മാരായി നിയമിക്കപ്പെട്ടു. ഇവരിൽ അന്നാസും (ഏ.ഡി. 7–15) കയ്യാപ്പാസ് (ഏ.ഡി. 18 –37) ഉൾപ്പെടുന്നു. തന്റെ പ്രധാനപുരോഹിതസ്ഥാനം നഷ്ടപ്പെട്ടതിനുശേഷം നിയമിതരായ അഞ്ചു പുത്രന്മാരും പുത്രീഭർത്താവായ കയ്യാപ്പാസും വഴിയും അന്നാസ് ഭരണം തുടർന്നു. പ്രധാനപുരോഹിതനു താഴെ പുരോഹിതപ്രമുഖർ (Chief priests) എന്നൊരു വിഭാഗമുണ്ട്. അവർ ദേവാലയത്തിന്റെയും മറ്റു മതകാര്യങ്ങളുടെയും ഓരോ വിഭാഗത്തിന്റെ മേൽ നോട്ടം വഹിച്ചിരുന്നു. ഇവർ അഞ്ചു വിഭാഗങ്ങളുണ്ട്.

1. സാഗാൻ: ദേവാലയസേനയുടെ ക്യാപ്റ്റനും പ്രധാനപുരോഹിതന്റെ മുഖ്യസഹായിയും സ്ഥാനപതിയുമാണയാൾ. പ്രധാനപുരോഹിതൻ കഴിഞ്ഞാൽ ഏറ്റം ഉയർന്ന സ്ഥാനം ഇയാൾക്കായിരുന്നു.

2. റോഷ് ഹമിസ്മാർ: ആഴ്ചതോറുമുള്ള ദേവാലയശുശ്രൂഷകളുടെ മേൽനോട്ടം ഇവർക്കായിരുന്നു. നാലുപേരാണ് ഈ വിഭാഗത്തിലുണ്ടായിരുന്നത്.

3. റോഷ് ബേത് ആബ്: അനുദിന ദേവാലയശുശ്രൂഷകളുടെ മേൽനോട്ടം വഹിച്ചിരുന്നത് ഇവരാണ്. ഈ വിഭാഗത്തിൽ 15 പേരുണ്ടായിരുന്നു.

4. ഹമ്മർക്കാൽ: ദേവാലയ സുരക്ഷിതത്വത്തിന്റെ ഉത്തരവാദിത്വമുള്ള ഈ വിഭാഗത്തിൽ ഏഴു പേരുണ്ടായിരുന്നു.

5. ഗിസ്ബാർ - ദേവാലയത്തിലെ എല്ലാ പണമിടപാടുകളുടെയും മേൽനോട്ടക്കാർ. മൂന്നുപേരാണ് ഈ വിഭാഗത്തിലുണ്ടായിരുന്നത്.

ഇതിനു താഴെയാണ് സാധാരണപുരോഹിതർ. ഇവരിൽ പട്ടണവാസികളും ഗ്രാമവാസികളും തമ്മിലും വ്യത്യാസമുണ്ടായിരുന്നു. പട്ടണവാസികൾക്കേ ബലിയർപ്പിക്കാൻ അവസരവും ബലിയർപ്പണത്തിന്റെ വിഹിതവും സാധാരണ കിട്ടാറുണ്ടായിരുന്നുള്ളൂ. ഗ്രാമവാസികൾ 'നിയമം' പഠിച്ചും വിധിത്തീർപ്പു കല്പിച്ചും കഴിഞ്ഞു. ജനം നല്കുന്ന ദാനമായിരുന്നു അവരുടെ ഉപജീവനമാർഗ്ഗം. അധികാര തലത്തിലെ ഈ വൈവിധ്യം സാമ്പത്തിക തലത്തിലും പ്രതിഫലിച്ചിരുന്നു. പ്രധാന പുരോഹിതൻ പലസ്തീനായിലെ ഏറ്റം വലിയ സമ്പന്നരുടെ ഗണത്തിൽപെടും.

നിയമം കർശനമായി, അക്ഷരാർത്ഥത്തിൽ, അനുസരിക്കാൻ വ്രതമെടുത്തവരായിരുന്നു ഫരിസേയർ. ഹസിദീം (വിശുദ്ധൻ) എന്നാണ് അവർ തങ്ങളെത്തന്നെ വിളിച്ചിരുന്നത്. തങ്ങളുടെ വിശുദ്ധിയുടെ അടയാളമായി പ്രത്യേക വേഷവിധാനങ്ങൾ അവർക്കുണ്ടായിരുന്നു. ജനത്തിൽനിന്നു വേറിട്ടു നിൽക്കുന്നതിനാൽ ജനം അവരെ "വേർതിരിക്കപ്പെട്ടവർ" എന്നർത്ഥമുള്ള ഫരിസേയർ എന്നു വിളിച്ചു. എഴുതപ്പെട്ട നിയമങ്ങൾ മാത്രമല്ല എഴുതപ്പെടാത്ത പാരമ്പര്യങ്ങളും അവർ കർശനമായി പാലിക്കും. അതിനാൽ തങ്ങൾ വിശുദ്ധരാണെന്ന ബോദ്ധ്യത്തോടൊപ്പം നിയമം അനുസരി

ക്കാത്ത 'പാപി'കളോട് അവർക്കു കടുത്ത അവജ്ഞയും ഉണ്ടായിരുന്നു. ഇവരിൽ പലരും വലിയ ധനികരും ആയിരുന്നു.

നിയമം പഠിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നവരാണു നിയമജ്ഞർ. എഴുതാനും വായിക്കാനും അറിയാവുന്ന ഏതൊരാൾക്കും നിയമജ്ഞനാകാം. റബ്ബി എന്നാണ് അവർ വിളിക്കപ്പെട്ടിരുന്നത്. ശാരീരിക ജീവൻ നല്കുന്ന പിതാവിനെക്കാൾ ആദ്ധ്യാത്മിക ജീവൻ നല്കുന്ന അദ്ധ്യാപകൻ ശ്രേഷ്ഠനാണ് എന്ന് അവർ പഠിപ്പിച്ചു. ഗുരോ, പിതാവേ എന്നൊക്കെ ജനം തങ്ങളെ വിളിക്കണം എന്ന് അവർ ശഠിച്ചു. ഓരോ റബ്ബിമാർക്കും അവരുടേതായ ശിഷ്യഗണമുണ്ടായിരുന്നു. വീട്ടിൽ താമസിച്ചു പഠിപ്പിക്കുന്നവരുണ്ട്. ശിഷ്യന്മാരെ കൊണ്ടുനടന്നു പഠിപ്പിക്കുന്നവരുമുണ്ട്. ഈ റബ്ബിമാരാണ് നിയപരമായ സകല സംശയങ്ങളിലും, വിധിത്തീർപ്പു കല്പിക്കുക. പരസ്പര വിരുദ്ധങ്ങളായ പഠനങ്ങൾ പ്രചരിപ്പിച്ചിരുന്ന, വ്യാഖ്യാനങ്ങൾ നല്കിയിരുന്ന, റബ്ബിമാരുണ്ടായിരുന്നു. തനിക്കു മുമ്പേ ജീവിച്ചിരുന്ന പ്രസിദ്ധനായ ഏതെങ്കിലും റബ്ബിയുടെ വാക്കുകൾ ഉദ്ധരിച്ചുകൊണ്ടാണ് ഓരോരുത്തരും താന്താങ്ങളുടെ പഠനത്തെ സ്ഥിരീകരിച്ചിരുന്നത്.

പുരോഹിതർ, ഫരിസേയർ, നിയമജ്ഞർ ഇവരായിരുന്നു യഹൂദമതനേതാക്കൾ. ഇവരുടെ പ്രതിനിധികളാണ് ഇസ്രായേലിന്റെ പരമോന്നത സമിതിയായ സാൻഹെദ്രൻ സംഘത്തിന്റെ അംഗങ്ങൾ. ഇവരുടെ കൂടെ ചില സമ്പന്ന കുടുംബാംഗങ്ങളായ ജനപ്രമാണികളും സാൻഹദ്രിനിലുണ്ടായിരുന്നു. മൊത്തം അംഗസംഖ്യ 71. പ്രധാനപുരോഹിതനാണ് സാൻഹദ്രന്റെ തലവൻ. ശക്തമായിരുന്നു യഹൂദമത സംവിധാനം. ദൈവികകാര്യങ്ങളിൽ നിരന്തരം വ്യാപൃതരാണ് തങ്ങൾ എന്നഭിമാനിച്ചിരുന്ന അധികാരികൾ അതിന്റെ പേരിൽ സാധാരണ ജനത്തിന്റെ ആദരവും ബഹുമാനവും സ്വീകരിച്ചു. റബ്ബിമാരുടെ മുമ്പിൽ കുമ്പിടുകയും അവരുടെ കൈ മുത്തുകയും ഒക്കെ നാട്ടുനടപ്പായിരുന്നു. തങ്ങളുടെ വിശുദ്ധി പ്രകടമാക്കുന്ന വിധത്തിൽ ഈ നേതാക്കന്മാർ ഉപവസിക്കും; അശുദ്ധരിൽനിന്ന് ശ്രദ്ധാപൂർവ്വം ഒഴിഞ്ഞുമാറും.

പ്രാർത്ഥനയ്ക്കും പഠിപ്പിക്കലിനും വിധിത്തീർപ്പിനും എല്ലാം ഇവർ പണം ഈടാക്കിയിരുന്നു. വിശുദ്ധനായ റബ്ബിയും, അഭിഷിക്തനായ പുരോഹിതനും പ്രാർത്ഥിച്ചാൽ ദൈവം വേഗം കേൾക്കും എന്നു വിശ്വസിച്ച സാധാരണജനം തങ്ങളുടെ തുച്ഛ

മായ വരുമാനത്തിൽ നല്ലൊരു പങ്ക് ഈ നേതാക്കന്മാർക്കു നല്കി. സ്വമനസ്സാ നല്കുന്ന കാഴ്ചകൾക്കു പുറമേ മതപരമായ നികുതികൾ ഏറെയുണ്ടായിരുന്നു. ദേവാലയനിർമ്മിതിക്കും സംരക്ഷണത്തിനുമായുള്ള ദശാംശം, പുരോഹിതരുടെ പരിപാലനത്തിനായുള്ള ദശാംശം, ദേവാലയകേന്ദ്രീകൃതമായ ആതുരസേവനത്തിനായുള്ള ദശാംശം, ആദ്യഫലം, പരിഹാരകാഴ്ചകൾ, ബലികൾ ഇങ്ങനെ മൊത്തം വരുമാനത്തിന്റെ മുപ്പതുശതമാനത്തിലേറെ മതനികുതിയായി മാറി. നിയമവും നിയമവ്യാഖ്യാനവും ജനത്തിന് ദുർവഹമായ ഭാരമായിത്തീർന്നു. വിലക്കുകളും വിലങ്ങുകളും സർവ്വത്ര. ഏതാഹാരമാണ് കഴിക്കാവുന്നത്, ഏതേതു മനുഷ്യരുമായിട്ടാണ് സമ്പർക്കത്തിലേർപ്പെടാവുന്നത്, ഏതെല്ലാം പ്രാർത്ഥനകൾ, ഏതെല്ലാം യാമങ്ങളിലാണ് ഉരുവിടേണ്ടത്, ഏതുതരം ധാന്യമാണ് കൃഷി ചെയ്യാവുന്നത്, ഏതുതരം വസ്ത്രമാണ് ധരിക്കാവുന്നത് എന്നിങ്ങനെ ജീവിതത്തിന്റെ എല്ലാതുറകളിലും എല്ലാ വിശദാംശങ്ങളിലും കടന്നുവരുന്നു നിയമങ്ങൾ. ഇവയെല്ലാം അറിയാനോ അറിഞ്ഞാൽതന്നെ അനുസരിക്കാനോ കഴിയാത്ത സാധാരണക്കാർ പാപികളായി മുദ്ര കുത്തപ്പെട്ടു. ഈ 'പാപി'കളുടെ പണം കൊണ്ടു കാലയാപനം ചെയ്ത 'വിശുദ്ധ'ന്മാർ ദൈവരാജ്യത്തിന്റെ താക്കോൽധാരികൾ തങ്ങളാണെന്ന് അഭിമാനിച്ചു.

## പ്രതികരണങ്ങൾ - പ്രതിഷേധങ്ങൾ

എല്ലാതരത്തിലും പൊറുതി മുട്ടിയ ഒരു ജനം. രാഷ്ട്രീയാധികാരികളും മതാധികാരികളും അവരെ ചൂഷണം ചെയ്ത് ധനികരായിത്തീർന്നപ്പോൾ പാവപ്പെട്ടവരുടെ ഉള്ളിൽ വിദ്വേഷത്തിന്റെ ഉമിത്തീ എരിയുകയായി. പലസ്തീന നീറി പുകയുന്ന ഒരഗ്നിപർവ്വതം പോലെയായി. ഏതു നിമിഷവും അതു പൊട്ടിത്തെറിക്കാം. ജനജീവിതത്തിന്റെ എല്ലാ തലങ്ങളെയും ബാധിച്ച രാഷ്ട്രീയ മേഖലയിലാണ് ഈ പൊട്ടിത്തെറി ഉണ്ടായത്.

ഹെറോദേസ് മഹാരാജാവ് നാടുവാണിരുന്ന കാലത്ത് അങ്ങിങ്ങായി കലാപങ്ങൾ പൊട്ടിപ്പുറപ്പെട്ടിരുന്നു. തെവുദാസ് എന്ന ഒരുവന്റെ നേതൃത്വത്തിൽ സംഘടിതമായ ജനകീയ മുന്നേറ്റമുണ്ടായി. പക്ഷേ, പട്ടാളമതിനെ തകർത്തു. ഏ.ഡി. 6 ൽ റോമാക്കാർ നടത്തിയ കാനേഷുമാരിയോടനുബന്ധിച്ച് വീണ്ടും കലാപമുണ്ടായി. ഗലീലേയനായ യൂദാസ് നേതൃത്വം നല്കി. റോമൻ ലീജി

യൻ ഡമാസ്കസിൽ നിന്നു മാർച്ചുചെയ്തു. കലാപകാരികളിൽ ഏറെപ്പേർ കൊല്ലപ്പെട്ടു. അവശേഷിച്ചവർ വനങ്ങളിലും മലകളിലും ഒളിപ്പോരുകൾ തുടർന്നു. ഒളിപ്പോരാളികൾ ഗലീലി കേന്ദ്രമാക്കി യാണ് പ്രവർത്തിച്ചത്. ജനത്തിനിടയിൽ മുറ്റിനിന്ന അസംതൃപ്തിയും, വിദേശമേൽക്കോയ്മയോടും അവർക്കു ചുട്ടുപിടിക്കുന്ന രാഷ്ട്രീയാധികാരികളോടും ഉള്ള വിദ്വേഷവും ഒളിപ്പോരാളികൾക്ക് പലസ്തീനായിൽ ഉടനീളം താവളങ്ങൾ നല്കി. യൂദാ മരുഭൂമിയിലും ജറുസലെം പട്ടണത്തിലും ഇവരുടെ പിണിയാളുകൾ വർദ്ധിച്ചുവന്നു.

ദാവീദിന്റെ സിംഹാസനം പുനഃസ്ഥാപിക്കാൻ മിശിഹാരാജാവു വരും, അല്ലെങ്കിൽ മോശയെപ്പോലൊരു പ്രവാചകനെ അയച്ച് ദൈവം തന്റെ ജനത്തെ മോചിപ്പിക്കും എന്ന പ്രതീക്ഷ ജനത്തിനിടയിൽ ശക്തിപ്പെട്ടു. യുഗാന്തപ്രവാചകനാണു താൻ എന്നവകാശപ്പെട്ട പലരും ഈ കാലഘട്ടത്തിൽ പ്രത്യക്ഷപ്പെട്ടു. ഈജിപ്തിൽ നിന്നു വന്ന ഒരു യഹൂദൻ കുറെ അനുയായികളെ ജോർദ്ദാനു കിഴക്കുള്ള മരുഭൂമിയിൽ ഒരുമിച്ചുകൂട്ടി. താൻ വടി ഉയർത്തുമ്പോൾ ജോർദ്ദാൻ നദി രണ്ടായി പിളരുമെന്നും വരണ്ട ഭൂമിയിലൂടെ കടന്ന് ജറുസലെം കീഴടക്കാൻ കഴിയുമെന്നുമുള്ള അയാളുടെ അവകാശവാദങ്ങൾ ഏറെപ്പേർ വിശ്വസിച്ചു. എന്നാൽ ജോർദ്ദാന്റെ അടുത്തെത്തുന്നതിനുമുമ്പേ റോമൻ പടയാളികൾ അവരെയെല്ലാം വകവരുത്തി. പീലാത്തോസ് യൂദയായിൽ ഗവർണറായിരുന്ന കാലത്ത് (ഏ.ഡി. 26-36) ആണിതു സംഭവിച്ചത്. പീലാത്തോസിന്റെ കാലത്തുതന്നെ സമറിയായിൽ മറ്റൊരു കലാപമുണ്ടായി. ഒരു സമറിയാക്കാരൻ നാനൂറോളം പേരെ ഗരിസിം മലയിൽ സംഘടിപ്പിച്ചു. ഒലിവു മലയിൽനിന്നും താനാജ്ഞാപിക്കുമ്പോൾ ജറുസലെമിന്റെ മതിലുകൾ ഇടിഞ്ഞുവീഴും എന്നയാൾ പ്രഖ്യാപിച്ചു. പക്ഷെ, ഗരിസിമിൽ നിന്നിറങ്ങുന്നതിനു മുമ്പുതന്നെ പീലാത്തോസിന്റെ പടയാളികൾ അവരെ ഒന്നടങ്കം വാളിനിരയാക്കി; സമറിയായിൽ കൂട്ടക്കൊല നടത്തി.

ഇക്കാലത്ത് ഗലീലിയിൽ ഒരു തീവ്രവാദി സംഘടന ശക്തിപ്പെട്ടു. 'സിക്കാരി'കൾ എന്നാണവർ അറിയപ്പെടുക. അവർ ധരിച്ചിരുന്ന കഠാരിയിൽ നിന്നാണത്രെ അവർക്ക് ഈ പേര് ലഭിച്ചത്. സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള തീവ്രമായ ആഗ്രഹത്താൽ തീവ്രവാദികൾ (Zealots) എന്നും ഇവർ അറിയപ്പെടുന്നു. നാട്ടിൽ

കലാപം സൃഷ്ടിക്കുക, അന്തിപ്പാസിനെ കൊല്ലുക, അതിനുശേഷം റോമാക്കാരെ പലസ്തീനായിൽനിന്നും തൂത്തെറിയുക - ഇതായിരുന്നു അവരുടെ പദ്ധതി. ഗലീലിയിൽ മാത്രമല്ല, യൂദയായിലും നല്ലൊരു ഭാഗം ജനങ്ങൾ ഇവർക്ക് നിശബ്ദ അംഗീകാരം നല്കി; ഒളിഞ്ഞും തെളിഞ്ഞും കഴിവിനൊത്ത് ഇവരെ സഹായിച്ചു. ദേവാലയസംരക്ഷണത്തിനായി നിയുക്തമായിരുന്ന പള്ളിപ്പട്ടാളത്തിൽ ഇവരുടെ അണികളിൽ പെട്ടവരുണ്ടായിരുന്നു. തിരുനാളുകളോടനുബന്ധിച്ച് ഇവർ പലപ്പോഴും ജറുസലേമിൽ റോമൻ പടയാളികളെ വധിക്കും. റോമാക്കാർ ഉടനെ ശക്തമായി തിരിച്ചടിക്കും. ജറുസലേമിലേക്കു മാർച്ചു ചെയ്യുന്ന ചെറിയ റോമൻ പട്ടാളവിഭാഗങ്ങളെ ഇവർ ഒളിച്ചിരുന്നാക്രമിക്കും. പകരം വീട്ടാൻ റോമാക്കാർ വൈകാറില്ല. കലാപത്തിന്റെ പേരിൽ ഒരിക്കൽ രണ്ടായിരത്തോളം പേരെ ഒരുമിച്ച് ജറുസലേമിൽ കുരിശിൽ തറച്ചു. തറയ്ക്കാൻ കുരിശുകൾ തികയാതിരുന്നതിനാൽ ജറുസലെമിന്റെ മതിലിൽ അനേകരെ ആണിയടിക്കുകയാണുണ്ടായത്. നാടിന്റെ സ്വാതന്ത്ര്യത്തിനുവേണ്ടി പോരാടിയ ഇക്കൂട്ടരെ 'കവർച്ചക്കാർ' (Lestes) എന്നാണ് യഹൂദ ചരിത്രകാരനായ ജൊസേഫുസ് വിശേഷിപ്പിച്ചത്. റോമാക്കാരോടുള്ള ആദരവാണ് സ്വാതന്ത്ര്യഭടന്മാരെ കവർച്ചക്കാരെന്നു മുദ്രകുത്താൻ ആ ചരിത്രകാരനെ പ്രേരിപ്പിച്ചത്.

നീറിപ്പുകയുകയും ചിലപ്പോഴൊക്കെ നാമ്പെടുക്കുകയും ചെയ്ത ഈ വിപ്ലവവാഗ്നി ഒരു കാട്ടുതീപോലെ കത്തിപ്പടരുന്നത് ഏ.ഡി. 64 നോടു കൂടിയാണ്. ഗലീലിയിലാണ് ഈ അഗ്നിപർവ്വതം പൊട്ടിപ്പുറപ്പെട്ടത്. അവിടെ നിന്നൊഴുകിയ വിപ്ലവ ലാവാ മാസങ്ങൾക്കകം പലസ്തീനായെ മുഴുവൻ ഗ്രസിച്ചു. ദേശത്തുടനീളമുള്ള കോട്ടകളും പട്ടണങ്ങളും വിപ്ലവകാരികൾ പിടിച്ചടക്കി. ജറുസലെം പട്ടണവും അവരുടെ കൈകളിലായി. തങ്ങൾ പ്രതീക്ഷിച്ച സ്വാതന്ത്ര്യം അവസാനമായി കൈവരിച്ചു എന്നവർ വിശ്വസിച്ചു. വിജയമാഘോഷിച്ചു.

റോമാക്കാർ സാവധാനമാണ് നീങ്ങിയത്. ഏ.ഡി. 66 ൽ വെസ്പസിയാനും മകൻ ടൈറ്റസും വലിയൊരു സൈന്യവുമായി പലസ്തീനായിലേയ്ക്കയ്ക്കപ്പെട്ടു. അവർ ചിട്ടയോടെ അടിച്ചമർത്തലും സംഹാരവും തുടങ്ങി. ഗലീലി, സമറിയ, യൂദയാ-ഒന്നൊന്നായി അവർ കീഴടക്കി. പട്ടണമതിലുകൽ തകർത്തു. വീടുകളും വയലുകളും കത്തിയെരിഞ്ഞു. 69 -ൽ ജറുസലെമിന് ഉപ

രോധം ഏർപ്പെടുത്തി. ഇതിനിടയിൽ വെസ്പസിയാൻ റോമൻ ചക്രവർത്തിയായി പ്രഖ്യാപിക്കപ്പെട്ടു. ടൈറ്റസാണ് ഉപരോധം പൂർത്തിയാക്കി പട്ടണം കീഴടക്കിയത്. ഏ.ഡി. 70 ലായിരുന്നു അത്. പട്ടണമതിലുകൾ ഇടിച്ചുതകർത്തു: ദേവാലയം ചുട്ടുകരിച്ചു. ജറുസലെം മുഴുവനും കത്തിയെരിഞ്ഞു. ദൈവത്തിന്റെ നഗരം ചാരക്കൂനയായി. യഹൂദരിൽ നല്ലൊരു പങ്ക് തടവുകാരായി, അടിമകളായി. ഭീകരമായ ഈ നാശത്തിലേക്കു നയിച്ച വിപ്ലവം രൂപം പ്രാപിച്ചുകൊണ്ടിരുന്ന സാഹചര്യത്തിലാണ് നസ്രായനായ യേശു പലസ്തീനായുടെ പൊതുരംഗത്തു പ്രത്യക്ഷപ്പെടുന്നത് - അതും കലാപകാരികളുടെ വിളനിലമായ ഗലീലിയിൽ.



2

# തച്ചന്റെ മകൻ

"മാനസാന്തരപ്പെടുവിൻ, ദൈവരാജ്യം സമീപിച്ചിരിക്കുന്നു" യൂദാ മരുഭൂമിയിൽ സിംഹഗർജ്ജനംപോലെ സ്നാപകന്റെ ശബ്ദം മുഴങ്ങി. യുഗാന്തം സമീപിച്ചിരിക്കുന്നു: ദൈവം ലോകത്തിന്റെ മേൽ വിധി പ്രസ്താവിക്കാൻ വരുന്നു. ഫലം തരാത്ത വൃക്ഷങ്ങൾക്ക് ചുവട്ടിൽ കോടാലി വീണുകഴിഞ്ഞു എന്ന വാർത്ത കാട്ടുതീപോലെ പലസ്തീനായിൽ പരന്നു. ആസന്നമായ വിധിയിൽനിന്നു രക്ഷ തേടി ആയിരങ്ങൾ സ്നാപകന്റെ അടുക്കലേക്ക് ഓടി. തങ്ങളുടെ പാപങ്ങൾ ഏറ്റുപറഞ്ഞ് അനുതാപത്തിന്റെ ജ്ഞാനസ്നാനം സ്വീകരിച്ചു. ഏ.ഡി. 27 ലായിരുന്നു അതു സംഭവിച്ചത്.

ജോർദ്ദാനിലേക്കു വന്നവരുടെ കൂട്ടത്തിൽ ഗലീലിയായിലെ ഒരു കൊച്ചുഗ്രാമമായ നസ്രത്തിൽനിന്നുള്ള ഒരു ആശാരിയും വന്നു. പ്രായപൂർത്തിയായ ഒരു മനുഷ്യൻ. സ്വന്തം അദ്ധ്വാനംകൊണ്ട് ആഹാരം സമ്പാദിച്ചിരുന്ന അവിവാഹിതനായ ഒരു തൊഴിലാളി. ജോസഫിന്റെ മകൻ യേശു എന്നാണയാളുടെ പേര്. അതുവരെ തികച്ചും സാധാരണക്കാരനായി കഴിഞ്ഞിരുന്ന ആ യുവാവിന്റെ

ജീവിതത്തിൽ ജോർദ്ദാനിലെ സ്നാനത്തോടെ കാതലായ വ്യതിയാനം സംഭവിച്ചു. ജോർദ്ദാനിൽ നിന്നു നേരെ മരുഭൂമിയിലേക്കാണയാൾ പോയത്. ദീർഘമായ ഉപവാസം. കഠിനമായ തപസ്സ്. നാല്പതു ദിവസങ്ങൾക്കുശേഷം ഒരു പുതിയ മനുഷ്യനായാണ് അയാൾ മടങ്ങിവന്നത്.

ഗലീലിയിൽ തിരിച്ചെത്തിയ യേശു യഹൂദരുടെ പ്രാർത്ഥനാലയങ്ങളായ സിനഗോഗുകളിൽ പ്രസംഗിക്കാൻ തുടങ്ങി. തുടക്കത്തിലൊക്കെ അയാളെ സ്നാപകശിഷ്യനായിട്ടാണ് ജനങ്ങൾ കണ്ടത്. കാരണം, സ്നാപകൻ പറഞ്ഞ വാക്കുകൾ തന്നെ ആയിരുന്നു യേശുവും പറയാൻ തുടങ്ങിയത്. ദൈവരാജ്യം സമീപിച്ചിരിക്കുന്നു. മാനസാന്തരപ്പെടുവിൻ! എന്നാൽ ദിവസങ്ങൾക്കുള്ളിൽ സ്നാപകനുമായുള്ള വ്യത്യാസം വ്യക്തമായി. ജീവിത ശൈലിയും പ്രസംഗവിഷയവും പ്രവർത്തനരീതിയും എല്ലാം വ്യത്യസ്തമായിരുന്നു.

കാട്ടുതേനും വെട്ടുക്കിളിയും ആഹാരമാക്കിയ, മരുഭൂമിയുടെ വരൾച്ച മുഴുവൻ സ്വജീവിതത്തിലും വാക്കുകളിലും ആവാഹിച്ചെടുത്ത ഒരു താപസനായിരുന്നു യോഹന്നാൻ. കർത്താവിന്റെ ക്രോധാഗ്നി പ്രതിഫലിക്കുന്ന തീപ്പന്തങ്ങളായിരുന്നു അവന്റെ കണ്ണുകൾ. പട്ടണങ്ങളിലും ഗ്രാമങ്ങളിലുംനിന്ന് ഒഴിഞ്ഞുമാറി മരുഭൂമിയിൽ വാസമുറപ്പിച്ച സ്നാപകനിൽ നിന്നും എത്രയോ വ്യത്യസ്തമായിരുന്നു യേശുവിന്റെ ജീവിതശൈലി!

സമ്പന്നർ ഒരുക്കിയ വിരുന്നുകളിൽ അവൻ പങ്കെടുത്തു (ലൂക്കാ 14,1). സ്വാദുള്ള ഭക്ഷണവും ലഹരി പാനീയവും അവൻ വർജ്ജിച്ചില്ല (യോഹ 2,1–10). ആർദ്രമായ സ്നേഹത്തിനു മുൻപിൽ അവൻ തരളിതനായി. സ്ത്രീകളിൽനിന്ന് ഒരു താപസന്റെ വൈരാഗ്യത്തോടെ, യഹൂദറബ്ബിയുടെ തീക്ഷ്ണതയോടെ, അവൻ ഒഴിഞ്ഞുമാറിയില്ല (ലൂക്കാ 8,1–3). കൊച്ചുകുഞ്ഞുങ്ങളുടെ നിഷ്ക്കളങ്കതയിൽ അവൻ ആനന്ദം കൊള്ളും. അവരെ ആർദ്രതയോടെ വാരിപ്പുണരും (മർക്കോ 9,39). പട്ടണത്തിൽ പേരുകേൾപ്പിച്ച പരസ്യവേശ്യകൾ, കദനഭാരത്താൽ തകർന്ന ഹൃദയവും നിന്ദനത്താൽ തളർന്ന വ്യക്തിത്വവുമായി അവന്റെ കാല്ക്കൽ വീണപ്പോൾ അവരുടെ ഗതകാല ചെയ്തികളെയല്ല, വർത്തമാന സ്നേഹത്തെയാണ് അവൻ കണ്ടത്. അവരെ അവൻ ഹൃദയപൂർവ്വം സ്വീകരിച്ചു. അവരുടെ സ്നേഹത്തെ പുകഴ്ത്തി (ലൂക്കാ 7,44–47)അല്ല, യേശു ഒരു

താപസനായിരുന്നില്ല. ഭോജനപ്രിയനും, മദ്യപനും, ചുങ്കക്കാരുടെയും പാപികളുടെയും സ്നേഹിതനും (ലൂക്കാ 7,34) എന്ന ചീത്തപ്പേര് സ്വീകരിക്കാൻമാത്രം മനുഷ്യത്വമുള്ള ഒരു മനുഷ്യനായിരുന്നു, നസ്രത്തിലെ യേശു.

യേശു ഒരു മനുഷ്യസ്നേഹിയായിരുന്നു. താൻ കണ്ടുമുട്ടുന്ന സകല വ്യക്തികളിലും ആഴമേറിയ പ്രതികരണം സൃഷ്ടിക്കാൻ മാത്രം വശ്യതയാർന്ന ഒരു വ്യക്തിത്വത്തിന്റെ ഉടമയായിരുന്നു നസ്രത്തിലെ യേശു. അവൻ ജനമധ്യത്തിലാണ് വർത്തിച്ചത്. ജപാലയങ്ങളിൽ മാത്രമല്ല നാം അവനെ കാണുക. ജനം ജീവിക്കുന്ന, അന്നന്നത്തെയപ്പത്തിനായി പാടുപെടുന്ന, വിയർക്കുകയും വിലപിക്കുകയും ചെയ്യുന്ന എല്ലാ വേദികളിലും യേശുവിനെ നാം കാണും. കർഷകന്റെ വയലിലും, മുക്കുവന്റെ പടവിലും, മത്സ്യത്തൊഴിലാളികളുടെ കുടിലിലും, ഒക്കെ അവൻ കടന്നുചെന്നു. അവരുമായി സംസാരിച്ചു; അവരുടെ പ്രശ്നങ്ങൾ നേരിൽ കണ്ടുഗ്രഹിച്ചു; അവരുമായി ഗാഢമായ വ്യക്തിബന്ധത്തിൽ ഏർപ്പെട്ടു. അവൻ അവരുടെയെല്ലാം സുഹൃത്തായി.

വയലിൽ വിത്തു വിതച്ചിട്ടു കളകൾ മുളച്ചുവന്ന് വിളവിനെ നശിപ്പിക്കുന്നതു കാണുമ്പോൾ കർഷകനുണ്ടാകുന്ന മനോവ്യഥയും, നല്ല വിളവു ലഭിക്കുമ്പോൾ അവനുണ്ടാകുന്ന ആനന്ദവും യേശു പങ്കിട്ടെടുത്തു (മത്താ 13,1-9). കഠിനാദ്ധ്വാനം ചെയ്തിട്ടും ഫലശൂന്യമായി തടിച്ചുകൊഴുക്കുന്ന അത്തിമരങ്ങളോടു കർഷകനുണ്ടാകുന്ന അരിശവും യേശുവിന് മനസ്സിലാകുമായിരുന്നു (ലൂക്കാ 13, 6-9). അതിവൃഷ്ടിയും അനാവൃഷ്ടിയും കാരണം വിളവുകൾ നഷ്ടപ്പെടുന്ന കർഷകൻ പ്രതീക്ഷയോടെ, ആകാംക്ഷയോടെ ആകാശത്തിന്റെ ഭാവഭേദങ്ങൾ നോക്കി നിൽക്കുന്നത് യേശുവിനറിയാം (ലൂക്കാ 12,54-55). മഴ മേഘങ്ങളെയും തീക്കാറ്റിനേയും കുറിച്ച്, ഗോതമ്പു വയലിനെയും മുന്തിരിത്തോട്ടത്തെയും കുറിച്ച്, വിത്തു വിതയ്ക്കലിനെയും വിളവെടുക്കലിനെയുംകുറിച്ച് അവൻ കർഷകരോട് സംസാരിച്ചു. അവന്റെ ഭാഷ കർഷകർക്കു മനസ്സിലായി. സ്വർഗ്ഗസ്ഥനായ പിതാവിനെ ഒരു കർഷകനായി അവർക്കു കാണാൻ കഴിഞ്ഞു (യോഹ 15,1).

മത്സ്യം സമൃദ്ധമായി വളരുന്ന ഗലീലിത്തടാകം. മീൻപിടിച്ചു തിന്നും വിറ്റും കാലയാപനം നടത്തുന്ന മത്സ്യത്തൊഴിലാളികളെ കാണുമ്പോൾ അവന്റെ ഹൃദയം വേദനയാൽ പിടയും

(യോഹ 21,5). അവരുടെ വല നിറയുന്നതു കാണുമ്പോൾ ആ ഹൃദയം സന്തോഷത്താൽ തുടിക്കും (ലൂക്കാ 5,1-11). മീൻതേടി ആഴക്കടലിലേക്കുപോകുന്ന വള്ളങ്ങൾ കൊടുങ്കാറ്റിൽപ്പെട്ടു തകരാൻ തുടങ്ങുമ്പോൾ അവയിൽ നിന്നുയരുന്ന ആർത്തനാദം അവന്റെ ഹൃദയം പിളർക്കും (മത്താ 8,23-27; 14,22-27). കടലിന്റെ കാരുണ്യത്തിൽ ജീവൻ ഉടക്കിയിട്ടിരിക്കുന്ന മത്സ്യത്തൊഴിലാളികൾ, കാറ്റും കോളും പന്താടുന്ന ജീവിതങ്ങൾ - അവരുടെ മധ്യത്തിൽ യേശു നിന്നു; അവരോടു സംസാരിച്ചു - തന്റെ പിതാവിനെക്കുറിച്ച്. ഭയവും ഭാവിയെക്കുറിച്ചുള്ള ആകുലതയും നിറഞ്ഞുനിന്ന ആ ജീവിതങ്ങളിൽ യേശുവിന്റെ സാന്നിധ്യം, അവന്റെ വാക്കുകൾ, ശക്തി പകർന്നു; പ്രതീക്ഷ നിറച്ചു. ദൈവരാജ്യം വലയാണെന്നും, മനുഷ്യരെ ദൈവരാജ്യത്തിലേക്കാകർഷിക്കുന്നത് മീൻപിടുത്തം പോലെയാണെന്നും പറഞ്ഞപ്പോൾ ആ മുക്കുവർക്കതു മനസ്സിലാക്കാൻ കഴിഞ്ഞു.

കീറത്തുണി തുന്നുന്ന പാവപ്പെട്ട വീട്ടമ്മ (മർക്കോ 2,21), തീപ്പെട്ടിയില്ലാത്ത കാലത്ത് വിളക്കു കെടാതെ സൂക്ഷിക്കാൻ തത്രപ്പെടുന്ന സ്ത്രീകൾ (മത്താ 25,1-13), ചരടുപൊട്ടിയ കെട്ടുതാലി നിലത്തു വീണതു കണ്ടെടുക്കാനായി മുറിമുഴുവൻ അടിച്ചുവാരുന്ന വീട്ടുകാരി (ലൂക്കാ 15, 8-10) ഇവരെയെല്ലാം യേശുവിനറിയാം. ഇവരെക്കുറിച്ചെല്ലാം അവൻ സംസാരിച്ചു. കൂട്ടംവിട്ട് കാട്ടിൽ അലയുന്ന ആടിനെത്തേടി നടക്കുന്ന ഇടയൻ (മത്താ 18,12-14), സ്വാതന്ത്ര്യവും സുഖവും തേടി വീടു വിട്ടുപോയ മകനെ നീറിപ്പുകയുന്ന ഹൃദയവുമായി കാത്തിരിക്കുന്ന അപ്പൻ (ലൂക്കാ 15,11-24), ഇവരുടെയെല്ലാം ഹൃദയവ്യഥയും, അന്വേഷണവും കാത്തിരിപ്പും ഫലമണിയുമ്പോൾ ഇവർക്കുണ്ടാകുന്ന സന്തോഷവും യേശുവിന്റെ ഹൃദയത്തിൽ പ്രതിഫലിക്കും; അവന്റെ വാക്കുകളിൽ പ്രതിധ്വനിക്കും. ഇതും ദൈവത്തെയും ദൈവകാരുണ്യത്തെയും കുറിച്ച് ചിന്തിക്കാനും സംസാരിക്കാനും അവന് അവസരമായി.

യേശു ഒരു മനുഷ്യസ്നേഹിയായിരുന്നു; ആരെയും ആ സ്നേഹവലയത്തിൽനിന്ന് അവൻ അകറ്റി നിർത്തിയില്ല. ധനികനായ സക്കേവൂസിന്റെയും (ലൂക്കാ 19,1-10), ഫരിസേയപ്രമാണിയായ ശിമയോന്റെയും (ലൂക്കാ 7,36-50) വീട്ടിൽ അവൻ വിരുന്നിനിരിക്കും. ഒരു തച്ചന്റെ മകനാണ് താൻ എന്ന അപകർഷതാബോധം അവനുണ്ടായിരുന്നില്ല. എവിടെയും കടന്നുചെല്ലും; താൻ

കാണുന്ന ചുറ്റുപാടുകളോട് വികാരതീവ്രതയോടെ പ്രതികരിക്കും. ഏകമകന്റെ ശവമഞ്ചത്തിനു പിന്നാലെ കണ്ണീരൊഴുക്കി അനുയാത്ര ചെയ്യുന്ന വിധവയുടെ കണ്ണീരിൽ അവൻ വികാരഭരിതനാവും (ലൂക്കാ 7,13). ഏക സഹോദരന്റെ ശവക്കല്ലറയ്ക്കരുകിൽ കരഞ്ഞു തളർന്ന് മൂകരായിരിക്കുന്ന സഹോദരിമാരുടെ മുമ്പിൽ അവൻ കണ്ണീരൊഴുക്കും (യോഹ 11,35). ദിവസങ്ങളായി പട്ടിണികിടക്കുന്ന ജനക്കൂട്ടത്തെ കാണുമ്പോൾ മനസ്സലിയും (മർക്കോ 6,34). സ്നേഹം, കാരുണ്യം, അനുകമ്പ, സഹതാപം - ലോലവികാരങ്ങളെല്ലാം തിങ്ങിനിറഞ്ഞ ഒരു ഹൃദയമുള്ള വ്യക്തിയായിരുന്നു ആ തച്ചന്റെ മകൻ.

മറ്റുള്ളവരുടെ വേദനകണ്ടു കരളലിയുക മാത്രമല്ല, ആ വേദനയും വ്യഥയും ദുഃഖവും സ്വന്തം ജീവിതത്തിൽ അനുഭവിക്കുക കൂടി ചെയ്ത ഒരു വ്യക്തിയാണ് യേശു. കുറുനരികൾക്കും ആകാശപ്പറവകൾക്കും ഉള്ള സുരക്ഷിതത്വം പോലും അവനില്ലായിരുന്നു (മത്താ 8:20). തലചായ്ക്കാൻ സ്വന്തമായൊരു ഇടമില്ലാതെ, മരച്ചുവട്ടിലും വഴിവക്കിലും അവൻ അന്തിയുറങ്ങി. വീടില്ലാത്തവരോടൊപ്പം അവൻ വീടില്ലാത്തവനായി. വിശപ്പ് അവനെ കാർന്നുതിന്നു (മത്താ 4,2; 21, 18). നാളെ എന്തുഭക്ഷിക്കും എന്ന് അവന് അറിയില്ലായിരുന്നു. അന്യരുടെ ഔദാര്യത്താൽ മാത്രമാണ് അവന് ആഹാരം ലഭിച്ചത്.

അദ്ധ്വാനം അവനെ തളർത്തി; തളർന്നാണവൻ ഉറങ്ങിയത് (മർക്കോ 4,38). ആഹാരത്തിനു വഴിയില്ലാത്ത ദരിദ്രരും, സമൂഹം പുറന്തള്ളിയ കുഷ്ഠരോഗികളും, വികാലാംഗരും, കരിങ്കാലികളായി മുദ്രകുത്തപ്പെട്ട ചുങ്കക്കാരും, അധഃകൃതരായി പരിഗണിക്കപ്പെട്ട സമറായരും, സ്ത്രീകളും എല്ലാം ഏല്ക്കുന്ന നിന്ദനങ്ങളും അവഹേളനങ്ങളും അവൻ സ്വന്തമായി ഏറ്റെടുത്തു. മാന്യന്മാരും വിശുദ്ധരുമായി സ്വയം പരിഗണിച്ചിരുന്ന ഉപരി വർഗ്ഗത്തിന്റെ ഹൃദയ ശൂന്യതയിൽ, ഹൃദയകാഠിന്യത്തിൽ, അവൻ രോഷം കൊണ്ടു. സ്വതേ ശാന്തശീലനായിരുന്ന അവന്റെ കണ്ണുകൾ തീപ്പന്തങ്ങൾ പോലെ ജ്വലിച്ചു; വാക്കുകൾ കൂർത്ത ശരങ്ങളായി പ്രവഹിച്ചു (മർക്കോ 3,5; മത്താ 23). അതേ, യേശു, നസ്രത്തിലെ തച്ചന്റെ മകൻ, ഒരു മനുഷ്യനായിരുന്നു നൂറു ശതമാനവും ഒരു മനുഷ്യൻ.

ആയിരങ്ങൾ അവനു ചുറ്റും തിങ്ങിക്കൂടി അവന്റെ വാക്കു കേൾക്കാൻ; അവനെ ഒരു നോക്കുകാണാൻ; അവന്റെ കരസ്പർശ

മേൽക്കാൻ. വാക്കു കേട്ടവരുടെ ഹൃദയം ത്രസിച്ചു. അലൗകികമായൊരു സമാധാനം അവർക്കു ലഭിച്ചു. സ്പർശനമേറ്റവർ സൗഖ്യം പ്രാപിച്ചു. കുഷ്ഠരോഗികൾ ശുദ്ധരാക്കപ്പെട്ടു. തളർവാതരോഗികൾ എണീറ്റുനടന്നു. കുരുടർക്കു കാഴ്ചയും, ചെകിടർക്കു കേൾവിയും, ഊമർക്കു സംസാരശക്തിയും വീണ്ടും ലഭിച്ചു. ഹൃദയം നുറുങ്ങിയ പാപികൾ അവന്റെ സാന്നിധ്യത്തിൽ തങ്ങളുടെ പാപഭാരത്തിൽ നിന്നും കുറ്റബോധത്തിൽനിന്നും മുക്തിനേടി. യേശുവുമായി ബന്ധപ്പെട്ടവർ, യേശുവിനെ കണ്ടുമുട്ടിയവർ, പുതിയ വ്യക്തികളായി മാറി. അവന്റെ കീർത്തി നാട്ടിലെങ്ങും പരന്നു. അനേകായിരങ്ങൾ അവനെ പുകഴ്ത്തി; അവന്റെ പേരിൽ ദൈവത്തെ സ്തുതിച്ചു. എന്നാൽ ഇത് അധികകാലം നീണ്ടുനിന്നില്ല.

ഏറെത്താമസിയാതെ യേശുവിന്റെ ജീവിതവിഹായസ്സിൽ വിദ്വേഷത്തിന്റെ കാർമേഘങ്ങൾ ഇരുണ്ടുകൂടി. ശത്രുക്കളുടെ ഒരു നിരതന്നെ അവനെതിരേ ഉയർന്നു. പണക്കൊതിയർ അവനെ പുച്ഛിച്ചു (ലൂക്കാ 16,14). വിരുന്നിനു വിളിച്ചവർതന്നെ സാമാന്യമര്യാദപോലും അവനോടു കാണിച്ചില്ല (ലൂക്കാ 7,44-45). മതാധികാരികൾ ആരംഭം മുതലേ അവനെ സംശയത്തോടെയാണു വീക്ഷിച്ചത്. അവന്റെ പ്രവർത്തനങ്ങൾ നിയമലംഘനങ്ങളും പാരമ്പര്യധ്വംസനങ്ങളുമായി അവർ കണ്ടു (മത്താ 15,2); അവന്റെ വാക്കുകൾ ദൈവദൂഷണമായും (മർക്കോ 2,7). അവനെ സൂക്ഷ്മമായി നിരീക്ഷിച്ച് റിപ്പോർട്ടു തയ്യാറാക്കി അയയ്ക്കാൻ ജറുസലെമിൽ നിന്ന് അധികാരികളുടെ പ്രതിനിധികൾ ഗലീലിയിലേക്കു വന്നു (മത്താ 15,1). യേശുവിനെതിരായി അവർ സാവധാനം കരുനീക്കങ്ങൾ ആരംഭിച്ചു.

അവനു ഭ്രാന്താണെന്ന് (മർക്കോ 3,21, യോഹ 10,20), അവൻ സമറായനും പിശാചുബാധിതനും ആണെന്ന് അവർ പറഞ്ഞുപരത്തി (യോഹ 8,48). സാത്താൻ സേവയാണ് അവന്റെ പ്രവർത്തനങ്ങൾക്കു പിന്നിലുള്ളതെന്നു വരുത്തിത്തീർക്കാൻ അവർ ശ്രമിച്ചു (ലൂക്കാ 11,15). അവൻ കള്ളുകുടിയനും തീറ്റപ്രിയനും വേശ്യകളുടെ കൂട്ടുകാരനും ആണെന്ന് അവനെതിരേ ദുഷ്പ്രചരണം നടത്തി (ലൂക്കാ 7,34).

ഒളിഞ്ഞും തെളിഞ്ഞുമുള്ള തേജോവധം കൊണ്ടു തൃപ്തിയാകാതെ അവർ യേശുവുമായി വിവാദം ആരംഭിച്ചു. അവന്റെ പ്രവൃത്തികൾക്കും സ്വതന്ത്രമായ ജീവിതശൈലിക്കും വിശ

ദീകരണം ആവശ്യപ്പെട്ടു (മർക്കോ 2, 18-24). അധികാരത്തെ ചോദ്യം ചെയ്തു (മർക്കോ 11,28). ഏതെങ്കിലും വിധത്തിൽ അവനെ വാക്കിൽ കുടുക്കാനും രാജ്യദ്രോഹിയാക്കിത്തീർത്ത് സാമ്രാജ്യശക്തിയ്ക്കേല്പിച്ചു കൊടുക്കാനും അവർ കിണഞ്ഞു പരിശ്രമിച്ചു (ലൂക്കാ 20,20). എന്നാൽ നേരിട്ടുള്ള വാദപ്രതിവാദത്തിൽ അവർക്കു വാക്കുമുട്ടി. രാജ്യദ്രോഹകുറ്റം ചുമത്താൻ പറ്റിയതൊന്നും അവർക്കു കിട്ടിയതുമില്ല. പക്ഷേ, അവർ തോൽവി സമ്മതിച്ചില്ല.

പൊതുജനങ്ങളുടെ ഇടയിൽ യേശുവിനെതിരേ ശത്രുതയുണ്ടാക്കാനുള്ള തീവ്രമായ ശ്രമം അവർ നടത്തി. തേജോവധവും കുറ്റാരോപണങ്ങളും എല്ലാം ഈ അടവിന്റെ ഭാഗമായിരുന്നു. യേശുവിന്റെ ശിഷ്യന്മാർക്കെതിരായും അവർ പ്രചരണമാരംഭിച്ചു. യേശുവിനെയും അനുയായികളെയും ഒറ്റപ്പെടുത്താനുള്ള ശ്രമമായിരുന്നു ഇത്. യേശുവിനെ അംഗീകരിക്കുന്നവരെ 'പള്ളിക്കുറ്റം' ചൊല്ലി പുറത്താക്കാൻ അവർ തീരുമാനമെടുത്തു (യോഹ 9,22).

പ്രചരണങ്ങൾക്കും തന്ത്രങ്ങൾക്കും ഫലമുണ്ടായി. ജനം സാവധാനം അവനിൽ നിന്നകന്നു. പട്ടണങ്ങൾ ഒന്നൊന്നായി അവനെതിരേ വാതിലുകൾ കൊട്ടിയടച്ചു (മത്താ 10,20-24). വഴിയൊരുക്കാൻ വന്ന സ്നാപകനുപോലും അവനിൽ സംശയമായി (മത്താ 11,1-6). സ്വന്തക്കാർ അവനെ ബലമായി പിടിച്ചുകൊണ്ടുപോയി തടവിലിടാൻ ശ്രമിച്ചു (മർക്കോ 3,20). സ്വന്തം നാട്ടുകാർ അവനെ തള്ളിപ്പറഞ്ഞു (മർക്കോ 6,1-6). അവനെക്കുറിച്ച് പരസ്യമായി സംസാരിക്കാൻപോലും ജനങ്ങൾക്കു ഭയമായി (യോഹ 7,13). യേശുവിനോടു താത്പര്യമുണ്ടായിരുന്ന ചില അധികാരികൾപോലും തങ്ങളുടെ സൽപേരിനു കോട്ടം തട്ടിയേക്കും എന്നു ഭയന്ന് സൗകര്യപൂർവ്വം ഒഴിഞ്ഞുമാറി, നിശബ്ദത പാലിച്ചു (യോഹ 12,42). ആ തച്ചന്റെ മകനെ ആർക്കും വേണ്ടാ എന്നായി. ഗലീലിയിലെ നാടുവാഴി അവന്റെ തലയ്ക്കു വില നിശ്ചയിച്ചു (ലൂക്കാ 13,31).

ജനക്കൂട്ടം വിട്ടകലുകയും രാഷ്ട്രീയാധികാരി വധഭീഷണി മുഴക്കുകയും ചെയ്തപ്പോൾ മതാധികാരികൾക്കു ശക്തി വർദ്ധിച്ചു. അവർ അവനെ കല്ലെറിയാൻ പലതവണ ശ്രമിച്ചു (യോഹ 7,1. 30; 8,59; 10,31). അവനെതിരേ ജനത്തെ ഇളക്കിവിടാനുള്ളശ്രമവും പരാജയപ്പെട്ടപ്പോൾ തികച്ചും ഔദ്യോഗികമായിത്തന്നെ അവർ നീങ്ങി. യഹൂദമതത്തിന്റെ സമുന്നതാധികാരം കയ്യാളുന്ന സാൻഹെദ്രിൻ സംഘം ഔപചാരികമായി സമ്മേളിച്ച്, പ്രതിയെ വിചാരണ ചെയ്യാ

തെതന്നെ വിധി പ്രസ്താവിച്ചു: അവൻ മരിക്കണം (യോഹ 11,1,7-51).

ഇത്രയും സംഘടിതമായ നീക്കങ്ങൾ തനിക്കെതിരെയുണ്ടായപ്പോൾ യേശു സാവധാനം പിൻവാങ്ങി. അവൻ പലസ്തീനായുടെ പുറത്ത് വിജാതീയരുടെ ഇടയിലും വിജനസ്ഥലത്തും കൂടുതൽ സമയം ചിലവഴിച്ചു (മത്താ 12,15; 14,13; 15,21-39; 16,4). യഹൂദനേതാക്കന്മാരുടെ അധികാരസീമയിൽ പരസ്യമായി പ്രത്യക്ഷപ്പെടാൻ മടിച്ചു (യോഹ 7,1). ജറുസലെമിൽ ശത്രുത മൂർഛിക്കുകയും വധശിക്ഷ പ്രഖ്യാപിക്കുകയും ചെയ്തുകഴിഞ്ഞപ്പോൾ അവൻ ഒളിവിലായി (യോഹ 10,39; 11,54,12,36). യേശു എവിടെയാണെന്നറിയാൻ കഴിയാത്തതിനാൽ അവനെക്കുറിച്ചു വിവരം നല്കാൻ പൊതുജനത്തെ അധികാരികൾ നിർബന്ധിച്ചു (യോഹ 11,57).


അവസാനം യേശുവിന്റെ ഒരു ശിഷ്യനെ കൈക്കൂലി കൊടുത്തു വശത്താക്കി (മർക്കോ 14,10). അവന്റെ സഹായത്തോടെ, പട്ടാളത്തെ അയച്ച് ഒളിസ്ഥലത്തുനിന്ന് രാത്രിയിൽ അവർ യേശുവിനെ അറസ്റ്റുചെയ്തു (മർക്കോ 14,43). ശിഷ്യന്മാർ ചെറുത്തുനില്ക്കാൻ ഒരു വിഫലശ്രമം നടത്തി; അവസാനം അവർ ഭയന്ന് ഓടിയൊളിച്ചു. രാത്രിയിൽത്തന്നെ പ്രധാനപുരോഹിതൻ യേശുവിനെ വിചാരണ ചെയ്തു. പ്രഭാതത്തിൽ വീണ്ടും സാൻഹെദ്രന്റെ മുമ്പിൽ ഔപചാരികമായ വിചാരണ നടന്നു (ലൂക്കാ 22,66), വധശിക്ഷ സ്ഥിരീകരിച്ചു.

വിധിക്കാനല്ലാതെ വധിക്കാൻ തങ്ങൾക്കധികാരമില്ലാതിരുന്നതിനാൽ അവർ യേശുവിനെ റോമൻ ഗവർണ്ണർക്ക് ഏല്പിച്ചുകൊടുത്തു. രാജദ്രോഹകുറ്റം അവർ അവനിൽ ആരോപിച്ചു. മിശിഹാരാജാവിനെ സ്വപ്നം കണ്ടിരുന്നവർ അതേ കുറ്റമാണ് യേശുവിൽ ആരോപിച്ചത്. ഗവർണ്ണർ പീലാത്തോസ് കയ്യൊഴിയാൻ ശ്രമിച്ചു. ഗലീലിയുടെ നാടുവാഴിയായ ഹേറോദേസിന്റെ അടുക്കലയച്ചു (ലൂക്കാ 23,8-12). ഹേറോദേസ് വിധി പ്രസ്താവിക്കാതെ വീണ്ടും പീലാത്തോസിന്റെ അടുക്കലേക്ക് അവനെ തിരിച്ചയച്ചു. വിചാരണയിൽ കുറ്റമില്ല എന്നു തെളിഞ്ഞപ്പോൾ പീലാത്തോസ് കൈകഴുകി - യേശുവിനെ ജനകീയ വിചാരണയ്ക്കു വിട്ടുകൊടുത്തു (മർക്കോ 15,6-15). മതാധികാരികളുടെ സ്വാധീനത്തിനും ഭീഷണിക്കും വഴങ്ങിയ പൊതുജനം ആക്രോശിച്ചു. അവനെ ക്രൂശിക്കുക!

അർദ്ധരാത്രിയോടടുത്ത് അറസ്റ്റുചെയ്ത അവനെ അഞ്ച് കോടതി വിചാരണകളും ഒരു ജനകീയ വിചാരണയും നടത്തിയ ശേഷം ഉച്ചയ്ക്കു മുമ്പേ അവർ കുരിശിൽ തറച്ചു. ജനനേതാക്കൾ അവനെ പരിഹസിച്ചു. കുരിശിൽ നിന്നിറങ്ങി വരാൻ വെല്ലുവിളിച്ചു. സുഹൃത്തുക്കളിൽ ചിലർ, അതും സ്ത്രീകൾ, നിസ്സഹായരായി അകലെ നോക്കിനിന്നു. സകലരാലും പരിത്യക്തനായി, അവഹേളിതനായി, നിന്ദിതനായി, ആകാശത്തിനും ഭൂമിക്കും മധ്യേ തൂങ്ങിക്കിടന്ന് അവൻ നിലവിളിച്ചു: "എന്റെ ദൈവമേ, എന്റെ ദൈവമേ, എന്തേ എന്നെ നീ കൈവെടിഞ്ഞു?" (മർക്കോ 15,34). ദൈവം നിശബ്ദത പാലിച്ചു. ഉച്ചത്തിൽ നിലവിളിച്ച് അവൻ ജീവൻ വെടിഞ്ഞു. വേദനയുടെയും. ദുഃഖത്തിന്റെയും പരിത്യക്തതയുടെയും, നിന്ദനങ്ങളുടെയും മധ്യേ പിടഞ്ഞുമരിച്ച "ആ മനുഷ്യൻ സത്യമായും ദൈവപുത്രനായിരുന്നു" (മർക്കോ 15,39). യഹൂദപുരോഹിതന്മാരോ യേശുവിന്റെ സുഹൃത്തുക്കളോ അല്ല. ആരാച്ചാരുടെ കർമ്മംനിർവഹിക്കാൻ നിയോഗിക്കപ്പെട്ട റോമൻ ശതാധിപനാണ് അതു പറഞ്ഞത്.

മൂന്നുവർഷം തികയുന്നതിനുമുൻപ് എന്തേ ആ ജീവിതം ഇത്ര ക്രൂരമായി തകർക്കപ്പെട്ടു? നന്മമാത്രം പ്രവർത്തിക്കുകയും സ്നേഹം മാത്രം പ്രസംഗിക്കുകയും ചെയ്ത ആ മനുഷ്യസ്നേഹി എന്തേ ഇത്ര നിഷ്ഠൂരമായ പീഡനങ്ങൾക്കിരയായി? ജനനേതാക്കളും ജനവും അവനെതിരേ തിരിയാൻ, ഇത്ര കനത്ത ശത്രുതയോടെ ആ ജീവൻ വേട്ടയാടി നശിപ്പിക്കാൻ എന്താണു കാരണം? ചരിത്രപരവും ദൈവശാസ്ത്രപരവുമായ കാരണങ്ങൾ ഇതിനു പിന്നിലുണ്ട്. അതു മനസ്സിലാക്കണമെങ്കിൽ യേശുവിന്റെ ജീവിതത്തിലേക്കും പഠനത്തിലേക്കും അല്പംകൂടെ ആഴത്തിൽ കടന്നു ചെല്ലേണ്ടിയിരിക്കുന്നു.

3



# വിപ്ലവകാരി?

ഏ.ഡി. 30, ഏപ്രിൽ മാസത്തിലെ ഒരു വെള്ളിയാഴ്ച ജറുസലെം നഗരത്തിന്റെ കവാടത്തിനു മുമ്പിൽ ഉയർന്നുനില്ക്കുന്ന മൂന്നു മരക്കുരിശുകൾ. അവയിൽ നഗ്നരായി പിടയുന്ന മൂന്നു മനുഷ്യർ. നടുവിലത്തെ കുരിശിനു മുകളിൽ നാലുവാക്കുകൾ – നസ്രായനായ യേശു യഹൂദരുടെ രാജാവ്. പെസഹാ ആഘോഷിക്കാൻ ജറുസലെമിലേക്കു വന്നവർക്കെല്ലാം വായിച്ചു മനസ്സിലാക്കാൻ പറ്റിയവിധം ഹെബ്രായ, ഗ്രീക്ക്, ലത്തീൻ എന്നീ മൂന്നു ഭാഷകളിലും എഴുതപ്പെട്ടിരുന്നു. ഒരു ശതാധിപന്റെ നേതൃത്വത്തിൽ കുരിശുകൾക്കുചുറ്റും റോമൻ പടയാളികൾ കാവൽനിന്നു. കുരിശിൽ കിടക്കുന്നവർ അവിടെ കിടന്നു തന്നെ മരിച്ചു എന്ന് ഉറപ്പുവരുത്തുന്നതിന് വേണ്ടിയാണ്. ആ പടയാളികളുടെ ദൗത്യം മരിക്കുന്നതിനു മുമ്പേ കുരിശിൽ നിന്ന് കുറ്റവാളികളെ ആരും ഇറക്കികൊണ്ടുപോകാൻ അനുവദിക്കാതിരിക്കുക എന്നതായിരുന്നു.

യേശുവിന്റെ മരണത്തിന് ചരിത്രപരവും ദൈവശാസ്ത്രപരവുമായ കാരണങ്ങളുണ്ട് എന്ന് മുൻഅധ്യായത്തിൽ പറഞ്ഞു നിർത്തി. ചരിത്രപരമായ കാരണങ്ങളിലേക്കു കടക്കുമ്പോൾ സുവിശേഷങ്ങളിൽ അങ്ങിങ്ങായി ചിതറി കിടക്കുന്ന പല വസ്തുതകൾ

നമ്മുടെ കണ്ണിൽപ്പെടും. അവയെ പെറുക്കി അടുക്കുമ്പോൾ നമ്മുടെ മനസ്സിൽ തെളിഞ്ഞു വരുന്നതു ഒരു വിപ്ലവകാരിയുടെ ചിത്രമാണ്. യേശുവിന്റെ പഠനങ്ങളും പ്രവർത്തനശൈലികളും അപഗ്രഥിക്കുമ്പോൾ, രണ്ടു തലങ്ങളിലുള്ള വിപ്ലവം അതിൽ അന്തർലീനമായിരിക്കുന്നതായി കാണാം. രാഷ്ട്രീയവും മതപരവും. ഈ അപഗ്രഥനത്തിൽ അവശ്യം പാലിക്കേണ്ട ചില മുൻകരുതലുകളുമുണ്ട്.

1. സുവിശേഷങ്ങൾ ഒന്നും ഇന്നു നമുക്കു പരിചയമുള്ള തരത്തിൽ പെടുന്ന ജീവചരിത്രഗ്രന്ഥങ്ങളല്ല; യേശു സംഭവത്തെ വിശ്വാസത്തിന്റെ വെളിച്ചത്തിൽ വിവരിക്കുകയും വിശ്വാസികൾക്കായി യേശുശിഷ്യർ തയ്യാറാക്കുകയും ചെയ്തിട്ടുള്ള വിശ്വാസ സാക്ഷ്യങ്ങളാണ്. എന്നാലും ചരിത്രവസ്തുതകൾ ഈ സാക്ഷ്യങ്ങൾക്കു പിൻബലം നല്കുന്നു എന്ന കാര്യം നിഷേധിച്ചുകൂടാ. ചരിത്രവസ്തുതകളെയും അവയുടെ വിശ്വാസപ്രേരിതമായ വ്യാഖ്യാനത്തെയും വേർതിരിക്കുക അത്ര എളുപ്പവുമല്ല. എങ്കിലും അനിഷേധ്യമെന്ന് സുവിശേഷപഠിതാക്കൾ അംഗീകരിക്കുന്ന പല വസ്തുതകളും നമുക്കു സുവിശേഷങ്ങളിൽ കാണാൻ കഴിയും. ചരിത്രവസ്തുതകളെ പെറുക്കിയെടുക്കാനായി പല മാനദണ്ഡങ്ങളും ഇന്നു നിലവിലുണ്ട്. അവയുടെ വിശദാംശങ്ങളിലേക്കു കടക്കുക ഈ പഠനത്തിന്റെ പരിധിയിൽ പെടുന്നതല്ല. ഒരു മാനദണ്ഡം മാത്രം എടുത്തുകാട്ടട്ടെ: യേശുവിലുള്ള വിശ്വാസത്തെ ഉറപ്പിക്കാനോ വളർത്താനോ, യേശുവിനോടുള്ള ഭക്തിയും ആദരവും വർദ്ധിപ്പിക്കാനോ സഹായകമാകാത്ത, പ്രത്യക്ഷത്തിൽ ആ വിശ്വാസത്തിനു ഹാനികരമായേക്കാമെന്നു തോന്നിക്കുന്ന വസ്തുതകൾ സുവിശേഷങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിൽ അവ ചരിത്രവസ്തുതകളായിരിക്കാൻ സാധ്യത ഏറെയുണ്ട്. ഇങ്ങനെയുള്ള കാര്യങ്ങൾ ഒഴിവാക്കിയിരുന്നെങ്കിൽ കൂടുതൽ ഭക്ത്യാദരവുകൾക്കർഹമായ ഒരു യേശുചിത്രം നമുക്കു ലഭിക്കുമായിരുന്നു. പക്ഷേ, "ഉതപ്പ്" ഉളവാക്കാവുന്ന ഇത്തരം വസ്തുതകളും വാക്കുകളും പ്രവൃത്തികളും സുവിശേഷകന്മാർ കാത്തുസൂക്ഷിച്ചിട്ടുണ്ടെങ്കിൽ അതിന്റെ കാരണം ചരിത്രത്തോടു വിശ്വസ്തത പുലർത്താനുള്ള ആഗ്രഹം കൂടെ ആയിരിക്കണം.

2. ഒരേ സംഭവത്തിനു തന്നെ വിവിധങ്ങളായ വിശദീകരണങ്ങൾ സാധ്യമാണെന്ന കാര്യം മറന്നുകൂടാ. സംഭവത്തെ വിശദീകരിക്കുന്ന വ്യക്തികളുടെ കാഴ്ചപ്പാടുകളും താൽപര്യങ്ങളും വിശ

ദീകരണത്തെ ഒരു പരിധിവരെ സ്വാധീനിക്കാതിരിക്കുകയില്ല. സുവിശേഷങ്ങളും സുവിശേഷങ്ങൾക്ക് നല്കപ്പെടുന്ന വ്യാഖ്യാനങ്ങളും ഈ പ്രവണതയിൽനിന്നു വിമുക്തങ്ങളല്ല തന്നെ.

3. യേശുവിന്റെ പ്രവർത്തനങ്ങളിൽനിന്നു സമകാലീനർ എടുത്ത നിഗമനങ്ങളിൽ യേശുവിന്റെ ഉദ്ദേശ്യം പലപ്പോഴും തെറ്റിദ്ധരിക്കപ്പെടുന്നതായി സുവിശേഷകന്മാർ തന്നെ എടുത്തുകാട്ടുന്നുണ്ട്. യേശുവിന്റെ വ്യക്തിത്വത്തിന്റെ ഉപരിതലത്തിൽനിന്നും കൂടുതൽ ആഴത്തിലേക്കുള്ള ഈ പ്രയാണത്തിൽ യാഥാർത്ഥ്യവും അവയ്ക്കു നല്കപ്പെടുന്ന വിശദീകരണങ്ങളും തമ്മിലുള്ള വൈരുദ്ധ്യം അവശ്യം പരിഗണിക്കേണ്ടതുണ്ട്. യേശുവിന്റെ ജീവിതത്തെ, പ്രത്യേകിച്ചും "പരസ്യജീവിതത്തെ" പുറമെനിന്നു വീക്ഷിക്കുമ്പോൾ തെളിഞ്ഞു വരുന്ന "വിപ്ലവകാരി"യുടെ ചിത്രം അല്പം ഒന്നടുത്ത് അപഗ്രഥിക്കാം.

കുരിശിനു മുകളിൽ സ്ഥാപിച്ച കുറ്റപത്രം എല്ലാ സുവിശേഷകന്മാരും രേഖപ്പെടുത്തിയിട്ടുണ്ട്. റോമാചക്രവർത്തിയുടെ ആധിപത്യത്തിൻ കീഴിലുള്ള ഒരു പ്രവിശ്യയായ പലസ്തീനായിൽ ഒരു യഹൂദൻ സ്വയം രാജാവായി പ്രഖ്യാപിച്ചു. നസ്രത്തുകാരനായ "യേശു" എന്നു പേരുള്ള ആ മനുഷ്യൻ ആ പ്രവൃത്തിവഴി ചക്രവർത്തിക്കെതിരേ വിപ്ലവം പ്രഖ്യാപിച്ചു. ഇതൊരു കലാപമാണ്. അക്ഷന്തവ്യമായ രാജദ്രോഹകുറ്റം. ഇപ്രകാരം ഒരു സാഹസത്തിന് ഇനി ആരും മുതിരരുത് എന്ന് എല്ലാ യഹൂദർക്കും ശക്തവും വ്യക്തവുമായ ഒരു താക്കീതായിട്ടാണ് നൂറുപടയാളികൾ ചുറ്റും നിന്ന് ആ മനുഷ്യനെ പട്ടണവാതില്ക്കൽ കുരിശിൽ തൂക്കിക്കൊന്നത്. റോമാക്കാരുടെ കാഴ്ചപ്പാടിൽ യേശു അപകടകാരിയായ ഒരു വിപ്ലവകാരിയായിരുന്നു. കുരിശുമരണവും കുറ്റപത്രവും മാത്രമല്ല അതിനു തെളിവുകൾ.

യേശുവിന്റെകൂടെ കുരിശിൽ തറയ്ക്കപ്പെട്ട രണ്ടുപേരുടെ കുറ്റം എന്താണെന്നു സുവിശേഷകന്മാർ പറയുന്നില്ല. എങ്കിലും അവരെ വിശേഷിപ്പിക്കാനായി അവർ ഉപയോഗിക്കുന്ന പദം ശ്രദ്ധേയമാണ്. "കവർച്ചക്കാർ" എന്നു മലയാളത്തിലും "robbers" എന്ന് ഇംഗ്ലീഷിലും വിവർത്തനം ചെയ്തിരിക്കുന്നത് "ലെസ്തേസ്" (Lestes) എന്ന ഗ്രീക്കു പദമാണ്. പെരുവഴിയിൽവച്ച് പട്ടാപ്പകൽ ആയുധമുപയോഗിച്ച് യാത്രക്കാരെ ആക്രമിക്കുകയും കവർച്ച നടത്തുകയും ചെയ്യുന്നവരെ വിശേഷിപ്പിക്കാൻ ഈ പദമാണ് ലൂക്കാ

(10,30) ഉപയോഗിച്ചിരിക്കുന്നത്. ഇവിടെ "കവർച്ചക്കാർ" എന്ന മലയാളപദം ശരിയാണുതാനും. എന്നാൽ "ലെസ്തേസ്" എന്ന പദത്തിനു മറ്റൊരർത്ഥം കൂടിയുണ്ട്.

നഗരത്തിൽ കലാപമുണ്ടാക്കുകയും കൊലപാതകം നടത്തുകയും ചെയ്ത ബാറബാസിനെ ഒരു കവർച്ചക്കാരനായിട്ടല്ല, റോമാക്കാരിൽനിന്നു സ്വാതന്ത്ര്യം നേടാൻവേണ്ടി സായുധസമരത്തിലേർപ്പെട്ട ഒരു വിപ്ലവകാരി ആയിട്ടാണ് സുവിശേഷകന്മാർ ചിത്രീകരിച്ചിരിക്കുന്നത്. കലാപം സൃഷ്ടിക്കുന്നവൻ എന്നർത്ഥമുള്ള "സ്താസിയാസ്തേസ്" (Stasiastes) എന്ന പദം മർക്കോസ് (15,7) ഉപയോഗിക്കുമ്പോൾ അയാളെത്തന്നെ വിശേഷിപ്പിക്കാൻ " ലെസ്തേസ്" എന്ന പദമാണ് യോഹന്നാൻ ((18,40) ഉപയോഗിക്കുന്നത്. ഈ രണ്ടുപദങ്ങളും ഒരേ അർത്ഥത്തിൽ ഉപയോഗിക്കപ്പെട്ടിരുന്നു എന്നതിനു തെളിവുകൾ വേറെയുമുണ്ട്. William F. Arndt and F. Wilbur Gingrich, A Greek, English Lexicon of the New Testament and other Early Christian Literature എന്ന നിഘണ്ടു ലേസ്തേസ് എന്ന പദത്തിന് "robber" (കവർച്ചക്കാരൻ) rebel (വിപ്ലവകാരി) എന്നും അർത്ഥം കൊടുത്തിരിക്കുന്നതു ശ്രദ്ധേയമാണ്. യേശുവിന്റെ കൂടെ കുരിശിൽ തറയ്ക്കപ്പെട്ടവർ പണത്തിനുവേണ്ടി കൊള്ള നടത്തിയ കള്ളന്മാരല്ല, റോമാക്കാർക്കെതിരേ കലാപം ഉണ്ടാക്കിയ വിപ്ലവകാരികളായിരുന്നു എന്ന നിഗമനത്തിൽ എത്തുക തികച്ചും യുക്തിസഹമാണ്. ഇവർ തീവ്രവാദിസംഘടനയായ സെലട്ട് പ്രസ്ഥാനത്തിലെ അംഗങ്ങളായിരിക്കണം. ക്രൂശിതരായ മൂന്നു പേരുടെയും കുറ്റം ഒന്നുതന്നെ. രാജദ്രോഹം അഥവാ സാമ്രാജ്യശക്തിക്കെതിരെയുള്ള വിപ്ലവം.

യേശുവിനെ ജനകീയ വിചാരണയ്ക്കു വിട്ടുകൊടുത്ത പീലാത്തോസ് യേശുവിനോടൊപ്പം നിർത്തിയത് ബാറബാസിനെയാണ്. ബാറബാസ് ഒരു വിപ്ലവകാരി ആയിരുന്നു എന്നതിൽ സംശയമില്ല. പീലാത്തോസ് രണ്ടുപേരെയും ഒരുപോലെ കണ്ടതുകൊണ്ടായിരിക്കണം ഇപ്രകാരം ഒരു തിരഞ്ഞെടുപ്പിന് ഇരുവരെയും പൊതുജനസമക്ഷം ഹാജരാക്കിയത്. ബാറബാസിനെ സ്വീകരിക്കാനും യേശുവിനെ തിരസ്ക്കരിക്കാനും ജനത്തെ പ്രേരിപ്പിച്ച കാരണങ്ങൾ വഴിയേ ചർച്ച ചെയ്യുന്നതാണ്. ബാറേബാസ്, രണ്ടു കലാപകാരികൾ, യേശു ഈ നാലുപേരും റോമൻ അധികാരിയുടെ ദൃഷ്ടിയിൽ ഒരേ ഗണത്തിൽ പെടുന്നവരാണ്.

വിചാരണയും വിധിയും ഇവിടെ പ്രത്യേക ശ്രദ്ധ അർഹിക്കുന്നു. റോമൻ ഗവർണറായ പീലാത്തോസ് ഒരു വിചാരണയ്ക്കു ശേഷം യേശുവിനെ മരണത്തിനു വിധിച്ചുവെങ്കിൽ കുറ്റം തെളിഞ്ഞതിന്റെ പേരിലായിരിക്കണം അങ്ങനെ ചെയ്തത്.

യേശുവിന്റെ മരണത്തിൽ റോമാക്കാരെ കുറ്റവിമുക്തനാക്കാനും ഉത്തരവാദിത്വം മുഴുവൻ യഹൂദനേതൃത്വത്തിന്റേതായിരുന്നു എന്ന് എടുത്തുകാട്ടാനും സുവിശേഷങ്ങൾ പ്രത്യേകം ശ്രദ്ധക്കുന്നതായി കാണാം. "അസൂയ നിമിത്തമാണ് പുരോഹിതപ്രമുഖന്മാർ അവനെ ഏല്പിച്ചുതന്നതെന്ന് അവനറിയാമായിരുന്നു (മർക്കോ 15,10; മത്താ 27,18) എന്ന സുവിശേഷവ്യാഖ്യാനം ഇതിനൊരു തെളിവാണ്. അതുപോലെതന്നെയാണ് "ഈ നീതിമാന്റെ രക്തത്തിൽ എനിക്കു പങ്കില്ല" എന്നു പറഞ്ഞുകൊണ്ട് പീലാത്തോസ് കൈകഴുകിയതും. ഈ സംഭവം മത്തായി മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളൂ. തന്നെയുമല്ല, "അവന്റെ രക്തം ഞങ്ങളുടെ മേലും ഞങ്ങളുടെ സന്തതികളുടെ മേലും ആയിക്കൊള്ളട്ടെ" (മത്താ 27,25) എന്ന ജനക്കൂട്ടത്തിന്റെ ആക്രോശം യഹൂദരുടെ ഉത്തരവാദിത്വത്തിന് ഊന്നൽ നൽകുന്നതായി കാണാം. മത്തായി ഈ പ്രമേയത്തിന് കൂടുതൽ പ്രാധാന്യം നല്കുന്നുണ്ട്.

ഇവനെ മോചിപ്പിക്കുന്നപക്ഷം നീ സീസറിന്റെ സ്നേഹിതനല്ല. തന്നെത്തന്നെ രാജാവാക്കുന്ന ഏതൊരുവനും സീസറിന്റെ വിരോധിയാണ് (യോഹ 18,12) എന്ന ജനക്കൂട്ടത്തിന്റെ നിലപാട് പീലാത്തോസിനെ തീരുമാനം എടുക്കാൻ നിർബ്ബന്ധിച്ചിട്ടുണ്ടാവും. ജനക്കൂട്ടത്തെ തൃപ്തിപ്പെടുത്താൻവേണ്ടിയാണ് യേശുവിനെ മരണത്തിന് ഏല്പിച്ചുകൊടുത്തത് എന്നു നാലുസുവിശേഷകന്മാരും രേഖപ്പെടുത്തുന്നുമുണ്ട്. എന്നാൽ അതുമാത്രമായിരുന്നോ വധശിക്ഷ വിധിക്കാൻ കാരണം? ജനക്കൂട്ടത്തിന്റെ ആരോപണം വിശ്വസിക്കാൻ പീലാത്തോസിനു തക്കതായ കാരണങ്ങൾ ഉണ്ടായിരുന്നു. തന്നെയുമല്ല, ജനത്തെ ഭയന്നാണ് പീലാത്തോസ് വധശിക്ഷ പ്രഖ്യാപിച്ചത് എന്ന സുവിശേഷസാക്ഷ്യം പീലാത്തോസിന്റെ സ്വഭാവവുമായി പൊരുത്തപ്പെടുന്നുമില്ല. യഹൂദചരിത്രകാരനായ ജൊസെഫൂസ് പീലാത്തോസിനെക്കുറിച്ചു രേഖപ്പെടുത്തിയിരിക്കുന്ന ചില വസ്തുതകൾ ഇവിടെ കണക്കിലെടുക്കേണ്ടിയിരിക്കുന്നു.

യഹൂദരുടെ മതവികാരത്തെ മാനിച്ച് ചക്രവർത്തിയുടെയും കഴുകന്റെയും മറ്റും അടയാളങ്ങളുള്ള പതാകകൾ ജറുസലേമിലേക്കു

കൊണ്ടുവരേണ്ടതില്ലെന്ന് റോമൻ പടയാളികൾക്ക് നിർദ്ദേശമുണ്ടായിരുന്നു. എന്നാൽ ഗവർണറായപ്പോൾ ആരുമറിയാതെ രാത്രിയിൽ ഈ പതാകകൾ ജറുസലേമിലെത്തിക്കാൻ പീലാത്തോസ് കല്പിച്ചു. ഇതിനെതിരേ പ്രതിഷേധിക്കാനും പതാകകൾ നീക്കം ചെയ്യാൻ അഭ്യർത്ഥിക്കാനുമായി ഗവർണരുടെ ആസ്ഥാനമായ കേസറിയായിൽ എത്തിയ ആയിരക്കണക്കിനു യഹൂദരെ വധിക്കാൻ പീലാത്തോസ് സൈന്യത്തിന് ഉത്തരവിട്ടു. അവസാനനിമിഷം ആ ഉത്തരവു മാറ്റി എന്നുമാത്രം. അതും ഭയന്നിട്ടല്ല, നിരായുധരായ യഹൂദരുടെ വിശ്വാസവും തീക്ഷ്ണതയും മരണത്തിനു മുന്നിലുള്ള അവരുടെ നിർഭയത്വവുമായിരുന്നു കാരണം. (Josephus, Antiquities XVIII-III-I; Jewish WAr II- IX 2-3)

മറ്റൊരിക്കൽ പീലാത്തോസ് ജറുസലേമിലേക്കു വെള്ളം കൊണ്ടുവരാനായി ഒരു ആക്വിഡക്റ്റ് നിർമ്മിച്ചു. പക്ഷേ അതിനാവശ്യമായ പണം 'കുർബ്ബാൻ' എന്നറിയപ്പെടുന്ന ദേവാലയനിക്ഷേപത്തിൽ നിന്നാണ് പീലാത്തോസ് എടുത്തത്. പതിനായിരക്കണക്കിന് യഹൂദർ ജറുസലേമിൽ ഒരുമിച്ചുകൂടി ഇതിനെതിരേ പ്രതിഷേധിച്ചു. പട്ടാളത്തെ അയച്ച് അവരിൽ അനേകരെ നിഷ്കരുണം വധിക്കാൻ പീലാത്തോസ് ഒട്ടും മടിച്ചില്ല. (Antiquities XVIII-IV-1) യഹൂദർക്കും സമറിയാക്കാർക്കും എതിരേ കാട്ടിയ ക്രൂരതയുടെ പേരിലാണ് പീലാത്തോസിനെ പലസ്തീനായിൽനിന്ന് മാറ്റുകയും റോമൻ സെനറ്റ് ശിക്ഷിക്കുകയും ചെയ്തത്. (Antiquities XVIII-IV-2)ഈ വസ്തുതകളുടെ വെളിച്ചത്തിൽ ജനരോഷത്തെ ഭയന്നാണ് പീലാത്തോസ് യേശുവിനെ വിധിച്ചത് എന്നു വിശ്വസിക്കുക എളുപ്പമല്ല. പക്ഷേ യേശുവിനെതിരേ കൊണ്ടുവന്ന ആരോപണങ്ങൾ ശ്രദ്ധിക്കുമ്പോൾ ആ വിധിയാളന്റെ കാഴ്ചപ്പാടിൽ തികച്ചും നീതിയുക്തമായ ഒരു വിധിതന്നെ ആയിരുന്നു കുരിശുമരണം എന്ന് അനുമാനിക്കാൻ കഴിയും.

ഇവനെ മോചിപ്പിക്കുന്ന പക്ഷം നീ സീസറിന്റെ സ്നേഹിതനല്ല. തന്നെത്തന്നെ രാജാവാക്കുന്ന ഏവനും സീസറിന്റെ വിരോധിയാണ് (യോഹ 19,12) എന്ന പ്രസ്താവനയാണ് വധശിക്ഷ വിധിക്കാൻ പീലാത്തോസിനെ പ്രേരിപ്പിച്ചത്. റോമൻ കോടതിയുടെ മുമ്പിൽ ആരോപിക്കപ്പെട്ട പ്രധാനകുറ്റവും ഇതുതന്നെ ആയിരുന്നു. ഈ പ്രസ്താവന യേശു നിഷേധിച്ചില്ല എന്നതും ശ്രദ്ധേയമാണ്. തന്റെ രാജത്വത്തിന്റെ സ്വഭാവം വ്യത്യസ്തമാണെന്നു യേശു വിശ

ദീകരിക്കാൻ ശ്രമിച്ചെങ്കിലും സീസറിന്റെ ഒരു ഉദ്യോഗസ്ഥനെ സംബന്ധിച്ചിടത്തോളം പ്രജകളിലൊരുവൻ സ്വയം രാജാവായി പ്രഖ്യാപിക്കുക രാജദ്രോഹകുറ്റമാണ് - വിപ്ലവമാണ്.

ലൂക്കായുടെ സുവിശേഷം വേറെയും ആരോപണങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. ‘‘ഈ മനുഷ്യൻ ഞങ്ങളുടെ ജനത്തെ വഴി തെറ്റിക്കുകയും സീസറിനു നികുതി കൊടുക്കുന്നതു നിരോധിക്കുകയും താൻ രാജാവായ ക്രിസ്തുവാണെന്ന് അവകാശപ്പെടുകയും ചെയ്യുന്നതായി ഞങ്ങൾ കണ്ടിരിക്കുന്നു’’ (ലൂക്കാ 22,2). ‘‘ഞാൻ ഈ മനുഷ്യനിൽ കുറ്റമൊന്നും കാണുന്നില്ല’’എന്നു പീലാത്തോസ് പറയുന്നുണ്ടെങ്കിലും മേലുദ്ധരിച്ച ആരോപണങ്ങൾ ഒന്നുംതന്നെ നിഷേധിക്കപ്പെടുന്നില്ല. തന്നെയുമല്ല യഹൂദർ പുതിയ ആരോപണങ്ങൾ ഉന്നയിക്കുകയു ചെയ്യുന്നു. ‘‘ഇവൻ ഗലീലി മുതൽ ഇവിടംവരെയും യൂദയായിലെങ്ങും പഠിപ്പിച്ചുകൊണ്ട് ജനത്തെ ഇളക്കിവിടുന്ന’’ (ലൂക്കാ 23,5). ഭൂമിശാസ്ത്രപരമായ പരാമർശങ്ങൾ ലൂക്കാസുവിശേഷത്തിന്റെ ദൈവശാസ്ത്രപരമായ കാഴ്ചപ്പാടുകൾക്കു അനുയോജ്യമാണ്. ഗലീലിയിൽ തുടങ്ങി ജറുസലേം വരെ സുവിശേഷം പ്രസംഗിക്കുക യേശുവിന്റെ ജീവിതത്തിലെ ദൗത്യമായിരുന്നു ഹേറോദേസിന്റെ മുമ്പിലെ വിചാരണയ്ക്കു വഴിതെളിക്കാൻ ‘‘ഗലീലി’’യെക്കുറിച്ചുള്ള പരാമർശം സഹായിക്കുകയും ചെയ്തു. എന്നാൽ ഏറ്റം ശ്രദ്ധേയമായത് ‘‘ജനത്തെ ഇളക്കിവിടന്നു’’ എന്ന ആരോപണമാണ്.

‘‘അനാസെയിയേയി’’ (Anaseiei) എന്ന ഗ്രീക്കു പദമാണിവിടെ ഉപയോഗിച്ചിരിക്കുന്നത്. കലാപം സൃഷ്ടിക്കുക, ഭീകരപ്രവർത്തനങ്ങൾ നടത്തുക, അതിനായി പ്രേരിപ്പിക്കുക എന്നൊക്കെയാണ് ഈ പദത്തിന്റെ അർത്ഥം. ചുരുക്കത്തിൽ ഒരു ഭീകരസംഘത്തിന്റെ നേതാവാണ് യേശു എന്നതാണ് ആരോപണം. കൂടാതെ നിയമനിഷേധം, സ്വയം രാജാവായി പ്രഖ്യാപിക്കൽ, കലാപത്തിനു കളമൊരുക്കൽ, എന്നീ ആരോപണങ്ങളും യേശുവിനെതിരേ ഉന്നയിക്കപ്പെട്ടിരുന്നു. ഈ ആരോപണങ്ങൾക്ക് എന്തെങ്കിലും കഴമ്പുണ്ടോ? രാജത്വത്തെ മനസ്സിലാക്കുന്ന വിധത്തിൽ വ്യത്യാസമുണ്ടെങ്കിലും താൻ രാജാവാണ് എന്ന അവകാശവാദം യേശു നിഷേധിക്കുന്നില്ല. മറ്റു രണ്ടാരോപണങ്ങളുടെ കാര്യത്തിലോ? യേശു ഒരു ഭീകരസംഘത്തിന്റെ നേതാവായിരുന്നോ? നികുതി നിഷേധിക്കുന്നതിനു പ്രേരിപ്പിച്ചിരുന്നവോ? സുവിശേഷങ്ങൾക്ക് എന്തു

സാക്ഷ്യമാണ് നല്കാനുള്ളത്? ഇവിടെയും ചിതറിക്കിടക്കുന്ന, ശ്രദ്ധയിൽ പെടാത്ത ചില വസ്തുതകളുണ്ട്.

യേശുവിനെ അറസ്റ്റുചെയ്തത് രാത്രിയിലാണ്. യേശു എവിടെയാണെന്ന് അധികാരികൾക്ക് അറിവില്ലാത്തതിനാൽ ഒരു ഒറ്റുകാരന്റെ ആവശ്യമുണ്ടായി. ജറുസലേമിന് വടക്ക്, ഒലിവു മലയുടെ താഴ്‌വരയിലുള്ള ഒരു തോട്ടത്തിൽ വച്ചാണ് യേശുവിനെ അവർ ബന്ധിച്ചത്. "അവനെ ഒറ്റിക്കൊടുത്ത യൂദാസിനും ആ സ്ഥലം അറിയാമായിരുന്നു. കാരണം, യേശു പലപ്പോഴും ശിഷ്യന്മാരോടു കൂടെ അവിടെ സമ്മേളിച്ചിരുന്നു." (യോഹ 18,2). രാത്രിയിൽ നടന്ന അറസ്റ്റിനെക്കാൾ ശ്രദ്ധേയം അറസ്റ്റുചെയ്യാനായി വന്ന ആളുകളെക്കുറിച്ച് സുവിശേഷകന്മാർ നല്കുന്ന സാക്ഷ്യമാണ്. യൂദാസിനോടു കൂടെ ഒരു ജനക്കൂട്ടം (ലൂക്കാ 22,47); "വാളും വടിയുമായി ഒരു ജനക്കൂട്ടം" (മർക്കോ 14,43), "വാളും വടയുമായി ഒരു വലിയ ജനക്കൂട്ടം "(മത്താ 26, 47). (വലിയ എന്ന വിശേഷണം പി.ഒ.സി. ബൈബിളിൽ വിട്ടുപോയിരിക്കുന്നു). അതേസമയം "യൂദാസ് ഒരു ഗണം പടയാളികളുടെയും പുരോഹിതപ്രമുഖന്മാരുടെയും ഫരിസേയരുടെയും അടുക്കൽ നിന്ന് സേവകരെയും കൂട്ടി പന്തങ്ങളും വിളക്കുകളും ആയുധങ്ങളുമായി അവിടെയത്തി" (യോഹ 18,3) എന്നാണ് യോഹന്നാൻ എഴുതിയിരിക്കുന്നത്. സമാന്തരസുവിശേകന്മാർ ദേവാലയത്തോടനുബന്ധിച്ചുള്ള "പള്ളിപ്പട്ടാളത്തെ"ക്കുറിച്ചു പറയുമ്പോൾ യോഹന്നാൻ റോമൻ സൈന്യത്തെക്കുറിച്ചും പരാമർശിക്കുന്നു. "പടയാളികളും അവരുടെ അധിപനും യഹൂദരുടെ സേവകരുംകൂടി യേശുവിനെ പിടിച്ചു ബന്ധിച്ചു" എന്നാണ് പി.ഒ.സി. വിവർത്തനം. ഇവിടെ പടയാളികൾ എന്നു വിവർത്തനം ചെയ്തിരിക്കുന്നത് " സ്പെയിരാ" എന്ന ഗ്രീക്കുപദമാണ്. 600 പടയാളികൾ അടങ്ങുന്ന ഒരു ഗണത്തെ (cohort) യാണ് ഇതു സൂചിപ്പിക്കുന്നതെന്നും, അല്ല 200 പടയാളികളുടെ ഗണത്തെ (maniple)യാണ് എന്നും തർക്കമുണ്ട്. "അധിപൻ" എന്നു വിവർത്തനം ചെയ്തിരിക്കുന്നത് "കീലിയാർക്കോസ്" എന്ന പദമാണ്. ഇതിന് സഹസ്രാധിപൻ എന്നാണ് അർത്ഥം. സഹസ്രാധിപന്റെ കീഴിൽ സാധാരണ 600 പടയാളികളാണത്രേ ഉള്ളത്. ഇങ്ങനെയുള്ള പത്തു ഗണങ്ങൾ കൂടിയതാണ് ഒരു ലെഗിയോൺ. 100 പേരുടെ ഒരു ഗണത്തെ "സെൻചുരിയ" എന്നും അതിന്റെ അധിപനെ സെൻചൂരിയോൺ (ശതാധിപൻ) എന്നും വിളിക്കുന്നു. 60 സെൻചുറിയാണ് ഒരു ലെഗിയോണിൽ ഉണ്ടായിരുന്നത്.

യോഹന്നാന്റെ സുവിശേഷത്തിലെ പല പരാമർശങ്ങളുടെയും, പ്രത്യേകിച്ച്, അവ സമാന്തരസുവിശേഷങ്ങളിൽ നിന്ന് വ്യത്യസ്തങ്ങളായിരിക്കുന്നേടത്ത്, ചരിത്രപരത ഇന്ന് കൂടുതൽ അംഗീകരിക്കപ്പെട്ടിട്ടുണ്ട്. യൂദാസിനെ ഒറ്റുകാരനായി ഉപയോഗിച്ച യഹൂദമതാധികാരികൾ റോമൻ പട്ടാളത്തിന്റെ സഹായം ആവശ്യപ്പെട്ടു എന്ന നിഗമനത്തിലാണ് നാം ചെന്നെത്തുക. അതും ഒരു ശതാധിപന്റെയല്ല. സഹസ്രാധിപന്റെ കീഴിലുള്ള പട്ടാളത്തെ. ദേവാലയസേനയും റോമൻസൈന്യവും കൂടിയാണ് യേശുവിനെ അറസ്റ്റുചെയ്യാൻ രാത്രിയിൽ പുറപ്പെട്ടത് എന്ന കാര്യം തികച്ചും ആശ്ചര്യകരംതന്നെ. അവർ എല്ലാം ആയുധധാരികളായിരുന്നു. വാളേന്തിയ പടയാളികളും വാരിക്കുന്തവുമായി വന്ന ജനക്കൂട്ടവും. എന്തിന് ഇത്രയേറെ സന്നാഹങ്ങൾ? "ഒരു കവർച്ചക്കാരനെതിരേ എന്നപോലെ വാളും വടിയുമായി നിങ്ങൾ വന്നിരിക്കുന്നുവോ?" (ലൂക്കാ 22,52: മർക്കോ 14, 48; മത്താ 2,55) എന്ന യേശുവിന്റെ ചോദ്യവും ശ്രദ്ധേയമാണ്. "കവർച്ചക്കാരൻ" എന്നു വിവർത്തനം ചെയ്തിരിക്കുന്നത് "വിപ്ലവകാരി" എന്നർത്ഥമുള്ള "ലെസ്തേസ്" എന്ന പദമാണു താനും. ഇതിൽനിന്നും അനിഷേധ്യമായ മറ്റൊരു നിഗമനത്തിൽ നമുക്ക് എത്തിച്ചേരാൻ കഴിയും. യഹൂദനേതാക്കന്മാർ യേശുവിനെ അപകടകാരിയായ ഒരു ഭീകരപ്രവർത്തകനായിട്ടാണ് കണ്ടത്. അറസ്റ്റിനുമുമ്പ് ഒരു സംഘട്ടനം നടന്നു എന്ന് സുവിശേഷകന്മാർ എല്ലാം രേഖപ്പെടുത്തിയിട്ടുണ്ട്. "ഒരു ശിഷ്യൻ" എന്ന് സമാന്തരസുവിശേഷകന്മാരും "പത്രോസ്" എന്ന് യോഹന്നാനും പറയുന്നു. - വാൾ ഊരി വെട്ടി. യേശുവിന്റെ ശിഷ്യന്മാർ ആയുധം ധരിച്ചിരുന്നു. ഇതറിഞ്ഞിട്ടാവണം ബന്ധിക്കാൻ വന്നവർ പട്ടാളത്തിന്റെ സഹായത്തോടെ വന്നത്.

"വാളില്ലാത്തവൻ സ്വന്തം കുപ്പായം വിറ്റു വാൾ വാങ്ങട്ടെ.... ഞാൻ നിങ്ങളോടു പറയുന്നു. അവൻ നിയമലംഘകരോടു കൂടെ എണ്ണപ്പെട്ടു എന്നെഴുതപ്പെട്ടിരിക്കുന്നത് എന്നിൽ നിവൃത്തിയാകേണ്ടിയിരിക്കുന്നു" (ലൂക്കാ 22,36-37) എന്ന വാക്യം ഇന്നും വിവാദവിഷയമാണ്. "കർത്താവേ, ഇതാ ഇവിടെ രണ്ടു വാളുണ്ട്" (ലൂക്കാ 22,38) എന്നു പറഞ്ഞ ശിഷ്യന്മാർ മനസ്സിലാക്കിയത് തല കൊയ്യാൻ ഉപയോഗിക്കുന്ന - സ്വയരക്ഷയ്ക്കു വേണ്ടിയാണെങ്കിൽത്തന്നെ - വാളാണ്. "മതി" എന്ന യേശുവിന്റെ വാക്കും ദ്വയാർത്ഥമുള്ളതാണ്. രണ്ടുവാൾ മതി എന്നോ, നിങ്ങൾ പറഞ്ഞതുമതി - നിർത്തൂ -

എന്നോ അർത്ഥമാകാം. യേശുവചനം തെറ്റിദ്ധരിക്കപ്പെട്ടു എന്ന താണ് പൊതുവെ അംഗീകരിക്കപ്പെട്ടിരിക്കുന്ന പഠനം. ഏതായാലും യേശുവിന്റെ വാക്കുകളിൽ നിന്നു ശിഷ്യന്മാർക്കു മനസ്സിലായത് വാൾ വാങ്ങണം എന്നായിരുന്നു. “സമാധാനമല്ല വാളാണ് ഞാൻ കൊണ്ടു വന്നിരിക്കുന്നത്” (മത്താ 10,34) എന്ന യേശുവചനവും ഇപ്രകാര മൊരു വ്യാഖ്യാനത്തിനു വഴി തെളിക്കുന്നതാണ്.

യേശുവിന്റെ പന്ത്രണ്ടുശിഷ്യന്മാരിൽ ഒരുവൻ, സെലട്ട് സംഘടനയുടെ അംഗമായിരുന്നു, എന്ന് സുവിശേഷകൻ തന്നെ പറയുന്നു (ലൂക്കാ 6,15). തീവ്രവാദിയായി അറിയപ്പെട്ടിരുന്ന ശിമ യോൻ. പത്രോസാണ് ഗദ്സെമനിയിൽവച്ച് പടയാളികൾക്കെതിരെ വാളുപയോഗിച്ചത്. പിന്നീട് യേശുവിനെ തള്ളിപ്പറയാൻ ഒരു പ്രധാ നകാരണം ഇതായിരുന്നിരിക്കണം (യോഹ 18,26). യൂദാസ്സ്കറി യോത്ത എന്നറിയപ്പെട്ടിരുന്ന ശിഷ്യനും ഇത്തരുണത്തിൽ ശ്രദ്ധ യർഹിക്കുന്നു “സ്കറിയോത്ത” എന്ന പേരും അയാൾ യേശുവിനെ ഒറ്റികൊടുക്കുവാനുണ്ടായ കാരണവും ഇന്നും ഒരു പ്രഹേളികയായി കഴിയുകയാണ്. രണ്ടിനും പല വിശദീകരണങ്ങളും നല്കാറുണ്ട്. സ്കറിയോത്ത എന്ന് വിവർത്തനം ചെയ്യുന്നത് “ഇസ്കാരയോത്” എന്ന് പദമാണ്. കെറിയോത്തുകാരൻ എന്നർത്ഥമുള്ള “ഇഷ് - കെറിയോത”എന്നതാണ് ഇതിന്റെ മൂലം എന്നു അഭിപ്രായമുണ്ട്. പക്ഷേ ‘ഇഷ്” എന്ന ഹീബ്രുപദം എങ്ങനെ അരമായ ഭാഷ സംസാ രിക്കുന്നവരുടെ പേരിന്റെ ഭാഗമായി എന്ന ചോദ്യത്തിനു മറുപടി യില്ല. അരമായ ഭാഷയിൽ “എനെഷ്” എന്ന പദമാണിതിനായി ഉപയോഗിക്കുക. തന്നെയുമല്ല “കെറിയോത്”എന്ന സ്ഥലത്തെ ക്കുറിച്ച് ആർക്കും ഒരറിവുമില്ല താനും. അതിനാൽ മറ്റു പല വിശ ദീകരണങ്ങളും ഈ പേരിനു നല്കപ്പെടുന്നുണ്ട്. അതിൽ ഏറ്റം സ്വീകാര്യമായി തോന്നുന്നത്. “സിക്കാരിയോസ്” എന്ന പദ ത്തിൽനിന്നും വന്നതാണീ പേര് എന്നതാണ്. കഠാര എന്നതാണ് സിക്കാരിയോസിന്റെ അർത്ഥം. ഇസ്ക്കാരിയോത്ത് എന്നതിന് “കഠാര ധരിക്കുന്നവൻ” - Dagger man, assassin- എന്നതാണ് മുമ്പു ദ്ധരിച്ച ഗ്രീക്കു നിഘണ്ടു അർത്ഥം നല്കുന്നത്. ഈ അർത്ഥം ശരിയാണെങ്കിൽ യൂദാസ് സ്കറിയോത്താ തീവ്രവാദി സംഘടന യായ സെലട്ട് പ്രസ്ഥാനത്തിലെ അംഗമായിരുന്നു. തന്റെ സ്വപ്ന ങ്ങൾ സാക്ഷാത്കരിക്കപ്പെടാത്തതാവണം യേശുവിനെതിരേ തിരി യാൻ യൂദാസിനെ പ്രേരിപ്പിച്ചത്.

മറ്റു രണ്ടു ശിഷ്യന്മാർ - യാക്കോബും യോഹന്നാനും - ഈ കൂട്ടത്തിൽ ശ്രദ്ധിക്കപ്പെടേണ്ടതാണ്. അവർക്കു നല്കിയിരിക്കുന്ന പേര് "ബൊവനേർഗസ്" (Boanerges) ഇടിമുഴക്കത്തിന്റെ പുത്രന്മാർ എന്നാണ് സുവിശേഷകൻ (മർക്കോ 3,17) വിവർത്തനം ചെയ്തിരിക്കുന്നത്. എന്താണിതിന്റെ അർത്ഥം? എന്താണീ ഇടിമുഴക്കം? "ക്ഷിപ്രകോപികൾ" എന്നാണ് "ബെവേനേർഗസ്" എന്ന പേര് ഗ്രീക്കു നിഘണ്ടു വിവർത്തനം ചെയ്യുക. യവനീകരിച്ച ഒരു അരമായ പദമാണിത്. "അധികാരമോഹികൾ" "തീക്ഷ്ണമതികൾ" "അക്രമാസക്തരായ തീക്ഷ്ണമതികൾ"എന്നാണിതു വിവർത്തനം ചെയ്യേണ്ടത് എന്ന് വ്യാഖ്യാതാക്കൾ അഭിപ്രായപ്പെടുന്നു (Eg. R Pesch, Das Markus Evangeliump.206). ഈ ശിഷ്യന്മാരുടെ സ്വഭാവത്തെ ചിത്രീകരിക്കുന്നതാണ് ഈ പേര് എന്ന് രണ്ടു സംഭവങ്ങൾ വ്യക്തമാക്കുന്നു. വഴിതടഞ്ഞ സമറിയാക്കാരെ അഗ്നിയിറക്കി നശിപ്പിക്കാൻ ശ്രമിക്കുന്നത് (ലൂക്കാ 9,54) ക്ഷിപ്രകോപത്തിനു തെളിവാണ്; "മന്ത്രിക്കസേര"കൾക്കായുള്ള യാചന (മത്താ 20,20-23; ലൂക്കാ 10,35-37) അധികാരമോഹത്തിന്റെയും. അധികാരം പിടിച്ചു പറ്റാനുള്ള ആഗ്രഹവും അക്രമാസക്തമായ തീക്ഷ്ണതയും തീവ്രവാദികളുടെ സ്വഭാവവിശേഷങ്ങളിൽപ്പെടും. ഇങ്ങനെ നോക്കുമ്പോൾ യേശുവിന്റെ ശിഷ്യന്മാരിൽ നല്ലൊരു പങ്ക് തീവ്രവാദി സംഘടനയുടെ അംഗങ്ങളോ ആ സംഘടനയുടെ ആദർശങ്ങളും സ്വപ്നങ്ങളും വച്ചു പുലർത്തുന്നവരോ ആയിരുന്നെന്നു കാണാം. അവരിൽ ചിലരെങ്കിലും ആയുധവും ധരിച്ച് തന്നെ അനുഗമിക്കുന്നത് യേശു തടഞ്ഞില്ല എന്നതും ഒരു വസ്തുതയാണ്.

ജറുസലെമിലേക്കുള്ള രാജകീയപ്രവേശനവും ഈ പശ്ചാത്തലത്തിൽ നിന്നു വ്യാഖ്യാനിക്കാനാവും. ഗലീലിയിൽനിന്നു വന്ന ശിഷ്യഗണമാണ് യേശുവിനെ രാജാവും ദാവീദിന്റെ പുത്രനുമായി ഉദ്ഘോഷിച്ചതും സാഘോഷം കഴുതപ്പുറത്ത് എഴുന്നള്ളിച്ചതും. ഗലീലിക്കാർ ഇതുനുമുമ്പും യേശുവിനെ രാജാവാക്കാൻ ശ്രമിക്കുകയുണ്ടായി. മരുഭൂമിയിൽവച്ച് അപ്പം തിന്നു തൃപ്തരായ ആയിരങ്ങൾ അവനു ചുറ്റും കൂടി. "രാജാവാക്കാൻവേണ്ടി ബലമായി പിടിച്ചുകൊണ്ടുപോകാൻ ഭാവിച്ചു" (യോഹ 6,15). ശിഷ്യന്മാർ ഈ അവസരത്തിൽ ജനത്തിന്റെ വികാരത്തിൽ പങ്കുചേർന്നതിലാവണം അവരെ സന്ധ്യയായപ്പോൾ കൊടുങ്കാറ്റ് പതിയിരിക്കുന്ന കടലിലേക്ക് യേശു നിർബ്ബന്ധിച്ചിറക്കി വിട്ടത്. ജനക്കൂട്ടത്തെ പിരിച്ചുവി

ടുക തന്നെ തികച്ചും ശ്രമകരമായ ഒരു കാര്യമായിരുന്നു എന്ന സൂചന നല്കുന്നതാണ് സുവിശേഷകന്റെ വിവരണം. (മർക്കോ 6,4). മരുഭൂമിയിലെ അപ്പം പുറപ്പാടിന്റ ഓർമ്മ പുതുക്കുന്നതായിരുന്നു. ഇസ്രായേലിന്റെ വിമോചകൻ ജനത്തെ വീണ്ടും മരുഭൂമിയിലൂടെ നയിക്കുമെന്നും അത്ഭുതങ്ങൾ വഴി രാഷ്ട്രീയസ്വാതന്ത്ര്യം നേടിയെടുക്കുമെന്നും അവർ പ്രതീക്ഷിച്ചിരുന്നു. ജനം വലിയൊരു കലാപത്തിന്റെ വക്കിലെത്തിയ സാഹചര്യമായിരുന്നു അത്.

യേശു ചെയ്ത അത്ഭുതങ്ങളെല്ലാം കണ്ട ജനമാണ് ഒലിവുമലയുടെ ചരിവിൽനിന്ന് ജറുസലെം കണ്ടപ്പോൾ ആർത്തുവിളിച്ചത്. പച്ചിലക്കമ്പുകളും വഴിയിൽ വിരിച്ച പരവതാനിയും (അത് മേലങ്കികളായിരുന്നെങ്കിലും) ഓശാന വിളികളും എല്ലാം രാജകീയമായ വരവേല്പിന്റെ ഭാഗങ്ങളാണ്. ബാബിലോൺ അടിമത്തം മുതൽ ശൂന്യമായ ദാവീദിന്റെ സിംഹാസനത്തിൽ വീണ്ടും ഒരു രാജാവ് ആരൂഢനാകുന്നു എന്ന പ്രതീതിയാണീ വരവേല്പ്പ് ജനിപ്പിക്കുക. ദൈവരാജ്യത്തെക്കുറിച്ചുള്ള യേശുവിന്റെ പഠനവും ഈ പ്രതീക്ഷയ്ക്കു വഴിയൊരുക്കി. ദൈവരാജ്യത്തിന്റെ സ്വഭാവം എന്തുതന്നെയായാലും കേൾവിക്കാരിൽ അവരുടെ ആഗ്രഹത്തിനൊത്ത പ്രതീക്ഷകൾ വളർന്നു എന്നതാണ് വസ്തുത. ദാവീദിന്റെ പുത്രനായി യേശുവിനെ ആർത്തുവിളിച്ച് സ്വീകരിച്ചവർ തങ്ങൾ പ്രതീക്ഷിച്ചിരുന്ന രാജാവിനെ തന്നെയാണ് അവനിൽ ദർശിച്ചത് എന്നതിൽ തർക്കമില്ല. തികച്ചും പ്രതീകാത്മകവും സമാധാനപരവുമായ ഒരു പ്രവർത്തനമായിരുന്നു ജറുസലെം പ്രവേശനം. കഴുത സമാധാനത്തിന്റെയും വിനയത്തിന്റെയും അടയാളമാണ്. എന്നാൽ കഴുതപ്പുറത്തു വരുന്ന രാജാവിനെക്കുറിച്ച് പ്രവാചകൻ പറഞ്ഞിരുന്ന കാര്യങ്ങളൊന്നും (സഖറിയാ 9,8-17) റോമക്കാർക്ക് നിശ്ചയമുണ്ടാവില്ല. അവരുടെ ദൃഷ്ടിയിൽ തികച്ചും പ്രകോപനപരമായ ഒരു പ്രവൃത്തിയായിരുന്നു അത്: അതുകൊണ്ടാവണം ശിഷ്യന്മാരെ നിശ്ശബ്ദരാക്കാൻ ഫരിസേയർ യേശുവിനോടു പറഞ്ഞത് (ലൂക്കാ 19,39). വിദേശമേൽക്കോയ്മയിൽനിന്ന് ദേശത്തെ മോചിപ്പിച്ച് ആഘോഷപൂർവ്വം നഗരത്തിൽ പ്രവേശിക്കുന്ന രാജാവിനെ സ്വീകരിക്കുന്നതുപോലെയാണ് ശിഷ്യഗണം യേശുവിനെ സ്വീകരിച്ചത്. യുദ്ധം ജയിച്ചു മടങ്ങിവരുന്ന രാജാവ് കഴുതപ്പുറത്താണ് വരുക. ഈന്തപ്പന കൊമ്പുകളും രാജകീയ വരവേല്പിന്റെ അടയാളമായി കാണാം (1 മക്ക 13, 51; യോഹ 12,13).

നികുതി നിഷേധം അതിപ്രധാനമായ ഒരു ആരോപണമായിരുന്നു. ഇതിന്റെ പിന്നിലും അല്പം യാഥാർത്ഥ്യമുണ്ട്. സമാന്തരസുവിശേഷകന്മാർ മൂവരും ഈ പ്രശ്നം അവതരിപ്പിക്കുന്നുമുണ്ട് (മത്താ 22,15-22; മർക്കോ 12,13-17; ലൂക്കാ 20,20-26). യേശുവിനെ " ദേശാധിപതിയുടെ അധികാരത്തിനും വിധിക്കും ഏല്പിച്ചുകൊടുക്കത്തവിധം അവന്റെ വാക്കിൽനിന്ന് എന്തെങ്കിലും പിടിച്ചെടുക്കാൻ." (ലൂക്കാ 20,20)വേണ്ടി മതനേതാക്കൾ ചോദിക്കുന്ന ചോദ്യത്തിന് യേശു അസന്ദിഗ്ദ്ധമായൊരുത്തരം നല്കിയില്ല. സീസറിന്റേതു സീസറിനു കൊടുക്കാൻ പറയുന്നതോടൊപ്പം ദൈവത്തിന്റേതു ദൈവത്തിനു കൊടുക്കാനും യേശു പറയുന്നു. ദൈവത്തിന്റേതു കൊടുത്തു കഴിയുമ്പോൾ സീസറിനെന്തെങ്കിലും മിച്ചമുണ്ടാകുമോ? ഭൂമിയും അതിലുള്ള സമസ്തവും ദൈവത്തിന്റേതാണെങ്കിൽ പിന്നെ എന്താണു സീസറിനു ബാക്കി ശേഷിക്കുക? തീരുമാനമെടുക്കാൻ ചോദ്യകർത്താക്കളെ തന്നെ പ്രേരിപ്പിക്കുകയാണിവിടെ. ഒരു റോമൻ ഭക്തന്റെ മറുപടിയല്ലിത്. "ഞങ്ങൾ സീസറിനു നികുതി കൊടുക്കുന്നത് നിയമാനുസൃതമോ അല്ലയോ" എന്ന ചോദ്യത്തിന് നിയമാനുസൃതമാണ് എന്നു മറുപടി നല്കിയിരുന്നെങ്കിൽ സീസറിനെ നിരുപാധികം അംഗീകരിക്കുന്നതാകുമായിരുന്നു. എന്നാൽ യേശു അതു ചെയ്യുന്നില്ല. ദൈവത്തിന്റെ പരമാധികാരത്തെ ഊന്നിപ്പറയുകവഴി സീസറിന്റെ അധികാരത്തെ ആപേക്ഷികമാക്കുകയാണ്: അതിനാൽത്തന്നെ ചക്രവർത്തിയുടെ സർവ്വാധികാരത്തെ തള്ളിപ്പറയുകയും. ഈ കാഴ്ചപ്പാടിൽ നിന്നു നോക്കുമ്പോഴും യേശു ഒരു വിപ്ലവകാരികയായി പ്രത്യക്ഷപ്പെടുന്നു.

രാജാധികാരത്തോടുള്ള യേശുവിന്റെ വിപ്ലവകരമായ സമീപനത്തെ വ്യക്തമാക്കുന്ന മറ്റൊരു സംഭവംകൂടി സുവിശേഷകൻ (ലൂക്കാ 13,30-33) രേഖപ്പെടുത്തിയിട്ടുണ്ട്. സ്നാപകന്റെ തലവെട്ടി താലത്തിൽവച്ച് നർത്തകിക്കു സമ്മാനിച്ച ഹെറോദേസ് യേശുവിനെയും കൊല്ലാൻ തീരുമാനിച്ചിരിക്കുന്നു എന്നും അതിനാൽ ഗലീലിവിട്ടു പോകണമെന്നും ഫരിസേയർ അറിയിച്ചു. ഗലീലിയിലെ ഭരണാധികാരിയായിരുന്ന ഹേറോദേസ് യേശുവിനെ വധിക്കാൻ തീരുമാനിച്ചതു തന്നെ യേശുവിന്റെ പ്രവർത്തനം രാജാവിന് അപകടകരമായി തോന്നിയതിനാലാവണം. യേശുവിന്റെ കീർത്തി ഗലീലിയിൽ പരന്നപ്പോൾ ഹേറോദേസ് ഭയവിഹ്വലനായി. ശിഷ്യന്മാർ കൂടി യേശുവിന്റെ പ്രവർത്തനത്തിൽ പങ്കുചേരുകയും അത് ഒരു

വലിയ ജനകീയ മുന്നേറ്റമായി മാറുകയും ചെയ്ത സാഹചര്യത്തിലാവണം (മർക്കോ 6,14) ഹേറോദേസ് ഈ തീരുമാനത്തിലേക്കു നീങ്ങിയത്. ഒരു പ്രജയ്ക്കുണ്ടായിരിക്കേണ്ട വിധേയത്വം യേശു ഹേറോദേസിനോടു കാണിക്കുന്നില്ല എന്നു മാത്രമല്ല, സിംഹാസനത്തിലിരിക്കുന്നവന്റെ വക്രതയും അല്പത്വവും പൊളിച്ചുകാണിക്കുന്ന വിശേഷണമാണ് യേശു അയാൾക്കു നല്കുക: "നിങ്ങൾ പോയി ആ കുറുക്കനോട് പറയുവിൻ." വിചാരണ വേളയിൽ ഒരക്ഷരം പോലും ശബ്ദിക്കാതെ, ഒരു മറുപടിയും നല്കാതെ ഹേറോദേസിന്റെ അധികാരത്തെ തള്ളിപ്പറയുകയാണ് യേശു ചെയ്തത്. (ലൂക്കാ 23,6-12). സീസറിന്റെ അധികാരത്തിനും യേശു നിരുപാധികം വഴങ്ങുന്നില്ല. പീലാത്തോസിനുമുമ്പിലും കുനിഞ്ഞില്ല. സ്വയം ന്യായീകരിക്കാനോ വിശദീകരിക്കാനോ തുനിഞ്ഞതുമില്ല. ".....ഉന്നതത്തിൽ നിന്നു നല്കപ്പെട്ടിട്ടില്ലായിരുന്നെങ്കിൽ..." എന്നു തുടങ്ങി സീസറിന്റെയും ഗവർണരുടെയും അധികാരത്തെ ആപേക്ഷികമാക്കുകയും ചെയ്തു. ഇതെല്ലാം തികച്ചും വിപ്ലവകരമായേ അധികാരികൾക്കു തോന്നൂ.

യേശുവിന്റെ വാക്കുകളും പ്രവൃത്തികളും ഒരു രാഷ്ട്രീയ വിപ്ലവകാരിയുടെതായി മനസ്സിലാക്കാൻ പോരുന്ന വിധത്തിലുള്ളതായിരുന്നു. സമകാലീനരിൽ ഏറെപ്പേർ, ശിഷ്യന്മാരടക്കം, അങ്ങനെയാണതു മനസ്സിലാക്കിയത്. രാഷ്ട്രീയാധികാരികൾ ഹെറോദേസും, പീലാത്തോസും - യേശുവിനെ ഒരു വിപ്ലവകാരിയായിട്ടാണ് കണ്ടത്. രാജാവിനും ചക്രവർത്തിക്കും എതിരേ വിപ്ലവമൊരുക്കുന്ന അപകടകാരിയായ ഒരു കലാപകാരിയായി യേശു അവർക്കു പ്രത്യക്ഷപ്പെട്ടു. എന്നാൽ ഈ ചിത്രം യഥാർത്ഥമാണോ? അതോ തെറ്റിദ്ധരിക്കപ്പെട്ടതോ? തീവ്രവാദികളെ അനുയായികളായി സ്വീകരിച്ച യേശു അവരുടെ ആദർശങ്ങളും പ്രവർത്തനശൈലിയും സ്വന്തമായി സ്വീകരിച്ചിരുന്നോ? അതോ യേശുവിനു തനതായൊരു കാഴ്ചപ്പാടുണ്ടായിരുന്നോ? ഈ ചോദ്യങ്ങൾക്ക് ഉത്തരം തേടുന്നതിനുമുമ്പേ മതപരമായ മേഖലയിൽ യേശു കൊളുത്തിയ വിപ്ലവത്തിന്റെ തീജ്ജ്വാലയിലേക്കു കൂടി ഒന്നു കണ്ണോടിക്കേണ്ടിയിരിക്കുന്നു.






# മതാത്മകവിപ്ലവം

റോമൻ നിയമപ്രകാരം ഒരു കലാപകാരി എന്ന നിലയിലാണ് യേശുവിനെ അവർ വധിച്ചത്. എന്നാൽ യേശുവിന്റെ മരണത്തിന്റെ പിന്നിൽ വർത്തിച്ച പ്രധാനശക്തി യഹൂദമത നേതൃത്വമായിരുന്നുവെന്ന് സുവിശേഷകന്മാർ എല്ലാവരും ഒരേസ്വരത്തിൽ തറപ്പിച്ചു പറയുന്നുണ്ട്. മരണശിക്ഷ നിശ്ചയിച്ചതിനുശേഷമാണ് അവർ യേശുവിനെ ബന്ധിക്കാൻ വഴി ആരായുന്നതുതന്നെ (യോഹ 11,39-43). അന്നാസിന്റെയും കയ്യഫാസിന്റെയും മുമ്പിൽ നടന്ന വിചാരണ അവർ നേരത്തേ എടുത്ത തീരുമാനത്തെ ഉറപ്പിക്കുന്നതിനും ആ തീരുമാനത്തിന് നിയമ സാധുത്വത്തിന്റെ പരിവേഷം നല്കുന്നതിനും വേണ്ടിമാത്രമായിരുന്നു. "ഇനി സാക്ഷികളെക്കൊണ്ടു നമുക്കെന്താവശ്യം? ദൈവദൂഷണം നിങ്ങൾതന്നെ കേട്ടല്ലോ. നിങ്ങൾക്ക് എന്തുതോന്നുന്നു? അവൻ മരണത്തിന് അർഹനാണെന്ന് അവരെല്ലാവരും വിധിച്ചു.." (മർക്കോ 14,44). സാൻഹെദ്രിൻ സംഘത്തിന്റെ ഈ വിധി അവർ മുൻകൂറായി എടുത്ത തീരുമാനത്തെ വ്യക്തമാക്കുന്നതാണ്.

പരസ്യജീവിതം ആരംഭിച്ച് അധികം കഴിയുന്നതിനുമുമ്പു

തന്നെ യഹൂദമത നേതാക്കൾ യേശുവിനെ നോട്ടമിടാനും വേട്ടയാടാനും തുടങ്ങിയിരുന്നു. ആ ജീവിതം മുന്നേറുന്തോറും അവരുടെ എതിർപ്പും വിദ്വേഷവും ശക്തിപ്പെടുന്നതു കാണാം. അവസാനമായപ്പോൾ അടങ്ങാത്ത പകയോടെ എന്നതുപോലെ യേശുവിനെ വധിക്കാൻ അവർ ശ്രമിച്ചു. എന്താണിതിനു കാരണം? ഇവിടെയും വിവിധ തലങ്ങളിൽ നമ്മുടെ ശ്രദ്ധ പതിയേണ്ടിയിരിക്കുന്നു. യഹൂദമത നേതൃത്വവുമായി യേശു ഏർപ്പെട്ട സംഘട്ടനങ്ങൾ സുവിശേഷകന്മാരെല്ലാവരും രേഖപ്പെടുത്തിയിട്ടുണ്ട്. ഈ സംഘട്ടനങ്ങളുടെ കാരണങ്ങൾ വൈവിധ്യമാർന്നതാണ്. യേശുവിന്റെ പൊതുവായ പ്രവർത്തനശൈലി, മതത്തോടും മതനിയമങ്ങളോടുമുള്ള സമീപനരീതി, മതാധികാരികളുടെയും മതസംവിധാനങ്ങളുടെയും മുമ്പിൽ എടുത്ത നിലപാട് എന്നിവയാണ് ആദ്യ വീക്ഷണത്തിൽ ഈ എതിർപ്പുകൾക്കും സംഘട്ടനങ്ങൾക്കും കാരണമാവുക. സാൻഹെദ്രിൻ അന്തിമവിധി പ്രഖ്യാപിക്കുന്നത് തികച്ചും ദൈവശാസ്ത്രപരമായ കാരണത്താലാണെന്നതു മറക്കാതെ തന്നെ, നേതൃത്വനിരയിൽ യേശുവിനെതിരേ വിദ്വേഷമുയർത്തിയ കാരണങ്ങളിലേയ്ക്ക് അല്പംകൂടി അടുത്തു ചെല്ലേണ്ടിയിരിക്കുന്നു.

## നിയമവും പാരമ്പര്യങ്ങളും

ജനജീവിതത്തിന്റെ ഓരോ വിശദാംശങ്ങളെയും കണിശമായി നിയന്ത്രിക്കുന്ന നിയമങ്ങൾ യഹൂദമതത്തിനുണ്ടായിരുന്നു. ലിഖിത നിയമങ്ങൾക്കു പുറമെ അവയുടെ വ്യാഖ്യാനങ്ങളും പൂർവ്വികരുടെ പാരമ്പര്യങ്ങളും നിയമജ്ഞർ പഠിച്ചു, പഠിപ്പിച്ചു; ഫരിസേയർ അനുഷ്ഠിച്ചു. ജീവിതവിശുദ്ധിയും നിത്യരക്ഷയും ഈ നിയമങ്ങളുടെയും പാരമ്പര്യങ്ങളുടെയും അനുഷ്ഠാനങ്ങളെ ആശ്രയിച്ചിരിക്കുന്നു എന്നു പഠിപ്പിച്ച ഒരു മതസമൂഹത്തിനുമുമ്പിൽ തികച്ചും സ്വതന്ത്രമായൊരു സമീപനമാണ് യേശു സ്വീകരിച്ചത്. താൻ ഇടപെട്ട എല്ലാ തുറകളിലും ഈ സ്വാതന്ത്ര്യം യേശു പ്രകടമാക്കുകയും ചെയ്തു.

യഹൂദർ ഏറ്റം പാവനമായി കരുതിയിരുന്ന നിയമമായിരുന്നു സാബത്താചരണം. ഈജിപ്തിലെ അടിമത്തത്തിൽ നിന്നു കർത്താവു നല്കിയ മോചനത്തെ അനുസ്മരിച്ചുകൊണ്ട് സാബത്തു ദിവസത്തിൽ വിശ്രമം നല്കണം (നിയ 5,12-15) എന്ന

തായിരുന്നു നിയമം. അധ്വാനിക്കുന്നവർക്കു വിശ്രമവും അടിമകൾക്കു മോചനവും ഉറപ്പുവരുത്തുന്ന ഒരു നിയമമായിരുന്നു ഇത്. എന്നാൽ കാലക്രമത്തിൽ ഈ നിയമം തന്നെ നിയമപണ്ഡിതന്മാരുടെ വിശദീകരണത്തിലൂടെ കടന്നുവന്നപ്പോൾ വലിയൊരു ബന്ധനമായിത്തീർന്നു. സാബത്തിനെ അതിന്റെ മൗലികമായ അർത്ഥത്തിൽ പുനഃപ്രതിഷ്ഠിക്കുന്നതായിരുന്നു യേശുവിന്റെ പ്രവർത്തനങ്ങൾ. സാബത്തിൽ രോഗശാന്തി നല്കുക ഒരു പതിവായിത്തന്നെ യേശു സ്വീകരിച്ചിരുന്നു. രോഗികളെ സുഖപ്പെടുത്തൽ, അത് ഒരു വാക്കുമാത്രം കൊണ്ടാണെങ്കിലും, ഒരു ജോലിയായികണ്ട മതനേതാക്കൾ യേശുവിനെതിരേ കയർത്തു; നിയമലംഘനം എന്ന കുറ്റം ആരോപിച്ചു. വിശന്നുപൊരിഞ്ഞ ശിഷ്യന്മാർ സാബത്തിൽ കതിരുകൾ പറിച്ചുതിന്നത് അവർക്ക് വലിയ " ഉതപ്പി"നു കാരണമായി. "സാബത്തിൽ നിഷിദ്ധമായത് എന്തേ നിന്റെ ശിഷ്യന്മാർ ചെയ്യുന്നു." (മർക്കോ 2,23). മനുഷ്യൻ പട്ടിണി കിടന്നു മരിച്ചാലും സാരമില്ല, നിയമം പാലിക്കപ്പെട്ടേ മതിയാകൂ! എന്ന നിലപാടിനെ യേശു വെല്ലുവിളിച്ചു. വിശക്കുന്നവന് ആഹാരം നല്കുകയാണ് സാബത്തു വിശ്രമത്തേക്കാൾ പ്രധാനം എന്ന യേശുവിന്റെ നിലപാട് അധികാരികൾക്ക് ഒട്ടും ദഹിക്കുന്നതായിരുന്നില്ല. നിയമം പഠിപ്പിക്കുന്ന അധികാരികളിൽ നല്ല പങ്ക് വിശപ്പിന്റെ വിളി അറിയാത്ത സമ്പന്നരായിരുന്നു. അവരെ സംബന്ധിച്ചിടത്തോളം ദൈവപ്രമാണം അക്ഷരശഃ അനുവർത്തിക്കുകയായിരുന്നു സർവ്വപ്രധാനം. പക്ഷേ യേശു, അക്ഷരത്തിൽനിന്ന് ആത്മാവിലേക്കുകടന്നു. അതോടൊപ്പം നിയമജ്ഞരുടെ കാപട്യം തുറന്നുകാട്ടുകയും ചെയ്തു. വിശന്നുവലഞ്ഞ ദാവീദും അനുചരന്മാരും പുരോഹിതർക്കുമാത്രം ഭക്ഷിക്കാമായിരുന്ന കാഴ്ചയപ്പം തിന്ന സംഭവം അവരുടെ ശ്രദ്ധയിൽപ്പെടുത്തുകവഴി (മർക്കോ 3,25-26) നിയമം മനുഷ്യനു വേണ്ടിയാണെന്ന് അവിടുന്നു സ്ഥാപിച്ചു. സാബത്തുദിവസം കിണറ്റിൽവീണ വീട്ടുമൃഗത്തെ വലിച്ചുകയറ്റുന്നത് നിയമലംഘനമായി കരുതാത്തവർ (മത്താ 12,11) സാബത്തിൽ രോഗശാന്തി നല്കുന്നതിനെതിരേ ശബ്ദമുയർത്തിയത് കാപട്യമായിട്ടാണ് യേശു കണ്ടത്. ഫരിസേയ പാരമ്പര്യത്തിന്റെയും നിയമജ്ഞവിശദീകരണങ്ങളുടെയും എതിരെയുള്ള ഈ കടന്നാക്രമണം ഒരു ഭീഷണിയായി അധികാരികൾ കണ്ടു.

ഭക്ഷിക്കാവുന്നതും ഭക്ഷിക്കാൻ പാടില്ലാത്തതുമായ പക്ഷി മൃഗാദികളെക്കുറിച്ച് വിശദമായ പട്ടികതന്നെ യഹൂദനിയമത്തിലുണ്ട്. (ലേവ്യ 11,1-47). അതുപോലെതന്നെ ശുദ്ധീകരണ ക്ഷാളനത്തെ ക്കുറിച്ചും വ്യക്തമായ നിയമങ്ങൾ നിലനിന്നു. എന്നാൽ വിശന്നു പൊരിയുന്നവർ കയ്യിൽ കിട്ടുന്നതു വാരിത്തിന്നുന്നത് ഈ നിയമ ങ്ങളെ ആദരിച്ചുകൊണ്ടായിരിക്കുകയില്ല. ഇവിടെയും യേശു തന്റെ നിലപാടു വ്യക്തമാക്കി. പുറമെനിനിന്ന് മനുഷ്യന്റെ ഉള്ളിൽ പ്രവേ ശിക്കുന്ന ഒന്നിനും അവനെ അശുദ്ധനാക്കാൻ സാധിക്കില്ലെന്നു നിങ്ങൾ മനസ്സിലാക്കുന്നില്ലേ?'' (മർക്കോ 7,18). നിയമപ്രകാരം അശു ദ്ധരായ മനുഷ്യരിൽ നിന്ന് നിഷ്ഠയോടെ മാറിനിന്നു, മതനേതാ ക്കൾ. അങ്ങനെ അവർ തങ്ങളുടെ വിശുദ്ധി കാത്തുസൂക്ഷിച്ചു. വികാ ലാംഗർ, കുഷ്ഠരോഗികൾ, വിജാതീയർ, സമറിയാക്കാർ, ചുങ്കക്കാർ എന്നിങ്ങനെ ഏറെപ്പേരുണ്ട് അശുദ്ധരുടെ പട്ടികയിൽ. പക്ഷേ ഇവ രൊക്കെ യേശുവിന്റെ ഉറ്റമിത്രങ്ങളായി; സഹചാരികളായി. കുഷ്ഠ രോഗിയെ സ്പർശിച്ചു; കുരുടന്റെ കണ്ണിലും ചെകിടന്റെ കാതിലും ഊമന്റെ വായിലും അവൻ കൈവച്ചു. യേശു അവരെ ഒരു മേശ യ്ക്കുചുറ്റും വിളിച്ചുവരുത്തി ഭക്ഷണം പങ്കുവച്ചു. അങ്ങനെ യഹൂദ നിയമപ്രകാരം യേശു അശുദ്ധനായി; എന്നിട്ട് ഈ അശുദ്ധി യൊന്നും അശുദ്ധിയല്ലെന്നും യഥാർത്ഥശുദ്ധിയും അശുദ്ധിയും ഹൃദ യത്തിൽ മാത്രമാണെന്നും പ്രഖ്യാപിക്കുകയും ചെയ്തു. ഫരിസേ യനേതാക്കൾ പടുത്തുയർത്തിയ മതസൗധം യേശുവിന്റെ പ്രവർത്ത നങ്ങൾവഴി തകർന്നു വീഴുകയായി. ഇതിനെ തടയുക തങ്ങളുടെ ദിവ്യമായ ദൗത്യമായി അവർ കരുതി.

## ബലിയും പ്രാർത്ഥനയും

ഇസ്രായേൽജനം അർപ്പിക്കേണ്ട ബലികളെയും നേർച്ച ക്കാഴ്ചകളെയും കുറിച്ച് വിശദമായ നിയമങ്ങളുണ്ടായിരുന്നു. കർത്താവിന്റെ പരമാധികാരം ഏറ്റുപറയുകയും കൃതജ്ഞതയർപ്പി ക്കുകയും ചെയ്യുന്നതിനുവേണ്ടിയാണ് ബലികൾ സ്ഥാപിക്കപ്പെട്ട തെങ്കിലും കാലക്രമത്തിൽ ബലിയർപ്പണം ഒരു കച്ചവടമനസ്ഥി തിക്കു വഴിതെളിച്ചു. ബലിയർപ്പിക്കുന്ന മൃഗത്തിന്റെ മാംസമോ, രക്തമോ, മേദസ്സോ ഒന്നും ദൈവം ഭക്ഷിക്കുകയില്ല എന്ന് എല്ലാ വർക്കും അറിയാം. എന്നാൽ ബലിയർപ്പണത്തിൽനിന്ന് കാര്യമായ സാമ്പത്തിക നേട്ടം കൈവരിച്ചിരുന്ന പുരോഹിതന്മാർ ബലിയർപ്പ

ണത്തിനു ജനത്തെ പ്രോത്സാഹിപ്പിച്ചു. ദൈവമനുഷ്യബന്ധം മുഴു വൻ ബലിയർപ്പണത്തിൽ ഒതുക്കി നിറുത്താൻ ശ്രമിച്ച പുരോഹി തന്മാർക്കെതിരേ, പ്രവാചകതീവ്രതയോടെ യേശു ഉദ്ഘോഷിച്ചു: "ബലിയല്ല കരുണയാണ് ഞാൻ ആഗ്രഹിക്കുന്നത് എന്നതിന്റെ അർത്ഥം പോയി പഠിക്കുക." (മത്താ 9,13). കുഷ്ഠരോഗിക്കു ശുദ്ധി ലഭിച്ചു എന്ന് പുരോഹിതനിൽനിന്നു സാക്ഷിപത്രം ലഭിക്കാനായി ശുദ്ധീകരണക്കാഴ്ചയർപ്പിക്കാൻ നിർദ്ദേശിച്ചെങ്കിലും (മർക്കോ 1,44) ബലിയർപ്പണത്തോടു പൊതുവേ നിഷേധാത്മകമായൊരു നില പാടാണ് യേശു സ്വീകരിച്ചത്. യേശു ഒരിക്കൽ പോലും ദേവാലയ ത്തിൽ ബലിയർപ്പിച്ചതോ നേർച്ചക്കാഴ്ചകൾ നല്കിയതോ ആയി സുവിശേഷകന്മാർ രേഖപ്പെടുത്തിയിട്ടില്ല. യേശു ഒരേയൊരു ബലിയേ അർപ്പിച്ചിട്ടുള്ളൂ – സ്വന്തം ആത്മബലി. അതു ദേവാലയ ത്തിനും പട്ടണത്തിനും പുറത്ത്, മരക്കുരിശിലായിരുന്നു. അതോടെ മറ്റുസകല ബലികളും റദ്ദാക്കപ്പെടുകയും ചെയ്തു. ആത്മസമർപ്പ ണത്തിന്റെ പ്രതീകമാകാത്ത മൃഗബലിയും ധാന്യബലിയും അർത്ഥ ശൂന്യമെന്നു മാത്രമല്ല, അബദ്ധജടിലമായ അനാചാരവുമാണ്.

പ്രാർത്ഥനയുടെ കാര്യത്തിലും ഔദ്യോഗിക മതത്തിന്റേ തിൽനിന്നു തികച്ചും വ്യത്യസ്തമായ നിലപാടാണ് യേശു സ്വീക രിച്ചത്. ദേവാലയത്തിലും ജപാലയങ്ങളിലും നാല്ക്കവലകളിലും ജനശ്രദ്ധയാകർഷിക്കത്തക്കവിധം നിവർന്നു നിന്നു പരസ്യപ്രാർത്ഥ നകൾ നടത്തുന്നതിൽ വിശുദ്ധി കണ്ടെത്തിയിരുന്നു, യഹൂദനേ താക്കൾ. ഇത്തരം "വിശുദ്ധന്മാർ." മറ്റുള്ളവർക്കുവേണ്ടി കൂലിക്കു പ്രാർത്ഥിക്കുകയും ചെയ്തിരുന്നു. "ദീർഘമായി പ്രാർത്ഥിക്കുന്നു എന്നു നടിച്ച്" അതിന്റെ കൂലിയായി ഭീമമായ തുക ഈടാക്കുക വഴി പ്രാർത്ഥിപ്പിക്കുന്നവർ കഷ്ടത്തിലാകുന്ന പ്രതിഭാസത്തിനെ തിരേ തികഞ്ഞ കാർക്കശ്യത്തോടെയാണ് യേശു പ്രതികരിച്ചത്. " വിധവകളുടെ വീടുകൾ വിഴുങ്ങുന്നവർ" (മർക്കോ 12,40) എന്നാ ണിത്തരക്കാരെ യേശു വിശേഷിപ്പിക്കുക. സാധാരണക്കാരുടെ ലളി തമായ വിശ്വാസത്തിൽ അന്ധവിശ്വാസങ്ങൾ കലർത്തി പ്രാർത്ഥ നയുടെയും നേർച്ചകളുടെയും പേരിൽ അവരെ ചൂഷണം ചെയ്യുന്ന ഈ മതസംവിധാനത്തെ യേശു പാടെ പുറന്തള്ളുകയായിരുന്നു. പ്രാർത്ഥനയ്ക്കു പുതിയ മാനങ്ങളും ശൈലികളും അവൻ കല്പിച്ചു; സ്വജീവിതത്തിലൂടെ കാണിച്ചു.

യേശു ദേവാലയത്തിലും ജപാലയത്തിലും പോയിരുന്നു. എന്നാൽ, ഈ ഔദ്യോഗികവേദികളിൽ യേശു പ്രാർത്ഥിക്കുന്നതായി സുവിശേഷകന്മാർ ഒരിക്കൽപോലും രേഖപ്പെടുത്തിയിട്ടില്ല. ദേവാലയത്തിൽ പഠിപ്പിക്കുകയും ജപാലയങ്ങളിൽ പഠിപ്പിക്കുകയും അത്ഭുതങ്ങൾ പ്രവർത്തിക്കുകയും ചെയ്തതായി ഏറെ പരാമർശങ്ങളുണ്ടുതാനും. പ്രാർത്ഥിക്കാനായി യേശു തിരഞ്ഞെടുത്തിരുന്നത് വിജന പ്രദേശവും (മർക്കോ 1,35) മലമുകളും (ലൂക്കാ 6,12) ഒക്കെ ആയിരുന്നു. ഏകാന്തതയിൽ ദൈവസാന്നിദ്ധ്യം തേടുകയാണ് യേശു പ്രാർത്ഥനയിലൂടെ ചെയ്തതും ചെയ്യാൻ പഠിപ്പിച്ചതും (മത്താ 6,5-8). പ്രാർത്ഥന ദൈവവുമായുള്ള ഒരു വിലപേശലല്ല; മറ്റുള്ളവരുടെ മുമ്പിൽ കാഴ്ചവയ്ക്കുന്ന ഒരു ഭക്താഭ്യാസ പ്രകടനവുമല്ല. ഹൃദയത്തെ ദൈവസന്നിധിയിലേക്ക് ഉയർത്തലാണ് എന്ന് യേശു പഠിപ്പിച്ചു. സ്വതന്ത്രമായ ഈ ചിന്താഗതി പ്രാർത്ഥനത്തൊഴിലാളികളുടെ വരുമാനത്തിനു കോട്ടം തട്ടിക്കുന്നതായിരുന്നു. അവർ അമർഷം പൂണ്ടതിൽ അത്ഭുതത്തിനവകാശമില്ല.

### കടന്നാക്രമണം

സ്വന്തം ജീവിതത്തിലും പഠനത്തിലും തികച്ചും സ്വതന്ത്രമായ ഒരു മതാത്മകചിന്താഗതി കാത്തുസൂക്ഷിക്കുക മാത്രമല്ല, പാരമ്പര്യത്തിന്റെ കാവല്ക്കാർക്കെതിരേ യേശു ശക്തമായ ആക്രമണശരങ്ങൾ തൊടുത്തുവിടുകയും ചെയ്തു. ഔദ്യോഗികമതാചരണങ്ങളുടെ മറവിൽ അക്രമവും അനീതിയും വച്ചുപുലർത്തുന്ന മതനേതാക്കളുടെ "വിശുദ്ധി"യുടെ മുഖംമൂടി അവൻ പിച്ചിച്ചീന്തി. ഉപമകൾ, ചൊല്ലുകൾ, വിവാദങ്ങൾ, ശാപങ്ങൾ, വിലാപങ്ങൾ ഇങ്ങനെ വിവിധങ്ങളായ ശൈലികളുപയോഗിച്ചാണിതു നിർവ്വഹിച്ചത്.

പ്രാർത്ഥിക്കാൻ പോയ ഫരിസേയന്റെയും ചുങ്കക്കാരന്റെയും ഉപമ (ലൂക്കാ 18,9-14) യഥാർത്ഥമായ പ്രാർത്ഥനാചൈതന്യം എടുത്തുകാട്ടുന്നതോടൊപ്പം ഫരിസേയന്റെ അഹങ്കാരവും ഫരിസേയപ്രാർത്ഥനയുടെ അർത്ഥശൂന്യതയും വെളിവാക്കുകയും ചെയ്യുന്നു. അനുതപിക്കുന്ന പാപികൾ അനുതാപം ആവശ്യമില്ലാ എന്നു കരുതുന്ന നീതിമാന്മാരേക്കാൾ വേഗം നീതിമത്കരിക്കപ്പെടും. "സത്യമായി ഞാൻ നിങ്ങളോടു പറയുന്നു - ചുങ്കക്കാരും

വേശ്യകളുമായിരിക്കും നിങ്ങൾക്കുമുമ്പേ സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുക.'' (മത്താ 21,31). ചെയ്യാമെന്നു പറഞ്ഞിട്ടു ചെയ്യാതിരിക്കുകയും (മത്താ 21,26) പിതാവിന്റെ ഭവനത്തിൽ ദാസ്യവേല ചെയ്യുകയും മടങ്ങിവന്ന ഇളയ സഹോദരനോടൊപ്പം വസിക്കാൻ വിസമ്മതിച്ച് വീട്ടിനു പുറത്തുനിൽക്കുകയും (ലൂക്കാ 15,25-32) ചെയ്യുന്ന മൂത്തമകൻ വിശുദ്ധരെന്നഭിമാനിക്കുന്ന യഹൂദ നേതാക്കളുടെ പ്രതീകമാണെന്ന് ഈ ഉപമകൾ കേട്ടവർക്കു മനസ്സിലായി.സ്വർഗ്ഗരാജ്യത്തിന്റെ അവകാശികൾ എന്നഭിമാനിക്കുന്ന ഇവർ പുറന്തള്ളപ്പെടും എന്ന വിധിവാചകം (ലൂക്കാ 13,26-30) തികച്ചും അപ്രതീക്ഷിതമായിരുന്നു. ആദ്യമേ ക്ഷണിക്കപ്പെട്ടവർ വിരുന്നാസ്വദിക്കുകയില്ല (ലൂക്കാ 14,24) എന്ന പ്രസ്താവന ദൈവരാജ്യത്തിൽ അപ്പം ഭക്ഷിക്കുന്ന ഭാഗ്യവാന്മാരാണ് തങ്ങൾ (ലൂക്കാ 14,15). എന്ന ഫരിസേയ മനോഭാവത്തിന്റെ മുഖത്തടിക്കുന്നതായിരുന്നു. അവിശ്വസ്തരും കൊലയാളികളുമായ പാട്ടക്കാരിൽ നിന്നു മുന്തിരിത്തോട്ടം എടുത്തുമാറ്റി വിശ്വസ്തരായ പുതിയ പാട്ടക്കാരെ ഏല്പിക്കും (ലൂക്കാ 12,9) എന്ന പ്രസ്താവന യഹൂദമതനേതൃത്വത്തിന്റെ മേലുള്ള അന്തിമ വിധിയായി കരുതാവുന്നതാണ്. പന്ത്രണ്ടപ്പസ്തോലന്മാരെ തിരഞ്ഞെടുത്തതുതന്നെ ഈ വിധിയുടെ മുന്നോടിയായിരുന്നു.

മതനേതാക്കന്മാരുമായുള്ള സംഘട്ടനത്തിന്റെ പരകോടിയിലാണ് യേശു ഏഴുശാപങ്ങൾ അഥവാ ദുരിതങ്ങൾ ഉച്ചരിക്കുന്നത് (മത്താ 23,13-36). ഔദ്യോഗിക മതനേതാക്കൾ സാധാരണക്കാരുടെ മുന്നിൽ സ്വർഗ്ഗരാജ്യം അടച്ചുകളയുന്നു; നിയമത്തിന്റെ നിസ്സാരമായ വിശദാംശങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നവർ കാതലായ നീതി, കാരുണ്യം, വിശ്വസ്തത എന്നിവ അവഗണിക്കുന്നു; ബാഹ്യശുദ്ധിയിൽ നിഷ്ഠയുള്ളവരുടെ ഉള്ള് കവർച്ചയും ആർത്തിയുംകൊണ്ട് നിറഞ്ഞിരിക്കുന്നു; പ്രവാചകന്മാർക്കു ശവകുടീരങ്ങൾ പണിയുന്നവർ യഥാർത്ഥത്തിൽ പ്രവാചകന്മാരുടെ കൊലയാളികളാണ്. അത്യന്തം ഗൗരവാവഹമായ ആരോപണങ്ങളാണ് യേശു യഹൂദനേതാക്കന്മാർക്കെതിരായി നിരത്തുന്നത്. അവരെ വിശേഷിപ്പിക്കാൻ ഉപയോഗിക്കുന്ന പദങ്ങളും അതികഠിനങ്ങൾ തന്നെ - കപടഭക്തർ, അന്ധരായ മാർഗ്ഗദർശികൾ (മത്താ 23,24), വെള്ളയടിച്ച കുഴിമാടങ്ങൾ (മത്താ 23,27), സർപ്പങ്ങൾ, അണലിസന്തതികൾ (മത്താ 23,33), സാത്താന്റെ സന്തതികൾ (യോഹ 8,44). തന്റെ

മതത്തിന്റെ നേതാക്കന്മാർക്കെതിരേ ഇപ്രകാരം അക്രമാസക്തമായ ഭാഷ ഉപയോഗിക്കുന്നതു മതാത്മക വിപ്ലവത്തിന്റെ ഭാഗമായിരുന്നു.

## ദേവാലയത്തിലെ ചാട്ടവാർ

അധഃപതിച്ച സംവിധാനങ്ങൾക്കെതിരേയുള്ള യേശുവിന്റെ പ്രതിഷേധം മുഴുവനും അതിന്റെ പൂർണ്ണരൂപത്തിൽ പ്രകാശമാകുന്നതാണ് "ദേവാലയശുദ്ധീകരണം." ഇവിടെ യേശുവിന്റെ വാക്കുകൾ മാത്രമല്ല പ്രവൃത്തിയും അക്രമാസക്തമാകുന്നതായി കാണാം. "അവൻ കയറുകൊണ്ട് ഒരു ചമ്മട്ടിയുണ്ടാക്കി അവരെയെല്ലാം ആടുകളോടും കാളകളോടും കൂടെ ദേവാലയത്തിൽ നിന്നു പുറത്താക്കി. നാണയമാറ്റക്കാരുടെ നാണയങ്ങൾ ചിതറിക്കുകയും മേശകൾ തട്ടിമറിക്കുകയും ചെയ്തു" (യോഹ 2,14). ആടും കാളയും ബലിമൃഗങ്ങളാണ്. നാണയങ്ങൾ ദേവാലയഭണ്ഡാരത്തിൽ നിക്ഷേപിക്കാനുള്ള നേർച്ചയും. ശുദ്ധമായ മൃഗങ്ങളും സീസറിന്റെ തലയില്ലാത്ത നാണയങ്ങളും മാത്രമേ ദേവാലയശുശ്രൂഷയ്ക്ക് ഉപയോഗിക്കാവൂ. ഇവയെ ദേവാലയവളപ്പിൽത്തന്നെ ലഭ്യമാക്കുന്ന സംവിധാനം തികച്ചും ശ്ളാഘനീയമല്ലേ? എന്നാൽ യേശുവിന്റെ കാഴ്ചപ്പാടിൽ ഇത് കച്ചവടമാണ്, കവർച്ചയാണ്, ദേവാലയത്തെ കൊള്ളക്കാരുടെ താവളമാക്കി മാറ്റലാണ്. യഹൂദാചാര്യന്മാർ വച്ചുപുലർത്തുകയും പഠിപ്പിക്കുകയും ചെയ്ത സകല സംവിധാനങ്ങളെയും ഒറ്റയടിക്കു തകർക്കുന്ന പ്രവർത്തനമായിരുന്നു ഇത്. ദേവാലയം കാളച്ചന്തയല്ല; പ്രാർത്ഥനാലയമാണ്. പക്ഷേ ഇനിമേൽ ആ പ്രാർത്ഥനാലയത്തിനും നിലനില്പ്പില്ല. കല്ലിന്മേൽ കല്ലു ശേഷിക്കാതെ ദേവാലയസൗധം തകർന്നടിയും (മർക്കോ 13,1).

ഇനിമേൽ പ്രാർത്ഥനാലയങ്ങൾ തേടി ജറുസലേമിലേക്കും ഗരീസിമിലേയ്ക്കും തീർത്ഥാടനം നടത്തേണ്ടതില്ല. യഥാർത്ഥ ആരാധകർ ആത്മാവിലും സത്യത്തിലുമാണ് ദൈവത്തെ ആരാധിക്കേണ്ടത് (യോഹ 4,24). ദേവാലയ കേന്ദ്രീകൃതവും ആചാരനുഷ്ഠാന പ്രധാനവുമായ ഒരു മതാത്മകതയുടെ മരണമണി മുഴക്കുന്നതാണു ഈ പ്രവർത്തനം. യഹൂദമതത്തിന്റെ ചട്ടക്കൂടുകളെ എന്നല്ല, അനാചാരങ്ങൾക്കു വഴിതുറക്കുന്ന ഏതുമതത്തിന്റെ ഘടനകളെയും തച്ചുടയ്ക്കുന്ന 'ചാട്ടവാർ' ചുഴറ്റിയ യേശു ഒരു വിപ്ലവകാരിയായിരുന്നു; സംശയമില്ല.

ഇസ്രായേലിന്റെ ദൈവദത്തമായ നിയമങ്ങളെ ലംഘിച്ച, പരിശുദ്ധമായ പാരമ്പര്യങ്ങളെ വെല്ലുവിളിച്ച, മതാധികാരികളെ ധിക്കരിച്ച, പരസ്യമായി അവഹേളിച്ച, ദൈവത്തിന്റെ ആലയത്തിൽ ചാട്ടവാർ ചുഴറ്റിയ തച്ചന്റെ മകനായ വിപ്ലവകാരിയോട് എപ്രകാര മാണ് യഹൂദമത നേതൃത്വം പ്രതികരിച്ചത് എന്നും എന്താണീ പ്രതി കരണത്തിനവരെ പ്രേരിപ്പിച്ച ചോദകശക്തി എന്നും പഠിക്കുക യേശു നയിച്ച വിപ്ലവത്തിലേക്കു വെളിച്ചം വീശാൻ സഹായിക്കും. ആദ്യമാദ്യം അവർ സംശയാലുക്കളായിരുന്നു. നിയമപണ്ഡിത ന്മാരും മതാധികാരികളും ജറുസലെമിൽ നിന്ന് ഗലീലിയിൽവന്ന് യേശുവിന്റെ വാക്കുകളും പ്രവൃത്തികളും സൂക്ഷ്മമായി നിരീക്ഷിച്ചു. നിയമലംഘനത്തിൽ പ്രതിഷേധിച്ചു. പാരമ്പര്യങ്ങളെ അവഗണി ക്കുന്നതിന്റെ പേരിൽ അമർഷം പ്രകടിപ്പിച്ചു. തങ്ങൾ ഏതൊന്നിന്റെ സംരക്ഷകരായിരിക്കുന്നുവോ ആ മതസംവിധാനത്തിന്റെ പേരിൽ യേശുവിനെ ചോദ്യം ചെയ്തു. മരണത്തിനു കളമൊരുക്കുകയും ആ വിധി നടപ്പിലാക്കുകയും ചെയ്തു. അധികാരികളെ ഈ നീക്ക ത്തിനു പ്രേരിപ്പിച്ച രണ്ട് കാരണങ്ങൾ സുവിശേഷകന്മാർ രേഖ പ്പെടുത്തിയിട്ടുണ്ട് ;ചരിത്രപരവും, ദൈവശാസ്ത്രപരവും, ദൈവ ശാസ്ത്രപരമായ കാരണം യേശുവിന്റെ വ്യക്തിത്വത്തിന്റെ അഗാ ധതലങ്ങളുമായി ബന്ധപ്പെട്ടാണു കിടക്കുന്നത്.

ചരിത്രപരമായ കാരണം പ്രധാനമായും നേതാക്കന്മാരുടെ അസൂയയായിരുന്നു. "അസൂയ നിമിത്തമാണ് പുരോഹിതപ്രമുഖ ന്മാർ അവനെ ഏല്പിച്ചുതന്നതെന്ന് അവന് (പീലാത്തോസിന്) അറിയാമായിരുന്നു" (മർക്കോ 15,10). ഈ അസൂയയുടെ കാരണവും സുവിശേഷകന്മാർ തന്നെ വ്യക്തമാക്കുന്നുണ്ട്. "പുരോഹിതപ്രമു ഖന്മാരും ഫരിസേയരും ആലോചനാസംഘം വിളിച്ചുകൂട്ടി ഇങ്ങനെ പറഞ്ഞു: നാം എന്താണു ചെയ്യേണ്ടത്? ഈ മനുഷ്യൻ വളരെയ ധികം അടയാളങ്ങൾ പ്രവർത്തിക്കുന്നല്ലോ. അവനെ നാം ഇങ്ങനെ വിട്ടാൽ എല്ലാവരും അവനിൽ വിശ്വസിക്കും. അപ്പോൾ റോമാ ക്കാർ വന്ന് നമ്മുടെ വിശുദ്ധസ്ഥലത്തെയും ജനത്തെയും നശി പ്പിക്കും" (യോഹ 11,47-48). യേശുവിന്റെ പ്രവൃത്തികളിൽ നിന്ന് നിർബ്ബന്ധമായും എടുക്കേണ്ട നിഗമനം എടുക്കാൻ അധികാരികൾ തയ്യാറായില്ല. ജനം മുഴുവൻ അവന്റെ പിന്നാലെ പോയിക്കഴിയു മ്പോൾ തങ്ങൾ ഒറ്റപ്പെടും. തങ്ങളുടെ അധികാരം അംഗീകരിക്കാൻ,

തങ്ങളെ പൂജിക്കാൻ ഇനി ജനങ്ങളെ കിട്ടില്ല എന്ന നേതാക്കന്മാരുടെ ഭയം ഈ വാക്കുകളിൽ പ്രതിഫലിക്കുന്നുണ്ട്. മതതലത്തിൽ യേശു സ്വീകരിച്ച സ്വതന്ത്രവും വിപ്ലവാത്മകവുമായ നിലപാട് ജനത്തിൽ വലിയ സ്വാധീനം ചെലുത്തിയെന്നും നേതാക്കന്മാരുടെ നിലനില്പുതന്നെ അപകടത്തിലായെന്നും ഉള്ള സൂചന നല്കുന്നതാണ് ഈ പരാമർശം. ജനത്തെ അധികാരികൾക്കെതിരേ തിരിച്ചുകഴിഞ്ഞു, അഥവാ അധികാരികളിൽ നിന്ന് അകറ്റി. ഈ പ്രക്രിയ തുടരുന്നത് യഹൂദ മതത്തിന്റെതന്നെ നിലനില്പിനു ഹാനികരമാകും എന്ന് നേതാക്കൾ മനസ്സിലാക്കി.

ജനം മുഴുൻ യേശുവിനെ അനുഗമിച്ചാൽ എന്തേ റോമാക്കാർ വിശുദ്ധസ്ഥലം നശിപ്പിക്കണം? യേശുവിന്റെ പ്രവർത്തനങ്ങളും പഠനങ്ങളും റോമൻ അധികാരവുമായി ഒത്തു തീർപ്പിൽ കഴിയുന്നതല്ല എന്ന സൂചനയാണ് ഇവിടെനിന്ന് ലഭിക്കുക. മതം രാഷ്ട്രീയത്തിനു വഴങ്ങി, പ്രധാനപുരോഹിതൻ സീസറിന്റെ ആജ്ഞാനുവർത്തിയായി കഴിഞ്ഞിരുന്ന സാഹചര്യത്തിൽ മാത്രമേ തങ്ങൾക്കും തങ്ങളുടെ താവളമായ ദേവാലയത്തിനും നിലനില്പു സാധ്യമാകൂ എന്ന നേതാക്കന്മാരുടെ ചിന്തയാണിവിടെ പുറത്തുവരുന്നത്. നിലനില്പിനും മതാവകാശങ്ങളുടെ സംരക്ഷണത്തിനും ഒരുങ്ങിയ യഹൂദനേതൃത്വത്തിന് യേശു ഒരു ഭീഷണിയായിരുന്നു. യേശുവിന്റെ സ്വതന്ത്രമായ നിലപാട് സീസറിനു പാദസേവ ചെയ്യുന്ന ജനത്തിന്റെയും മതനേതൃത്വത്തിന്റെയും അടിത്തറ ഇളക്കി മറിക്കുന്നതായിരുന്നു. രഷ്ട്രീയാധികാരത്തിനു സ്വയം അടിയറവച്ച മതനേതൃത്വത്തിന് യേശു എന്നും ഒരു ഭീഷണിയാണ്. അതിനാൽ നിലനില്പിന്റെ ഭാഷ സംസാരിക്കുന്ന വിവേകമതികളായ അധികാരികൾ തീരുമാനിച്ചു: ഈ മനുഷ്യൻ മരിക്കുന്നതു യുക്തമാണ്. ദേവാലയത്തിന്റെയും മതത്തിന്റെയും നിലനില്പിന് യേശു മരിച്ചേ മതിയാകൂ എന്ന തീരുമാനം ഹ്രസ്വദൃഷ്ടികളായ മതനേതാക്കന്മാരുടെ പ്രായോഗിക ബുദ്ധിയിൽ നിന്നുരുത്തിരിഞ്ഞതായിരുന്നു.

മുടക്കുകളും വിലക്കുകളും കല്പിച്ചിട്ടും സമൂഹത്തിൽ നിന്നു പുറന്തള്ളുമെന്നു ഭീഷണിപ്പെടുത്തിയിട്ടും ജനത്തെ തങ്ങളുടെ വരുതിയിൽ നിർത്താൻ യഹൂദനേതാക്കന്മാർക്കു കഴിഞ്ഞില്ല. തങ്ങളുടെ ദയനീയമായ നിസ്സഹായാവസ്ഥയും ജനമധ്യത്തിൽ

യേശുവിന്റെ സ്വാധീനത്തെക്കുറിച്ചുള്ള അസൂയയും അവർ ഏറ്റു പറഞ്ഞു. "നമുക്ക് ഒന്നും ചെയ്യാൻ സാധിക്കുന്നില്ലെന്നു കാണുന്നില്ലേ? ലോകം മുഴുവൻ അവന്റെ പിന്നാലെ പോയ്ക്കഴിഞ്ഞു" (യോഹ 12,19). ഇനി ഒന്നുമാത്രമേ അവശേഷിച്ചിട്ടുള്ളൂ. ഏതുമാർഗ്ഗമുപയോഗിച്ചും കഴിയുന്നതും വേഗം യേശുവിനെ വധിക്കുക. അതും തികച്ചും പ്രായോഗികമായ ഒരു തീരുമാനമായിരുന്നു. സത്യം മുറിപ്പെടുത്തുമ്പോൾ ആ മുറിവിന്റെ വേദന സഹിക്കാൻ മടിക്കുന്നവർ സത്യം പറയുന്നവനെ ഉന്മൂലനം ചെയ്യാൻ ശ്രമിക്കുക – അതാണ് മതനേതാക്കൾ ചെയ്തത്.

അധികാരമോഹികളും അല്പന്മാരുമായ ഏതാനും മതാധികാരികളുടെ അസൂയ മാത്രമായിരുന്നോ യേശുവിന്റെ മരണത്തിനു കളമൊരുക്കിയ മതപരമായ കാരണം? മേൽ വിവരിച്ച വസ്തുതകളെല്ലാം യേശു കൊളുത്തിയ മതാത്മക വിപ്ലവത്തിന്റെ ജ്വാലകൾ മാത്രമാണ്. ആ വിപ്ലവാഗ്നിയുടെ സ്രോതസ്സ് ഇനിയും ആഴത്തിലാണ് കിടക്കുക. ദൈവത്തെയും ദൈവമനുഷ്യബന്ധത്തെയും സംബന്ധിച്ചുള്ള യേശുവിന്റെ കാഴ്ചപ്പാട്, അധികാരത്തെയും അധികാരപ്രയോഗത്തെയും കുറിച്ചുള്ള വീക്ഷണം, സർവ്വോപരി തന്റെ തന്നെ വ്യക്തിത്വത്തെയും ദൗത്യത്തെയുംകുറിച്ച് യേശു നൽകിയ സൂചനകളും ഉൾക്കാഴ്ചകളും – ഇവയൊക്കെ കണക്കിലെടുത്താലേ ആ വിപ്ലവത്തിന്റെ രൂക്ഷത മനസ്സിലാക്കാൻ കഴിയൂ.

ഏതാനും ചില ആചാരാനുഷ്ഠാനങ്ങളെയോ നിയമപാരമ്പര്യങ്ങളെയോ അധികാരസംവിധാനങ്ങളെയോ മാത്രം സ്പർശിക്കുന്നതല്ല ആ വിപ്ലവം. യഹൂദ മതത്തിന്റെ കാതലും അടിത്തറയുമായ ഏകദൈവവിശ്വാസത്തെ അടിമുടി പിടിച്ചുലയ്ക്കുന്നതായിരുന്നു യേശു ഉയർത്തിയ വിപ്ലവക്കൊടുങ്കാറ്റ്. മതാത്മകവിപ്ലവത്തിന്റെ അടിസ്ഥാനം യേശുവിന്റെ വ്യക്തിത്വം തന്നെയാണ്. ആരാണവൻ, താൻ ആരെന്നാണ് അവൻ അവകാശപ്പെടുന്നത്. ആ അവകാശവാദം നേരോ നുണയോ എന്ന ചോദ്യമാണ് ഏറ്റം പ്രസക്തം. നസ്രത്തിലെ തച്ചന്റെ മകനായ തച്ചൻ. ഔപചാരികവിദ്യാഭ്യാസം ഒന്നുമില്ലാതെ, യാതൊരു നിയമപണ്ഡിതന്റെയും കീഴിൽ നിയമം അഭ്യസിക്കാതെ, ആശാരിയുടെ പണിശാലയിൽ വളർന്നവൻ സ്വതന്ത്രമായി നിയമം വ്യാഖ്യാനിക്കുന്നു; തീർപ്പുകല്പിക്കുന്നു. ആ

വ്യാഖ്യാനങ്ങളും വിധിതീർപ്പുകളും മോശയുടെ നിയമ ങ്ങളെത്തന്നെ മാറ്റിമറിക്കുന്നതായിരുന്നു.

"പൂർവ്വികരോടു പറയപ്പെട്ടതായി നിങ്ങൾ കേട്ടിട്ടുണ്ടല്ലോ. എന്നാൽ ഞാൻ നിങ്ങളോടു പറയുന്നു" (മത്താ 5,21-26) എന്ന മുഖവുരയോടെയുള്ള പ്രബോധനങ്ങൾ മോശയുടെ നിയമങ്ങൾക്കു പുതിയ ഭാഷ്യം നല്കി; അല്ല, അവയെ മറികടന്നു. യഹൂദർ പരി പാവനമായി കരുതിയിരുന്ന സാബത്ത് ലംഘിക്കുകയും ലംഘി ക്കാൻ സാധാരണജനത്തെ പ്രേരിപ്പിക്കുകയും മാത്രമല്ല, താൻ സാബത്തിനും ഉപരി, അതിനേക്കാൾ വലിയവനാണെന്നു പ്രഖ്യാ പിക്കുകയും ചെയ്തു (മർക്കോ 2,23-28; 3,1-6; ലൂക്കാ 13,10-17). മഹാജ്ഞാനിയായ സോളമനെയും പ്രവാചകനായ യോനായെ യുംകാൾ വലിയവൻ (മത്താ 12,38-42), ദേവാലയം പൊളിച്ച് മൂന്നു ദിവസംകൊണ്ടു പുതിയതു പണിയാൻ കഴിവുള്ളവൻ (യോഹ 2,19; മത്താ 26,61) എന്നിങ്ങനെയുള്ള അവകാശവാദങ്ങൾ ഏക ദൈവവിശ്വാസികളായ യഹൂദർക്കു മനസിലാക്കാനോ വിശ്വസി ക്കാനോ പ്രയാസമായിരുന്നു.

ഒരുപടികൂടി കടന്ന്, ദൈവത്തിന്റെ തന്നെ അധികാരം യേശു പ്രയോഗിച്ചിരുന്നു. പാപം മോചിക്കാനുള്ള അധികാരം ദൈവത്തിനു മാത്രമുള്ളതാണെന്നു ദൃഢമായി വിശ്വസിച്ചിരുന്ന സമൂഹത്തിനുമു ന്നിൽ യേശു പാപികൾക്കു മോചനം നല്കി; ഒന്നല്ല, പലതവണ (മർക്കോ 2,5; ലൂക്കാ 17,48). പറയുകമാത്രമല്ല, പാപം മോചിക്കാൻ തനിക്ക് അധികാരമുണ്ട് എന്നതിന് ദൃശ്യമായ തെളിവും നല്കി; അവന്റെ ഒറ്റവാക്കാൽ തളർവാതരോഗി എണീറ്റുനടന്നു (മർക്കോ 2,7-12). പാപം മോചിക്കുക മാത്രമല്ല, പാപം മോചിക്കാൻ തന്റെ ശിഷ്യന്മാർക്ക് അനുവാദം നല്കുകയും ചെയ്തു (മത്താ 16,19-20).

പരമപരിശുദ്ധനായ ദൈവത്തോടുള്ള ഭയവും ആദരവും മൂലം "യാഹ്‌വേ" എന്ന പേരുമാത്രമല്ല, ദൈവം എന്നുപോലും പറയാൻ യഹൂദർ മടിക്കുമായിരുന്നു. പകരം ശക്തി, മഹത്ത്വം, സ്വർഗ്ഗസ്ഥൻ എന്നൊക്കെയാണു പറയുക. ഇപ്രകാരം ഒരു സമൂ ഹത്തിലാണ് യേശു ദൈവത്തെ "അബ്ബാ" എന്നു വിളിക്കുക. ഇത് ആദരവിനേക്കാൾ അടുപ്പത്തെ സൂചിപ്പിക്കുന്ന പദമാണ്. കൊച്ചു കുട്ടികൾ സ്വന്തം പിതാവിനെ സ്നേഹപൂർവ്വം അപ്പാ, അപ്പച്ചാ, ഡാഡി എന്നൊക്കെ വിളിക്കുന്നതുപോലുള്ള ഒരു പദം. ഞാനും

പിതാവും ഒന്നാണ് (യോഹ 10,30); എന്നെ കാണുന്നവൻ പിതാവിനെ കാണുന്നു (യോഹ 14,8); അബ്രാഹം ഉണ്ടാകുന്നതിനുമുമ്പേ ഞാനുണ്ട് (യോഹ 8,58) എന്നിങ്ങനെയുള്ള വെളിപ്പെടുത്തലുകൾ ദൈവത്തോടുള്ള തുല്യതയിലേക്കാണ് വിരൽ ചൂണ്ടുന്നത്. അതുതന്നെയാണ് യേശുവിന്റെ വ്യക്തിത്വത്തിന്റെ കാതലും മതാത്മക വിപ്ലവത്തിന്റെ പ്രഭവസ്ഥാനവും.

ഫ്രാങ്കോ സെഫിരെല്ലി സംവിധാനം ചെയ്ത നസ്രത്തിലെ യേശു എന്ന വിശ്വോത്തര സിനിമായിൽ യേശുവിനെക്കുറിച്ച് സാൻഹദ്രിൻ സംഘം നടത്തുന്ന ഒരു ചർച്ച ചിത്രീകരിക്കുന്നുണ്ട്. യേശുവിനെതിരേ പരസ്പരവിരുദ്ധങ്ങളായ അനേകം ആരോപണങ്ങൾ ഉന്നയിച്ച്, ഒരു തീരുമാനത്തിലും എത്താതായപ്പോൾ പ്രധാനപുരോഹിതൻ കയ്യാഫാസ് ഇടപെട്ടു. ആരാണ് ഈ യേശു? അവൻ അത്ഭുതങ്ങൾ പ്രവർത്തിക്കുന്നോ ഇല്ലയോ എന്നതു പ്രശ്നമല്ല. പ്രവാചകന്മാരും അത്ഭുതം പ്രവർത്തിച്ചിട്ടുണ്ട്. നിയമങ്ങൾ അനുസരിക്കുന്നോ ഇല്ലയോ എന്നതു ഗൗരവമായ കാര്യമാണ്. എന്നാൽ അതല്ല ഇവിടെ പ്രശ്നം. ഈ മനുഷ്യൻ തന്റെ വാക്കും പ്രവൃത്തിയും വഴി ഉന്നയിക്കുന്ന അവകാശവാദമാണ് പ്രശ്നത്തിന്റെ കാതൽ. അവൻ ദൈവത്തിന്റെ പുത്രനാണെന്ന് അവകാശപ്പെടുന്നു; ദൈവത്തിന്റെ തന്നെ അധികാരം പ്രയോഗിക്കുന്നു; ദൈവത്തിനു തുല്യനാണെന്നു സ്ഥാപിക്കുന്നു. അപ്പോൾ രണ്ടു ദൈവമോ?

അതുതന്നെയാണ് ചർച്ചയുടെ കേന്ദ്രം. ഔദ്യോഗികവിചാരണയുടെ അവസാനം പ്രധാനപുരോഹിതൻ ദൈവനാമത്തിൽ ആണയിട്ടു ചോദിച്ചു: നീ ദൈവപുത്രനായ ക്രിസ്തു ആണോ? എന്നു ഞങ്ങളോടു പറയുക. യേശു അവനോടു പറഞ്ഞു: നീ പറഞ്ഞുവല്ലോ. എന്നാൽ ഞാൻ നിന്നോടു പറയുന്നു, ഇപ്പോൾ മുതൽ മനുഷ്യപുത്രൻ ശക്തിയുടെ വലത്തുഭാഗത്ത് ഉപവിഷ്ടനായിരിക്കുന്നതും വാനമേഘങ്ങളിൽ വരുന്നതും നിങ്ങൾ കാണും." (മത്താ 26,63-64). പ്രഖ്യാപനം വ്യക്തമായിരുന്നു. സംശയത്തിനു പഴുതില്ല. ദൈവത്തോടുള്ള തുല്യതയിൽ കുറഞ്ഞതൊന്നുമല്ല യേശു അവകാശപ്പെടുന്ന വ്യക്തിത്വം. അതു മനസ്സിലാക്കിയ പ്രധാനപുരോഹിതൻ താൻ കേട്ടതു ദൈവദൂഷണമാണെന്നു പ്രഖ്യാപിക്കാൻ വസ്ത്രം കീറി. സാൻഹദ്രിൻ സംഘം ഒന്നടങ്കം അവനു വധശിക്ഷ വിധിച്ചു.

യഹൂദമതത്തിന്റെ മൂലക്കല്ലായ ഏകദൈവവിശ്വാ

സത്തിലാണ് ഇവിടെ പൊളിച്ചുപണി നടക്കുന്നത്. ദൈവം ഒരുവൻ മാത്രമേയുള്ളൂ എന്ന അടിസ്ഥാന വിശ്വാസത്തിലേക്ക് എങ്ങനെയാണ് യേശുവിന്റെ അവകാശവാദവും വെളിപ്പെടുത്തലും കൂട്ടിച്ചേർക്കുക? ഏകത്വത്തിൽ ബഹുത്വം, ഏകദൈവം ത്രിത്വം എന്ന സത്യം അവർക്കു മനസ്സിലാക്കാനോ സ്വീകരിക്കാനോ കഴിഞ്ഞില്ല. അതിനാൽത്തന്നെ യേശുവിന്റെ വാക്കും പ്രവൃത്തിയും കടുത്ത ദൈവനിന്ദയായേ അവർക്കു കാണാൻ കഴിഞ്ഞുള്ളൂ. തികച്ചും നൂതനവും അടിസ്ഥാനപരവുമായ ഒരു മതാത്മകത, ഒരു വിശ്വാസം - അതാണ് യേശു കൊണ്ടുവരുന്നത്. ഈ നൂതന വീക്ഷണം ജനജീവിതത്തിന്റെ എല്ലാ മേഖലകളിലും പൊളിച്ചെഴുത്തുകൾ ആവശ്യപ്പെടും. രാഷ്ട്രീയവും സാമൂഹികവും മതപരവുമായ എല്ലാ മേഖലകളെയും യേശു സ്പർശിച്ചതും അഴിച്ചുപണിതതും പുതിയ മതാത്മകത എന്ന കേന്ദ്രത്തിൽ നിന്നുകൊണ്ടാണ്. ഇതിനെ ഗ്രഹിക്കാൻ യേശു നയിച്ച വിപ്ലവത്തിന്റെ ഉള്ളിലേയ്ക്ക് ഇനിയും ചൂഴ്ന്നിറങ്ങേണ്ടിയിരിക്കുന്നു. സംവിധാനങ്ങളുടെയും ഘടനകളുടെയും തലങ്ങളിൽ നിന്ന് മൂല്യങ്ങളുടെ തലത്തിലേക്കു കടന്നുവരണം.

5



# തെറ്റിദ്ധരിക്കപ്പെട്ട വിപ്ലവം

ഒരു കലാപകാരിയുടേതിനു നിരക്കാത്ത പല പ്രവർത്തനങ്ങളും പഠനങ്ങളും സുവിശേഷകന്മാർ രേഖപ്പെടുത്തിയിട്ടുണ്ട്. ഇത് യേശു ചിത്രത്തെ നിരുപദ്രവകരവും നിഷ്ക്കളങ്കവും ആക്കി അവതരിപ്പിക്കാൻ വേണ്ടി സുവിശേഷകന്മാർ നടത്തിയ മിനുക്കുപണികളല്ല, ചരിത്രവസ്തുതകളാണെന്നു പരിശോധനയിൽ തെളിയും.

യേശു ഒരു ജനകീയവിചാരണയ്ക്കു വിധേയനായതായി സുവിശേഷങ്ങൾ എല്ലാം രേഖപ്പെടുത്തിയിട്ടുണ്ട്. എന്തേ ജനം യേശുവിനെ വധിക്കാനും ബാറബാസിനെ മോചിപ്പിക്കാനും തീരുമാനിച്ചു? ബാറബാസ് തീവ്രവാദസംഘടനയുടെ അംഗമായിരുന്നു എന്നതിൽ സംശയമില്ല. റോമാക്കാരിൽനിന്നു സ്വാതന്ത്ര്യം നേടാനുള്ള ജനകീയദാഹത്തിന്റെ പ്രതിനിധിയായിരുന്നു ബാറബാസ്. തങ്ങളുടെ താത്പര്യങ്ങളെ പ്രതിനിധാനം ചെയ്യുന്ന ഒരു വ്യക്തിയായിട്ടാണ് ജനം ബറാബാസിനെ കണ്ടത്. യേശുവിനെയും ബാറബാസിനെയും തമ്മിൽ താരതമ്യം ചെയ്തപ്പോൾ സ്വാതന്ത്ര്യമോഹികളായ യഹൂദർക്ക് ബാറബാസ് കൂടുതൽ സ്വാകാര്യനായി അനുഭവപ്പെട്ടു. ബാറബാസിനെ മോചിപ്പിക്കാൻ ആഗ്രഹിച്ച തീവ്രവാദിസംഘടനാംഗങ്ങളും യേശുവിനെ നശിപ്പിക്കാൻ ആഗ്രഹിച്ച മത

നേതാക്കളും ഇവിടെ ജനത്തെ സ്വാധീനിച്ചു എന്നതിൽ സംശയ മില്ല. എന്നാലും ഒരു കാര്യം ഇവിടെ തെളിഞ്ഞുവരുന്നു. യഹൂദ ജനം ആഗ്രഹിച്ച സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള വിപ്ലവം നയി ക്കാൻ യേശുവിനെക്കാൾ ബാറബാസാണ് മെച്ചം എന്നാണ് ജനം വിധി എഴുതിയത്. ചുരുക്കത്തിൽ ബാറബാസിനെപ്പോലെ ഒരു വിപ്ലവകാരിയായിരുന്നില്ല യേശു.

നഗരത്തിൽ കലാപമുണ്ടാക്കുകയും കൊലപാതകം നട ത്തുകയും ചെയ്ത ഒരു വ്യക്തിയായിരുന്നു ബാറബാസ്. എന്നാൽ യേശുവിന്റെ പേരിൽ ഇങ്ങനെ ഒരാരോപണം പോലും ഉന്നയിക്ക പ്പെടുന്നില്ല. യേശു യാതൊരു കലാപവും സൃഷ്ടിച്ചതായി ആരും പറയുന്നില്ല. ഒരു കൊലപാതകത്തിലും യേശുവിനോ അനുയാ യികൾക്കോ പങ്കുമില്ല. ഒരു സായുധസേനയെ യേശു സജ്ജമാ ക്കിയില്ല. ഒരു സായുധസംഘട്ടനത്തിന് ഒരുങ്ങിയിരുന്നില്ല എന്നു വ്യക്തം. ഗദ്സമനിയിൽവച്ച് ഒരു സംഘട്ടനമുണ്ടായി. പക്ഷേ, അത് യേശു അംഗീകരിച്ചതായിരുന്നില്ല. വാളെടുത്ത പത്രോസിനെ യേശു വിലക്കുകയാണു ചെയ്തത്. "വാൾ അതിന്റെ ഉറയിലിടുക: വാളെടുക്കുന്നവർ വാളാൽ നശിക്കും" (മത്താ 26,52).

"വാളില്ലാത്തവൻ ഉടുപ്പു വിറ്റു വാൾ വാങ്ങട്ടെ" എന്ന യേശു വചനം ഇവിടെ ശ്രദ്ധാർഹമാണ്. യുദ്ധത്തിനുപയോഗിക്കുന്ന വാൾ എന്നാണ് ശിഷ്യന്മാർ അതിൽ നിന്നു മനസ്സിലാക്കിയത്. അങ്ങ നെയാണ് ഇന്നും പലരും ഈ വചനത്തെ വ്യാഖ്യാനിക്കുന്നതും. "കർത്താവേ, ഇതാ ഇവിടെ രണ്ടു വാളുണ്ട്" (ലൂക്കാ 22:33) എന്നു പറഞ്ഞ ശിഷ്യന്മാർക്ക് "മതി" എന്നാണ് യേശു ഉത്തരം നല്കുക. മരണത്തിന്റെ തലേ രാത്രിയിലാണീ സംഭവം. താൻ ഒറ്റിക്കൊടു ക്കപ്പെടാൻ പോകുന്നു എന്നു വ്യക്തമായി മനസ്സിലാക്കിയ യേശു വാണിതു പറയുക. യഹൂദ നേതാക്കന്മാരും റോമൻ അധികാരിയും തന്റെ ജീവനു നോട്ടമിട്ടിരിക്കുകയാണെന്നും ഉടനെ തന്നെ അവർ തനിക്കെതിരേ നീങ്ങുമെന്നും അറിയാമായിരുന്ന യേശുവാണ് ശിഷ്യന്മാരോട് വാൾ വാങ്ങാൻ പറയുന്നത്. അന്നു രാത്രിയുണ്ടാ കാൻ പോകുന്ന പ്രതിസന്ധിയിൽ സ്വയരക്ഷയ്ക്കാവശ്യമായ വാൾ വാങ്ങാനാണ് യേശു ഉദ്ദേശിക്കുന്നതെന്നു വിശ്വസിക്കുക പ്രയാസം. തന്നെയുമല്ല, രണ്ടുവാൾ ഉണ്ടെങ്കിൽ അതുമതി എന്നു പറയുന്ന തിന്റെ അർത്ഥമെന്താണ്? പന്ത്രണ്ടു പേരടങ്ങുന്ന ഒരു സംഘം രണ്ടു വാൾകൊണ്ട് ശത്രുക്കളെ നേരിടാൻ ശക്തമാണെന്നു വിശ്വ

സിക്കണമെങ്കിൽ ആ വ്യക്തിക്കു സുബോധം നഷ്ടപ്പെട്ടിരിക്കണം. അന്നു രാത്രിയെക്കുറിച്ചോ ഉടനെ ഉണ്ടാകാൻ പോകുന്ന പ്രതിസന്ധിയെക്കുറിച്ചോ അല്ല യേശു പ്രതിപാദിക്കുന്നതെന്നു വ്യക്തം. ഈ വചനം രേഖപ്പെടുത്തിയിരിക്കുന്ന സാഹചര്യം കണക്കിലെടുത്താലേ ഇതിന്റെ അർത്ഥം ഗ്രഹിക്കാനാവൂ.

യേശു തന്റെ ശിഷ്യന്മാരോടു വിടവാങ്ങുന്ന അവസരത്തിൽ നല്കുന്ന അന്തിമോപദേശത്തിന്റെ ഭാഗമാണ് ഈ വാക്യം. പെസഹാ ആഘോഷത്തിന്റെ പശ്ചാത്തലത്തിൽ തന്റെ രക്തത്താൽ ഉറപ്പിക്കപ്പെടുന്ന പുതിയ ഉടമ്പടി സ്ഥാപിച്ചതിനുശേഷം ആസന്നമായിരിക്കുന്ന തന്റെ മരണത്തെക്കുറിച്ച് യേശു ശിഷ്യന്മാരെ ഓർമ്മിപ്പിച്ചു (ലൂക്കാ 22,14-23). ശിഷ്യന്മാർക്കുണ്ടായിരിക്കേണ്ട പുതിയ മനോഭാവം - സേവനത്തിന്റേതായ മനോഭാവം - ഒരിക്കൽകൂടി ആവർത്തിച്ചു പറഞ്ഞു (ലൂക്ക 22,24-30). വിജാതീയരുടേതിൽ നിന്നു വ്യത്യസ്തമായിരിക്കണം അവരുടെ ഇടയിലെ അധികാരസംവിധാനം. ആസന്നമായിരിക്കുന്ന യേശുവിന്റെ മരണം ശിഷ്യന്മാർക്കു വലിയൊരു വിശ്വാസപ്രതിസന്ധിയായിരിക്കും. എല്ലാവരുടെയും വിശ്വാസം നഷ്ടപ്പെടാൻ സാധ്യതയുള്ള പ്രലോഭനത്തിന്റെ നിമിഷങ്ങളാണവ. "സാത്താൻ നിങ്ങളെ പതിരുപോലെ പാറ്റാൻ ഉദ്യമിച്ചു. നിന്റെ വിശ്വാസം ക്ഷയിക്കാതിരിക്കാൻ ഞാൻ നിനക്കുവേണ്ടി പ്രാർത്ഥിച്ചു. നീ തിരിച്ചുവന്ന് നിന്റെ സഹോദരന്മാരെ ശക്തിപ്പെടുത്തണം"(ലൂക്ക 22, 31-32). ശിഷ്യപ്രധാനനായ പത്രോസുപോലും യേശുവിനെ തള്ളിപ്പറയുന്ന നിമിഷങ്ങളാണ് അടുത്തു വരുന്നത്. ഉടനെ സംഭവിക്കാൻ പോകുന്ന ഈ പ്രതിസന്ധി വലിയൊരു സംഘട്ടനത്തിന്റെ തുടക്കം മാത്രമാണ്.

യേശുവിന്റെ ഐഹിക ജീവിതകാലത്ത് ശിഷ്യന്മാർക്കു പരിപൂർണ്ണ സംരക്ഷണം ലഭിച്ചിരുന്നു. "ഞാൻ നിങ്ങളെ മടിശ്ശീലയോ ഭാണ്ഡമോ ചെരുപ്പോ ഇല്ലാതെ അയച്ചപ്പോൾ നിങ്ങൾക്ക് എന്തിനെങ്കിലും കുറവുണ്ടായോ? 'ഒന്നിനും കുറവുണ്ടായില്ല' അവർ പറഞ്ഞു"(ലൂക്കാ 22,35). ഗലീലിയിലെ പ്രേഷിതപ്രവർത്തനത്തെക്കുറിച്ചാണ് (ലൂക്ക 9,1-6; 10,1-12) ഇവിടെ സൂചന. അന്ന് അവർ സന്തോഷത്തോടെ മടങ്ങിവന്നു. പിശാചുക്കൾ പോലും തങ്ങൾക്കു കീഴ്പ്പെടുന്നതുകണ്ട് അവർ വിസ്മയിച്ചു. "ഇതാ പാമ്പുകളുടെയും തേളുകളുടെയും ശത്രുവിന്റെ സകല ശക്തികളുടെയും മീതേ ചവിട്ടി നടക്കാൻ നിങ്ങൾക്കു ഞാൻ അധികാരം തന്നിരി

ക്കുന്നു. ഒന്നും നിങ്ങളെ ഉപദ്രവിക്കുകയില്ല"(ലൂക്കാ10,19). "ശത്രു" എന്നതുകൊണ്ട് സാത്താനെയാണ് ഉദ്ദേശിക്കുന്നത്. ദൈവരാജ്യം ഈ ഭൂമിയിൽ ഒരു യാഥാർത്ഥ്യമാകുന്നതിന് വിരുദ്ധമായി നില്കുന്ന ശക്തിയാണ് സാത്താൻ.

പരസ്യജീവിതത്തിന്റെ ആരംഭത്തിൽത്തന്നെ യേശു സാത്താനെ പരാജയപ്പെടുത്തി. പ്രലോഭനങ്ങളുടെ അവസാനം സാത്താൻ "അവനെ നിശ്ചിതകാലത്തേക്കു വിട്ടുപോയി" (ലൂക്കാ 4,13). സാത്താൻ പീഡാനുഭവത്തിന്റെ ആരംഭത്തിൽ മടങ്ങിവരുന്നു. "പന്ത്രണ്ടുപേരിൽ ഒരുവനും സ്കറിയോത്ത എന്നു വിളിക്കപ്പെടുന്നവനുമായ യൂദാസിൽ സാത്താൻ പ്രവേശിച്ചു" (ലൂക്കാ 22,3). ഈ രണ്ടു സംഭവങ്ങൾക്കു മധ്യേയാണ് യേശുവിന്റെ പരസ്യജീവിതം. പരസ്യജീവിതകാലത്ത് സാത്താൻ നിഷ്ക്രിയനായിരുന്നു. എന്നാൽ പീഡാനുഭവത്തിന്റെ ആരംഭത്തോടെ സാത്താൻ വീണ്ടും പ്രവർത്തനനിരതനാകുന്നു എന്ന പ്രതീതിയാണ് ലൂക്കാ നല്കുന്നത്. യേശുവിന്റെ പീഡാനുഭവത്തോടെ ശിഷ്യന്മാർ വലിയൊരു പ്രതിസന്ധിയിൽ അകപ്പെടുകയായി. മരണംവഴി യേശു ശിഷ്യന്മാരിൽനിന്ന് ശാരീരികമായി അകറ്റപ്പെടുന്നു. ഇനി മടങ്ങി വരുന്നതുവരെയുള്ള കാലം സഭയുടെ കാലമാണ്. ഈ കാലമത്രയും യേശുശിഷ്യന്മാർ സാത്താന്റെ ശക്തമായ പ്രലോഭനങ്ങളെ നേരിടേണ്ടിവരും. പീഡാസഹനത്തിന്റെ തുടക്കത്തിൽത്തന്നെ ഈ പ്രലോഭനം ആരംഭിച്ചു കഴിഞ്ഞു.

ഈ കാഴ്ചപ്പാടിൽ നിന്നുകൊണ്ടാണ് ഉടുപ്പു വിറ്റു വാൾ വാങ്ങാനുള്ള ആഹ്വാനം മനസ്സിലാക്കേണ്ടത്. വിശ്വാസത്യാഗത്തിനു ശിഷ്യന്മാരെ പ്രലോഭിപ്പിക്കുന്ന സാത്താന്റെ ശക്തികൾക്കെതിരേ വാൾ വാങ്ങുക എന്നു പറഞ്ഞാൽ വിശ്വാസത്തിൽ ശക്തിപ്പെടുക എന്നു മാത്രമേ അർത്ഥമാവുകയുള്ളൂ. വാളുപയോഗിച്ചല്ല വിശ്വാസത്തിൽ സ്ഥിരത പ്രാപിക്കുക. അതിനുള്ള മാർഗ്ഗം യേശുതന്നെ തുടർന്ന് ഉപദേശിക്കുന്നുണ്ട്. "നിങ്ങൾ പരീക്ഷയിൽ ഉൾപ്പെടാതിരിക്കാൻ പ്രാർത്ഥിക്കുവിൻ" (ലൂക്കാ 22,40). പ്രാർത്ഥിക്കുന്നതിനുപകരം ഉറങ്ങിയ പത്രോസും കൂട്ടരും പ്രലോഭനത്തിൽ ഉൾപ്പെടുക തന്നെ ചെയ്തു. അവസാനനിമിഷത്തിലെ ആയുധപ്രയോഗം അവരെ രക്ഷിച്ചില്ല. ഇങ്ങനെ ലൂക്കാ സുവിശേഷകന്റെ പൊതുവായ കാഴ്ചപ്പാടിൽ നിന്നു നോക്കുമ്പോൾ വാൾ വാങ്ങാനുള്ള കല്പന അക്ഷരാർത്ഥത്തിലല്ല മനസ്സിലാക്കേണ്ടത് എന്നു വ്യക്തമാകും.

ആയുധപ്രയോഗം കൊണ്ട് നടപ്പിലാക്കാവുന്ന ഒരു വിപ്ല വമല്ല യേശു വിഭാവനം ചെയ്തത് എന്നു വ്യക്തമാക്കുന്ന സംഭവ ങ്ങൾ വേറെയുമുണ്ട്. തീവ്രവാദികളെ ശിഷ്യഗണത്തിൽ ചേർത്തെ ങ്കിലും അവരുടെ ആശയങ്ങളെയും ആദർശങ്ങളെയും അംഗീക രിക്കുകയും പ്രോത്സാഹിപ്പിക്കുകയുമല്ല യേശു ചെയ്തത്. വഴിത ടഞ്ഞ സമറിയാക്കാരുടെ മേൽ അഗ്നിയിറക്കാൻ ശ്രമിച്ച ശിഷ്യ ന്മാരെ തടഞ്ഞു: "അവൻ തിരിഞ്ഞ് അവരെ ശാസിച്ചുകൊണ്ടു പറഞ്ഞു: ഏതു വിധത്തിലുള്ള ആത്മാവാണു നിങ്ങൾക്കുള്ളതെന്നു നിങ്ങൾ അറിയുന്നില്ല എന്തെന്നാൽ, മനുഷ്യരുടെ ജീവൻ നശിപ്പി ക്കാനല്ല, അവരെ രക്ഷിക്കാനാണ് മനുഷ്യപുത്രൻ വന്നത്" (ലൂക്കാ 9,56). പരസ്യജീവിതകാലത്തുടനീളം ശിഷ്യന്മാർക്കു നിരന്തരമായ പരിശീലനം നല്കുന്ന യേശു അവരെ അക്രമരാഹിത്യത്തിലേക്കും അഹിംസയിലേക്കും നയിക്കുന്നതായി കാണാം.

യേശു നല്കുന്ന പുതിയ ഉപദേശം ഒരു രാഷ്ട്രീയവിപ്ലവ കാരിയുടേതായിരുന്നില്ല. "കണ്ണിനുപകരം കണ്ണ്, പല്ലിനു പകരം പല്ല്" എന്ന ചിന്താഗതി ദൈവികനിയമമായി പഠിപ്പിച്ചിരുന്ന ഒരു സമൂഹത്തിൽ യേശു നല്കുന്ന പാഠം നേരെ വിപരീതമാണ്. "ശത്രു ക്കളെ സ്നേഹിക്കുവിൻ. നിങ്ങളെ ദ്വേഷിക്കുന്നവർക്കു നന്മ ചെയ്യു വിൻ, ശപിക്കുന്നവരെ അനുഗ്രഹിക്കുവിൻ, അധിക്ഷേപിക്കുന്ന വർക്കു വേണ്ടി പ്രാർത്ഥിക്കുവിൻ, ഒരു ചെകിടത്ത് അടിക്കുന്നവന് മറ്റേ ചെകിടുകൂടി കാണിച്ചു കൊടുക്കുവിൻ. മേലങ്കി എടുക്കുന്ന വനെ കുപ്പായം കൂടി എടുക്കുന്നതിൽനിന്നു തടയരുത്. നിന്നോടു ചോദിക്കുന്ന ഏതൊരുവനും കൊടുക്കുക. നിന്റെ വസ്തുക്കൾ എടുത്തുകൊണ്ടുപോകുന്നവനിൽ നിന്ന് തിരിയെ ചോദിക്കരുത്." (ലൂക്കാ 6,27-31). ഏതാദൃശമായ പഠനങ്ങൾ സായുധസമരത്തിന് അണികളെ ഒരുക്കുന്ന ഒരു കലാപകാരിയുടേതല്ല. വിപ്ലവകരമാണ് ഈ പഠനം; സംശയമില്ല. പക്ഷേ, ആയുധമുപയോഗിച്ചു നടപ്പിലാ ക്കാവുന്ന ഒരു വിപ്ലവമല്ല അതെന്നുമാത്രം.

വാക്കുകളിൽ മാത്രമല്ല, പ്രവൃത്തിയിലും ഈ പുതിയ മനോ ഭാവം യേശു പ്രകടമാക്കിയിരുന്നു. കുരിശിൽ തറച്ചതിനുശേഷം വിജയം ആഘോഷിച്ചുകൊണ്ട് തന്നെ അവഹേളിച്ച എതിരാളി കളെ വെറുക്കുകയല്ല അവർക്കുവേണ്ടി പ്രാർത്ഥിക്കുകയാണ് യേശു ചെയ്യുക: "പിതാവേ, ഇവരോടു ക്ഷമിക്കണമേ, ഇവർ ചെയ്യുന്ന

തെന്തെന്ന് ഇവർ അറിയുന്നില്ല" (ലൂക്കാ 23,34). ജീവനെക്കാളേറെ സ്വാതന്ത്ര്യത്തെ വിലമതിച്ചിരുന്ന യഹൂദർ റോമക്കാരെ ശത്രുക്കളായിട്ടാണ് കരുതിയിരുന്നത്. എന്നാൽ ഈ ശത്രുതാമനോഭാവം യേശു വച്ചു പുലർത്തിയിരുന്നില്ല. രോഗിയായ സേവകനെ സുഖപ്പെടുത്തണം എന്ന യാചനയുമായി തന്നെ സമീപിച്ച റോമൻ ശതാധിപന്റെ വീട്ടിലേക്കു പോകാൻ യേശു തയ്യാറായി. വിജാതീയനും വിദേശ മേൽക്കോയ്മയുടെ പ്രതിനിധിയുമായ ആ ശതാധിപനെ യഹൂദരെക്കാൾ മെച്ചപ്പെട്ട ഒരു വിശ്വാസിയും ദൈവരാജ്യത്തിന് അർഹനുമായി ചിത്രീകരിക്കാനും യേശു മടിച്ചില്ല (മത്താ 8, 5-13). വർഗ്ഗീയചിന്ത അല്പം പോലും ഏശാത്തതായിരുന്നു യേശുവിന്റെ മനോഭാവം. പരിചിതമായ വിപ്ലവമാർഗ്ഗങ്ങളിൽനിന്നെല്ലാം വ്യത്യസ്തമായിരുന്നു യേശു വിഭാവനം ചെയ്ത വിപ്ലവം.

നിലവിലുള്ള സംവിധാനങ്ങളെയും ഘടനകളെയും പുറമേനിന്നുള്ള ബലപ്രയോഗത്തിലൂടെ തകിടം മറിച്ചതുകൊണ്ട് നേടിയെടുക്കാവുന്ന ഒരു പുതിയ സംവിധാനമല്ല യേശു വിഭാവനം ചെയ്തത്. നിലവിലുള്ള അധികാരത്തെ തകിടം മറിക്കാനോ അധികാരം പിടിച്ചെടുക്കാനോ ഉള്ള യാതൊരു കർമ്മപദ്ധതിയും യേശു ഉപദേശിച്ചതുമില്ല. അധികാരം പിടിച്ചുപറ്റാനുള്ള മാർഗ്ഗങ്ങളും സാഹചര്യങ്ങളും യേശു മനഃപ്പൂർവ്വം ഒഴിവാക്കുന്നതായി കാണാം. മരുഭൂമിയിലെ പ്രലോഭനങ്ങളെക്കുറിച്ചുള്ള സുവിശേഷകന്മാരുടെ പരാമർശം ഇതിന് ഉത്തമമായ ഉദാഹരണമാണ്.

സമാന്തരസുവിശേഷകന്മാർ മൂവരും ഈ പ്രലോഭനങ്ങളെക്കുറിച്ച് പറയുന്നുണ്ട്. മർക്കോസ് വളരെ പൊതുവായി "സാത്താനാൽ പരീക്ഷിക്കപ്പെട്ട് നാല്പതുദിവസം അവൻ മരുഭൂമിയിൽ വസിച്ചു" (മർക്കോ1,13) എന്നു മാത്രമേ പറയുന്നുള്ളൂ. മത്തായിയും ലൂക്കായും മൂന്നു പ്രത്യേക പ്രലോഭനങ്ങളെ വിവരിക്കുന്നുണ്ട്. പരസ്യജീവിതത്തിന്റെ ആരംഭത്തിൽ ഇപ്രകാരമൊരു പ്രലോഭനമുണ്ടായതായി യോഹന്നാൻ പറയുന്നില്ല. എന്നാൽ സമാന്തരസുവിശേഷകർ വിവരിക്കുന്ന വിധത്തിലുള്ള പ്രലോഭനങ്ങൾ പരസ്യജീവിതകാലത്തു നേരിടേണ്ടി വന്നതായ പരാമർശങ്ങൾ നാലാം സുവിശേഷത്തിലും കാണാം. ഏതെങ്കിലും ഒരു പ്രത്യേക മുഹൂർത്തത്തിൽ ഉണ്ടായ പ്രലോഭനങ്ങൾ മാത്രമല്ല പരസ്യജീവിതകാലത്തു മുഴുവൻ യേശു നേരിടേണ്ടി വന്ന പ്രതിസന്ധികളാണ് ഇവിടെ മൂന്നു പ്രത്യേക സംഭവങ്ങളായി മത്തായിയും ലൂക്കായും രേഖ

പ്പെടുത്തിയിരിക്കുന്നത് എന്ന കാര്യത്തിൽ ബൈബിൾ പഠിതാക്കൾ പൊതുവേ ഏകാഭിപ്രായക്കാരാണ്.

മത്തായിയും ലൂക്കായും വിവരിക്കുന്ന പ്രലോഭനങ്ങൾ മൂന്നും ഒരേ ആശയത്തിലാണ് കേന്ദ്രീകരിച്ചിരിക്കുന്നത്. മനുഷ്യരക്ഷ സാധ്യമാക്കാനുള്ള മാർഗ്ഗം എന്ത്? വിശക്കുന്നവർക്കാഹാരം നല്കുക, അത്ഭുതം പ്രവർത്തിക്കുക, അധികാരം പിടിച്ചടക്കുക ഇങ്ങനെ മൂന്നു വ്യത്യസ്തമാർഗ്ഗങ്ങളായി പ്രത്യക്ഷത്തിൽ തോന്നാമെങ്കിലും 'അധികാരം' എന്ന ഒരേഒരു കേന്ദ്രാശയമാണ് ഇവയ്ക്കു പിന്നിലുള്ളത്. മരുഭൂമിയിൽ വച്ച് കല്ലുകളിൽ നിന്ന് അപ്പം ഉത്പാദിപ്പിക്കാനുള്ള ആഹ്വാനം പുറപ്പാടു സംഭവത്തിലേക്കു ശ്രദ്ധ തിരിക്കുന്നു. മോശ മന്ന നല്കിയതുപോലെ ഇസ്രായേലിന്റെ പുതിയ രക്ഷകൻ അത്ഭുതകരമായി അപ്പം നല്കണം. എന്നാൽ ജനങ്ങൾ എല്ലാം ചുറ്റുംകൂടി അവനെ നേതാവായി സ്വീകരിക്കും. ഇത് ഒരു മിഥ്യാസങ്കല്പമല്ല, യേശുവിന്റെ ജീവിതത്തിൽ ഒരു യഥാർത്ഥ പ്രലോഭനമായിരുന്നു. മരുഭൂമിയിൽവച്ച് അപ്പം ഭക്ഷിച്ച് തൃപ്തരായ ജനക്കൂട്ടം പറഞ്ഞു: "ലോകത്തിലേക്കു വരാനിരുന്ന പ്രവാചകൻ സത്യമായും ഇവനാണ്" (യോഹ 6,14). ഉടനെ അവർ യേശുവിനെ രാജാവാക്കാൻ ശ്രമിക്കുകയാണു ചെയ്യുക. സാധാരണമായ അർത്ഥത്തിലുള്ള ഒരു വിപ്ലവകാരിയായിരുന്നു യേശുവെങ്കിൽ ഈ അവസരത്തെ ശരിക്കും ഉപയോഗിക്കുമായിരുന്നു. പക്ഷേ യേശു "തനിയേ മലമുകളിലേക്കു പിൻമാറി" (യോഹ 6,15). അപ്പം നല്കി അധികാരം പിടിച്ചു പറ്റുക യേശുവിന്റെ പദ്ധതിയിൽപ്പെട്ടതല്ല. തന്നെയുമല്ല, അപ്പത്തിനതീതമായ എന്തോ ഒന്നാണ് യേശുവിന്റെ പ്രവർത്തനലക്ഷ്യം. "മനുഷ്യൻ അപ്പംകൊണ്ടു മാത്രമല്ല, ദൈവത്തിന്റെ നാവിൽനിന്നു പുറപ്പെടുന്നഓരോ വാക്കുകൊണ്ടുമാണ് ജീവിക്കുന്നത്" (മത്താ 4,4). എന്ന പ്രഖ്യാപനംവഴി ദൈവത്തിലേക്കും ദൈവഹിതത്തിലേക്കും ശ്രദ്ധ തിരിച്ചുവിടുകയാണ് യേശു ചെയ്യുന്നത്.

അത്ഭുതപ്രവർത്തനവും ഇതേ അർത്ഥത്തിൽത്തന്നെയാണ് മനസ്സിലാക്കേണ്ടത്. "അത്ഭുതം" അടയാളമായിട്ടാണ് സുവിശേഷങ്ങൾ കാണുന്നത്. വരാനിരിക്കുന്ന രക്ഷകൻ എല്ലാവർക്കും കണ്ടു വിശ്വസിക്കത്തക്കവിധം അത്ഭുതം പ്രവർത്തിച്ച് തന്റെ ദൗത്യത്തെ സ്ഥിരീകരിക്കും എന്ന് യഹൂദർ വിശ്വസിച്ചിരുന്നു. "അവർ അവനെ പരീക്ഷിച്ചുകൊണ്ട് സ്വർഗ്ഗത്തിൽ നിന്നൊരടയാളം ആവ

ശ്യപ്പെട്ടു.''(മർക്കോ 8,11). ''ഞങ്ങൾ കണ്ടു വിശ്വസിക്കേണ്ടതിന് എന്ത ടയാളമാണ് നീ ചെയ്യുക?''(യോഹ 6,30). ഇവിടെയും ദൈവത്തിന്റെ രക്ഷാകരപദ്ധതിയെ ഊന്നിപ്പറഞ്ഞുകൊണ്ടാണ് യേശു പ്രതികരിക്കുന്നത്.

ലൗകികാധികാരം പിടിച്ചടക്കാനുള്ള ശ്രമമാണ് മൂന്നാമത്തെ പ്രലോഭനത്തിനു പിന്നിൽ. ''പിന്നെ പിശാച് അവനെ ഒരുയർന്ന സ്ഥലത്തേക്കു കൊണ്ടുപോയി. ഭൂമിയിലെ സകലരാജ്യങ്ങളും ക്ഷണനേരം കൊണ്ട് അവനു കാണിച്ചുകൊടുത്തു. പിശാച് അവനോടു പറഞ്ഞു. ഇവയുടെ മേൽ എല്ലാം അധികാരവും മഹത്ത്വവും നിനക്കു ഞാൻ തരാം. ഇതെല്ലാം എനിക്കു നല്കപ്പെട്ടിരിക്കുന്നു. എനിക്കിഷ്ടമുള്ളവർക്ക് ഞാൻ ഇതു കൊടുക്കുന്നു. നീ എന്നെ ആരാധിച്ചാൽ ഇവയെല്ലാം നിന്റേതാകും'' (ലൂക്കാ 4,5-7). ലൗകികാധികാരത്തിന്റെ തനിനിറം വ്യക്തമാക്കുന്നതാണ് പ്രലോഭകന്റേതായി ഇവിടെ അവതരിപ്പിച്ചിരിക്കുന്ന വാക്കുകൾ. ലോകത്തിന്റെ മേൽ ആധിപത്യം സ്ഥാപിക്കുകയും ലൗകികമഹത്ത്വം പിടിച്ചടക്കുകയും ചെയ്യുന്ന അധികാരം പൈശാചികമാണ്. അതു ദൈവനിഷേധത്തിനു തുല്യമാണ്. അധികാരത്തെക്കുറിച്ചുള്ള ഈ കാഴ്ചപ്പാടാണ് ഒരുപക്ഷേ ഏറ്റം വിപ്ലവകരം. മനുഷ്യൻ മനുഷ്യന്റെ മേൽ ആധിപത്യം സ്ഥാപിക്കുന്ന ഏതു സംവിധാനത്തെയും സമൂലം തിരസ്ക്കരിക്കുകയാണ് യേശു; തൽസ്ഥാനത്ത് ദൈവത്തിന്റെ സർവ്വാധിപത്യം ഏറ്റുപറയുകയും ''യേശു മറുപടി പറഞ്ഞു: നിന്റെ ദൈവമായ കർത്താവിനെ നീ ആരാധിക്കണം അവനെ മാത്രമേ നീ പൂജിക്കാവൂ'' (ലൂക്കാ 4,8).

അധികാരവും മഹത്ത്വവും സ്തുതിയും പുകഴ്ചയും ദൈവത്തിനു മാത്രമുള്ളതാണ്. ദൈവമാണു ജീവിതത്തിന്റെ കേന്ദ്രം; ദൈവമാണു പ്രപഞ്ചത്തിന്റെ നാഥൻ. മറ്റാരും ഈ നാഥത്വം ഏറ്റെടുക്കാൻ പാടില്ല. മറ്റാരുടെ മുമ്പിലും ഒരു മനുഷ്യനും പൂജയർപ്പിച്ചുകൂടാ. യഹൂദമതത്തിന്റെ അടിസ്ഥാനശിലയായ ഈ ഒന്നാം പ്രമാണമാണ് യേശു നയിച്ച വിപ്ലവത്തിന്റെ കേന്ദ്രസത്ത. ഈ കേന്ദ്രത്തിൽ നിന്നുകൊണ്ടാണ് എല്ലാ സംവിധാനങ്ങളെയും മനോഭാവങ്ങളെയും യേശു വീക്ഷിച്ചതും വിമർശിച്ചതും. ശിഷ്യന്മാർക്കു നല്കുന്ന അന്തിമോപദേശത്തിൽ ഇത് അവിടുന്നു വ്യക്തമാക്കുന്നുണ്ട്: ''വിജാതീയരുടെ മേൽ അവരുടെ രാജാക്കന്മാർ ആധിപത്യം അടിച്ചേല്പിക്കുന്നു. തങ്ങളുടെമേൽ അധികാരമുള്ളവരെ അവർ ഉപകാരികളായി കണക്കാക്കു

കയും ചെയ്യുന്നു. എന്നാൽ നിങ്ങൾ അങ്ങനെ ആയിരിക്കരുത്. നിങ്ങ ളിൽ ഏറ്റവും വലിയവൻ ഏറ്റവും ചെറിയവനെപ്പോലെയും അധികാ രമുള്ളവൻ ശുശ്രൂഷകനെപ്പോലെയും ആയിരിക്കണം'' (ലൂക്കാ 22,25-26).

ശരിക്കു മനസ്സിലാക്കിയാൽ മനുഷ്യജീവിതത്തിന്റെ എല്ലാ തലങ്ങളിലും കാതലായ വ്യതിയാനം വരുത്താൻ പോരുന്നതാണ് ഈ കാഴ്ചപ്പാട്. ഇവിടെ അധികാരക്കസേരകൾ തകിടം മറിയും. ശക്തന്മാർ സിംഹാസനങ്ങളിൽ നിന്നു താഴെയിറങ്ങും. അധികാരം ദൈവത്തിന്റേതു മാത്രമാണെന്നും മനുഷ്യരെല്ലാം തുല്യരാണെന്നും ഉള്ള കാഴ്ചപ്പാട് അംഗീകരിച്ചു കഴിയുമ്പോൾ സംവിധാനങ്ങളിലും ഘടനകളിലും മാറ്റമുണ്ടായേ തീരൂ. ഇതു പുറമെ നിന്നുള്ള അട്ടി മറിക്കലിലൂടെയല്ല, ആന്തരികമായ പരിവർത്തനത്തിലൂടെയാണ് സാധിക്കുക. അതിനാൽ മനുഷ്യന്റെ കേന്ദ്രസത്തയെ സ്പർശിക്കു ന്നതാണ് യേശുവിന്റെ വിപ്ലവപ്രസ്ഥാനം. ഇതു മനസ്സിലാക്കാതെ ബാഹ്യമായ ചില പരിവർത്തനങ്ങളിൽമാത്രം ശ്രദ്ധ കേന്ദ്രീകരി ച്ചാൽ യേശുവിന്റെ ചൈതന്യം ഗ്രഹിക്കാൻ കഴിയാതെപോകും.

കേന്ദ്രവത്തായ, സമൂലവും സമഗ്രവുമായ, ഈ വിപ്ലവം തുട ങ്ങുന്നത് സംവിധാനങ്ങളുടെ തലത്തിലല്ല, മൂല്യങ്ങളുടെ തലത്തി ലാണ്. ആയുധപ്രയോഗത്തിലൂടെ നേടിയെടുക്കാവുന്ന ഒന്നല്ല ഈ പരിവർത്തനം. യഥാർത്ഥ പരിവർത്തനം തുടങ്ങേണ്ടതു മനസ്സി ലാണ്. അതുകൊണ്ടാണ് മാനസാന്തരപ്പെടുവിൻ എന്ന ആഹ്വാന വുമായി യേശു തന്റെ പ്രവർത്തനം ആരംഭിച്ചത്. സന്തതസഹചാരിക ളായ ശിഷ്യന്മാർക്കു പോലും ഇതു ഗ്രഹിക്കാൻ കഴിഞ്ഞില്ല എന്ന ദുഃഖസത്യം സുവിശേഷകന്മാർ ആവർത്തിച്ചു രേഖപ്പെടുത്തിയിട്ടുണ്ട്. യേശു കുരിശിൽ സ്വയം ഹോമിക്കുമ്പോൾ മാത്രമേ യഥാർത്ഥ വിപ്ല വമാർഗ്ഗം അവർക്കുപോലും മനസ്സിലാകൂ! അധികാരത്തിലിരിക്കു ന്നവരെ ബലപ്രയോഗത്തിലൂടെ താഴെയിറക്കി അധികാരം കയ്യട ക്കുന്ന വിപ്ലവമല്ല യേശു പ്രഖ്യാപിച്ചത്. ജീവൻ ഹോമിച്ചുപോലും നേടിയെടുക്കേണ്ട അധികാരക്കസേരയല്ല യേശു ശിഷ്യന്മാർക്കു മുന്നിൽ വച്ചുനീട്ടുന്നത്. "ഞാൻ കുടിക്കുന്ന പാനപാത്രം നിങ്ങൾ കുടിക്കും; ഞാൻ സ്വീകരിക്കുന്ന സ്നാനം നിങ്ങൾ സ്വീകരിക്കും. എന്നാൽ എന്റെ വലത്തുവശത്തോ ഇടത്തുവശത്തോ ഇരിക്കാനുള്ള വരം തരേണ്ടതു ഞാനല്ല. അത് ആർക്കുവേണ്ടി സജ്ജമാക്കിയിരി ക്കുന്നുവോ അവർക്കുള്ളതാണ്'' (മർക്കോ 10,39-40).

ആദ്യന്തം തെറ്റിദ്ധരിക്കപ്പെട്ട ഒരു വ്യക്തിയായിരുന്നു യേശു. ദൈവത്തിന്റെ രാജത്വം പ്രഖ്യാപിച്ചവൻ രാജദ്രോഹിയായി, ദൈവത്തിന്റെ കാരുണ്യം പ്രഘോഷിച്ചവൻ ദൈവദൂഷകനായി. ശത്രുക്കളെ സ്നേഹിക്കാൻ പഠിപ്പിച്ചവൻ കലാപകാരിയായി. ഹൃദയപരിവർത്തനത്തിന് ആഹ്വാനം ചെയ്തവൻ അട്ടിമറിക്കാരനായി ചിത്രീകരിക്കപ്പെട്ടു. മതനേതാക്കളും രാഷ്ട്രീയനേതാക്കളും സാമാന്യജനവും മാത്രമല്ല സ്വന്തം ശിഷ്യന്മാർപോലും അവനെ മനസ്സിലാക്കിയില്ല. പുറമെ നിന്നു നോക്കുമ്പോൾ ഒരു വിപ്ലവകാരിയും ഭീകരപ്രവർത്തകനും സംവിധാനങ്ങളെ തകിടം മറിക്കുന്നവനുമായി തോന്നാമെങ്കിലും അല്പം അടുത്തുചെല്ലുമ്പോൾ പ്രത്യക്ഷമാകുന്ന ചിത്രം മറ്റൊന്നാണ്. “വിപ്ലവകാരി” എന്ന പേര് യേശുവിന്റെ വ്യക്തിത്വത്തിന്റെ ചില വശങ്ങളെ വിശദീകരിക്കാൻ ഉപയോഗപ്രദമാണെങ്കിലും സമഗ്രമായൊരു കാഴ്ചപ്പാടിന് ഈ പേര് തികച്ചും അപര്യാപ്തമാണ്. ദൈവത്തിന്റെ ആധിപത്യം ഊന്നിപ്പറയുകയും മനസ്സിന്റെയും മൂല്യങ്ങളുടെയും തലത്തിൽ പരിവർത്തനം ആവശ്യപ്പെടുകയും ചെയ്യുന്നത് ഒരു സാധാരണ വിപ്ലവകാരിയല്ല. പ്രവാചകനാണ്.

6



# ഗലീലിയിൽ നിന്നൊരു പ്രവാചകൻ

യേശു ആര് എന്ന ചോദ്യത്തിന് 'നസ്രത്തിൽ നിന്നൊരു വിപ്ലവകാരി' എന്ന ഉത്തരം തികച്ചും അപര്യാപ്തമാണെന്ന് കണ്ടു കഴിഞ്ഞു. ഉത്തരം തേടിയുള്ള പ്രയാണത്തിന്റെ അടുത്തഘട്ടത്തിൽ നാം കണ്ടെത്തുന്നത് "പ്രവാചകൻ" എന്ന വിശദീകരണമാണ്. യേശുവിന്റെ സമകാലീനരിൽ ഏറിയകൂറും അവിടുത്തെ ഒരു പ്രവാചകനായിട്ടാണ് കരുതിയിരുന്നത് എന്നതിനു മതിയായ സുവിശേഷസാക്ഷ്യങ്ങളുണ്ട്. അകലെനിന്നു കാണുകയും കേൾക്കുകയും ചെയ്ത നാട്ടുകാർ മാത്രമല്ല അടുത്തനുഗമിച്ച ശിഷ്യന്മാരും യേശുവിനെ ഒരു പ്രവാചകനായിട്ടാണ് മനസ്സിലാക്കിയത്. യേശുവിന്റെ തന്നെ ചില വാക്കുകൾ തന്റെ ദൗത്യത്തെ പ്രവാചകദൗത്യമായി വ്യാഖ്യാനിക്കുകയും തന്നെത്തന്നെ പ്രവാചകന്മാരുടെ ഗണത്തിൽപ്പെടുത്തുകയും ചെയ്യുന്നതാണ്. യേശുവിനെ പ്രവാചകനായി ചിത്രീകരിക്കുന്ന സുവിശേഷഭാഗങ്ങളിലേയ്ക്കാണ് അടുത്തതായി നാം ശ്രദ്ധ തിരിക്കുക.

ഇതുവരെ ചെയ്തതുപോലെ തന്നെ ഇവിടെയും ആദ്യമേ സുവിശേഷകന്മാർ നിരത്തുന്ന ചരിത്രവസ്തുതകളെ അപഗ്രഥിക്കുകയാവും നാം ചെയ്യുക. അതിലൂടെ ജനം, ശിഷ്യന്മാർ, യേശു

എന്നിവരുടെ കാഴ്ചപ്പാടുകളെ മനസ്സിലാക്കാൻ ശ്രമിച്ചതിനുശേഷം ഓരോ സുവിശേഷകന്മാരും 'യേശു പ്രവാചകൻ' എന്ന വിഷയത്തിനു കൊടുക്കുന്ന അർത്ഥവും പ്രാധാന്യവും കണ്ടെത്താൻ ശ്രദ്ധിക്കും. പുതിയ നിയമക്രിസ്തുവിജ്ഞാനീയത്തിൽ 'പ്രവാചകൻ' എന്ന സംജ്ഞയ്ക്കുള്ള പ്രാധാന്യവും ഇപ്രകാരമൊരു 'പ്രവാചകവിജ്ഞാനീയ'ത്തിന്റെ ആനുകാലിക പ്രസക്തിയും മനസ്സിലാക്കാനും യത്നിക്കുന്നതായിരിക്കും.

"ചിലർ അവനെ തുപ്പാനും അവന്റെ മുഖം മൂടിക്കെട്ടി മുഷ്ടികൊണ്ട് ഇടിക്കാനും നീ പ്രവചിക്കുക എന്ന് അവനോടു പറയാനും തുടങ്ങി. ഭൃത്യന്മാർ അവന്റെ ചെകിടത്തടിച്ചു"(മർക്കോ 11,65).

ആ ഭീകരരാത്രിയിൽ യഹൂദമതനേതൃത്വം അതിദയനീയമാം വിധം പരാജയപ്പെട്ടു. വിചാരണയെന്ന പ്രഹസനം അതിവേഗം അവസാനിപ്പിച്ച് ന്യായാധിപന്മാർ ആരാച്ചാരുടെ കർമ്മം ഏറ്റെടുക്കുകയായി. യേശുവിന്റെ മുഖത്തു തുപ്പിയതും മുഖം മൂടിക്കെട്ടിയടിച്ചതും സാൻഹദ്രിൻ സംഘാംഗങ്ങൾ തന്നെയാണെന്ന പ്രതീതിയാണ് സുവിശേഷകൻ നല്കുക. നേതാക്കന്മാർ തങ്ങളുടെ വെറുപ്പും വിദ്വേഷവും അതിഹീനമാംവിധം പ്രകടിപ്പിച്ചു. ദൈവദൂഷണം കേട്ടതിലുള്ള പ്രതിഷേധമോ, ദൈവദൂഷണം പറഞ്ഞവനോടുള്ള ധാർമ്മികരോഷമോ ന്യായീകരിക്കുന്നതല്ല ഈ പ്രവൃത്തി. തങ്ങളുടെ മുമ്പിൽ നിൽക്കുന്ന വ്യക്തിയുടെ നേരെയുള്ള അവജ്ഞയും ശത്രുതയും അതിന്റെ പാരമ്യത്തിൽ പ്രകടമാക്കുന്നതാണിത്. തുപ്പലിൽ കുതിർന്ന മുഖം മൂടിക്കെട്ടിയതിനു ശേഷം ഇടിച്ചുകൊണ്ട് അവർ പറഞ്ഞു: പ്രവചിക്കുക!

യേശു ഒരു പ്രവാചകനാണെന്ന പൊതുധാരണയാവും ഈ പരിഹാസത്തിനു പിന്നിലുള്ളത്. കണ്ണടച്ചാലും കാണാൻ കഴിയുന്നവനാകണമല്ലോ പ്രവാചകൻ. സകല മാന്യതയും മര്യാദയും മറന്ന് മതനേതാക്കന്മാർ ഹീനതയുടെ അടിത്തട്ടിലേയ്ക്കു വഴുതി വീണ ആ ഭീകരരാത്രിയിൽ യേശുവിനുനേരെ ഉയർത്തിയ വെല്ലുവിളി ഇതായിരുന്നു. 'പ്രവചിക്കുക!' നേതാക്കന്മാർ ഇപ്രകാരമൊരു വെല്ലുവിളി ഉയർത്തണമെങ്കിൽ യേശു ഒരു പ്രവാചകനാണെന്ന വിചാരം ജനത്തിനിടയിൽ പ്രചരിച്ചിരുന്നിരിക്കണം. യേശുവിനെ ഒരു പ്രവാചകനായിട്ടാണ് പൊതുജനം വീക്ഷിച്ചിരുന്നത് എന്നു വ്യക്തമാക്കുന്ന സുവിശേഷസാക്ഷ്യങ്ങൾ ഏറെയുണ്ട്.

മുന്തിരിത്തോട്ടത്തിലെ കൃഷിക്കാരുടെ ഉപമയിലൂടെ യഹൂദ നേതൃത്വത്തിന്റെമേൽ അന്തിമവിധി പ്രസ്താവിച്ച യേശുവിന്റെമേൽ കൈവയ്ക്കാൻ ശ്രമിച്ച അധികാരികളെ പിന്തിരിപ്പിച്ചത് ജനക്കൂട്ടത്തോടുള്ള ഭയമായിരന്നു (മത്താ 21,46). "കാരണം ജനങ്ങൾ അവനെ പ്രവാചകനായി പരിഗണിച്ചിരുന്നു." കഴുതപ്പുറത്തുകയറി ജറുസലേം നഗരിയിലേയ്ക്ക് രാജകീയമായി പ്രവേശിച്ച യേശുവിനു ചുറ്റും ജനക്കൂട്ടം ആർത്തിരമ്പി. പച്ചിലക്കമ്പുകളും മേലങ്കികളും വഴിയിൽ പരവതാനി വിരിച്ചപ്പോൾ ഹോസാന വിളികൾ അന്തരീക്ഷത്തിൽ അലയടിച്ചു. ജറുസലേം നഗരംമുഴുവൻ ഇളകിവശായി. ആരാണീ വരുന്നവൻ എന്ന ചോദ്യത്തിന് ജനം മറുപടി കൊടുത്തു. "ഇവൻ ഗലീലിയിലെ നസ്രത്തിൽനിന്നുള്ള പ്രവാചകനായ യേശുവാണ്" (മത്താ 21,11).

## യേശു പ്രവാചകൻ – പൊതുജനവീക്ഷണത്തിൽ

ജീവിതത്തിന്റെ അവസാന ദിവസങ്ങളിൽ ജറുസലെമിൽ വച്ചുമാത്രമല്ല യേശു പ്രവാചകനായി അറിയപ്പെടുക. ഗലീലിയിലെ പ്രവർത്തനങ്ങളുടെ അവസാനഘട്ടത്തിൽ യേശുവിനെക്കുറിച്ചുള്ള പൊതുജനാഭിപ്രായത്തെ വിലയിരുത്തുമ്പോഴും സുവിശേഷകന്മാർ ഈ ആശയം തന്നെയാണ് പ്രകടിപ്പിക്കുന്നത്. "ഞാൻ ആരെന്നാണ് ആളുകൾ പറയുന്നത്?" എന്ന യേശുവിന്റെ ചോദ്യത്തിന് ശിഷ്യന്മാർ മറുപടി പറഞ്ഞു: "ചിലർ സ്നാപകയോഹന്നാൻ എന്നും മറ്റുചിലർ ഏലിയാ എന്നും വേറെ ചിലർ പ്രവാചകന്മാരിൽ ഒരുവൻ എന്നും പറയുന്നു" (മർക്കോ 8,27). ചുരുക്കം ചില വ്യത്യാസങ്ങളോടെ ഈ അഭിപ്രായം ലൂക്കാ രേഖപ്പെടുത്തുമ്പോൾ യേശു ജറമിയായാണ് എന്ന ജനകീയാഭിപ്രായം മത്തായി കൂട്ടിച്ചേർക്കുന്നു (16,14). വിശദമായ അപഗ്രഥനത്തിലേയ്ക്കു കടക്കാതെതന്നെ ഒരു കാര്യം നിസ്സംശയം പറയാൻ കഴിയും – പൊതുജനദൃഷ്ടിയിൽ യേശു ഒരു പ്രവാചകനായിരുന്നു.

ഈ അഭിപ്രായം ഹേറോദേസിന്റെ പേടിസ്വപ്നവുമായി ബന്ധപ്പെടുത്തി മർക്കോസ് നേരത്തെ അവതരിപ്പിച്ചതാണ്. നസ്രത്തിൽ തിരസ്ക്കരിക്കപ്പെട്ട യേശു ശിഷ്യന്മാരുടെ സഹകരണത്തോടെ തന്റെ പ്രവർത്തനത്തെ ഗലീലി മുഴുവൻ വ്യാപിപ്പിച്ചപ്പോൾ ഹേറോദേസിന്റെ അരമനയിലും വാർത്തയെത്തി. പൊടുന്നനേ രംഗപ്രവേശം ചെയ്തിരിക്കുന്ന ഈ വ്യക്തിയെപ്പറ്റി ജനങ്ങൾ പല

അഭിപ്രായങ്ങളും പറഞ്ഞു. എന്നാൽ ഹേറോദേസിന് തീർച്ചയാണ്. താൻ തലവെട്ടിക്കൊന്ന സ്നാപകൻ ഉയിർത്തെഴുന്നേറ്റു വന്നതാണിവൻ എന്ന്. മായ്ക്കാനാവാത്ത രക്തക്കറയും മറക്കാനാവാത്ത കുറ്റബോധവും നിരന്തരം വേട്ടയാടിയിരുന്ന ഹേറോദേസിന് യോഹന്നാൻ ഒരു പേടിസ്വപ്നമായിരുന്നു. മരിച്ചുകഴിഞ്ഞപ്പോൾ അവൻ കൂടുതൽ അപകടകാരിയായി. അന്ധവിശ്വാസിയും ഭീരുവുമായ ഈ സ്വേഛാധിപതിയുടെ അഭിപ്രായത്തോടനുബന്ധിച്ചാണ് മർക്കോസ് ആദ്യമായി യേശുവിനെക്കുറിച്ചുള്ള പൊതുജനത്തിന്റെ വിലയിരുത്തൽ അവതരിപ്പിക്കുന്നത്: " ചിലർ പറഞ്ഞു. സ്നാപകയോഹന്നാൻ മരിച്ചവരിൽനിന്ന് ഉയിർപ്പിക്കപ്പെട്ടിരിക്കുന്നു. അതുകൊണ്ടാണ് അത്ഭുതകരമായ ഈ ശക്തികൾ ഇവനിൽ പ്രവർത്തിക്കുന്നത്. മറ്റുചിലർ പറഞ്ഞു: പ്രവാചകരിൽ ഒരുവനെപ്പോലെ ഇവനും ഒരു പ്രവാചകനാണ്" (മർക്കോ 14,15). ഏതാണ്ട് ഇതേ വാക്കുകളിൽതന്നെ ലൂക്കായും ഈ അഭിപ്രായ പ്രകടനം രേഖപ്പെടുത്തിയിട്ടുണ്ട് (ലൂക്കാ 9,7-9).

യേശുവിനെക്കുറിച്ചുള്ള പൊതുവായ വിലയിരുത്തലാണ് മേലുദ്ധരിച്ച ഭാഗങ്ങളിലെല്ലാം കണ്ടത്. എന്നാൽ വ്യക്തികൾ യേശുവിനെ പ്രവാചകനായി ഏറ്റുപറയുകയോ, ആ ധാരണയെ ചോദ്യം ചെയ്യുകയോ ചെയ്യുന്ന സംഭവങ്ങളും സുവിശേഷങ്ങളിൽ കാണാം. സിക്കാർ എന്ന പട്ടണത്തിലെ കിണറ്റിൻ കരയിൽവച്ച് യേശു ഒരു സമറിയാക്കാരി സ്ത്രീയെ കണ്ടുമുട്ടി. തുടർന്നുണ്ടായ സംഭാഷണത്തിനിടയിൽ അവളുടെ കഴിഞ്ഞകാലത്തിലേയ്ക്ക് യേശു വിരൽ ചൂണ്ടി: "എനിക്കു ഭർത്താവില്ലാ എന്നു നീ പറഞ്ഞതു ശരിയാണ്. നിനക്ക് അഞ്ചു ഭർത്താക്കാന്മാരുണ്ടായിരുന്നു. ഇപ്പോഴുള്ളവൻ നിന്റെ ഭർത്താവല്ല. നീ പറഞ്ഞതു സത്യമാണ് " (യോഹ 4,19). തന്റെ ഗതകാല ചെയ്തികൾ അറിയാൻ കഴിഞ്ഞ ഈ വ്യക്തി ഒരു അസാധാരണ മനുഷ്യനാണെന്നു മനസ്സിലാക്കിക്കൊണ്ട് അവൾ പറഞ്ഞു: "പ്രഭോ, അങ്ങ് ഒരു പ്രവാചകനാണെന്ന് ഞാൻ മനസ്സിലാക്കുന്നു" (യോഹ 4,19). രഹസ്യങ്ങൾ അറിയാൻ കഴിവുള്ളവനാണ് പ്രവാചകൻ എന്ന വിശ്വാസമാണ് സമരിയാക്കരിയുടെ പ്രഖ്യാപനത്തിൽനിന്നു നമുക്കു ലഭിക്കുക. തുടർന്നുള്ള അവളുടെ ചോദ്യം പ്രവാചകന്റെ ദൗത്യത്തിലേക്ക് വിരൽ ചൂണ്ടുന്നതാണ്. "ഞങ്ങളുടെ പിതാക്കന്മാർ ഈ മലയിൽ ആരാധന നടത്തി, എന്നാൽ യഥാർത്ഥമായ ആരാധനസ്ഥലം ജറുസലേമിലാണെന്ന്

നിങ്ങൾ പറയുന്നു" (യോഹ 4,20). വിവാദവിഷയമായ ആരാധനാ സ്ഥലത്തെക്കുറിച്ച് ആധികാരികമായ ഒരു തീരുമാനം ഈ പ്രവാചകൻ നല്കും എന്ന പ്രതീക്ഷയാണ് ഈ വാക്കുകൾക്കു പിന്നിലുള്ളത്.

നിയമപരമായ സംശയങ്ങൾക്കെല്ലാം അന്തിമമായ ഉത്തരം നല്കാൻ ഒരു പ്രവാചകൻ വരും എന്ന് സമറിയാക്കാർ വിശ്വസിച്ചിരുന്നു. 'താഹെബ്' - വരാനിരിക്കുന്നവൻ എന്നാണ് ആ പ്രവാചകൻ വിളിക്കപ്പെട്ടിരുന്നത്. മോശയെപ്പോലെ ഒരു പ്രവാചകൻ വീണ്ടും വരും എന്ന പഴയനിയമവാഗ്ദാനത്തിലാണ് (നിയമ 18, 15 –18) ഈ പ്രതീക്ഷ അവർ ഉറപ്പിച്ചിരുന്നത്. സോളമനുശേഷം യൂദയായിൽ നിന്നു വിട്ടുമാറി സ്വന്തമായൊരു രാജ്യം സ്ഥാപിച്ച ഇസ്രായേൽക്കാരുടെ പിൻമുറക്കാരായ സമറിയാക്കാർ പഞ്ചഗ്രന്ഥത്തെ മാത്രമേ ബൈബിളായി പരിഗണിച്ചിരുന്നുള്ളൂ. രക്ഷകനെക്കുറിച്ചുള്ള പ്രതീക്ഷകളും പഞ്ചഗ്രന്ഥത്തിലെ വാഗ്ദാനങ്ങളെ ആസ്പദമാക്കിയാണ് അവർ വളർത്തിയെടുത്തത്. യൂദാഭവനവുമായി ശത്രുതയിൽ കഴിഞ്ഞിരുന്ന അവർ ദാവീദിന്റെ ഗോത്രത്തിൽനിന്നുള്ള ഒരു രക്ഷകനെ പ്രതീക്ഷിച്ചിരുന്നില്ല. ഈ കാര്യത്തിൽ ഇസ്രായേൽക്കാരുടേതിൽ നിന്നു വ്യത്യസ്തമായിരുന്നു ദാവീദിനെക്കുറിച്ചുള്ള അവരുടെ കാഴ്ചപ്പാട്. ഇസ്രായേൽക്കാർ ദാവീദിന്റെ പുത്രനായ മിശിഹാരാജാവിനെ കാത്തുകഴിഞ്ഞപ്പോൾ സമറിയാക്കാർ മോശയെപ്പോലൊരു പ്രവാചകനെയാണ് പ്രതീക്ഷിച്ചത്. ദൈവത്തിന്റെ നിയമം ആധികാരികമായി പഠിപ്പിക്കുകയും ജനത്തെ സ്വാതന്ത്ര്യത്തിലേക്ക് നയിക്കുകയും ചെയ്യുകയാണ് ഈ പ്രവാചകന്റെ കർത്തവ്യം.

ഇപ്രകാരമൊരു പ്രവാചകനെ ഇസ്രായേൽജനവും പ്രതീക്ഷിച്ചിരുന്നു എന്നതിന് ബൈബിൾ ഗ്രന്ഥങ്ങളും റബ്ബിമാരുടെ ലിഖിതങ്ങളും സാക്ഷ്യം വഹിക്കുന്നുണ്ട്. സിറിയാക്കാർ അശുദ്ധമാക്കിയ ദേവാലയത്തെ യൂദാസ് മക്കെബെയൂസ് വീണ്ടെടുത്ത് വിശുദ്ധീകരിച്ചു. അപ്പോൾ ഒരു നിയമപ്രശ്നം പൊന്തിവന്നു. പന്നിമാംസം ബലിയർപ്പിക്കുകവഴി അശുദ്ധമാക്കപ്പെട്ട ബലിപീഠം എന്തു ചെയ്യണം? വിശുദ്ധമായ ബലിപീഠം നശിപ്പിക്കാൻ പാടില്ല. എന്നാൽ അശുദ്ധമാക്കപ്പെട്ടതിനാൽ അതിന്മേൽ ബലിയർപ്പിക്കാനും പാടില്ല. "വിജാതീയർ അശുദ്ധമാക്കിയ ബലിപീഠം തങ്ങൾക്ക് ആക്ഷേപകരമായിത്തീരാതിരിക്കേണ്ടതിന് അതു നശിപ്പിച്ചുകളയുക

തന്നെയാണ് വേണ്ടത് എന്ന് അവർ തീരുമാനിച്ചു. അതനുസരിച്ച് അവർ അതു തച്ചുടയ്ക്കുകയും അതിന്റെ കല്ലുകൾ എന്തുചെയ്യണം എന്ന് ഒരു പ്രവാചകൻ വന്നു നിർദ്ദേശിക്കുന്നതുവരെ അവ ദേവാലയം സ്ഥിതിചെയ്യുന്ന കുന്നിൽത്തന്നെ സൗകര്യപ്രദമായ ഒരു സ്ഥലത്തു സൂക്ഷിക്കുകയും ചെയ്തു" (1 മക്ക 4,45-46). മോശയെപ്പോലെ ഒരു പ്രവാചകൻ വരും എന്ന് എസ്സേൻ സന്ന്യാസികൾ വിശ്വസിച്ചിരുന്നതായി ഖുമ്റാൻ ചുരുളുകളും സാക്ഷ്യപ്പെടുത്തുന്നുണ്ട്. "സമൂഹനിയമങ്ങൾ" എന്നറിയപ്പെടുന്ന ചുരുളിൽ ഇപ്രകാരമൊരു പ്രവാചകനെക്കുറിച്ച് പരാമർശമുണ്ട് **(1Q 9,11)**"നീ പ്രവാചകനാണോ" (യോഹ 1,21) എന്ന് സ്നാപകയോഹന്നാനോടു ചോദിച്ച പുരോഹിതപ്രതിനിധികളും ഈ വിശ്വാസം വച്ചുപുലർത്തുന്നവരായിരുന്നു. പലസ്തീനായിൽ പൊതുവേ നിലനിന്ന ഈ പ്രതീക്ഷയുടെ പശ്ചാത്തലത്തിലാണ് യേശുവിനെ ജനങ്ങൾ പ്രവാചകനായി വീക്ഷിച്ചത്.

മരുഭൂമിയിൽവച്ച് അത്ഭുതകരമാംവിധം അപ്പം തിന്നു തൃപ്തരായ ജനം യേശുവിനു ചുറ്റും തിങ്ങിക്കൂടി ആർത്തുവിളിച്ചു: "ലോകത്തിലേക്കു വരാനിരുന്ന പ്രവാചകൻ സത്യമായും ഇവനാണ് " (യോഹ 6,14). ഇസ്രായേൽ ജനത്തെ ഈജിപ്തിലെ അടിമത്തത്തിൽനിന്നു സ്വാതന്ത്ര്യത്തിലേയ്ക്കു നയിച്ച മോശയെപ്പോലെ ഒരു പ്രവാചകനാണ് യേശു എന്ന് അവർ വിശ്വസിച്ചു. അതിനാലാണ് യേശുവിനെ രാജാവായി പ്രഖ്യാപിക്കാനും അവനു പിന്നിൽ അണിനിരക്കാനും ജനം തയ്യാറായത്. ജനക്കൂട്ടങ്ങൾക്ക് യേശു ഒരു പ്രവാചകനായിരുന്നു, ഇസ്രായേൽജനം കാത്തിരുന്ന പ്രവാചകൻ.

നായീനിലെ വിധവയുടെ ഏകമകനെ ഉയിർപ്പിച്ചപ്പോൾ ചുറ്റും നിന്ന ജനം ഏകസ്വരത്തിൽ ഉദ്ഘോഷിച്ചു: "ഒരു വലിയ പ്രവാചകൻ നമ്മുടെ ഇടയിൽ ഉദയം ചെയ്തിരിക്കുന്നു. ദൈവം തന്റെ ജനത്തെ സന്ദർശിച്ചിരിക്കുന്നു" (ലൂക്കാ 7,16). സറെഫ്ത്തായിലെ വിധവയുടെ മകനെ ഉയിർപ്പിച്ച ഏലിയായുടെ ചിത്രമാണ് ഇവിടെ കാണികളുടെ മനസ്സിൽ തെളിയുന്നത്. ഏലിയാ പ്രവർത്തിച്ച അത്ഭുതത്തെ ഓർമ്മിപ്പിക്കുന്ന വിധത്തിലാണ് ഈ സംഭവം ലൂക്കാ രേഖപ്പെടുത്തിയിരിക്കുന്നത്. അഗ്നിത്തേരിൽ സ്വർഗ്ഗത്തിലേയ്ക്ക് എടുക്കപ്പെട്ട ഏലിയാ (2 രാജാ 2,1-12) മടങ്ങിവരും എന്ന് ഇസ്രായേൽക്കാർ വിശ്വസിച്ചിരുന്നു. "കർത്താവിന്റെ മഹത്തും

ഭീതിജനകവുമായ ദിവസം വരുന്നതിനുമുമ്പ് പ്രവാചകനായ ഏലിയായെ ഞാൻ നിങ്ങളുടെ അടുത്തേയ്ക്ക് അയയ്ക്കും. ഞാൻ ......... ദേശത്തെ ശാപംകൊണ്ടു നശിപ്പിക്കാതിരിക്കേണ്ടതിന് അവൻ പിതാക്കന്മാരുടെ ഹൃദയം മക്കളിലേയ്ക്കും ..........തിരിക്കും " (മാലക്കി 4,5-7). "അങ്ങനെ ഇസ്രായേലിന്റെ ഗോത്രങ്ങളെ പുനഃസ്ഥാപിക്കും" (പ്രഭാ 48,10). ഈ വാഗ്ദാനങ്ങളാണ് ഏലിയായുടെ മടങ്ങിവരവിനെക്കുറിച്ചുള്ള പ്രതീക്ഷയ്ക്ക് അടിസ്ഥാനം. മടങ്ങിവരുന്ന ഏലിയാ അനുതാപത്തിന് ആഹ്വാനം ചെയ്യുമെന്നും വരാനിരിക്കുന്ന ക്രോധത്തിൽനിന്ന് ഓടിയകലാൻ ജനത്തിനു മുന്നറിയിപ്പു നല്കുമെന്നും അവർ പ്രതീക്ഷിച്ചു. തന്നെയുമല്ല, അനുരഞ്ജനം പ്രസംഗിച്ചുകൊണ്ട് ഇസ്രായേൽജനത്തെ പുനരുദ്ധരിക്കുമെന്നും അവർ വിശ്വസിച്ചു. ഇതിനുപുറമെ, അപകടങ്ങളിൽപ്പെടുകയോ നിസ്സഹായാവസ്ഥയിലാവുകയോ ചെയ്യുന്ന ഇസ്രായേൽക്കാരെ, പ്രത്യേകിച്ചും അവരുടെ മരണസമയത്ത്, സഹായിക്കാൻ ഏലിയാവരും എന്ന ഒരു വിശ്വാസം ജനത്തിനിടയിൽ നിലനിന്നു. ഈ വിശ്വാസത്തിന്റെ പേരിലാണ്, കുരിശിൽ കിടന്നു നിലവിളിച്ച യേശുവിന് കുടിക്കാൻ വെള്ളം കൊടുക്കാതെ "നില്ക്കൂ, ഏലിയാ അവനെ രക്ഷിക്കാൻ വരുമോ എന്നു കാണട്ടെ" (മത്താ 27,49) എന്നു ചിലർ പറഞ്ഞത്. യേശുവിന്റെ സമകാലീനരിൽ ഏറെപ്പേർ അവിടുത്തെ ഏലിയാ ആയിട്ടാണു കണ്ടത്. നായീൻ നിവാസികൾ ഒരത്ഭുതപ്രവർത്തനത്തിന്റെ പശ്ചാത്തലത്തിൽ ഈ വിശ്വാസം ഏറ്റു പറയുമ്പോൾ ഒരു വിശദീകരണവും കൂട്ടിച്ചേർക്കുന്നു. "ദൈവം തന്റെ ജനത്തെ സന്ദർശിച്ചിരിക്കുന്നു." ഈ സന്ദർശനം രക്ഷാകരമാണ്. യേശു ദൈവത്താൽ അയയ്ക്കപ്പെട്ട പ്രവാചകനാണ് എന്നു തെളിയിക്കുന്നതാണ് അവിടുത്തെ അത്ഭുതപ്രവർത്തനം.

സാമാന്യജനം യേശുവിനെ ഒരു പ്രവാചകനായി അംഗീകരിച്ചെങ്കിലും യഹൂദനേതാക്കൾ ഈ വിശ്വാസത്തെ സ്വീകരിക്കാൻ തയ്യാറായില്ല. ശിമയോൻ എന്ന ഫരിസേയന്റെ വീട്ടിൽ വിരുന്നിനിരുന്ന യേശുവിന്റെ കാല്ക്കൽ പാപിനിയായ ഒരു സ്ത്രീ വന്നു കരഞ്ഞു. ഇതുകണ്ട് ഇർഷ്യപൂണ്ട ആതിഥേയൻ ചിന്തിച്ചു: "ഇവൻ പ്രവാചകനാണെങ്കിൽ തന്നെ സ്പർശിക്കുന്ന സ്ത്രീ ആരെന്നും ഏതു തരക്കാരിയാണെന്നും അറിയുമായിരുന്നു. ഇവൾ ഒരു പാപിനിയാണല്ലോ." (ലൂക്കാ 7,39). പ്രവാചകൻ രഹസ്യങ്ങൾ

അറിയാൻ കഴിവുള്ളവനാണെന്നും അവൻ പാപികളുമായുള്ള സമ്പർക്കം നിഷ്ഠയോടെ ഒഴിവാക്കുമെന്നും ഫരിസേയർ വിശ്വ സിച്ചു. ഈ മാനദണ്ഡങ്ങൾ വച്ചു നോക്കിയപ്പോൾ യേശുവിനെ ഒരു പ്രവാചകനായി അംഗീകരിക്കാൻ ശിമയോനു കഴിഞ്ഞില്ല. എന്നാൽ തുടർന്നുള്ള യേശുവിന്റെ വാക്കുകൾ പ്രവാചകത്വത്തെ സംബന്ധിച്ച ധാരണ തിരുത്തിക്കുറിക്കാൻ പോന്നതാണ്. പാപി നിയായ സ്ത്രീയുടെ കഴിഞ്ഞകാലം മാത്രമല്ല ഫരിസേയന്റെ അന്തർഗതം പോലും മനസ്സിലാക്കാൻ കഴിവുള്ളവനാണ് യേശു. എന്നാൽ ഫരിസേയരുടെ വൈരാഗ്യത്തോടെ പാപികളിൽനിന്ന് അകന്നു നില്ക്കുകയല്ല, അവരെ തങ്ങളുടെ പാപത്തിൽനിന്നു കൈപിടിച്ചുയർത്തുകയാണ് യഥാർത്ഥ പ്രവാചകധർമ്മം. പാപി കളുടെ ശത്രുവല്ല സ്നേഹിതനാണ് യഥാർത്ഥ പ്രവാചകൻ.

ജറുസലെം ദേവാലയത്തിന്റെ വാതില്ക്കൽ നിത്യേന ഭിക്ഷ യാചിക്കുന്ന ഒരു കുരുടൻ. അവൻ കുരുടനായി കഴിഞ്ഞിടത്തോളം കാലം ആരുമാരും അവനെ ശ്രദ്ധിച്ചില്ല. എന്നാൽ ഒരുദിവസം അവനു ഭിക്ഷ കിട്ടിയത് കാഴ്ചയായിരുന്നു. കുരുടനു കാഴ്ച ലഭി ച്ചത് വലിയ സംസാരവിഷയമായി, കുരുടനായിരുന്നവൻ ശ്രദ്ധാ കേന്ദ്രമായി. കുരുടനു കാഴ്ച നല്കിയതു സാബത്തു ദിവസമായി രുന്നു. ചളിയുണ്ടാക്കി കണ്ണിൽ പുരട്ടിയാണ് കാഴ്ച നല്കിയത്. ചളിയുണ്ടാക്കിയതും കാഴ്ച നല്കിയതും നിയമലംഘനമായിക്കണ്ട ഫരിസേയ നേതാക്കന്മാർ തീരുമാനിച്ചു. "ഈ മനുഷ്യൻ ദൈവ ത്തിൽ നിന്നുള്ളവനല്ല. എന്തെന്നാൽ ഇവൻ സാബത്ത് ആചരി ക്കുന്നില്ല"(യോഹ 9,16). ഈ ബോധ്യത്തോടെ അവർ കുരുടനാ യിരുന്നവനോടു ചോദിച്ചു: "അവൻ നിന്റെ കണ്ണു തുറന്നല്ലോ. അവനെപ്പറ്റി നീ എന്തു പറയുന്നു?" അവൻ പറഞ്ഞു: "അവൻ ഒരു പ്രവാചകനാണ്" (യോഹ 9, 17). കുരുടന്റെ പ്രഖ്യാപനത്തെ സ്വീക രിക്കാൻ അധികാരികൾ തയ്യാറായില്ലെങ്കിലും അവന്റെ വാദഗതിയെ ഖണ്ഡിക്കാൻ അവർക്കു കഴിഞ്ഞില്ല. ഇവിടെയും ഒരു അത്ഭുത പ്രവർത്തനത്തിന്റെ വെളിച്ചത്തിലാണ് യേശുവിനെ പ്രവാചകനായി ജനം ഏറ്റു പറയുന്നത്.

## ശിഷ്യന്മാരുടെ അഭിപ്രായം

യേശുവിന്റെ വ്യക്തിത്വത്തെ സംബന്ധിച്ച് ജനസാമാന്യ ത്തിന്റേതിൽനിന്നു വ്യത്യസ്തമായ ഒരു വിശ്വാസമാണ് ശിഷ്യ

ന്മാർക്കുണ്ടായിരുന്നത് എന്ന പ്രതീതി ജനിപ്പിക്കുന്ന ഒരു വിശ്വാസപ്രഖ്യാപനം സമാന്തര സുവിശേഷകന്മാർ മൂവരും രേഖപ്പെടുത്തിയിട്ടുണ്ട്. (മർക്കോ 8,3 മത്താ 16,1; ലൂക്കാ 9,20). യേശുവിനെ ദൈവത്തിന്റെ പുത്രനായ ക്രിസ്തുവായി ശിഷ്യപ്രധാനനായ പത്രോസ് ഏറ്റുപറഞ്ഞെങ്കിലും അത് ദൈവത്തിൽ നിന്നു ലഭിച്ച ഒരു പ്രത്യേക വെളിപാടിന്റെ ഫലമായിരുന്നുവെന്ന് സുവിശേഷകൻ എടുത്തു പറയുന്നുണ്ട്. ഒരു പ്രത്യേക സാഹചര്യത്തിൽ, ദൈവാത്മാവിനാൽ പ്രചോദിതനായി പത്രോസ് ഈ പ്രഖ്യാപനം നടത്തിയെങ്കിലും യേശു ജീവിച്ചിരുന്ന കാലമത്രയും ഈ വിശ്വാസം അവരെ കാതലായി സ്പർശിച്ചിരുന്നില്ല എന്നു വ്യക്തമാക്കുന്നതാണ് അവരുടെ പ്രവൃത്തികളും വീക്ഷണങ്ങളും. യേശുവിന്റെ മരണത്തോടെ എല്ലാ പ്രതീക്ഷകളും തകർന്ന വിധത്തിലാണ് അവർ പെരുമാറുക. എമ്മാവൂസിലേക്ക് യാത്ര ചെയ്ത രണ്ടു ശിഷ്യന്മാരുടെ വാക്കുകൾ അവർ യഥാർത്ഥത്തിൽ വിശ്വസിച്ചിരുന്നതെന്താണെന്നു വ്യക്തമാക്കുന്നതാണ്.

വിഷാദമൂകരായി ജറുസലേമിനോടു വിടപറഞ്ഞ ആ രണ്ടു ശിഷ്യന്മാരുടെ സംസാരവിഷയം യേശുവായിരുന്നു. അപരിചിതനായ യാത്രക്കാരനെപ്പോലെ അവരുടെ കൂടെ നടന്ന യേശുവിനോട് അവർ തങ്ങളുടെ വിശ്വാസവും ആശാഭംഗവും ഏറ്റുപറയുന്നതിപ്രകാരമാണ്. "നസ്രായനായ യേശുവിനെക്കുറിച്ചുതന്നെ. അവൻ ദൈവത്തിന്റെയും മനുഷ്യരുടെയും മുമ്പിൽ പ്രവൃത്തിയിലും വാക്കിലും ശക്തനായ ഒരു പ്രവാചകനായിരുന്നു. ഞങ്ങളുടെ പുരോഹിതപ്രമുഖന്മാരും നേതാക്കളും അവനെ മരണവിധിക്ക് ഏല്പിച്ചുകൊടുക്കുകയും ക്രൂശിക്കുകയും ചെയ്തു. ഇസ്രായേലിനെ മോചിപ്പിക്കാനുള്ളവൻ ഇവനാണ് എന്നു ഞങ്ങൾ പ്രതീക്ഷിച്ചിരുന്നു. ഇതൊക്കെ സംഭവിച്ചിട്ട് ഇത് മൂന്നാം ദിവസമാണ്" (ലൂക്കാ 24,19-20). ഇസ്രായേലിനെ മോചിപ്പിക്കുന്ന ശക്തനായ ഒരു പ്രവാചകൻ - ഇതായിരുന്നു ശിഷ്യന്മാരുടെ വീക്ഷണത്തിൽ യേശു. പക്ഷേ, ഈ പ്രതീക്ഷയും കുരിശുമരണമെന്ന യാഥാർത്ഥ്യത്തിൽത്തട്ടിത്തകർന്നു. അവർ പ്രതീക്ഷിച്ച വിധത്തിലുള്ള വിമോചനം സംഭവിച്ചില്ലെങ്കിലും യേശു ഒരു വലിയ പ്രവാചകനാണ് എന്ന വിശ്വാസത്തിന് ഒരിളക്കവും സംഭവിച്ചില്ല. യേശുവിന്റെ വാക്കുകളും അത്ഭുതപ്രവർത്തനങ്ങളുമാണ് അവരെ ഈ ബോധ്യത്തിലേയ്ക്കു നയിച്ചത്.

മോശയെപ്പോലെ പ്രവാചകനാണ് യേശു എന്ന വിശ്വാസം ആദിമക്രൈസ്തവസമൂഹവും ഏറ്റുപറഞ്ഞിരുന്നു. ജറുസലേം ദേവാലയത്തിൽവച്ച് പത്രോസ് നടത്തിയ പ്രസംഗത്തിൽ ഈ കാര്യം പ്രത്യേകം എടുത്തു പറയുന്നുണ്ട്. ഇസ്രായേൽ പ്രതീക്ഷിച്ചിരുന്ന രക്ഷകനാണ് യേശു എന്നു സ്ഥാപിക്കാനായി പഴയ നിയമത്തിൽനിന്നു പത്രോസ് ഉദ്ധരിക്കുന്നത് മോശയെപ്പോലൊരു പ്രവാചകനെ വാഗ്ദാനം ചെയ്യുന്ന ഭാഗമാണ് (അപ്പ 3,22-23). ഈ പ്രവചനം യേശുവിൽ പൂർത്തിയായിരിക്കുന്നെന്നും യേശുവെന്ന പ്രവാചകനെ അംഗീകരിക്കുകയും അവന്റെ വാക്കുകൾ കേൾക്കുകയും ചെയ്യുന്നവർക്കു മാത്രമേ ദൈവജനത്തിന്റെ ഭാഗമായി തുടരാൻ സാധിക്കുകയുള്ളൂ എന്നും അസിന്ദിഗ്ധമായി പ്രഖ്യാപിക്കുമ്പോഴും ഈ വിശ്വാസമാണ് പത്രോസ് പ്രകടമാക്കുന്നത്. പന്തക്കുസ്താദിവസം ചെയ്ത ആദ്യ പ്രസംഗത്തിൽത്തന്നെ യേശുവിനെ മോശയെപ്പോലൊരു പ്രവാചകനായിട്ടാണ് പത്രോസ് ചിത്രീകരിക്കുന്നത്. "നിങ്ങൾക്കറിയാവുന്നതു പോലെ ദൈവം നസ്രായനായ യേശുവിനെ, താൻ അവൻവഴി നിങ്ങളുടെയിടയിൽ പ്രവർത്തിച്ച മഹത്തായ കാര്യങ്ങൾകൊണ്ടും തന്റെ അത്ഭുതങ്ങളും അടയാളങ്ങളുംകൊണ്ടും നിങ്ങൾക്കു സാക്ഷ്യപ്പെടുത്തിത്തന്നു" (അപ്പ 2,22). "അടയാളങ്ങളും അത്ഭുതങ്ങളും" എന്ന വാക്കുകൾ പുറപ്പാടിനോടനുബന്ധിച്ചു നടന്ന അത്ഭുതപ്രവർത്തനങ്ങളെ അനുസ്മരിപ്പിക്കുന്നതാണ്. മോശയിലൂടെ ജനത്തിനു മോചനം നല്കിയ ദൈവം അതുപോലെ യേശുവിലൂടെയും പ്രവർത്തിച്ചു. അങ്ങനെ മോശയെപ്പോലെ ഒരു പ്രവാചകൻ വരും എന്ന പ്രതീക്ഷ യേശുവിൽ പൂർത്തിയായി എന്നാണ് പത്രോസ് യഹൂദരായ തന്റെ ശ്രോതാക്കളോടു പറയുന്നത്.

ഇസ്രായേൽ ചരിത്രത്തെ അപഗ്രഥിച്ചുകൊണ്ട് യഹൂദനേതാക്കന്മാർക്കെതിരേ കുറ്റപത്രം അവതരിപ്പിക്കുന്ന സ്റ്റീഫനും യേശുവിനെ മോശയെപ്പോലൊരു പ്രവാചകനായി ചിത്രീകരിക്കുന്നു. " ദൈവം നിങ്ങളുടെ സഹോദരരിൽ നിന്ന് എന്നെപ്പോലൊരു പ്രവാചകനെ നിങ്ങൾക്കായി ഉയർത്തും എന്നു പ്രഖ്യാപിച്ചതും ഈ മോശയാണ്" (അപ്പ 7,37) എന്ന പ്രവചനം ഉദ്ധരിക്കുന്നത് യേശുവിന്റെ വ്യക്തിത്വത്തെക്കുറിച്ചു സൂചിപ്പിക്കുന്നതിനുവേണ്ടിയാണ്. യേശുവിനെ മനസ്സിലാക്കാൻ ശ്രമിച്ച ശിഷ്യസമൂഹവും ആദിമക്രൈസ്തവരും "മോശയെപ്പോലൊരു പ്രവാചകൻ" എന്ന ആശയത്തെ

സ്വീകരിച്ചു എന്നതിൽ സംശയമില്ല, ഈ ആശയം യേശുവിന്റെ വ്യക്തിത്വത്തെ മുഴുവനായി വിശദീകരിക്കാൻ പര്യാപ്തമല്ലെങ്കിൽത്തന്നെ.

## യേശുവിന്റെ വാക്കുകളിൽ

സ്വന്തം ജനത്താൽ തിരസ്ക്കരിക്കപ്പെട്ട പ്രവാചകന്മാരുടെ ഗണത്തിലാണ് യേശു തന്നെത്തന്നെ കണ്ടത് എന്നു വ്യക്തമാക്കുന്ന ചില വാക്യങ്ങളും ഉപമകളും സുവിശേഷങ്ങളിൽ കാണാം. സ്വന്തം പട്ടണമായ നസ്രത്തിൽ തിരസ്ക്കരിക്കപ്പെടുന്ന സാഹചര്യത്തിൽ യേശു പറയുന്ന വാക്കുകൾ ഈ ആശയമാണു സൂചിപ്പിക്കുക. "ഒരു പ്രവാചകനും സ്വന്തം നാട്ടിൽ സ്വീകരിക്കപ്പെടുന്നില്ല" (ലൂക്കാ 4,24; മർക്കോ 6,4; മത്താ 13,57; യോഹ 4,44). ചുരുക്കം ചില വാക്കുകളിൽ വ്യത്യാസമുണ്ടെങ്കിലും നാലു സുവിശേഷകന്മാരും രേഖപ്പെടുത്തിയിരിക്കുന്ന ഈ യേശുവാക്യം ഒരു പഴഞ്ചൊല്ലു പോലുള്ളതാണ്. ഇതുവഴി യേശു തന്റെ തന്നെ ദൗത്യത്തിനു ലഭിക്കുന്ന സ്വീകരണത്തെ വിശദീകരിക്കുകയാണ് ചെയ്യുന്നത്. ഇസ്രായേലിലെ മറ്റു പ്രവാചകന്മാർക്കു സംഭവിച്ചതുതന്നെയാണു തനിക്കും സംഭവിക്കുന്നതെന്നു തുറന്നു പറയുന്നതിലൂടെ തന്റെ ദൗത്യത്തെ ഒരു പ്രവാചകദൗത്യമായിട്ടാണ് യേശു വീക്ഷിച്ചതെന്ന് ന്യായമായും അനുമാനിക്കാം.

ഗലീലിയിലെ പ്രവർത്തനങ്ങൾക്കു മധ്യേ നാടുവാഴിയായ ഹെറോദേസ് യേശുവിനെക്കുറിച്ചു കേൾക്കാനിടയായി. താൻ വധിച്ച യോഹന്നാൻ വീണ്ടും തന്നെ ശല്യപ്പെടുത്താൻ വന്നിരിക്കുന്നു എന്നു ധരിച്ചുവശായ ഹേറോദേസ് യേശുവിന്റെ പ്രവർത്തനങ്ങളെ സസൂക്ഷ്മം നിരീക്ഷിക്കാൻ തുടങ്ങി. യേശു യോഹന്നാനെക്കാൾ അപകടകാരിയാണെന്നു മനസ്സിലാക്കിയ നാടുവാഴി യേശുവിനെ വധിക്കാൻ തീരുമാനമെടുത്തു. ഈ വിവരം ഫരിസേയർ യേശുവിനെ അറിയിച്ചപ്പോൾ അവിടുന്നു നല്കുന്ന ഉത്തരം ഇത്തരുണത്തിൽ ശ്രദ്ധേയമാണ്. "നിങ്ങൾപോയി ആ കുറുക്കനോടു പറയുവിൻ. ഞാൻ ഇന്നും നാളെയും പിശാചുക്കളെ പുറത്താക്കുകയും രോഗശാന്തി നല്കുകയും ചെയ്യും. മൂന്നാം ദിവസം എന്റെ ദൗത്യം പൂർത്തിയാക്കിയിരിക്കും. എങ്കിലും ഇന്നും നാളെയും മറ്റന്നാളും ഞാൻ എന്റെ യാത്ര തുടരേണ്ടിയിരിക്കുന്നു. എന്തെന്നാൽ ജറുസലേമിനു പുറത്തുവച്ച് ഒരു പ്രവാചകൻ നശി

ക്കുക സാധ്യമല്ല" (ലൂക്കാ 13,32-33). ദൈവദത്തമായ തന്റെ ദൗത്യത്തെ യാതൊരു വിധത്തിലും നിയന്ത്രിക്കാൻ ഒരു നാടുവാഴിക്കും രാജാവിനും കഴിയുകയില്ല. ദൈവം നിശ്ചയിക്കുന്ന ദിവസം മാത്രമേ അതു പൂർത്തിയാവുകയുള്ളൂ. ആ പൂർത്തീകരണം ക്രൂരമായ മരണത്തോടെയായിരിക്കും സംഭവിക്കുക. എന്നാൽ തന്റെ മരണം ഹേറോദേസിന്റെ കൈകളായിരിക്കുകയില്ല. പ്രവാചകന്മാരെ കൊല്ലുകയും തന്റെ അടുക്കലേയ്ക്ക് അയക്കപ്പെടുന്നവരെ കല്ലെറിയുകയും ചെയ്യുന്ന (ലൂക്ക 13, 34) ജറുസേലമിലായിരിക്കും യേശു മരണത്തെ നേരിടുക. അതു പ്രവാചകപാരമ്പര്യം അനുസരിച്ചായിരിക്കും സംഭവിക്കുക. മറ്റു പ്രവാചകന്മാരെപ്പോലെ താനും ജറുസലേമിൽവെച്ചു വധിക്കപ്പെടും എന്നു പ്രവചിക്കുകവഴി യേശു പ്രവാചകനിരയിൽ നില്ക്കുകയാണു ചെയ്യുന്നത്.

യേശു പറഞ്ഞ ചില ഉപമകളും ഈ ആശയം ഉൾക്കൊള്ളുന്നതാണ്. വിരുന്നിന്റെ ഉപമ (ലൂക്കാ 14,15-24; മത്താ 22,1-10)യിൽ വിരുന്നിനു ക്ഷണിക്കാനായി ആദ്യം അയയ്ക്കപ്പെടുന്ന ദാസന്മാർ പ്രവാചകന്മാരാണ്. പ്രവാചകന്മാരിലൂടെ ദൈവഹിതം അറിഞ്ഞിരുന്ന ജനത്തെ നിർണ്ണായകമുഹൂർത്തത്തിൽ വീണ്ടും ക്ഷണിക്കാനായി അയയ്ക്കപ്പെടുന്ന അവസാനത്തെ ദാസനാണു താൻ എന്ന സൂചന നല്കുന്നതാണ് യേശു പറഞ്ഞ ഈ ഉപമ. ഇസ്രായേലിലേയ്ക്ക് അയയ്ക്കപ്പെട്ട ഈ അവസാനത്തെ പ്രവാചകന്റെ ക്ഷണവും ഇസ്രായേൽജനം തിരസിക്കരിക്കുകയാണു ചെയ്തത്. തന്നിമിത്തം അവർ ദൈവരാജ്യത്തിൽ പ്രവേശിക്കുകയില്ല, വിജാതീയരായിരിക്കും അവിടെ പ്രവേശിക്കുക എന്ന പ്രഖ്യാപനമാണ് ഈ ഉപമ നല്കുന്നത്.

മുന്തിരിത്തോട്ടത്തിന്റെ ഉപമയും (മർക്കോ 12,1-12; മത്താ 21, 33-42; ലൂക്കാ 20,9-19) ഈ ആശയം തന്നെ അല്പംകൂടി രൂക്ഷമായ ഭാഷയിൽ അവതരിപ്പിക്കുന്നു. പാട്ടം പിരിക്കാനായി അയയ്ക്കപ്പെട്ട ദാസന്മാർ പ്രവാചകന്മാരായിരുന്നു. അവരെല്ലാം പുറന്തള്ളപ്പെട്ടപ്പോൾ അവസാനമായി ഉടമയുടെ ഏകമകൻ അയയ്ക്കപ്പെടുന്നു. മുൻപു വന്നവർക്കു ലഭിച്ചതിനേക്കാൾ തിക്തമായ അനുഭവമാണ് അവസാനം വന്ന മകനു ലഭിക്കുക. തോട്ടത്തിന്റെ ഉടമ ദൈവവും തോട്ടം ദൈവത്തിന്റെ രക്ഷാകരപദ്ധതിയുമാണ്. തോട്ടത്തിലെ കൃഷിക്കാർ ഇസ്രായേൽജനമാണ്. ഈ അന്യാപദേശം വഴി ഇസ്രായേലിന്റെ ചരിത്രത്തെ മതാധികാരികളുടെ മുമ്പിൽ

അവതരിപ്പിക്കുകയും തീരുമാനം എടുക്കാൻ അവരെ നിർബന്ധിക്കുകയുമാണ് യേശു ചെയ്യുക. അതോടൊപ്പം തന്റെ തന്നെ മരണത്തെക്കുറിച്ച് ഒരു സൂചനയും നല്കുന്നു. ദൈവത്തിന്റെ പുത്രൻ അന്തിമപ്രവാചകനായിട്ടാണ് അയയ്ക്കപ്പെടുന്നത്. ഈ പ്രവാചകനെ വധിക്കുകവഴി ഇസ്രായേൽ നേതൃത്വം രക്ഷാകരപദ്ധതിയിൽ നിന്നു പുറന്തള്ളപ്പെടും എന്ന വിധിവാചകം യേശു പ്രഖ്യാപിക്കുമ്പോൾ തങ്ങൾക്കെതിരായിട്ടാണിതു പറഞ്ഞതെന്ന് നേതാക്കന്മാർ മനസ്സിലാക്കി. അവർ യേശുവിനെ ഉടനെ വധിക്കാൻ ശ്രമിക്കുകയും ചെയ്തു. അന്തിമ പ്രവാചകനായ യേശുവിനെ തിരസ്ക്കരിച്ചവർ തങ്ങളുടെ ദിവ്യമായ ദൗത്യത്തിൽ ദയനീയമാംവിധം പരാജയപ്പെട്ടവരാണ്.

യേശുവിന്റെയും ശിഷ്യന്മാരുടെയും പൊതുജനത്തിന്റെയും വീക്ഷണത്തിൽ യേശു ഒരു പ്രവാചകനായിരുന്നു. "പ്രവാചകൻ"എന്ന പേരുപയോഗിക്കുമ്പോൾ ഓരോരുത്തരുടെയും മനസ്സിൽ ഉദിക്കുന്ന സങ്കല്പങ്ങൾക്കു വ്യത്യാസമുണ്ടാകാമെന്നത് അംഗീകരിച്ചുകൊണ്ടുതന്നെ, യേശു ഒരു പ്രവാചകനായിട്ടാണ് രംഗപ്രവേശം ചെയ്തതും പ്രവർത്തിച്ചതും വധിക്കപ്പെട്ടതും എന്ന കാര്യത്തിൽ സംശയത്തിനിടയില്ല. ഇത്രയും ചരിത്രവസ്തുതകളാണ്. ഈ ചരിത്രവസ്തുതകൾക്ക് ഓരോ സുവിശേഷകന്മാരും ഒരേ പ്രാധാന്യമല്ല നല്കുന്നത്. യേശുവിന്റെ വ്യക്തിത്വത്തെ അനാവരണം ചെയ്യാൻ ശ്രമിക്കുമ്പോൾ "പ്രവാചകൻ" എന്ന ആശയത്തിന് അവർ നല്കുന്ന സ്ഥാനം അടുത്തതായി കാണേണ്ടിയിരിക്കുന്നു.



7

# യേശു - പ്രവാചകൻ സുവിശേഷകന്മാരുടെ കാഴ്ചപ്പാടിൽ

യേശുവിന്റെ സമകാലികരും ശിഷ്യന്മാരും അവിടുത്തെ ഒരു പ്രവാചകനായി വീക്ഷിച്ചു എന്നതിന് മതിയായ സുവിശേഷ സാക്ഷ്യങ്ങൾ കഴിഞ്ഞ അധ്യായത്തിൽ നാം കണ്ടു. യേശുതന്നെ തന്റെ ദൗത്യത്തെ, പ്രത്യേകിച്ചും തന്റെ അന്ത്യത്തെ, പ്രവാചകരുടേതിനു താരതമ്യം ചെയ്യുന്നതായും കണ്ടു. അങ്ങിങ്ങായി ചിതറിക്കിടക്കുന്ന സുവിശേഷസാക്ഷ്യങ്ങൾ ചരിത്രവസ്തുതയിലേക്കു വിരൽ ചൂണ്ടുന്നവയാണ്. ഓരോ സുവിശേഷകനും യേശു - പ്രവാചകൻ എന്ന വിഷയത്തിന് എന്തു പ്രാധാന്യമാണു നല്കുന്നത് എന്ന് അടുത്തതായി കാണേണ്ടിയിരിക്കുന്നു.

പരസ്യജീവിതകാലത്ത് യേശുവിന്റെ വ്യക്തിത്വത്തെയും പ്രവൃത്തികളെയും വിലയിരുത്താനായി സമകാലികർ ഉപയോഗിച്ച സംജ്ഞയാണ് പ്രവാചകൻ എന്നും എന്നാൽ ഉത്ഥാനാനന്തര വിശ്വാസത്തിൽ ഈ പേരിന് യാതൊരു പ്രാധാന്യവും ഇല്ലെന്നും കരുതുന്ന ബൈബിൾ പഠിതാക്കൾ ഏറെയുണ്ട്. ഉത്ഥാനത്തിന്റെ വെളിച്ചത്തിൽ യേശുവിന്റെ വ്യക്തിത്വത്തെ അനാവരണം ചെയ്യാൻ

ശ്രമിക്കുന്ന പൗലോസ് അപ്പസ്തോലൻ "പ്രവാചകൻ" എന്ന ആശയത്തിന് യാതൊരു പ്രാധാന്യവും കല്പിക്കുന്നില്ല. ക്രിസ്തു, കർത്താവ്, രക്ഷകൻ, ദൈവപുത്രൻ എന്നിങ്ങനെ പല പേരുകളും യേശുവിനു നല്കുന്നുണ്ടെങ്കിലും പൗലോസിന്റെ ലേഖനങ്ങളിൽ ഒന്നിൽപോലും "പ്രവാചകൻ" എന്ന പേര് യേശുവിനായി ഒരിക്കൽപോലും ഉപയോഗിക്കുന്നില്ല. കത്തോലിക്ക ലേഖനങ്ങളെയും വെളിപാടുഗ്രന്ഥത്തെയും സംബന്ധിച്ചും അവസ്ഥ മറിച്ചല്ല. അതിനാൽ പരസ്യജീവിതകാലത്ത് ഉപയോഗിക്കുകയും ഉത്ഥാനത്തിനുശേഷം അപര്യാപ്തമെന്നു തോന്നിയതിനാൽ, പൂർണ്ണമായി ഉപേക്ഷിക്കുകയും ചെയ്ത ഒരു പേരാണ് "പ്രവാചകൻ" എന്നായിരുന്നു അടുത്ത കാലംവരെ ബൈബിൾ പഠിതാക്കൾ കരുതിയിരുന്നത്. എന്നാൽ ഈ നിഗമനം പൂർണ്ണമായും ശരിയല്ല എന്ന് സുവിശേഷങ്ങളുടെ നിഷ്കൃഷ്ടമായൊരു പഠനം വ്യക്തമാക്കും. ചില സുവിശേഷങ്ങളെങ്കിലും യേശുവിനെ പ്രവാചകൻ ആയി കാണുന്നതിന് പ്രാധാന്യം നല്കുന്നുണ്ട്.

### മർക്കോസ്

ഏറ്റം ആദ്യമായി എഴുതപ്പെട്ടത് മർക്കോസിന്റെ സുവിശേഷമാണ് എന്നതിൽ ഇന്ന് ബൈബിൾ പഠിതാക്കൾ മിക്കവാറും ഏകാഭിപ്രായക്കാരാണ്. ഈ സുവിശേഷത്തിൽ "യേശു-പ്രവാചകൻ" എന്ന വിഷയത്തിന് വലിയ പ്രാധാന്യം നല്കുന്നില്ല. യേശുവിനെക്കുറിച്ചുള്ള പൊതുജനാഭിപ്രായമായി രണ്ടുതവണ "പ്രവാചകൻ " എന്ന് ആശയം മർക്കോസ് അവതരിപ്പിക്കുന്നുണ്ട്. യേശു പ്രവർത്തിച്ച അത്ഭുതങ്ങളാണ് ഇപ്രകാരമൊരു നിഗമനത്തിലേക്കു ജനത്തെ നയിച്ചതെന്നും മർക്കോസ് പറയുന്നു. "ഹേറോദേസ് രാജാവും ഇക്കാര്യങ്ങൾ (യേശു പ്രവർത്തിച്ച അത്ഭുതങ്ങൾ) കേട്ടു. യേശുവിന്റെ പേര് പ്രസിദ്ധമായിക്കഴിഞ്ഞിരുന്നു. ചിലർ പറഞ്ഞു: സ്നാപകയോഹന്നാൻ മരിച്ചവരിൽനിന്ന് ഉയിർപ്പിക്കപ്പെട്ടിരിക്കുന്നു. അതുകൊണ്ടാണ് അത്ഭുതകരമായ ഈ ശക്തികൾ ഇവനിൽ പ്രവർത്തിക്കുന്നത്. മറ്റു ചിലർ പറഞ്ഞു: ഇവൻ ഏലിയാ ആണ്. വേറെ ചിലർ പറഞ്ഞു: പ്രവാചകനിൽ ഒരുവനെപ്പോലെ ഇവനും ഒരു പ്രവാചകനാണ്" (മർക്കോ 6,14-15). ഈ അഭിപ്രായം തികച്ചും അപര്യാപ്തവും അസ്വീകാര്യവുമായി കണ്ടുകൊണ്ടാണ് ശിഷ്യന്മാരുടെ വിശ്വാസപ്രഖ്യാപനത്തെ മർക്കോസ് അവതരിപ്പിക്കുന്നത് (മർക്കോ 8,27-29).

രൂപാന്തരീകരണവേളയിൽ സ്വർഗ്ഗത്തിൽനിന്നു മുഴങ്ങുന്ന പിതാവിന്റെ ശബ്ദം "ഇവൻ എന്റെ പ്രിയപുത്രൻ, ഇവന്റെ വാക്കു ശ്രവിക്കുവിൻ" (മർക്കോ 9,7), ദാസഗീതികളുടെ തുടക്കവും (ഏശ 42,1) മോശയെപ്പോലൊരു പ്രവാചകൻ വരും എന്ന പ്രവചനത്തിന്റെ ഭാഗവും (നിയ 18,15-18) കൂട്ടിച്ചേർത്ത് രചിച്ചതാണ്. യേശുവിന്റെ വാക്കു ശ്രവിക്കാനുള്ള ആഹ്വാനം നിയമാവർത്തനത്തിൽ നിന്നുള്ള ഉദ്ധരണിയാകയാൽ യേശുവിനെ മോശയുമായി താരതമ്യം ചെയ്യുന്നതായി കാണാൻ കഴിഞ്ഞേക്കും. എന്നാൽ ഈ ആശയത്തിന് മർക്കോസ് കാര്യമായ പ്രാധാന്യമൊന്നും കല്പിക്കുന്നില്ല. യേശുവിനെ മുഖം മൂടിക്കെട്ടി ഇടിച്ചുകൊണ്ട് "പ്രവചിക്കുക" എന്നു പറഞ്ഞ നേതാക്കന്മാർ (മർക്കോ 14,65) അവനെ ഒരു വ്യാജ പ്രവാചകനായി കണ്ടിരിക്കാം എന്ന സൂചന മർക്കോസ് നൽകുന്നുണ്ട്. നസ്രത്തുകാരുടെ വിശ്വാസരാഹിത്യത്തിൽ യേശു തന്റെ പരാജയത്തെ പ്രവാചകന്മാരുടേതിനോടു തുലനം ചെയ്യുന്നതായി മർക്കോസ് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇവിടെയും സുവിശേഷകൻ "പ്രവാചകൻ" എന്ന ആശയത്തിന് യാതൊരു ഊന്നലും നല്കുന്നില്ല. മർക്കോസിനെ സംബന്ധിച്ചിടത്തോളം യേശു കുരിശിന്റെ പാതയിലൂടെ പ്രയാണം ചെയ്യുന്ന മനുഷ്യപുത്രനായി അവതരിച്ച ദൈവപുത്രനും ക്രിസ്തുവുമാണ്.

## മത്തായി

ഫരിസേയമതുവുമായി സംഘട്ടനത്തിലേർപ്പെടുകയും യഹൂദക്രൈസ്തവർക്കുവേണ്ടി സുവിശേഷം എഴുതുകയും ചെയ്ത മത്തായി 'യേശു പ്രവാചകൻ' എന്ന വിഷയത്തിനു കൂടുതൽ പ്രാധാന്യം കല്പിക്കുന്നുണ്ട്. മർക്കോസിന്റെ സുവിശേഷത്തിൽ യേശുവിനെ പ്രവാചകനായി കാണുന്ന ഭാഗങ്ങൾ എല്ലാം മത്തായിയും രേഖപ്പെടുത്തുന്നു (മത്താ 13,57; 16,14). ഇവയ്ക്കു പുറമെ ജറുസലേമിലേക്കു രാജകീയമായി പ്രവേശിച്ച യേശു 'ഗലീലിയിൽ നിന്നുള്ള പ്രവാചകനാണ്' എന്ന ജനസ്വരം (മത്താ 21,11) മത്തായി മാത്രമാണു രേഖപ്പെടുത്തുന്നത്. മതനേതാക്കൾ യേശുവിന്റെമേൽ കൈവയ്ക്കാൻ ഭയന്നത് ജനം അവനെ പ്രവാചകനായി പരിഗണിച്ചിരുന്നതിനാലാണ് (മത്തായി 21,26) എന്ന വിവരവും മത്തായി മാത്രമാണ് നല്കുന്നത്.

ഈ പരാമർശങ്ങൾ പാരമ്പര്യത്തിന്റെ ഭാഗമായി കാണാ

വുന്നതാണ്. എന്നാൽ സുവിശേഷരചനയിൽ യേശുവിനെ മോശ യുമായി താരതമ്യം ചെയ്യാനുള്ള ബോധപൂർവ്വമായ ഒരു ശ്രമം മത്തായി നടത്തുന്നതായി കാണാം. യേശുവിന്റെ വ്യക്തിത്വത്തെ അവതരിപ്പിക്കുന്ന ബാല്യകാല സുവിശേഷത്തിലാണ് (മത്താ 1-2) ഈ താരതമ്യം ഏറ്റം കൂടുതൽ പ്രകടമാകുന്നത്. ശിശുവായ മോശയെ വധിക്കാൻ ഫറവോ നല്കിയ കല്പനയോടു സാമ്യമു ള്ളതാണ് ശിശുവായ യേശുവിനെ വധിക്കാൻ രാജാവായ ഹേറോ ദേസ് പുറപ്പെടുവിച്ച കല്പന. ഫറവോയുടെ മരണംവരെ മോശ മരുഭൂമിയിൽ താമസിച്ചതുപോലെ ഹേറോദേസിന്റെ മരണംവരെ യേശു ഈജിപ്തിൽ വസിച്ചു. ഫറവോയുടെ മരണത്തിനുശേഷം മോശ ഈജിപ്തിലേക്കു തിരിച്ചുവന്നു. അതുപോലെ ഹേറോദേ സിന്റെ മരണത്തിനുശേഷം, യേശു പലസ്തീനായിലേക്കു മടങ്ങി വന്നു. ഈജിപ്തിൽനിന്നുള്ള യേശുവിന്റെ മടങ്ങിവരവ് അടിമത്ത ത്തിന്റെ നാടായ ഈജിപ്തിൽ നിന്നു മോശ ഇസ്രായേൽജനത്തെ മോചിപ്പിച്ച് അവരോടൊപ്പം കാനാൻ ദേശത്തേയ്ക്കു മടങ്ങിവന്ന തിനെ അനുസ്മരിപ്പിക്കുന്നതാണ്.

പരസ്യജീവിതത്തെക്കുറിച്ചുള്ള പരാമർശത്തിലും ഈ താര തമ്യം തുടരുന്നതായി കാണാം. സീനായ് മലയിൽവച്ച് ഇസ്രാ യേൽജനത്തിന് ഉടമ്പടിയുടെ കല്പനകൾ നല്കിയ മോശയെ പ്പോലെയാണ് മലയിൽ വച്ച് യേശു പുതിയ ഉടമ്പടിയുടെ നിബ ന്ധനകൾ (മത്താ 5-7) അവതരിപ്പിക്കുന്നത്. തുടർന്നുള്ള പത്ത് അത്ഭുതങ്ങൾ (മത്താ 8-9) ഈജിപ്തിൽ മോശവഴി ദൈവം പ്രവർത്തിച്ച പത്ത് അത്ഭുതങ്ങളെ അനുസ്മരിപ്പിക്കുന്നു. മോശ യുമായി താരതമ്യം ചെയ്യുന്നുണ്ടെങ്കിലും യേശു മോശയേക്കാൾ വലിയവനാണ് എന്ന് എടുത്തുകാണിക്കാൻ മത്തായി പ്രത്യേകം ശ്രദ്ധിക്കുന്നുണ്ട്. മോശയിലൂടെ നല്കപ്പെട്ട നിയമത്തെ തിരുത്തി ക്കുറിക്കുകയും ആ നിയമങ്ങൾക്കു തന്നെ പുതിയ മാനങ്ങൾ നല്കു കയും ചെയ്യുകയാണ് യേശു. "പൂർവ്വികരോടു പറയപ്പെട്ടതായി നിങ്ങൾ കേട്ടിട്ടുണ്ടല്ലോ. എന്നാൽ ഞാൻ നിങ്ങളോടു പറയുന്നു "(മത്താ 5,22).

ഈജിപ്തിൽ പ്രവർത്തിച്ച അത്ഭുതങ്ങൾ വിനാശകങ്ങളാ യിരുന്നു. ഈജിപ്തു ജനതയ്ക്കു നാശവും ഇസ്രായേലിനു വിമോ ചനവും നല്കിയ അത്ഭുതങ്ങൾ പോലെയല്ല യേശു പ്രവർത്തിച്ച അത്ഭുതങ്ങൾ. അവയെല്ലാം മോചനം മാത്രം നല്കുന്നവ

യായിരുന്നു. രോഗത്താലും പാപത്താലും ഭയത്താലും പ്രകൃതിശക്തികളുടെയും പൈശാചിക ശക്തികളുടെയും ഭീകരതയാലും തകർന്ന വ്യക്തികൾക്കു ശരീരത്തിലും മനസ്സിലും ആത്മാവിലും പൂർണ്ണമായ മോചനം നല്കുകയാണ് യേശു അത്ഭുതങ്ങൾ വഴി ചെയ്യുക. ഇസ്രായേൽ ജനത്തിന് രാഷ്ട്രീയവും സാമൂഹികവും മതപരവുമായ മോചനം നല്കിയ മോശയുടെ സ്ഥാനത്ത് മർദ്ദിതനും ബന്ധിതനുമായ മനുഷ്യനു സമഗ്രമായ മോചനം നല്കുന്നവനായിട്ടാണ് മത്തായി യേശുവിനെ അവതരിപ്പിക്കുന്നത്.

ഇസ്രായേൽജനം പ്രതീക്ഷിച്ചിരുന്ന മോശയെപ്പോലൊരു പ്രവചാകനായി യേശുവിനെ അവതരിപ്പിക്കാൻ ശ്രദ്ധിക്കുന്നുണ്ടെങ്കിലും യേശുവിന്റെ വ്യക്തിത്വത്തെ 'പവാചകൻ' എന്ന പേരിൽ മത്തായി ഒതുക്കി നിർത്തുന്നില്ല. തന്നെയുമല്ല, മത്തായിയുടെ ക്രിസ്തുവിജ്ഞാനീയത്തിൽ 'പ്രവാചകനെ'ക്കാൾ കൂടുതൽ പ്രാധാന്യം അർഹിക്കുന്ന മറ്റു പലകാഴ്ചപ്പാടുകളുമുണ്ട്. 'അബ്രാഹത്തിന്റെ പുത്രനായ ദാവീദിന്റെ പുത്രൻ യേശുക്രിസ്തു' എന്നു തുടങ്ങുന്ന സുവിശേഷം ഇസ്രായേൽപ്രതീക്ഷിച്ചിരുന്ന മിശിഹാ രാജാവാണ് യേശു എന്നതിനു കൂടുതൽ പ്രാധാന്യം നല്കുന്നു. ഇസ്രായേൽ തിരസ്ക്കരിക്കുകയും വിജാതീയർ സ്വീകരിക്കുകയും ചെയ്ത യഹൂദരുടെ രാജാവ് യഥാർത്ഥത്തിൽ നമ്മോടുകൂടെ വസിക്കുന്ന ദൈവം – 'എമ്മാനുവേൽ' ആണെന്നു മത്തായി ഊന്നിപ്പറയുന്നു. ദാവീദിന്റെ ഗോത്രത്തിൽ, കന്യകയിൽനിന്നു പിറന്ന ദൈവപുത്രനായ ക്രിസ്തു യുഗാന്തംവരെ തന്റെ സഭയിൽ വസിക്കുന്ന ദൈവമാണ് എന്ന വിശ്വാസപ്രഖ്യാപനത്തിനാണ് മത്തായി ഏറ്റം കൂടുതൽ ഊന്നൽ നല്കുക. 'മോശയെപ്പോലൊരു പ്രവാചകൻ' എന്ന വീക്ഷണം മത്തായിയുടെ സുവിശേഷത്തിലെ ഒരു ഉപപ്രമേയം മാത്രമാണ്.

### യോഹന്നാൻ

യേശുവിന്റെ വ്യക്തിത്വത്തിന്റെ ആഴങ്ങളിലേയ്ക്ക് ഏറ്റം അധികം ചൂഴ്ന്നിറങ്ങിയ പുതിയ നിയമഗ്രന്ഥകാരനാണ് യോഹന്നാൻ. മാംസം ധരിച്ച വചനമായി യേശുവിനെ കാണുന്ന നാലാം സുവിശേഷകൻ യേശുവിന്റെ പ്രവാചകത്വത്തിന് വളരെ പരിമിതമായ പ്രാധാന്യമേ നല്കുന്നുള്ളൂ. പൊതുജനം അവിടുത്തെ ഒരു പ്രവാചകനായി കരുതിയിരുന്നു എന്നതിനു യോഹന്നാനും

സാക്ഷ്യം നല്കുന്നുണ്ട്. എന്നാൽ ഏതെങ്കിലും ഒരു പ്രവാചകൻ എന്നതിനേക്കാൾ ഇസ്രായേൽജനം പ്രതീക്ഷിച്ചിരുന്ന യുഗാന്ത പ്രവാചകനായിട്ടാണ് യോഹന്നാന്റെ സുവിശേഷത്തിൽ യേശു പ്രത്യക്ഷപ്പെടുന്നത്.

സിക്കാറിലെ സമരിയാക്കാരി യേശുവിനെ ഒരു പ്രവാചക നായി കണ്ടു (യോഹ 4,19). എന്നാൽ സംഭാഷണം അതിന്റെ പരി സമാപ്തിയിലെത്തുമ്പോൾ പ്രവാചകനായിട്ടല്ല, ക്രിസ്തു ആയി ട്ടാണ് യേശു പ്രത്യക്ഷപ്പെടുന്നത് (യോഹ 4,29). കാഴ്ച ലഭിച്ച അന്ധൻ യേശുവിനെ ഒരു പ്രവാചകനായി പ്രഖ്യാപിച്ചു (യോഹ 9,17). ഇവിടെയും വിവരണം അവസാനിക്കുമ്പോൾ പ്രവാചകൻ എന്ന പേര് തിരസ്ക്കരിക്കപ്പെടുകയാണ്. മനുഷ്യപുത്രനും (യോഹ 9,35) കർത്താവും (യോഹ 9,38) ആയിട്ടാണ് യേശു അവതരിപ്പി ക്കപ്പെടുന്നത് (യോഹ 4,29). കർത്താവേ ഞാൻ വിശ്വസിക്കുന്നു എന്നു പറഞ്ഞുകൊണ്ട് യേശുവിനെ പ്രണമിക്കുന്ന അന്ധനായി രുന്നവൻ തന്റെ മുമ്പിൽ നില്ക്കുന്ന വ്യക്തി ദൈവതുല്യനാണെന്ന് ഏറ്റു പറയുകയാണു ചെയ്യുക.

മരുഭൂമിയിൽവച്ച് അപ്പം തിന്നു തൃപ്തരായവർ യേശുവിനെ 'ഈ ലോകത്തിലേയ്ക്കു വരാനിരുന്ന പ്രവാചകനായി' (യോഹ 6,14) ഏറ്റുപറയുമ്പോൾ രക്ഷയുടെ യുഗം ഉദ്ഘാടനം ചെയ്യുന്ന അന്തിമ പ്രവാചകനായി യേശുവിനെ അംഗീകരിക്കുന്നു. ഇസ്രാ യേൽജനത്തെ മോചിപ്പിച്ച് മരുഭൂമിയിലൂടെ നയിച്ച മോശയുടെ ചിത്രമാണ് അവരുടെ മനസ്സിൽ പൊന്തിവന്നത്. തുടർന്ന് യേശു വിനെ രാജാവാക്കാനുള്ള ശ്രമവും ഈ പശ്ചാത്തലത്തിൽത്തന്നെ കാണേണ്ടിയിരിക്കുന്നു.

ഇവിടെയല്ലാം ജനങ്ങളാണ് യേശുവിനെ പ്രവാചകനായി കാണുന്നത്. സുവിശേഷകനെ സംബന്ധിച്ചിടത്തോളം ചരിത്രപ രമായ പ്രാധാന്യം മാത്രമേ ഈ പേരിനുള്ളൂ. യേശുവിന്റെ വ്യക്തി ത്വത്തിന്റെ ആഴങ്ങൾ വെളിപ്പെടുത്താൻ ഉപയുക്തമായി ഈ കാഴ്ച പ്പാടിനെ യോഹന്നാൻ അംഗീകരിക്കുന്നില്ല.

ലൂക്കാ

യേശുവിനെ പ്രവാചകനായി കാണുന്നതിൽ മറ്റു മൂന്നു സുവിശേഷകന്മാരെയുംകാൾ ലൂക്കാ പ്രാധാന്യം നല്കുന്നുണ്ട്. സുവിശേഷത്തിൽ ഏഴുതവണയും (ലൂക്കാ 4,24; 7,16.39; 9,7-8.19;

13,33; 24,19) അപ്പസ്തോലപ്രവർത്തനങ്ങളിൽ രണ്ടുതവണയും (അപ്പ 3,21; 7,37) പ്രവാചകൻ എന്ന സംജ്ഞ യേശുവിനായി ഉപയോഗിക്കുന്നതിൽ നിന്നുതന്നെ ഈ പ്രാധാന്യം വ്യക്തമാകുന്നു. എന്നാൽ ഇതിലുപരി സുവിശേഷത്തിന്റെ പൊതുഘടനയെത്തന്നെ സാരമായി സ്പർശിക്കുന്ന വിധത്തിലാണ് യേശു-പ്രവാചകൻ എന്ന പ്രമേയം ലൂക്കാ അവതരിപ്പിക്കുന്നത്.

നസ്രത്തിലെ സിനഗോഗിൽ ഒരു പ്രഖ്യാപനം നടത്തിക്കൊണ്ടാണു ലൂക്കായുടെ സുവിശേഷത്തിൽ യേശു തന്റെ പരസ്യജീവിതത്തിനു തുടക്കം കുറിക്കുന്നത്. ഈ പ്രസംഗത്തെ യേശുവിന്റെ നയപ്രഖ്യാപനമായി ഇന്ന് ബൈബിൾ പഠിതാക്കൾ മനസ്സിലാക്കുന്നു. ഏശ 61,1 ഉദ്ധരിച്ചുകൊണ്ടാണ് യേശു പ്രസംഗം തുടങ്ങുന്നത്. ഈ വാക്യമാകട്ടെ രക്ഷയുടെ കാലം ഉദ്ഘാടനം ചെയ്യാനായി വരാനിരുന്ന പ്രവാചകനെക്കുറിച്ചുള്ള പ്രവചനമായിട്ടാണ് യേശുവിന്റെ കാലത്തെ യഹൂദർ കരുതിപ്പോന്നത്. ബാബിലോൺ പ്രവാസത്തിൽ നിന്നു മടങ്ങിവന്നിട്ടും ദാരിദ്ര്യത്തിലും മുഴുപ്പട്ടിണിയിലും അടിമത്തത്തിലും കഴിയുന്ന ഒരു ജനത്തിന് (നെഹെ 5,1 –5) ദൈവനാമത്തിൽ പ്രതീക്ഷ പകരുന്നതിനായി മൂന്നാം ഏശയ്യാ ഉച്ചരിച്ച വാക്യമായിരുന്നു ഇത്. തന്റെതന്നെ വിളിയെക്കുറിച്ചുള്ള ഒരു വിശദീകരണമായിട്ടാണ് പ്രവാചകൻ ഈ വാചകം ഉച്ചരിക്കുന്നത്. കാലക്രമത്തിൽ ഇതു യുഗാന്തത്തെ സംബന്ധിക്കുന്ന ഒരു പ്രവചനമായി കരുതപ്പെടാൻ തുടങ്ങി.

ഒരു പ്രവാചകന്റെ വിളിയെ വിശദീകരിക്കുന്നതും യുഗാന്തത്തെക്കുറിച്ചു പരാമർശിക്കുന്നതുമായ ഒരു പ്രവചനം ഉദ്ധരിച്ചുകൊണ്ട് പ്രസംഗം തുടങ്ങിയ യേശു ഈ പ്രവചനം തന്നിൽ പൂർത്തിയായിരിക്കുന്നു എന്ന് ഉദ്ഘോഷിക്കുകവഴി (ലൂക്കാ 4,21) തന്റെ ദൗത്യത്തെ യുഗാന്തപ്രവാചകന്റെ ദൗത്യമായി വ്യാഖ്യാനിക്കുന്നു. നസ്രത്തു സംഭവം (ലൂക്കാ 4,16–30) യേശുവിന്റെ പ്രവാചകദൗത്യത്തെയും അതിന്റെ രക്തരൂഷിതമായ പരിസമാപ്തിയെയും മുൻകൂട്ടി ചിത്രീകരിക്കുന്ന വിധത്തിലാണ് ലൂക്കാ അവതരിപ്പിച്ചിരിക്കുന്നത്. യേശു -പ്രവാചകൻ എന്ന പ്രമേയത്തിൽ ഈ സംഭവം അതുല്യപ്രാധാന്യം അർഹിക്കുന്നതിനാൽ ഇത് അല്പം അടുത്തു പരിശോധിക്കുക ഉപകാരപ്രദമാകും.

8



# പ്രവാചകന്റെ സദ്‌വാർത്ത

നസ്രത്തുസംഭവം

ഗലീലിയിലെ പ്രവർത്തനങ്ങൾക്കു മദ്ധ്യേ യേശു സ്വന്തം നഗരമായ നസ്രത്തിൽവന്നു എന്നും അവിടെ അത്ഭുതങ്ങൾ ഒന്നും പ്രവർത്തിച്ചില്ല എന്നും അവരുടെ വിശ്വാസരാഹിത്യത്തിൽ യേശു അത്ഭുതപ്പെട്ടു എന്നും മർക്കോസും മത്തായിയും രേഖപ്പെടുത്തിയിട്ടുണ്ട്. യേശുവിനെതിരേ ഉയരുന്ന പ്രതിഷേധത്തിന്റെയും ശത്രുതയുടെയും ഭാഗമായിട്ടാണ് ഈ രണ്ടു സുവിശേഷകന്മാരും നസ്രത്തു സംഭവത്തെ ചിത്രീകരിച്ചിരിക്കുന്നത്. ഈ സാഹചര്യത്തിൽ സ്വജനങ്ങളാൽ അവമതിക്കപ്പെടുന്ന പ്രവാചകനുമായി യേശു സ്വയം താരതമ്യം ചെയ്യുന്നതായും ഇവർ രേഖപ്പെടുത്തിയിരിക്കുന്നു.

സുവിശേഷഘടനയിൽ വലിയ പ്രാധാന്യം കൊടുക്കാതെ മർക്കോസും മത്തായിയും രേഖപ്പെടുത്തിയിരിക്കുന്ന ഈ സംഭവത്തെ യേശുവിന്റെ പരസ്യജീവിതത്തിന്റെ തുടക്കത്തിലേക്ക് മാറ്റി പ്രതിഷ്ഠിക്കുകവഴി ലൂക്കാ ഇതിനു വലിയ പ്രാധാന്യം നല്കുന്നു. ഇതരസുവിശേഷകന്മാരുടേതിൽ നിന്ന് ഏറെ വ്യത്യസ്തവും വിപു

ലവുമായ വിധത്തിലാണ് ലൂക്കാ ഈ സംഭവം വിവരിക്കുന്നത്. യേശുവിന്റെ മുഴുവൻ ജീവിതത്തിന്റെയും ഒരു കരടു രൂപമായി ലൂക്കാ ഇതിനെ കാണുന്നു.

താൻ വളർന്നുവന്ന നഗരമായ നസ്രത്തിലേക്കു വന്ന യേശു സാബത്തു ദിവസം സിനഗോഗിൽ ചെന്നു. സിനഗോഗു ശുശ്രൂഷയുടെ ഭാഗമായ പ്രവാചകഗ്രന്ഥത്തിൽ നിന്നുള്ള വായനയുടെ സമയത്ത് ക്ഷണിക്കപ്പെടാതെതന്നെ യേശു വായിക്കാൻ എഴുന്നേറ്റു. തച്ചന്റെ മകൻ സിനഗോഗിൽ വായിക്കാൻ തയ്യാറായതുതന്നെ ജനശ്രദ്ധ പിടിച്ചുപറ്റി. ഏശയ്യാപ്രവാചകന്റെ പുസ്തകത്തിൽ നിന്നാണ് യേശു വായിച്ചത്. വായന കഴിഞ്ഞ് പുസ്തകം തിരിച്ചുകൊടുത്തശേഷം വ്യാഖ്യാനം നല്കാനായി യേശു ഇരുന്നു.

കണ്ണിമയ്ക്കാതെ തന്നെ നോക്കിനില്ക്കുന്ന ജനക്കൂട്ടത്തോട് യേശു പറഞ്ഞു: "ഇന്നു നിങ്ങൾ കേട്ടിരിക്കെ ഈ തിരുവെഴുത്ത് നിറവേറിയിരിക്കുന്നു." ദൈവരാജ്യത്തിന്റെ ആഗമനത്തോടെ മാത്രം പൂർത്തിയാകും എന്ന് യഹൂദർ പ്രതീക്ഷിച്ചിരുന്ന പ്രവചനം നിറവേറിക്കഴിഞ്ഞു എന്നു കേട്ട ജനം അത്ഭുതസ്തബ്ധരായി. സാവധാനം അവരുടെ മനസ്സിൽ സംശയങ്ങൾ പൊന്തിവന്നു. തങ്ങൾക്കു സുപരിചിതനായ ഈ തച്ചന്റെ മകൻ ഇപ്രകാരമൊരു പ്രസ്താവന നടത്താൻ എങ്ങനെ ധൈര്യപ്പെടുന്നു എന്ന് അവർ പരസ്പരം ചോദിച്ചു. നൂറ്റാണ്ടുകളായി പ്രതീക്ഷിച്ചിരുന്ന പ്രവാചകനാണ് ഇവനെങ്കിൽ വലിയ ഒരത്ഭുതപ്രവർത്തനം വഴി അതു തെളിയിക്കട്ടെ എന്ന് അവർ അടക്കം പറഞ്ഞു. ഇതു മനസ്സിലാക്കിയ യേശു അത്ഭുതം പ്രവർത്തിച്ച് തന്റെ പ്രഖ്യാപനത്തെ സ്ഥിരീകരിക്കുന്നതിനു പകരം നസ്രത്തിൽ ഒരത്ഭുതവും പ്രവർത്തിക്കുകയില്ല എന്നു കട്ടായം പറഞ്ഞു. ഒരു പ്രവാചകനും സ്വന്തം നഗരത്തിൽ സ്വീകരിക്കപ്പെടുകയില്ല. ഇസ്രായേലിലേക്ക് അയയ്ക്കപ്പെടുന്ന പ്രവാചകന്മാരുടെ പ്രവർത്തനത്തിൽ നിന്ന് ഫലമനുഭവിക്കുന്നത് ഇസ്രായേൽക്കാരല്ല, വിജാതീയരായിരിക്കും എന്നു കൂട്ടിച്ചേർക്കുകയും ചെയ്തു. ഇതിനു തെളിവായി ഏലിയായുടെയും ഏലീഷായുടെയും ജീവിതത്തിൽനിന്നു രണ്ടു സംഭവങ്ങൾ ഉദ്ധരിക്കുകകൂടി ചെയ്തപ്പോൾ സിനഗോഗിൽ സമ്മേളിച്ചിരുന്ന ജനം രോഷാകുലരായി. തങ്ങളുടെ ഇംഗിതമനുസരിച്ചു പ്രവർത്തിക്കാത്ത പ്രവാചകൻ ജീവിച്ചിരുന്നുകൂടാ എന്ന നിർബ്ബന്ധത്തോടെ അവർ

യേശുവിനെ പട്ടണത്തിനു പുറത്തേക്കു വലിച്ചിഴച്ചു. കല്ലെറിഞ്ഞു കൊല്ലുക എന്നതായിരുന്നു അവരുടെ ലക്ഷ്യം. പക്ഷേ യേശു അവരുടെ ഇടയിലൂടെ നടന്ന് നസ്രത്ത് വിട്ടുപോയി.

ഈ സംഭവത്തിന്റെ രൂപവും ഭാവവും ലൂക്കായുടെ തൂലികയിൽ നിന്നാണു വരിക. ഈ സംഭവത്തിനു രണ്ടു ഭാഗങ്ങളുണ്ട്. ലൂക്കാ 4,16-22; 23-30. ആദ്യഭാഗത്ത് യേശു തന്റെ ദൗത്യം വെളിപ്പെടുത്തുന്നു. രണ്ടാംഭാഗത്ത് യേശുവും നസ്രത്തുകാരും പരസ്പരം തിരസ്ക്കരിക്കുന്നു. ലൂക്കായുടെ സുവിശേഷത്തെ മൊത്തമായി കാണുമ്പോൾ നസ്രത്ത് ഇസ്രായേൽ ജനത്തിന്റെ പ്രതീകമായിട്ടാണു നില്ക്കുന്നത്; നസ്രത്തിലെ തിരസ്കരണം യേശുവിന്റെ മരണത്തിന്റെ മുന്നോടിയും. അതോടൊപ്പം, ഇസ്രായേൽജനത്തിനു രക്ഷാകര പദ്ധതിയിലുള്ള പ്രമുഖസ്ഥാനം നഷ്ടപ്പെടുന്നതിന്റെ സൂചനയും ഈ സംഭവം നല്കുന്നു.

ഒരു നയപ്രഖ്യാപനമെന്ന വിധത്തിൽ യേശു ഉദ്ധരിക്കുന്ന പ്രവചനം കൂടുതൽ ശ്രദ്ധേയമാണ്. "കർത്താവിന്റെ ആത്മാവ് എന്റെ മേലുണ്ട്. ദരിദ്രരെ സുവിശേഷം അറിയിക്കാൻ അവിടുന്ന് എന്നെ അഭിഷേകം ചെയ്തിരിക്കുന്നു. ബന്ധിതർക്കു മോചനവും അന്ധർക്കു കാഴ്ചയും അടിച്ചമർത്തപ്പെട്ടവർക്കു സ്വാതന്ത്ര്യവും കർത്താവിനു സ്വീകാര്യമായ വത്സരവും പ്രഖ്യാപിക്കാൻ അവിടുന്ന എന്നെ അയച്ചിരിക്കുന്നു"(ലൂക്കാ 4,18-19). ഏശയ്യാ 61,1-2 ആണ് ലൂക്കാ ഉദ്ധരിക്കുന്നതെങ്കിലും ഉദ്ധരണിയിൽ അല്പം വ്യത്യാസം വരുത്തിയിരിക്കുന്നതായി കാണാം. 'ഹൃദയം തകർന്നവരെ ആശ്വസിപ്പിക്കുന്നതിനും' എന്നതിനു പകരം 'മർദ്ദിതർക്കു മോചനവും' എന്നാണ് ലൂക്കായിൽ കാണുന്നത്. യഥാർത്ഥ ഉപവാസത്തെക്കുറിച്ചുള്ള പരാമർശത്തിൽ (ഏശ 58,6) നിന്നെടുത്തതാണിത്. ഇതുവഴി വിമോചകദൗത്യത്തിനു ഊന്നൽ നല്കുകയാണ് ലൂക്കാ ചെയ്യുന്നത്. തന്നിൽ ഈ പ്രവചനം നിറവേറിയിരിക്കുന്നു എന്നു പ്രഘോഷിക്കുമ്പോൾ ഏശയ്യാ വിഭാവനം ചെയ്യുന്ന യുഗാന്ത പ്രവാചകനാണ് താൻ എന്ന് യേശു പ്രഖ്യാപിക്കുന്നു.

ഒരു അഭിഷേകം വഴി താൻ ആത്മാവിനെ സ്വീകരിച്ചിരിക്കുന്നു എന്നതാണ് ആദ്യത്തെ പ്രഖ്യാപനം. ജോർദ്ദാനിലെ സംഭവത്തിലേക്കാണിതു വിരൽ ചൂണ്ടുന്നത്. സ്നാനത്തിനുശേഷം നദി

യിൽനിന്നു കയറി പ്രാർത്ഥനയിൽ മുഴുകിയിരിക്കുന്ന യേശുവിന്റെമേൽ പരിശുദ്ധാത്മാവ് പ്രാവിന്റെ രൂപത്തിൽ എഴുന്നള്ളിവന്നു. ആത്മാവിന്റെ ഈ ആഗമനത്തെയാണ് അഭിഷേകമായി ലൂക്കാ അവതരിപ്പിക്കുന്നത്. ഈ അഭിഷേകം തന്റെ പ്രവാചകദൗത്യത്തിന്റെ തുടക്കമായി യേശു കാണുന്നു. "പരിശുദ്ധാത്മാവിനാലും ശക്തിയാലും ദൈവം അവനെ അഭിഷേകം ചെയ്തു" (അപ്പ 10,38) എന്ന് കൊർണേലിയൂസിന്റെ വീട്ടിൽവച്ച് പത്രോസ് പറയുമ്പോഴും ഈ അഭിഷേകത്തെത്തന്നെയാണ് സൂചിപ്പിക്കുന്നത്. നന്മചെയ്തുകൊണ്ടു ചുറ്റി സഞ്ചരിക്കുകയായിരുന്നു ഈ അഭിഷേകത്തിന്റെ ലക്ഷ്യം എന്ന് പത്രോസ് വ്യക്തമാക്കുന്നു. മരുഭൂമിയിലെ പ്രലോഭനങ്ങളെ വിജയകരമായി നേരിട്ട യേശു ആത്മാവിന്റെ ശക്തിയോടെ ഗലീലിയിലേക്കു മടങ്ങിപ്പോയി (ലൂക്കാ 4,14) എന്ന പരാമർശം വഴി യേശുവിന്റെ എല്ലാ പ്രവർത്തങ്ങളുടെയും പ്രചോദനകേന്ദ്രം പരിശുദ്ധാത്മാവായിരുന്നു എന്ന് ലൂക്കാ അസന്ദിഗ്ദ്ധമായി പ്രഖ്യാപിക്കുന്നു. ആത്മാവിനെ സ്വീകരിക്കൽ തന്നെയാണ് ഈ അഭിഷേകം. പഴയനിയമ പ്രവാചകന്മാരിൽ പരിശുദ്ധാത്മാവ് പലപ്പോഴും വരികയും അവരെ നയിക്കുകയും ചെയ്തിരുന്നു, എന്നാൽ യേശുവിൽ പരിശുദ്ധാത്മാവ് എപ്പോഴും വസിക്കുന്നു.

പൗലോസിന്റെ ലേഖനങ്ങളിൽ കാണുന്നതിൽ നിന്നു വ്യത്യസ്തമാണ് ലൂക്കായുടെ കാഴ്ചപ്പാടിൽ പരിശുദ്ധാത്മാവിന്റെ പ്രവർത്തനം. ആത്മവിശുദ്ധീകരണമല്ല, സുവിശേഷപ്രഘോഷണമാണ് ആത്മാവിനെ നല്കുന്നതിന്റെ ലക്ഷ്യം. ലൂക്കായുടെ സുവിശേഷത്തിലും അപ്പസ്തോലപ്രവർത്തനങ്ങളിലും പരിശുദ്ധാത്മാവ് പ്രവചനത്തിന്റെ ആത്മാവായിട്ടാണ് പ്രത്യക്ഷപ്പെടുന്നത്. പ്രവചനമെന്നാൽ ദൈവരാജ്യത്തിന്റെ സുവിശേഷം വാക്കിലൂടെയും പ്രവൃത്തിയിലൂടെയും പ്രഘോഷിക്കുക എന്നാണ് ലൂക്കാ അർത്ഥമാക്കുന്നത്.

ആത്മാവിന്റെ ദാനംവഴി അഭിഷിക്തനായവൻ ദൈവത്താൽ അയയ്ക്കപ്പെട്ടവനാണ്. "എന്നെ അയച്ചിരിക്കുന്നു" എന്ന പ്രഖ്യാപനം തന്റെ ദൗത്യത്തെക്കുറിച്ചുള്ള യേശുവിന്റെ അവബോധം വ്യക്തമാക്കുന്നു. ഒരു പ്രത്യേക ദൗത്യവുമായി ദൈവത്താൽ അയയ്ക്കപ്പെട്ടവനാണു താൻ എന്ന് യേശു ഉദ്ഘോഷിക്കുന്നു. താൻ ദൈവത്താൽ അയയ്ക്കപ്പെട്ടവനാണ് എന്ന് യേശു

ആവർത്തിച്ചുപറയുന്നതായി ലൂക്കാ രേഖപ്പെടുത്തിയിട്ടുണ്ട് (ലൂക്കാ 4,43; 9,48; 10,16). അയയ്ക്കപ്പെട്ടവൻ തന്നെ അയച്ചവന്റെ ഹിത മാണു നിർവ്വഹിക്കുക. തന്നെ അയച്ചവനുമായി നിരന്തരം, ആഭേ ദ്യമായ ബന്ധത്തിൽ കഴിയണം. മറ്റേതു സുവിശേഷകന്മാരെയും കാൾ ഈ ബന്ധത്തിനു ലൂക്കാ പ്രാധാന്യം നല്കുന്നുണ്ട്.

പ്രധാനമായും പ്രാർത്ഥനയിലൂടെയാണ് യേശു ഈ ബന്ധം പ്രകടിപ്പിക്കുന്നത്. അതിനാലാവണം യേശുവിന്റെ പ്രാർത്ഥനയ്ക്ക് ലൂക്കാ വലിയ പ്രാധാന്യം നല്കുന്നത്. തന്റെ ജീവിതത്തിന്റെ എല്ലാ പ്രധാനഘട്ടങ്ങളിലും യേശു പ്രാർത്ഥിക്കുന്നതായി ലൂക്കാ എടു ത്തുപറയുന്നുണ്ട്. തന്നെയുമല്ല, യേശുവിന്റെ ജീവിതം നിരന്തര മായ ഒരു പ്രാർത്ഥനാജീവിതമായിരുന്നു. “അവനാകട്ടെ വിജനപ്ര ദേശങ്ങളിലേക്കു പിൻവാങ്ങി പ്രാർത്ഥിച്ചുകൊണ്ടിരുന്നു” (ലൂക്കാ 5,16). യേശു പ്രാർത്ഥിച്ചതായി ഏഴുതവണ ലൂക്കാ രേഖപ്പെടുത്തി യിരിക്കുന്നു. (ലൂക്കാ 3,21; 5,16; 6,12; 9,18. 28-29; 11,1; 22, 40-44). നാലുതവണ യേശുവിന്റെ പ്രാർത്ഥനയും ലൂക്കാ നമ്മുടെ മുമ്പിൽ അവതരിപ്പിക്കുന്നുണ്ട് (ലൂക്കാ 10,21; 22, 42-44; 23,34..46). തന്നെ അയച്ചവനുമായി പ്രാർത്ഥനയിലൂടെ നിരന്തരം ബന്ധം പുലർത്തി യിരുന്ന യേശു ദൈവത്തിന്റെ തന്നെ അധികാരമാണുപയോഗി ക്കുക. ഈ കാഴ്ചപ്പാടിൽ ദൈവവും അവിടുത്തെ പ്രവൃത്തികളു മാണ് ശ്രദ്ധാകേന്ദ്രമായിരിക്കുന്നത്. യേശു ദൈവത്തിന്റെ ദൗത്യ വാഹകനായി മാറുന്നു. ഇതാണു പ്രവാചകന്റെ സ്ഥാനം.

ദരിദ്രരെ സുവിശേഷം അറിയിക്കുക എന്ന പൊതുദൗ ത്യത്തെ വിശദമാക്കുന്നതാണ് “ബന്ധിതർക്കു മോചനം, അന്ധർക്കു കാഴ്ച, അടിച്ചമർത്തപ്പെട്ടവർക്കു സ്വാതന്ത്ര്യം” എന്നിവ. ഇവ യെല്ലാം കൂടി ഒറ്റ വാക്കിൽ സമാഹരിക്കുന്നതാണ് “കർത്താവിനു സ്വീകാര്യമായ വത്സരം” എന്നത്. ഏശയ്യായുടെ പ്രവചനത്തിൽ സാമ്പത്തികവും സാമൂഹികവും ആയ മോചനമായിരുന്നു മുൻപ ന്തിയിൽ നിന്നിരുന്നത്. ആഹാരത്തിനുവേണ്ടി പാർപ്പിടം പണയം വയ്ക്കുകയും കടം വീട്ടാൻ കഴിയാതെ ജയിൽവാസികളും അടിമ കളും ആയിത്തീരുകയും ചെയ്തവർക്ക് വിമോചനവർഷമായ ജൂബി ലിവർഷം പ്രഘോഷിക്കാൻ ദൈവം തന്നെ അയച്ചിരിക്കുന്നു എന്ന് പ്രവാചകൻ കണ്ടു. ഈ ദൗത്യം തന്നിൽ നിറവേറിയിരിക്കുന്നു എന്നാണ് യേശു ഉദ്ഘോഷിക്കുന്നത്.

യേശുവിന്റെ ദൗത്യം വിമോചകദൗത്യമാണ്. മർദ്ദിതർക്ക് മോചനം നല്കുകയാണ് തന്റെ വരവിന്റെ ലക്ഷ്യമെന്ന് യേശു വ്യക്തമാക്കുന്നു. രോഗികൾക്കാരോഗ്യവും വികലാംഗർക്ക് സൗഖ്യവും പാപികൾക്ക് പാപമോചനവും നില്കുമ്പോൾ, യേശു ഈ ദൗത്യം പൂർത്തിയാക്കുകയാണു ചെയ്യുന്നത്. യേശുവിന്റെ അത്ഭുതപ്രവർത്തനങ്ങൾ മുഴുവൻ ഈ പ്രവാചകദൗത്യത്തിന്റെ പൂർത്തീകരണമായി ലൂക്കാ കാണുന്നു. ദാരിദ്ര്യത്തെ ഒരു ആദ്ധ്യാത്മികഗുണമായി ലൂക്കാ ചിത്രീകരിക്കുന്നില്ല, അതേസമയം സാമ്പത്തിക തലത്തിൽമാത്രം അതിനെ ഒതുക്കി നിർത്തുന്നുമില്ല. 'ഹൃദയം തകർന്നവരെ സുഖപ്പെടുത്തൽ' എന്ന വാക്യം ഉദ്ധരണിയിൽ നിന്നു മനഃപൂർവ്വം ഒഴിവാക്കുന്നതിലൂടെ ദരിദ്രർ എന്നാൽ 'അനുതപിക്കുന്നവർ', 'ശിശു സഹജമായ നിഷ്ക്കളങ്കതയും ദൈവാശ്രയബോധവും ഉള്ളവർ', എന്നൊക്കെ വ്യാഖ്യാനിക്കാനുള്ള പഴുതടയ്ക്കുകയാണ് അദ്ദേഹം ചെയ്യുന്നത്. അനീതി നിറഞ്ഞ സാമൂഹിക സംവിധാനങ്ങളുടെ മർദ്ദനത്തിനും ചൂഷണത്തിനും ഇരയായ നിസ്സഹായരും അഗതികളുമാണ് ഇവിടെ വിവക്ഷിക്കപ്പെടുന്നത്. പാപികളും നിന്ദിതരും അധഃകൃതരുമായി മുദ്രകുത്തി സമൂഹം പുറംതള്ളിയ പാവങ്ങൾ ആണിവർ. ഇവരുടെ ആന്തരികശുദ്ധിയോ എളിമയോ ഒന്നുമല്ല, നിസ്സഹായാവസ്ഥയാണ് ദൈവത്തിന്റെ കാരുണ്യത്തെ ഇവരിലേയ്ക്കാകർഷിക്കുന്നത്. പരിത്യക്തരും മർദ്ദിതരുമായവർക്ക് വിമോചനം പ്രഖ്യാപിക്കുകയാണ്, അവരുടെ അടിമത്തം അവസാനിച്ചിരിക്കുന്നു എന്നു പ്രഘോഷിക്കുകയാണ് യേശുവിന്റെ ദൗത്യം.

'ദരിദ്രരേ, നിങ്ങൾ ഭാഗ്യവാന്മാർ' (ലൂക്കാ 16,20) എന്ന് ഉദ്ഘോഷിക്കുമ്പോൾ ഈ ദൗത്യമാണ് യേശു പൂർത്തിയാക്കുന്നത്. ചുങ്കക്കാരന്റെ ആതിഥ്യം സ്വീകരിക്കുമ്പോഴും പാപിനിയുടെ സ്നേഹത്തെ പുകഴ്ത്തി പറയുമ്പോഴും വികാലംഗരെ വിരുന്നിന് ക്ഷണിക്കാൻ ആഹ്വാനം ചെയ്യുകയും അവരായിരിക്കും ദൈവരാജ്യത്തിൽ വിരുന്നാസ്വദിക്കുക എന്ന് പ്രഖ്യാപിക്കുകയും ചെയ്യുമ്പോഴും ഒക്കെ നസ്രത്തിൽ വിളംബരം ചെയ്ത നയപ്രഖ്യാപനം യേശു പ്രാവർത്തികമാക്കുന്നു. വരാനിരിക്കുന്നവൻ നീ തന്നെയോ അതോ ഞങ്ങൾ മറ്റൊരുവനെ കാത്തിരിക്കണമോ? എന്ന് സ്നാപകശിഷ്യന്മാർ ചോദിക്കുമ്പോൾ യേശു നല്കുന്ന മറുപടിയും ഈ

ദൗത്യനിർവ്വഹണത്തിലേക്കു ശ്രദ്ധ ക്ഷണിക്കുന്നു (ലൂക്കാ 7,19-22). ചുരുക്കത്തിൽ യേശുവിന്റെ വാക്കുകളും പ്രവൃത്തികളും മുഴുവൻ പുതുയുഗം ഉദ്ഘാടനം ചെയ്യുന്ന യുഗാന്ത പ്രവാചകന്റേതായിട്ടാണ് ലൂക്കാ ചിത്രീകരിക്കുന്നത്.

യേശുവിന്റെ മരണത്തെ പ്രവാചകന്റെ രക്തസാക്ഷിത്വമായി ലൂക്കാ അവതരിപ്പിക്കുന്നു. നസ്രത്തുസംഭവം അവസാനിക്കുന്നത് യേശുവിനെ വധിക്കാനുള്ള ഒരു ശ്രമത്തോടെയാണ്. നസ്രത്തിൽ വിഫലമായ വധശ്രമം "മലയിൽ പണിയപ്പെട്ട" മറ്റൊരു പട്ടണത്തിൽ സഫലമാകും, "ജറുസലെമിനു പുറത്തുവച്ച് ഒരു പ്രവാചകനും മരിക്കുക സാധ്യമല്ല" (ലൂക്കാ 13,33) എന്ന യേശുപ്രവചനം ഈ മരണത്തിലേക്കു വിരൽ ചൂണ്ടുന്നു. ലൂക്കായുടെ പ്രത്യേകമായ കാഴ്ചപ്പാടിൽ യേശുവിന്റെ മരണത്തിനു കാരണമാകുന്നത് പ്രവാചക ദൗത്യത്തിന്റെ നിർവ്വഹണം തന്നെയാണ്.

യേശുവിന്റെ പരസ്യജീവിതവും മരണവും വിശദീകരിക്കാൻ ലൂക്കാ സുവിശേഷകൻ ഏറ്റം കൂടുതൽ ഉപയോഗിക്കുന്ന ഒരു പ്രമേയമാണ് 'യേശു-പ്രവാചകൻ'. 'ദുഃഖവെള്ളി'യിലെ 'ദുരന്ത'ത്തിൽ മനം തകർന്ന എമ്മാവൂസ് ശിഷ്യന്മാരുടെ വാക്കുകളിലൂടെ ലൂക്കാ ഇതു വ്യക്തമാക്കുന്നുണ്ട്. വാക്കിലും പ്രവൃത്തിയിലും ശക്തനായ ഒരു പ്രവാചകനായിരുന്നു യേശു. എന്നാൽ യഹൂദമതത്തിന്റെ നേതാക്കൾ അവനെ മരണവിധിക്കേൽപിച്ചുകൊടുക്കുകയും ക്രൂശിക്കുകയും ചെയ്തു (ലൂക്കാ 24,19-20).

യേശുവിനെ യുഗാന്ത പ്രവാചകനായി അവതരിപ്പിക്കുന്നതിൽ വളരെയേറെ ശ്രദ്ധിക്കുന്നുണ്ടെങ്കിലും യേശു ഒരു പ്രവാചകൻ മാത്രമായിരുന്നില്ല എന്ന് ലൂക്കാ എടുത്തുകാട്ടുന്നുണ്ട്. മറ്റു സുവിശേഷകന്മാരെപ്പോലെ തന്നെ ലൂക്കായും യേശുവിനെ കർത്താവും ക്രിസ്തുവും രക്ഷകനും ദൈവപുത്രനുമായിട്ടാണ് ചിത്രീകരിക്കുക. യേശുവിന്റെ വ്യക്തിത്വത്തിന്റെ കാതൽ കണ്ടെത്താൻ 'പ്രവാചകൻ' എന്ന വീക്ഷണം പര്യാപ്തമാവുകയില്ല എന്ന് ലൂക്കാ സമ്മതിക്കുന്നു. എന്നാൽ അവിടുത്തെ പ്രവർത്തനങ്ങളും പഠനങ്ങളും മരണവും വിശദീകരിക്കാൻ ഈ പ്രമേയം തികച്ചും ഉപയോഗപ്രദമാണ്.

നാലു സുവിശേഷകന്മാരും നാലു വിധത്തിലാണ് 'യേശു

-പ്രവാചകൻ' എന്ന വിഷയത്തെ കൈകാര്യം ചെയ്യുന്നത്. മർക്കോസ് ഈ വിഷയത്തിന് ഒരു പ്രാധാന്യവും കല്പിക്കുന്നില്ല; മത്തായിയും യോഹന്നാനും ഒട്ടൊക്കെ താത്പര്യം കാണിക്കുന്നുണ്ട്. ലൂക്കായാകട്ടെ ക്രിസ്തു വിജ്ഞാനീയത്തിന്റെ അതിപ്രധാനമായ ഒരു ഘടകമായി ഇതിനെ കാണുന്നു. സുവിശേഷങ്ങളിൽ നിന്നു ലഭിച്ച ഉൾക്കാഴ്ചയുമായി ചരിത്രത്തിലെ യേശുവിങ്കലേയ്ക്ക് ഒരു പടികൂടി അടുത്തുചെല്ലാൻ ശ്രമിക്കുകയാണ് നാം അടുത്തതായി ചെയ്യുക. ജനങ്ങൾ യേശുവിനെ പ്രവാചകനായി കാണാൻ കാരണമെന്താണ്? ആരാണ് പ്രവാചകൻ? പ്രവാചകദൗത്യം ചരിത്രത്തിലെ യേശുവിൽ എപ്രകാരമാണു നിറവേറിയത്? ഇങ്ങനെയുള്ള ചോദ്യങ്ങൾക്ക് ഉത്തരം തേടുകയാണ് അടുത്ത പടി.

9



# പ്രവാചകൻ - ദൈവത്താൽ അയയ്ക്കപ്പെട്ടവൻ

സാമാന്യജനവും ശിഷ്യഗണവും യേശു ഒരു പ്രവാചക നാണെന്നു പറഞ്ഞപ്പോൾ പ്രവാചകന്റേതായ ഒരു ചിത്രം അവ രുടെ മനസ്സിലുണ്ടായിരുന്നിരിക്കണം. മോശ മുതൽ മലാക്കിവരെ, അഥവാ സ്നാപകയോഹന്നാൻ വരെ, നീളുന്ന ഒരു പ്രവാചകനി രതന്നെയുണ്ട് ഇസ്രായേലിന്റെ ചരിത്രത്തിൽ. ഈ പ്രവാചകന്മാ രുമായി താരതമ്യം ചെയ്തിട്ടാണ് യേശുവിനെ പ്രവാചകനായി അവർ ഏറ്റുപറഞ്ഞത്. അതിനാൽ യേശുവിനെക്കുറിച്ചു സമകാ ലികർ രൂപീകരിച്ച അഭിപ്രായം മനസ്സിലാക്കാൻ ഒരു താരതമ്യ പഠനം സഹായകമാകും. പൊതുജന ദൃഷ്ടിയിൽ ആരാണ് ഒരു യഥാർത്ഥ പ്രവാചകൻ? ഈ പ്രവാചകചിത്രവുമായി യേശു എങ്ങനെ പൊരുത്തപ്പെടുന്നു? ചരിത്രപരമായ ഒരു പഠനമാണിത്. യേശുവിന്റെ ആത്മാവബോധവും പ്രവർത്തന ശൈലിയും സന്ദേ ശവും ഇവിടെ ചർച്ചാവിഷയമാകണം.

യഥാർത്ഥ പ്രവാചകന്മാരാരും സ്വന്തം നാമത്തിലല്ല വരു ന്നത്. ആരും പ്രവാചകദൗത്യം സ്വയമായി ഏറ്റെടുക്കേണ്ടതുമില്ല.

ഒരു പ്രത്യേക ദൗത്യവുമായി ദൈവംതന്നെ അയച്ചിരിക്കുകയാണെന്ന അവബോധം പ്രവാചകന്റെ മുഖമുദ്രയായിരുന്നു. ജീവിതത്തിന്റെ ഒരു പ്രത്യേക കാലഘട്ടത്തിൽ ദൈവം പ്രത്യേക വിധത്തിൽ തങ്ങളുടെ ജീവിതത്തിലേയ്ക്കു കടന്നുവന്നുവെന്നും അവർ ഉറച്ചു വിശ്വസിച്ചു. ദൈവത്തിന്റെ വിളി ലഭിച്ചവനാണു പ്രവാചകൻ. പല പ്രവാചകന്മാരും തങ്ങളുടെ വിളിയെക്കുറിച്ച് സവിസ്തരം പ്രതിപാദിച്ചിട്ടുണ്ട്.

വിവിധങ്ങളായ സാഹചര്യങ്ങളിലാണ് ഓരോ പ്രവാചകനും ഈ വിളി ലഭിക്കുക. അമ്മായിയപ്പന്റെ ആടുമേയിച്ചു നടന്ന മോശയ്ക്ക് മരുഭൂമിയിൽ വച്ചാണ് വിളി ലഭിച്ചത് (പുറ 3,1-12). നാല്പതിലേറെ വയസ്സുണ്ടായിരുന്നു അപ്പോൾ മോശയ്ക്ക്. സാമുവേൽ വിളിക്കപ്പെട്ടപ്പോൾ ബാലനായിരുന്നു. ആരാധനാകേന്ദ്രത്തിൽ വച്ചാണ് വിളി സ്വീകരിക്കുന്നത് (1 സാമു 3,1-18). ദേവാലയത്തിൽവച്ച് ഏശയ്യായ്ക്കു വിളി ലഭിച്ചു (ഏ 6,1-13). ചിലർക്ക് ദർശനങ്ങൾ വഴിയും മറ്റു ചിലർക്ക് കേൾവിയിലൂടെയും ആണ് വിളി ലഭിക്കുന്നത്. മഹത്ത്വപൂർണ്ണനായ ദൈവത്തിന്റെ ദർശനത്തോടെ ഏശയ്യാ പ്രവാചകദൗത്യം സ്വീകരിക്കുമ്പോൾ ചുരുൾ വിഴുങ്ങിക്കൊണ്ടാണ് എസക്കിയേൽ തുടങ്ങുക (എസ 3,1-4). വിളിക്കുന്നവന്റെ സ്വരം കേൾക്കുകയാണ് ജറമിയ (ജറ 1,4-10). ചരിഞ്ഞ മതിലിനുമുകളിൽ പിടിച്ച തൂക്കുകട്ട കണ്ടുകൊണ്ട് ആമോസ് പ്രവാചകദൗത്യം ആരംഭിക്കുന്നു (ആമോ 7,7-9). വിളി സ്വീകരിക്കുന്ന വ്യക്തികൾ വിവിധങ്ങളായ ജീവിത സാഹചര്യങ്ങളിൽ നിന്നുള്ളവരാണ്. ആമോസ് ഇടയനായിരുന്നു. മിക്കാ കൃഷിക്കാരൻ. എസക്കിയേൽ പുരോഹിതൻ. പ്രവാചകന്മാരിൽ അധികപങ്കും ഏതെങ്കിലും ഔദ്യോഗികസംവിധാനത്തിന്റെ ഭാഗമായിരുന്നില്ല. ഒരു ഔദ്യോഗികചടങ്ങിലൂടെയല്ല അവർക്കു വിളി ലഭിച്ചത്.

പ്രവാചകന്മാരുടെ ജീവിതത്തെ ആകമാനം തകിടം മറിക്കുന്നതായിരുന്നു ഈ ദൈവവിളി. വിളി സ്വീകരിച്ചവർ പുതിയ മനുഷ്യരായി മാറുന്നു. തെക്കോവായിലെ ആട്ടിടയൻ ആമോസ് ആടും വീടും ഉപേക്ഷിച്ച് വടക്കൻ രാജ്യമായ ഇസ്രായേലിൽ പ്രസംഗിക്കാൻ തുടങ്ങി. ഇടയന്റെ സ്വരം സിംഹഗർജ്ജനംപോലെ മുഴങ്ങി. കർഷകനായ മിക്കാ പ്രവാചകനായപ്പോൾ മൊറേഷെത്തിൽനിന്നും ജറുസലേമിലേയ്ക്കു വന്നു. കഠിനമായ എതിർപ്പുകൾക്കു മുന്നിലും തളരാതെ ദൈവവചനം പ്രസംഗിച്ചു. രാജാ

വിനും പ്രഭുക്കന്മാർക്കും പുരോഹിതന്മാർക്കും ജനങ്ങൾക്കും എതിരേ ഒറ്റയ്ക്കുനിന്ന്, ഏകാകിയായി ജീവിച്ചു ജറെമിയാ. എസക്കിയേൽ ചിലപ്പോഴൊക്കെ ഭ്രാന്തനെപ്പോലെ പെരുമാറി. ഈ മനുഷ്യരെല്ലാം ജനസാമാന്യത്തിന്റേതിൽനിന്നു തികച്ചും വ്യത്യസ്തമായൊരു ജീവിതമാണു നയിച്ചത്. ദൈവവിളി അവരെ ആകെ മാറ്റിമറിച്ചു. പഴയജീവിതത്തിലേയ്ക്ക് അവർക്കു തിരിച്ചുപോകാൻ കഴിയുകയില്ല. ജനത്തിന്റെ പ്രതികരണം അവരുടെ ജീവിതത്തെയോ സന്ദേശത്തേയോ സ്വാധീനിച്ചില്ല. ദൈവം തങ്ങളെ തിരഞ്ഞെടുത്ത് അയച്ചിരിക്കുന്നു എന്ന വ്യക്തമായ ബോധ്യമാണ് അവർക്കു ശക്തി പകർന്നത്. "ഞാനാകട്ടെ കർത്താവിന്റെ ആത്മാവിനാലും ബലത്താലും നീതിയാലും ശക്തിയാലും നിറഞ്ഞിരിക്കുന്നു" (മിക്ക 3,8) എന്ന മിക്കായുടെ പ്രഖ്യാപനം ഈ അവബോധം പ്രകടമാക്കുന്നുണ്ട്.

ദൈവം തിരഞ്ഞെടുത്തയച്ച പ്രവാചകനെ തന്റെ ദൗത്യനിർവ്വഹണത്തിൽനിന്നും വ്യതിചലിപ്പിക്കാൻ യാതൊരു ശക്തിക്കും കഴിയുകയില്ല. ബെഥേലിൽ മുടക്കു കല്പിക്കപ്പെട്ട ആമോസ് ദൗത്യത്തിൽ നിന്നും പിന്തിരിയുകയോ സ്ഥലം വിടുകയോ ചെയ്തില്ല; പൂർവ്വാധികം ശക്തിയോടും ധൈര്യത്തോടും കൂടെ തന്റെ കർത്തവ്യം നിർവ്വഹിക്കുകയാണ് ചെയ്തത്. "ദേശത്തിനു മുഴുവനും.... എതിരെ അപ്രതിരോധ്യമായ നഗരവും ഇരുമ്പുതൂണും പിച്ചളമതിലും ആയി ഇന്നു നിന്നെ ഞാൻ ഉറപ്പിക്കും. അവർ നിന്നോടു യുദ്ധം ചെയ്യും; എന്നാൽ വിജയിക്കുകയില്ല; നിന്റെ രക്ഷയ്ക്കു ഞാൻ കൂടെയുണ്ട് എന്ന് കർത്താവ് അരുളിച്ചെയ്യുന്നു" (ജറെ 1,18-19). പ്രതിസന്ധികളും വിഷമങ്ങളും നേരിട്ടേക്കാം. അപ്പോഴെല്ലാം ദൈവത്തിന്റെ അടുക്കൽ അവർ ആവലാതികൾ നിരത്തുകയും ചെയ്തേക്കാം. പക്ഷേ തങ്ങളുടെ ദൗത്യത്തിൽ നിന്ന് അവർ അണുവിട വ്യതിചലിക്കുകയില്ല. വചനത്തിന്റെ പേരിൽ പരിഹാസങ്ങളും മർദ്ദനങ്ങളും കാരാഗൃഹവാസവും മരണം തന്നെയും നേരിടേണ്ടിവരുമ്പോഴും പ്രവാചകൻ അടി പതറാതെ നില്ക്കും. കാരണം തന്നെ അയച്ച ദൈവം തന്നോടുകൂടെയുണ്ടെന്ന് അവൻ ഉറച്ചു വിശ്വസിച്ചു.

ഈ വിശ്വാസമാണ് അവരുടെ വാക്കുകൾക്ക് അധികാരം നല്കിയത്. യാതൊരു സംവിധാനത്തിന്റെയും പിന്തുണയില്ലാതെ, ദേശത്തെ മുഴുവൻ ഒറ്റയ്ക്കു നേരിടേണ്ടിവരുമ്പോഴും അനിഷേ

ധ്യമായൊരു അധികാരം അവർക്കുണ്ടായിരുന്നു. രാജാക്കന്മാർക്കും പുരോഹിതന്മാർക്കും എതിരായി സംസാരിക്കുകയും അനീതി നിറഞ്ഞ സംവിധാനങ്ങളെ ചോദ്യം ചെയ്യുകയും ചെയ്യുമ്പോൾ ഈ അധികാരം പ്രകടമായിരുന്നു. ദൈവത്തിന്റെ അധികാരമാണ് അവർ പ്രയോഗിച്ചിരുന്നത്. അയയ്ക്കപ്പെട്ടവന്റെ അധികാരം അയച്ചവന്റേതാണ്.

മേല്പ്പറഞ്ഞതെല്ലാം യേശുവിനെ സംബന്ധിച്ചും ശരിയായിരുന്നു എന്നു കാണാം. ഏകദേശം മുപ്പതു വയസ്സുവരെ ആശാരിപ്പണി ചെയ്തു കഴിഞ്ഞിരുന്ന ഒരു അത്മായനായിരുന്നു യേശു. യഹൂദമത സംവിധാനത്തിൽ യാതൊരു അധികാരസ്ഥാനവും അവനുണ്ടായിരുന്നില്ല. റബ്ബിമാരുടെ കീഴിൽ പരിശീലനവും നേടിയിരുന്നില്ല. ജോർദ്ദാനിലെ സ്നാനത്തോടുകൂടിയാണ് ആ ജീവിതത്തിൽ കാതലായ മാറ്റം സംഭവിച്ചത്. പണിശാല വിട്ടിറങ്ങിയ ആശാരി പ്രവാചകദൗത്യം ആരംഭിച്ചു. ജോർദ്ദാൻസംഭവം പ്രവാചകദൗത്യത്തിലേയ്ക്കുള്ള വിളിയായി യേശു കണ്ടു. "കർത്താവിന്റെ ആത്മാവ് എന്റെ മേലുണ്ട്. അവിടുന്ന് എന്നെ അഭിഷേകം ചെയ്തിരിക്കുന്നു.... എന്നെ അയച്ചിരിക്കുന്നു" (ലൂക്കാ 4,18) എന്നു പറയുമ്പോൾ ഈ ദൗത്യത്തെയാണ് ജനങ്ങൾ ഓർമ്മിക്കുക. ദൈവത്താൽ അയയ്ക്കപ്പെട്ടവനാണു താൻ എന്ന അവബോധം പ്രകടമാക്കുന്ന അനേകം പ്രസ്താവനകൾ യേശു നടത്തിയതായി സുവിശേഷകന്മാർ രേഖപ്പെടുത്തിയിട്ടുണ്ട്. "മറ്റുപട്ടണങ്ങളിലും ഞാൻ ദൈവരാജ്യത്തിന്റെ സുവിശേഷം പ്രസംഗിക്കേണ്ടിയിരിക്കുന്നു. അതിനുവേണ്ടിയാണ് ഞാൻ അയയ്ക്കപ്പെട്ടിരിക്കുന്നത്"(ലൂക്കാ 4,43).

പ്രവാചകദൗത്യവുമായി യേശു തന്റെ ദൗത്യത്തെ താരതമ്യം ചെയ്യുന്ന പല ഉപമകളും സുവിശേഷങ്ങളിൽ കാണാം. വിവാഹവിരുന്നിന് അതിഥികളെ ക്ഷണിക്കാനായി അയയ്ക്കപ്പെടുന്ന ദാസന്മാർ പ്രവാചകന്മാരായിട്ടാണ് പരിഗണിക്കപ്പെടുക. അന്തിമ നിമിഷത്തിൽ, 'എല്ലാം തയ്യാറായി, വിരുന്നിനു വരുവിൻ' എന്നു പറയുന്ന അവസാനത്തെ ദൂതൻ യേശു തന്നെയാണ് (ലൂക്കാ 14,15 –24). മുന്തിരിത്തോട്ടത്തിൽ നിന്നു പാട്ടം പിരിക്കാനായി അയയ്ക്കപ്പെടുന്ന ഭൃത്യന്മാർ പഴയനിയമ പ്രവാചകരാണ്. അവരുടെയെല്ലാം ദൗത്യം പരാജയപ്പെടുമ്പോൾ അവസാനമായി അയയ്ക്കപ്പെടുന്ന പ്രിയപുത്രൻ താനാണ് എന്നുദ്യോതിപ്പിക്കുന്നതായിരുന്നു മുന്തി

രിത്തോട്ടത്തിന്റെ ഉപമ (മർക്കോ 12,1-12). ഇസ്രായേൽ ജനത്തിന്റെ അടുക്കലേയ്ക്ക് അയയ്ക്കപ്പെടുന്ന പ്രവാചകന്മാരുടെ ചങ്ങലയിലെ അവസാനത്തെ കണ്ണിയാണ് യേശു. അന്തിമപ്രവാചകനാണ്, അഥവാ, യുഗാന്തപ്രവാചകനാണ് താൻ എന്ന് യേശു വ്യക്തമാക്കുന്നുണ്ട്. അധികാരികൾ ഇതു മനസ്സിലാക്കുകയും ചെയ്തു.

ദിവ്യമായ ഈ ദൗത്യത്തിൽനിന്നു തന്നെ വ്യതിചലിപ്പിക്കാൻ യേശു ആരെയും സമ്മതിച്ചില്ല. പൊതുജനത്തിന്റെ അഭ്യർത്ഥനയോ (ലൂക്കാ 4,42-43) ശിഷ്യന്മാരുടെ ഉപദേശമോ (മർക്കോ 8,23) ബന്ധുക്കളുടെ പ്രേരണയോ (മർക്കോ 3,21) നാടുവാഴിയുടെ ഭീഷണിയോ (ലൂക്കാ 13,31) ഒന്നും തന്റെ ദൗത്യത്തിന്റെ പാതയിൽ വിലങ്ങുതടിയായി നില്ക്കാൻ യേശു അനുവദിച്ചില്ല. ഈ ദൗത്യം കഠിനമായ എതിർപ്പുകളുടെ മധ്യേ ക്രൂരമായ മരണത്തിലേയ്ക്കു തന്നെ നയിച്ചപ്പോഴും യേശു പിന്മാറാതെ നിർഭയം യാത്ര തുടർന്നു. "എനിക്ക് ഒരു സ്നാനം സ്വീകരിക്കാനുണ്ട്; അതു നിവൃത്തിയാകുവോളും ഞാൻ എത്ര ഞെരുങ്ങുന്നു!" (ലൂക്കാ 12,50). ജനസമൂഹം വിട്ടുപിരിയുകയും, അധികാരികൾ വധഭീഷണി മുഴക്കുകയും ശിഷ്യരിൽ ഒരുവൻ ഒറ്റിക്കൊടുക്കുകയും ശിഷ്യപ്രധാനൻ തള്ളിപ്പറയുകയും എല്ലാം ചെയ്യുമ്പോഴും അടിപതറാതെ മുന്നോട്ടു നീങ്ങിയത് ഈ അവബോധത്തിന്റെ ശക്തിയാലാണ്.

യേശുവിനെ കാണുകയും അവന്റെ വാക്കു കേൾക്കുകയും ചെയ്തവരെല്ലാം അവന്റെ അധികാരത്തിൽ വിസ്മയിച്ചു. "യേശു ഈ വചനങ്ങൾ അവസാനിപ്പിച്ചപ്പോൾ ജനാവലി അവന്റെ പ്രബോധനത്തെപ്പറ്റി വിസ്മയിച്ചു. അവരുടെ നിയമജ്ഞരെപ്പോലെയല്ല, അധികാരമുള്ളവനെപ്പോലെയാണ് അവൻ പഠിപ്പിച്ചത്" (മത്താ 7,28). യഹൂദനിയമജ്ഞർ പ്രവാചകന്മാരെയും മറ്റു നിയമപണ്ഡിതരെയും ഉദ്ധരിച്ചുകൊണ്ടായിരുന്നു പ്രസംഗിച്ചതും പഠിപ്പിച്ചതും. എന്നാൽ, യേശു തന്റെ പ്രബോധനത്തിനു താങ്ങായി ആരെയും ഉദ്ധരിച്ചിരുന്നില്ല. എന്നു മാത്രമല്ല, നിയമജ്ഞരുടെ ഇടയിൽ നിലവിലിരുന്നതിൽ നിന്നും വ്യത്യസ്തമായ പ്രബോധനം തികഞ്ഞ ആധികാരികതയോടെ അവതരിപ്പിക്കുകയും ചെയ്തു.

മോശയുടെ നിയമങ്ങളെപ്പോലും തിരുത്തിക്കുറിക്കുന്നതായി അവന്റെ പ്രബോധനങ്ങളും പ്രവൃത്തികളും. "പൂർവ്വികരോടു പറയപ്പെട്ടതായി നിങ്ങൾ കേട്ടിട്ടുണ്ടല്ലോ, എന്നാൽ ഞാൻ നിങ്ങളോടു പറയുന്നു" എന്ന പ്രബോധനശൈലി തന്നെ

അതുല്യമായ ഈ അധികാരം വ്യക്തമാക്കുന്നതാണ്. 'സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു' എന്ന മുഖവുരയോടുകൂടിയുള്ള പ്രബോധനം പരമമായ അധികാരം പ്രകടമാക്കുന്നു. ഈ അധികാരപ്രയോഗത്തിനു മുന്നിൽ "എല്ലാവരും അത്ഭുതപ്പെട്ടു പരസ്പരം പറഞ്ഞു: ഇതെന്ത്! അധികാരത്തോടുകൂടിയുള്ള പ്രബോധനമോ!" (മർക്കോ 1,27). സാബത്താചരണത്തിന്റെ കാര്യത്തിലും യഹൂദമത പാരമ്പര്യങ്ങളുടെ കാര്യത്തിലും എല്ലാം യേശു ഈ അധികാരം പ്രകടമാക്കി. ഇതിൽ പ്രതിഷേധിച്ച മതാധികാരികൾ യേശുവിനെ ചോദ്യം ചെയ്തു: "എന്തധികാരത്താലാണ് നീ ഇവയൊക്കെ ചെയ്യുന്നത്? ആരാണ് നിനക്ക് അധികാരം നല്കിയത്? (മർക്കോ 11,28). നേരിട്ട് ഉത്തരം പറയാതെ യോഹന്നാൻ നല്കിയ സ്നാനത്തിലേയ്ക്ക് യേശു ചോദ്യകർത്താക്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. സ്നാപകന്റെ അധികാരം ദൈവത്തിൽ നിന്നാണെങ്കിൽ അവനിൽ നിന്നു സ്നാനം സ്വീകരിക്കുകയും അവൻ തന്നെ സാക്ഷ്യപ്പെടുത്തുകയും ചെയ്ത യേശുവിന്റെ അധികാരവും ദൈവത്തിൽ നിന്നായിരിക്കണം എന്ന നിഗമനത്തിലാണ് അവർ എത്തേണ്ടത്.

തന്നെ അയച്ചവനുമായുള്ള ഗാഢമായ ബന്ധത്തിൽ നിന്നാണ് യേശു അധികാരം സ്വീകരിച്ചത്. 'മനുഷ്യൻ അപ്പം കൊണ്ടുമാത്രമല്ല, ദൈവത്തിന്റെ നാവിൽ നിന്നു പുറപ്പെടുന്ന ഓരോ വാക്കുകൊണ്ടുമാണ് ജീവിക്കുന്നത്' (മത്താ 4,4) എന്നു പ്രലോഭകനോടു പറഞ്ഞ യേശു തന്റെ ജീവിതത്തിൽ ആഹാരത്തേക്കാൾ പ്രധാനമായി ദൈവഹിതത്തെ കണ്ടു. "നിങ്ങൾ അറിയാത്ത ഭക്ഷണം എനിക്കുണ്ട്........... എന്നെ അയച്ചവന്റെ ഇഷ്ടം പ്രവർത്തിക്കുകയും അവന്റെ ജോലി പൂർത്തിയാക്കുകയുമാണ് എന്റെ ഭക്ഷണം" (യോഹ 4,32-34). ദൈവം തന്നെ ഏല്പിച്ചിരിക്കുന്ന ജോലി പൂർത്തിയാക്കുക എന്ന ഒരേഒരു ലക്ഷ്യമേ യേശുവിനുണ്ടായിരുന്നുള്ളൂ. വിട്ടുവീഴ്ചയും ഒത്തുതീർപ്പുമില്ലാത്ത ഈ തീരുമാനത്തിൽ ജീവിതത്തിന്റെ അവസാനംവരെ അവൻ ഉറച്ചുനില്ക്കുകയും ചെയ്തു. ഇതിൽനിന്നു വ്യതിചലിക്കാനുള്ള പ്രലോഭനങ്ങൾ ഈ ജീവിതത്തിൽ ഉടനീളമുണ്ടായിരുന്നു. എന്നാലും വേദനയുടെയും പരിഹാസത്തിന്റെയും നടുവിൽ, ദൈവം പോലും തന്നെ കൈവെടിഞ്ഞു എന്നു തോന്നുന്ന തിക്തമായ പരിത്യക്തതയുടെ മുമ്പിൽ യേശു ഉറച്ചുനിന്നു, 'എല്ലാം പൂർത്തിയായി' എന്നു പറഞ്ഞു ജീവൻ വെടിയുന്ന നിമിഷംവരെ.

വിളിയും ദൗത്യവും അതിനോടുള്ള വിശ്വസ്തതയും അധികാരപ്രയോഗവും എല്ലാം പുറമെനിന്നു നോക്കുമ്പോൾ പ്രവാചകന്മാരുടേതിനു സദൃശ്യമെങ്കിലും അല്പം കൂടി അടുത്തു ചെന്നാൽ ഇവയിലെല്ലാം യേശു മറ്റേതു പ്രവാചകന്മാരെയുംകാൾ ഉപരിയാണെന്നു കാണാൻ കഴിയും. പ്രവാചകന്മാരുടെ അണിയിൽ പ്രവാചകനായിട്ടാണു പ്രത്യക്ഷപ്പെടുന്നതെങ്കിലും യഥാർത്ഥത്തിൽ താൻ പ്രവാചകനെക്കാൾ വലിയവനാണ് എന്ന സൂചന യേശുവിന്റെ വാക്കുകളിലും പ്രവൃത്തികളിലും ഉടനീളം കാണാം.

തന്നെ അയയ്ക്കുന്ന ദൈവത്തെക്കുറിച്ച് പിതാവ് എന്നാണ് യേശു പറയുക. പാട്ടക്കാരുടെ അടുക്കലേയ്ക്ക് അവസാനമായി അയയ്ക്കപ്പെട്ടുന്നത് ഏകജാതനാണ്. മാമ്മോദീസായുടെയും രൂപാന്തരീകരണത്തിന്റെയും അവസരത്തിൽ 'പ്രിയപുത്രൻ' എന്നാണ് സ്വർഗ്ഗത്തിൽ നിന്നുള്ള സ്വരം യേശുവിനെ അഭിസംബോധന ചെയ്യുന്നത്. പ്രവാചകന്മാരുടേതിൽനിന്നു വ്യത്യസ്തമായിരുന്നു യേശുവിന്റെ പ്രബോധനരീതി. "കർത്താവ് അരുളിച്ചെയ്യുന്നു" എന്ന പ്രവാചകശൈലിയുടെ സ്ഥാനത്ത് "ഞാൻ നിങ്ങളോടു പറയുന്നു" എന്ന രീതിയാണ് യേശു ഉപയോഗിക്കുക. അധികാരപ്രയോഗത്തിന്റെ കാര്യത്തിൽ ഇതു കൂടുതൽ വ്യക്തമാകും. വിളിയും ദൗത്യവും വഴി യേശു പ്രവാചനിരയിലാണെങ്കിലും വ്യക്തിത്വത്തിന്റെ ആഴങ്ങളിലേയ്ക്കിറങ്ങുമ്പോൾ മറ്റൊരു ചിത്രം തെളിഞ്ഞു വരുന്നതായി കാണാം. ഈ ചിത്രം അവസാന ഭാഗത്ത് അപഗ്രഥിക്കുന്നതായിരിക്കും.



10

# പ്രവാചകൻ - നീതിയുടെ വക്താവ്

ദേശീയപ്രതിസന്ധിയുടെ നടുവിലേയ്ക്കാണ് സാധാരണമായി പ്രവചാകന്മാർ അയയ്ക്കപ്പെടുക. പ്രതിസന്ധി പ്രത്യക്ഷമോ പരോക്ഷമോ ആകാം. വരൾച്ച, അഗ്നിബാധ, ഭൂമികുലുക്കം മുതലായ പ്രകൃതിക്ഷോഭങ്ങൾ ദേശത്തെ ഗ്രസിക്കുമ്പോൾ ഒരു ദേശീയ പ്രതിസന്ധിയുണ്ടാകാം. ഇതിലും വലിയ പ്രതിസന്ധിയാണ് ശത്രുക്കളുടെ ആക്രമണത്താൽ ദേശം നശിപ്പിക്കപ്പെടുമ്പോൾ ഉണ്ടാകുന്നത്. ബാബിലോൺ ചക്രവർത്തിയായ നബുക്കദ്നേസർ ജറുസലേം ആക്രമിച്ചു നശിപ്പിക്കുകയും അനേകായിരം പേരെ അടിമകളാക്കി ബാബിലോണിലേയ്ക്കു കൊണ്ടുപോകുകയും ചെയ്തത് പ്രത്യക്ഷമായ ഒരു ദേശീയ പ്രതിസന്ധിയായിരുന്നു. ദൈവം പോലും തങ്ങളെ കൈവെടിഞ്ഞെന്നും പ്രത്യാശയില്ലാത്തവിധം തങ്ങൾ എന്നേയ്ക്കുമായി നശിച്ചു എന്നും കരുതി നിരാശയിൽ അമരുന്ന ജനത്തിന് പ്രത്യാശ പകരാനായി അയയ്ക്കപ്പെട്ട പ്രവാചകന്മാരുണ്ട്. അവരുടെ പ്രസംഗങ്ങൾ അധികപങ്കും ദൈവത്തിന്റെ കാരുണ്യത്തെയും അചഞ്ചലസ്നേഹത്തെയും കുറിച്ചായിരിക്കും. തങ്ങൾക്കു സംഭവിച്ച വിനയുടെ കാരണം തങ്ങൾതന്നെ ചെയ്ത തെറ്റാണെന്നു ബോധ്യമായ ജനത്തിന് ദൈവത്തിങ്കലേയ്ക്ക് പ്രതീ

ക്ഷയോടെ തിരിയാനുള്ള പ്രചോദനമാണ് അവർ നൽകുക. പ്രത്യാശയുടെ പ്രവാചകന്മാരാണിവർ.

എന്നാൽ ഇത്രതന്നെ പ്രത്യക്ഷമല്ലാത്ത ദേശീയ പ്രതിസന്ധികളുണ്ടാവാം. പുറമെനിന്നു നോക്കുമ്പോൾ സമൃദ്ധിയും സുരക്ഷിതത്വവും ദേശത്തു നിലനില്ക്കുന്നതായി തോന്നാം. രാജാക്കന്മാരും പ്രഭുക്കന്മാരും ജനപ്രമാണികളും സുഖമസൃദ്ധിയിൽ കഴിയുന്നു. ദേവാലയത്തിൽ ബലിയർപ്പണങ്ങളും ഉത്സവാഘോഷങ്ങളും ആഡംബരപൂർവ്വം നടക്കുന്നു. ശത്രുക്കളുടെ ആക്രമണഭീതിയില്ലാതെ അതിർത്തികളിൽ സമാധാനം നിലനിൽക്കുന്നു. എല്ലാം ഭദ്രമാണെന്നു തോന്നാവുന്ന ഈ അവസ്ഥയ്ക്കു പിന്നിൽ രൂക്ഷമായ പ്രതിസന്ധിയുടെ ബീജം ഒളിഞ്ഞു കിടക്കുന്നതായി കാണുന്ന പ്രവാചകന്മാരുണ്ട്. യഥാർത്ഥ പ്രവാചകന്മാരിൽ അധികപങ്കും ഇത്തരമൊരു സാഹചര്യത്തിലാണ് രംഗപ്രവേശം ചെയ്യുക. നാട്ടിൽ നിലനില്ക്കുന്ന ശാന്തത ഭീകരമായ കൊടുങ്കാറ്റിനു മുമ്പുള്ള പ്രശാന്തതയാണെന്ന് അവർ കാണും.

സമൃദ്ധിയുടെ മദ്ധ്യത്തിൽ സുഖാലസരായി കഴിയുന്നത് ദേശത്തെ ഉപരിവർഗ്ഗം മാത്രമാണെന്നും ബഹുഭൂരിപക്ഷം ജനങ്ങളും കൊടിയ ദാരിദ്ര്യത്തിലും മുഴുപ്പട്ടിണിയിലുമാണ് കഴിയുന്നതെന്നും മനസ്സിലാക്കുന്ന പ്രവാചകന്മാർ നിശിതമായ വിമർശനവുമായിട്ടാണ് രംഗപ്രവേശം ചെയ്യുക. സുഖസമൃദ്ധിയുടെയും ആഡംബരപൂർണ്ണമായ ഭക്തിപ്രകടനങ്ങളുടെയും മറ നീക്കി സമൂഹത്തിന്റെ യഥാർത്ഥ മുഖം അവർ വെളിച്ചത്തു കൊണ്ടുവരും. ചുരുക്കം പേരുടെ സുഖഭോഗങ്ങൾ അനേകരെ ദാരിദ്ര്യത്തിലേയ്ക്ക് തള്ളിവിടുന്നതായി കാണുന്ന അവർ വ്യക്തമായ ഒരു സമൂഹവിശകലനം നടത്തുന്നുണ്ട്. ദാരിദ്ര്യവും സമ്പത്തും ദൈവഹിതമോ വിധിയോ ആണെന്നു പ്രവാചകന്മാർ അംഗീകരിക്കുകയില്ല. ദാരിദ്ര്യം മർദ്ദനത്തിന്റെയും ചൂഷണത്തിന്റെയും ഫലമാണെന്ന് അവർ ഉച്ചത്തിൽ പ്രഘോഷിക്കും.

"നഗരകവാടത്തിൽ ന്യായം വിധിക്കുന്നവനെ അവർ ദ്വേഷിക്കുന്നു. സത്യം പറയുന്നവനെ അവർ ജുഗുപ്സയോടെ നോക്കുന്നു. ദരിദ്രനെ ചവുട്ടിയരയ്ക്കുകയും അവനിൽനിന്ന് അന്യായമായി ഗോതമ്പ് ഈടാക്കുകയും ചെയ്ത് നിങ്ങൾ ചെത്തിയൊരുക്കിയ കല്ലുകൊണ്ട് മാളിക പണിയുന്നു" (അമോ. 5,10-11) "രക്തത്താൽ നിങ്ങൾ സീയോൺ പണിതുയർത്തുന്നു; അധർമ്മത്താൽ ജറു

സലേമും" (മിക്ക 3,10). "എന്റെ ജനത്തിന്റെ ഇടയിൽ ദുഷ്ടന്മാർ കടന്നുകൂടി, വേടന്മാരെപ്പോലെ പതിയിരിക്കുന്നു. അവർ കെണിയൊരുക്കി മനുഷ്യനെ കൂട്ടിലാക്കുന്നു. കൂട്ടിൽ പക്ഷികളെപ്പോലെ അവരുടെ ഭവനങ്ങളിൽ വഞ്ചന നിറഞ്ഞിരിക്കുന്നു. അങ്ങനെ അവർ വമ്പന്മാരും പണക്കാരുമായി. അവരുടെ ദുഷ്ടതയ്ക്കതിരില്ല. അവരുടെ വിധികൾ നീതിയുക്തമല്ല. അനാഥർക്കുവേണ്ടി അവർ നിലകൊള്ളുന്നില്ല. ദരിദ്രരുടെ അവകാശം സംരക്ഷിക്കുന്നില്ല" (ജറെ 5,26-28). അനാഥർക്കും വിധവകൾക്കും നീതിനിഷേധിക്കുകയും വേലക്കാർക്കു കൂലി കൊടുക്കാതിരിക്കുകയും കടത്തിനു പലിശ ഈടാക്കുകയും കൈക്കൂലിയും കരിഞ്ചന്തയും വഴി സ്വത്തുസമ്പാദിക്കുകയും പാവപ്പെട്ടവരെ കേസിൽ കുടുക്കി നീതി നിഷേധിച്ച് അവരെ അടിമകളാക്കുകയും ചെയ്യുന്ന ധനികന്മാർക്ക് ദുഷ്ടൻ, കൊലപാതകി, അക്രമി എന്നൊക്കെയുള്ള പര്യായങ്ങളാണു പ്രവാചകന്മാർ നല്കുക. ദാരിദ്ര്യം വിധിയല്ല, ദൈവഹിതവുമല്ല, ധനതൃഷ്ണയുടെ ഫലമാണ് എന്നു പ്രഘോഷിക്കുന്ന പ്രവാചകന്മാരുടെ കണ്ണുകൾ സാമ്പത്തികാസമത്വത്തിനും സാമൂഹിക മർദ്ദനത്തിനും പിന്നിലുള്ള മനോഭാവങ്ങളിൽ പതിയും.

മേളക്കൊഴുപ്പാർന്ന ഭക്തിപ്രകടനങ്ങൾ നീതി നടത്തുന്നതിനു പകരം നില്ക്കുകയില്ല. പൊന്നുപൊതിഞ്ഞ താഴികക്കുടങ്ങൾക്കു കീഴിൽ ബലിപീഠങ്ങളിൽ നിരന്തരം ബലിയർപ്പണം നടന്നാലും ബലിമൃഗങ്ങളുടെ രക്തം പുഴപോലെ ഒഴുകിയാലും ദൈവം ഈ മർദ്ദകസംവിധാനവുമായി രമ്യതയിലെത്തുകയില്ല. ദൈവത്തിന്റെ കണ്ണിലൂടെ സമൂഹത്തെ നോക്കിക്കാണുന്ന പ്രവാചകൻ അനീതി നിറഞ്ഞ ഉത്സവങ്ങളും, മർദ്ദിതർ നീതിക്കുവേണ്ടി നിലവിളിക്കുമ്പോൾ അതു ശ്രദ്ധിക്കാതെ നിരന്തരം മോടിയായി നടത്തപ്പെടുന്ന ബലിയർപ്പണങ്ങളും ദൈവവിശ്വാസത്തിന്റെ പ്രകടനമായിട്ടല്ല, വിഗ്രഹാരാധനയും ഈശ്വരാവഹേളനവുമായിട്ടാണ് മനസ്സിലാക്കുന്നത് (അമോ 8,21-23; ഏശ 1,10-16). നീതി പ്രവർത്തിക്കാത്തവർ വാതോരാതെ പ്രാർത്ഥിച്ചാലും കർത്താവു കേൾക്കുകയില്ല. കാരണം മർദ്ദിതരുടെ മോചകനായ യാഹ്‌വേയോടല്ല, തങ്ങളുടെ തന്നെ ഭാവനയിൽ കൊരുത്തെടുത്ത വിഗ്രഹത്തോടാണവർപ്രാർത്ഥിക്കുന്നത്.

നീതി പ്രവർത്തിക്കാത്തവർ ദൈവത്തെ അറിയുന്നില്ല എന്നതാണ് പ്രവാചകന്മാരുടെ നിലപാട്. വ്യക്തമായൊരു സമൂ

ഹവിശകലനം നടത്തുന്ന ഹോസിയായും ഏശയ്യായും ഈ നിഗമനത്തിലാണു ചെന്നെത്തുന്നത്. "ഇസ്രായേൽജനമേ, കർത്താവിന്റെ വാക്കു കേൾക്കുക, ദേവശാസികൾക്കെതിരെ അവിടുത്തേയ്ക്ക് ഒരാരോപണമുണ്ട്. ഇവിടെ വിശ്വസ്തതയോ, സ്നേഹമോ ഇല്ല. ദൈവജ്ഞാനം ദേശത്ത് അറ്റുപോയിരിക്കുന്നു. ആണയിടലും വഞ്ചനയും, കൊലപാതകവും മോഷണവും വ്യഭിചാരവും സീമാതീതമായിരിക്കുന്നു" (ഹോസി 4,1-3). ദേശത്തു നടമാടുന്ന സകല തിന്മകളുടെയും മൂലകാരണം ജനം വിമോചകനായ ദൈവത്തെ മറന്നു എന്നുള്ളതാണ്. "തിന്മ നിറഞ്ഞ രാജ്യം, അനീതിയുടെ ഭാരം വഹിക്കുന്ന ജനം, ദുഷ്ക്കർമ്മികളുടെ സന്തതി, ദുർമ്മാർഗ്ഗികളായ മക്കൾ, അവർ കർത്താവിനെ തിരസ്ക്കരിക്കുകയും ഇസ്രായേലിന്റെ പരിശുദ്ധനെ നിന്ദിക്കുകയും ചെയ്തു. അവർ എന്നിൽ നിന്നു തീർത്തും അകന്നുപോയി"(ഏശ1,4). ദൈവത്തിന്റെ ജനം ദൈവത്തെ അറിയുന്നില്ല. കർത്താവിനെ മറന്നു, നിന്ദിച്ചു, പരിത്യജിച്ചു. ഇതാണ് പ്രവാചകന്മാരുടെ ആരോപണം. ഇതിനു തെളിവാണ് ദേവാലയത്തിൽ നിന്നുയരുന്ന പ്രാർത്ഥനാഗാനങ്ങളെക്കാൾ ഉച്ചത്തിൽ മുഴങ്ങുന്ന മർദ്ദിതരുടെ നിലവിളി. ജനസമാന്യത്തെ മുഴുവൻ ദാരിദ്ര്യത്തിലാഴ്ത്തുന്ന, ദേശത്തെ സ്വത്തു മുഴുവൻ തങ്ങൾക്കായി അപഹരിക്കുന്ന, അധികാരവർഗ്ഗത്തിനെതിരെ അവർ മർദ്ദിതന്റെ പക്ഷത്തു നിലയുറപ്പിക്കും.

ഇസ്രായേൽജനത്തെ അടിമത്തത്തിൽനിന്നു മോചിപ്പിച്ച യാഹ്‌വേയുടെ സ്വരമാണ് പ്രവാചകന്റേത്. മർദ്ദക ശക്തിയായ ഫറവോയ്ക്കെതിരെ മർദ്ദിതജനത്തിന്റെ പക്ഷം ചേർന്ന യാഹ്‌വേ, ഇന്ന് ഫറവോയുടെ സ്ഥാനത്തുനില്ക്കുന്ന ഇസ്രായേലിന്റെ അധികാരവർഗ്ഗത്തിനെതിരാണ്. രാജാക്കന്മാരും പ്രഭുക്കന്മാരും അവരുടെ ചെയ്തികളെ ന്യായീകരിക്കുകയും അവരുടെ കാര്യലാഭത്തിനു വേണ്ടി ബലിയർപ്പിക്കുകയും ചെയ്യുന്ന പുരോഹിതന്മാരും, അക്രമവാഴ്ചയെ പ്രോൽസാഹിപ്പിക്കുന്ന വ്യാജപ്രവാചകന്മാരും അടങ്ങുന്നതാണ് അധികാരവർഗ്ഗം. ഇവർക്കെതിരേ ജ്വലിക്കുന്ന ദൈവത്തിന്റെ രോഷം മുഴുവൻ ആവാഹിച്ചെടുത്തവനാണ് പ്രവാചകൻ. "കർത്താവിന്റെ കോപം എന്നിൽ നിറഞ്ഞുകവിയുന്നു. അത് ഒതുക്കി നിർത്താൻ ശ്രമിച്ച് ഞാൻ തളർന്നു" (ജറെ 6,11). ഈ ചുറ്റുപാടിൽ പ്രവാചകന്റെ നാവിൽനിന്നു ശകാരങ്ങളും കുറ്റാരോപണങ്ങളും വിധിപ്രസ്താവനയുമായിരിക്കും വരിക. നാശത്തിന്റെ

പ്രവാചകന്മാർ (Prophets of doom) എന്നാണ് ഇക്കൂട്ടർ അറിയപ്പെടുന്നത്.

അനീതി നിറഞ്ഞ സംവിധാനങ്ങളുടെ നേരെയുള്ള ദൈവത്തിന്റെ അവജ്ഞയും വെറുപ്പും നിഷേധവുമാണ് പ്രവാചകന്മാർ പ്രകടമാക്കുന്നത്. ദൈവത്തെ മറന്ന സംവിധാനങ്ങൾ തകർന്നേ തീരൂ എന്നവർ തറപ്പിച്ചു പറഞ്ഞു. രാജസിംഹാസനം ശൂന്യമാകും. രാജാവും പ്രഭുക്കന്മാരും അടിമത്തത്തിലേയ്ക്കു പോകും. ദരിദ്രരെ ചവുട്ടിയരച്ച ബാഷാൻ പശുക്കൾ കൊളുത്തിട്ടിഴയ്ക്കപ്പെടും. രമ്യഹർമ്മ്യങ്ങൾ ശൂന്യമാകും. ജനത്തിന്റെ അഭിമാനസ്തംഭവും ആശാകേന്ദ്രവുമായ ദേവാലയം നാശക്കൂമ്പാരമാകും (ഏശ 5,8-9; മിക്കാ 3,12; ആമോ 4,1-3). തങ്ങളുടെ വിമർശനത്തിൽനിന്ന് ആരെയും ഒഴിവാക്കുന്നില്ലെങ്കിലും ജനത്തിനു വന്നു ഭവിക്കാൻ പോകുന്ന ഈ ദുരന്തത്തിനു പ്രധാന കാരണക്കാർ അധികാരം കയ്യാളുന്നവരാണെന്ന് പ്രവാചകന്മാർ തറപ്പിച്ചു പറഞ്ഞു. ഇവരിൽ ഏറ്റവും പ്രധാനപ്പെട്ടതു പുരോഹിതന്മാരും പ്രവാചകന്മാരുമാണ്. ജനത്തെ ദൈവപ്രമാണങ്ങൾ പഠിപ്പിച്ച് യഥാർത്ഥ ദൈവജ്ഞാനത്തിലേയ്ക്കു നയിക്കേണ്ട അവർ "പതിയിരിക്കുന്ന കവർച്ചക്കാരെപ്പോലെ സംഘം ചേർന്ന് ഷെക്കെമിലേയ്ക്കുള്ള വഴിയിൽ കൊലനടത്തുന്നു" (ഹോസി 6,9). വ്യർത്ഥമായ വാഗ്ദാനങ്ങൾ നല്കി ജനത്തെ ചൂഷണം ചെയ്യുകയും (ഹോസി 4,4-10) ചെയ്യുന്നു. ജനം എത്തിപ്പെട്ടിരിക്കുന്ന യഥാർത്ഥ പ്രതിസന്ധി കാണാതെ "പ്രവാചകനും പുരോഹിതനും കപടമായി പെരുമാറുന്നു. അശ്രദ്ധമായിട്ടാണ് അവർ എന്റെ ജനത്തിന്റെ മുറിവുകൾ വച്ചുകെട്ടുന്നത്. സമാധാനം ഇല്ലാതിരിക്കെ സമാധാനം, സമാധാനം എന്ന് അവർ പറയുന്നു" (ജറെ 8,10-11). അടിത്തറ ഇളകി ഭിത്തിയിൽ വിള്ളലുണ്ടാകുമ്പോൾ വിള്ളലിൽ വെള്ള പൂശി കെട്ടിടം നിലനിർത്താമെന്നു കരുതുന്ന വഞ്ചകരാണവർ (എസെ 13,10). അവരായിരിക്കും ഏറ്റം കടുത്ത ശിക്ഷയനുഭവിക്കുക.

ഭീകരമായ നാശത്തെ മുൻകൂട്ടി അറിയിക്കുന്ന പ്രവാചകന്മാർ അതികഠിനമായ വേദനയോടെയാണിതു ചെയ്യുന്നത്. മറ്റാരെയുംകാൾ കൂടുതൽ സ്വജനത്തെ സ്നേഹിച്ചവരാണു പ്രവാചകന്മാർ. സ്വന്തം ജീവനെക്കാളുപരി താൻ സ്നേഹിക്കുന്ന ജനത്തിന്റെ നാശം അവരുടെ ഹൃദയം പിളർക്കും."വേദന, അസഹ്യമായ വേദന, ഞാൻ വേദനയാൽ പുളയുന്നു. എന്റെ ഹൃദയഭിത്തി

കൾ തകരുന്നു. നെഞ്ചിടിക്കുന്നു. നിശ്ശബ്ദനായിരിക്കാൻ എനിക്കു വയ്യ, ഇതാ യുദ്ധകാഹളം. പോർവിളി ഞാൻ കേൾക്കുന്നു. ഒന്നിനു പുറകെ ഒന്നായി ദുരിതങ്ങൾ ആഞ്ഞടിക്കുന്നു. ദേശം മുഴുവൻ വിജനമായിത്തീർന്നിരിക്കുന്നു. എന്റെ കൂടാരങ്ങൾ ഞൊടിയിടയിൽ തകരുന്നു. കൂടാരവിരികൾ നിമിഷനേരംകൊണ്ടു കീറിപ്പോകുന്നു " (ജറെ 4,19-20) കണ്ണുകെട്ടിയ കുതിരയെപ്പോലെ അനിവാര്യമായ നാശത്തിലേയ്ക്കു കുതിച്ചു പായുന്ന ജനത്തെ പിടിച്ചുനിർത്താൻ, വഴിമാറ്റി വിടാൻ, ഉള്ള ശ്രമമാണ് പ്രവാചകന്മാർ ചെയ്യുന്നത്. ജനത്തിന്റെ നാശമല്ല നന്മയാണ് അവരുടെ ലക്ഷ്യം.

ആസന്നമായിരിക്കുന്ന നാശത്തെ അവർമാത്രമേ കാണുന്നുള്ളൂ. ആ നാശത്തിൽ നിന്നു രക്ഷപ്പെടാൻ ഏകമാർഗ്ഗമേയുള്ളൂ. തങ്ങളുടെ നാഥനായ ദൈവത്തിലേയ്ക്ക് പൂർണ്ണഹൃദയത്തോടെ തിരിയുക. പൂർണ്ണമായൊരു മാനസാന്തരമാണാവശ്യം. ഇതു ഹൃദയത്തിലും സമൂഹത്തിലും പ്രകടമാകണം. ദേവാലയത്തിന്റെ മോടിയും ബലിയർപ്പണങ്ങളുടെ എണ്ണവും ഉത്സവങ്ങളുടെ ആർഭാടവും വർദ്ധിപ്പിക്കുകയല്ല, ഉടമ്പടിയുടെ പ്രമാണങ്ങൾ അനുസരിച്ച് മർദ്ദിതരുടെ വിമോചകനും വിശുദ്ധനുമായ ദൈവത്തെ വീണ്ടും ഹൃദയത്തിൽ പ്രതിഷ്ഠിക്കുകയാണാവശ്യം; അനീതി നിറഞ്ഞ സംവിധാനങ്ങൾ അവസാനിപ്പിച്ച് മർദ്ദിതനു നീതി നടത്തിക്കൊടുക്കുകയാണു വേണ്ടത്. "നന്മപ്രവർത്തിക്കുവാൻ ശീലിക്കുവിൻ. അനാഥരോടു നീതി ചെയ്യുവിൻ. വിധവകൾക്കുവേണ്ടി വാദിക്കുവിൻ. കർത്താവ് അരുളിച്ചെയ്യുന്നു. വരുവിൻ നമുക്കു രമ്യതപ്പെടാം." (ഏശ 1,16-18). യഥാർത്ഥ ദൈവവിശ്വാസം അനിവാര്യമായും നീതിയുടെ പുനഃസ്ഥാപനത്തിനുവേണ്ടിയുള്ള പ്രവർത്തനങ്ങളിലേയ്ക്കു നയിക്കും. ഹൃദയതലത്തിൽ പരിവർത്തനമുണ്ടായാലേ സമൂഹത്തിൽ നീതി നിലനില്ക്കുകയുള്ളൂ. അതിനാൽ പ്രവാചകന്മാർ അഗാധമായ മനഃപരിവർത്തനത്തിന് ആഹ്വാനം ചെയ്യുന്നവരായിരുന്നു.

ചുരുക്കത്തിൽ, ബാഹ്യമായ പ്രശാന്തതയ്ക്കു പിന്നിൽ ആസന്നമായിരിക്കുന്ന നാശം കാണുന്നവനാണ് പ്രവാചകൻ. സമൂഹത്തിൽ നടമാടുന്ന അനീതിയും അക്രമവും മറനീക്കി പുറത്തുകൊണ്ടുവരികയും അതിന്റെ ഉത്തരവാദികളുടെ നേരെ വിരൽചൂണ്ടുകയും ചെയ്യുന്ന പ്രവാചകൻ അധാർമ്മികതയുടെ ഉറവിടമായി കാണുന്നത് ദൈവനിഷേധമാണ്. വിമോചകനായ യാഹ്‌വേയുടെ

വക്താവ് മർദ്ദകർക്കെതിരെ മർദ്ദിതന്റെ പക്ഷം ചേരുന്നു. വിനാശത്തിന്റെ മുന്നറിയിപ്പു നല്കുമ്പോഴും മാനസാന്തരമാണവരുടെ ലക്ഷ്യം. ദുഷ്ടന്റെ നാശമല്ല, മനഃപരിവർത്തനമാണ് കർത്താവ് ആഗ്രഹിക്കുന്നത്. സമൂഹവിശകലനം, വിചാരണ, കുറ്റാരോപണം, വിധിപ്രസ്താവം, മാനസാന്തരത്തിനുള്ള ആഹ്വാനം എന്നിവ പ്രവാചകപ്രസംഗങ്ങളുടെ ഭാഗമാണ്. ദൈവത്തെ മറന്ന ജനത്തിന്റെമേൽ ദൈവം വിധിപ്രസ്താവിക്കാൻ പോകുന്നു. പ്രകൃതിശക്തികളും ശത്രുസേനയും എല്ലാം ദൈവത്തിന്റെ ഉപകരണങ്ങളാണ്. കഠിനമായ ശിക്ഷാവിധിയിലൂടെ ദൈവം ജനത്തെ ശുദ്ധീകരിക്കും. ഇതാണ് ആസന്നമായ നാശത്തെക്കുറിച്ചു പറയുമ്പോൾ പ്രവാചകന്മാർ അർത്ഥമാക്കുന്നത്. ജനത്തോടുള്ള വിദ്വേഷമല്ല, സ്നേഹമാണ് അതിനവരെ പ്രേരിപ്പിക്കുന്നത്. ജനത്തിനു വന്നു ഭവിക്കാൻ പോകുന്ന നാശത്തെക്കുറിച്ച് കഠിനമായ വേദന അനുഭവിച്ചുകൊണ്ടാണ് അവർ ശാപവാക്കുകൾ ഉച്ചരിക്കുക. അനീതി പ്രവർത്തിക്കുന്ന ആരെയും അവർ ഒഴിവാക്കുകയില്ല. നിർഭയരാണവർ.

11



# പ്രവാചകൻ - മാറ്റത്തിന്റെ കാഹളം

ഇസ്രായേൽജനം അതിഭീകരമായ നാശത്തിന്റെ വക്കിൽ എത്തി നില്ക്കുമ്പോഴാണ് യേശു രംഗപ്രവേശം ചെയ്യുന്നത്. സ്നാപകയോഹന്നാന്റെ പ്രസംഗം അധികപങ്കും ആസന്നമായൊരു നാശത്തെക്കുറിച്ചുള്ള മുന്നറിയിപ്പായിരുന്നു. സാമാന്യജനം യോഹന്നാന്റെ വാക്കുകേട്ടു മാമോദീസാ സ്വീകരിച്ചെങ്കിലും മാനസാന്തരത്തിനു യോജിച്ച ഫലം പുറപ്പെടുവിച്ചില്ല. മതാധികാരികളാകട്ടെ സ്നാപകനെ പുച്ഛിച്ച് മാറി നിന്നതേയുള്ളൂ (ലൂക്കാ 7,33). പഴയനിയമപ്രവാചകന്മാരുടെയും സ്നാപകന്റെയും ചുവടു പിടിച്ചാണ് യേശുവും തന്റെ പ്രസംഗം ആരംഭിക്കുന്നത്. ഒരു ദേശീയ പ്രതിസന്ധി ആസന്നമായിരിക്കുന്നു എന്ന അവബോധം ആ വാക്കുകളിൽ മുഴങ്ങുന്നുണ്ട്.

സാമ്രാജ്യശക്തിയായ റോമിനെതിരേ സായുധസമരത്തിനൊരുങ്ങുന്ന തീവ്രവാദികൾ ഒരു വശത്ത്, വിദേശമേൽക്കോയ്മയുടെ പ്രീതി സമ്പാദിച്ച് അധികാരം നിലനിർത്തിപ്പോന്ന മതാധികാരികൾ മറുവശത്ത്. കഠിനമായ ചൂഷണം വഴി ദാരിദ്ര്യത്തിനിരയായ പാവപ്പെട്ടവരുടെ രോഷം ഉമിത്തീപോലെ നീറിപ്പുകയുമ്പോൾ മതപാരമ്പര്യങ്ങൾ കല്പിച്ച വിലക്കുകളും മുട

ക്കുകളും വഴി നിന്ദിതരും ഭ്രഷ്ടരുമായ സാധുക്കൾ സമൂഹത്തിന്റെ പുറംപോക്കിൽ നരകിക്കുമ്പോൾ, നിയമാധിഷ്ഠിതമായ തങ്ങളുടെ വിശുദ്ധിയിലും, അനുഷ്ഠാനപ്രധാനമായ ഭക്തിയിലും ദൈവപ്രീതിയും മുക്തിയും നേടിയവരാണ് തങ്ങളെന്ന് മതനേതാക്കളഭിമാനിച്ചു. മേളക്കൊഴുപ്പാർന്ന ബലിയർപ്പണങ്ങളും, ഉത്സവാഘോഷങ്ങളും, ജറുസലെം ദേവാലയത്തിൽ അനുസ്യൂതം തുടർന്നപ്പോൾ യാഹ്വേയുടെ പാവങ്ങൾ മതജീവിതത്തിന്റെ മുഖ്യധാരയിൽനിന്ന് പുറംതള്ളപ്പെട്ടു. ഇസ്രായേൽജനത്തിന്റെമേൽ ദൈവം വിധി പ്രസ്താവിച്ചു കഴിഞ്ഞു എന്ന സൂചനയാണ് യേശുവിന്റെ വാക്കുകൾ നല്കുക. പ്രവാചകന്മാരുടേതിലെന്നപോലെ യേശുവിന്റെ പ്രസംഗങ്ങളിലും മുഖ്യമായ രണ്ടു ചിന്താധാരകൾ കാണാൻ കഴിയും. 1. ആസന്നമായിരിക്കുന്ന പ്രതിസന്ധിയെ- വിനാശത്തെ-ക്കുറിച്ചുള്ള സൂചനയും, മാനസാന്തരത്തിനുള്ള ആഹ്വാനവും, 2. ആസന്നമായിരിക്കുന്ന ദൈവരാജ്യത്തിന്റെ സദ്വാർത്തയും.

സമയം പൂർത്തിയായി എന്ന പ്രഘോഷണവുമായിട്ടാണ് യേശു തന്റെ പരസ്യജീവിതമാരംഭിക്കുന്നത്. നാശത്തെക്കുറിച്ചുള്ള പ്രവചനത്തെക്കാളുപരി ദൈവരാജ്യത്തിന്റെ സദ്വാർത്തയ്ക്കാണ് യേശു പ്രാധാന്യം കൊടുക്കുന്നത്. എന്നാൽ ഇസ്രായേൽജനം ഒരഗ്നി പരീക്ഷയെ നേരിടാൻ പോകുന്നു എന്ന സൂചനകൾ മാത്രമല്ല, വ്യക്തമായ പ്രഖ്യാപനങ്ങൾ തന്നെ യേശു പലവുരു ആവർത്തിക്കുന്നുണ്ട്.

പാട്ടം നൽകാൻ വിസമ്മതിക്കുകയും പാട്ടം പിരിക്കാൻ വന്ന ഭൃത്യന്മാരെ അവഹേളിക്കുകയും മകനെ വധിക്കുകയും ചെയ്ത കർഷകരെ അവൻ നശിപ്പിക്കുകയും തോട്ടം യഥാകാലം ഫലം നല്കുന്ന മറ്റുകൃഷിക്കാരെ ഏല്പിക്കുകയും ചെയ്യും എന്ന പ്രസ്താവന യഹൂദമതനേതൃത്വത്തിന്മേലുള്ള വിധിവാചകമാണ്. 'പ്രധാന പുരോഹിതരും ഫരിസേയരും അവന്റെ ഉപമകൾ കേട്ടപ്പോൾ അവൻ തങ്ങളെക്കുറിച്ചാണ് സംസാരിക്കുന്നതെന്ന് മനസ്സിലാക്കി' (മത്താ 21, 45). ക്ഷണിക്കപ്പെട്ടിരുന്നവരാരും വിരുന്നാസ്വദിക്കുകയില്ല, ക്ഷണിക്കാൻ ചെന്ന ദാസന്മാരെ അപമാനിച്ചവരെ 'രാജാവു ക്രുദ്ധനായി സൈന്യത്തെ അയച്ചു നശിപ്പിച്ചു, അവരുടെ നഗരം അഗ്നിക്കിരയാക്കി. (മത്താ 22,6-7)-ജറുസലേമിന്റെ നാശത്തെ സൂചിപ്പിക്കുന്ന ഉപമയാണിത്.

ഫലം തരാതെ നിലം പാഴാക്കുന്ന അത്തിവൃക്ഷത്തെക്കുറിച്ചുള്ള ഉപമയിലൂടെ (ലൂക്കാ 13,6-9) വളരെ കുറച്ചു സമയമേ അവശേഷിച്ചിട്ടുള്ളൂ എന്ന സൂചന നല്കുന്നു. ജെറുസലേമിലേയ്ക്കുള്ള വഴിയിൽ തഴച്ചു വളർന്ന അത്തിവൃക്ഷത്തെ ശപിക്കുമ്പോഴും യേശു നല്കുന്നത് ഈ മുന്നറിയിപ്പു തന്നെയാണ് (മത്താ 21,18-22). ദേവാലയ ശുദ്ധീകരണവുമായി ബന്ധപ്പെടുത്തിയാണ് സുവിശേഷകന്മാർ ഈ സംഭവം രേഖപ്പെടുത്തിയിരിക്കുന്നത്. തഴച്ചു വളരുന്നെങ്കിലും ഫലമില്ലാതെ നില്ക്കുന്ന അത്തിവൃക്ഷം, പുറമെ മനോഹരമെങ്കിലും കവർച്ചക്കാരുടെ ഗുഹയായി മാറിയ ദേവാലയത്തിന്റെ പ്രതീകമാണ്; ഇസ്രായേൽജനത്തിന്റെ അവസ്ഥയെ സൂചിപ്പിക്കുന്നതാണിത്. അത്തിവൃക്ഷം വേരോടെ ഉണങ്ങിയത് ഇസ്രായേൽ ജനത്തിനും അവരുടെ ദേവാലയത്തിനും മേൽ പതിക്കാൻ പോകുന്ന നാശത്തെ സൂചിപ്പിക്കുന്നു.

ഉപമകളിലൂടെയല്ലാതെ അസന്ദിഗ്ധമായ ഭാഷയിൽ ജറുസലേമിന്റെയും ഇസ്രായേൽ ജനത്തിന്റെയും നാശത്തെക്കുറിച്ച് യേശു പലതവണ പ്രതിപാദിക്കുന്നുണ്ട് "ലോകാരംഭം മുതൽ ചൊരിയപ്പെട്ടിട്ടുള്ള സകല പ്രവാചകന്മാരുടെയും രക്തത്തിന് -ആബേൽ മുതൽ ബലിപീഠത്തിനും വിശുദ്ധസ്ഥലത്തിനും മധ്യേ വച്ചു കൊല്ലപ്പെട്ട സഖറിയ വരെയുള്ളവരുടെ രക്തത്തിന് - ഈ തലമുറ ഉത്തരം പറയേണ്ടിവരും. അതേ ഞാൻ പറയുന്നു, ഈ തലമുറയോട് അതാവശ്യപ്പെടും" (ലൂക്കാ 11,50-51).

ജനത്തെ ഗ്രസിക്കാനിരിക്കുന്ന ഭീകരനാശത്തെക്കുറിച്ച് മറ്റാരും ചിന്തിക്കാതിരുന്ന നിമിഷത്തിലാണ് യേശു ഇപ്രകാരമുള്ള മുന്നറിയിപ്പുകൾ നല്കുക. ജറുസലെം പട്ടണവാതിൽക്കൽ ജനം മുഴുവൻ ആഹ്ലാദിച്ച് ആർത്തുപാടുമ്പോൾ യേശു ഹൃദയം പൊട്ടി കരയുകയാണ്. "അവൻ അടുത്തുചെന്ന് പട്ടണം കണ്ടപ്പോൾ അതിനെക്കുറിച്ചു വിലപിച്ചുകൊണ്ട് പറഞ്ഞു: ശത്രുക്കൾ നിനക്കുചുറ്റും പാളയമടിച്ച് നിന്നെ വളയുകയും എല്ലാ ഭാഗത്തുനിന്നും നിന്നെ ഞെരുക്കുകയും ചെയ്യുന്ന ദിവസം വരും. നിന്നെയും നിന്റെ മക്കളെയും നശിപ്പിക്കുകയും നിന്നിൽ കല്ലിന്മേൽ കല്ല് അവശേഷിപ്പിക്കാതിരിക്കുകയും ചെയ്യും. എന്തെന്നാൽ നിന്റെ സന്ദർശനത്തിന്റെ ദിവസം നീ അറിഞ്ഞില്ല" (ലൂക്കാ 19,41-44). ജനത്തിന്റെ നാശത്തെക്കുറിച്ച് യേശു വീണ്ടും മുന്നറിയിപ്പു നല്കുന്നുണ്ട്. "ജറുസലെമിനു ചുറ്റും സൈന്യം താവളമടിച്ചിരിക്കുന്നതു കാണുമ്പോൾ

അതിന്റെ നാശം അടുത്തിരിക്കുന്നു എന്നറിഞ്ഞു കൊൾവിൻ................ അന്നു ഭൂമുഖത്തു വലിയ ഞെരുക്കവും ഈ ജനത്തിന്റെ മേൽ വലിയ ക്രോധവും നിപതിക്കും" (ലൂക്കാ 21,20 -24). ദേവാലയത്തിന്റെ മനോഹാരിതയെക്കുറിച്ച് അഭിമാനംകൊള്ളുന്ന ശിഷ്യന്മാരോടും ആസന്നമായിരിക്കുന്ന നാശത്തെക്കുറിച്ചാണ് യേശു പറയുന്നത് (മർക്കോ 13,1-2). ഗാഗുൽത്തായിലേയ്ക്കുള്ള വഴിയിൽ തന്നോട് അനുകമ്പ കാണിച്ച ജറുസലെം സ്ത്രീകൾക്കും ഈ മുന്നറിയിപ്പു തന്നെ യേശു നല്കുന്നു (ലൂക്കാ 23, 28-31).

തീവ്രവാദികളുടെ വിപ്ലവവീര്യവും മതാധികാരികളുടെ രാഷ്ട്രീയക്കളികളും പുരോഹിതന്മാരുടെ മതഭ്രാന്തും നാശത്തിന്റെ ദിനം ത്വരിതപ്പെടുത്തുകയേ ഉള്ളൂ എന്ന് യേശു കണ്ടു. റോമാക്കാർക്കെതിരേ യുദ്ധത്തിനൊരുങ്ങുന്നത് ദേശത്തു നാശം വിതയ്ക്കാനേ സഹായിക്കൂ എന്ന് ദീർഘവീക്ഷണമുള്ള ഏതു രാഷ്ട്രീയനിരീക്ഷകനും മനസ്സിലാക്കാൻ കഴിയുമായിരുന്നു. മതാധികാരികൾ റോമിനോടു കൂറു പുലർത്തിയെങ്കിലും പലസ്തീനായിലെ പൊതുനീക്കങ്ങളെക്കുറിച്ച് റോമിന് ഒട്ടും തൃപ്തിയില്ലായിരുന്നു. തീവ്രവാദികളുടെ അക്രമപ്രവർത്തനങ്ങളും സാമാന്യജനത്തിന്റെ അസംതൃപ്തിയും സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള ദാഹവും സാമ്രാജ്യത്വത്തോടുള്ള പ്രതിഷേധവും എല്ലാം അധീശശക്തിയെ ചൊടിപ്പിച്ചിരുന്നു. ഇതു തുടർന്നാൽ കനത്ത തിരിച്ചടിയുണ്ടാകുമെന്ന് ആർക്കും കാണാവുന്നതായിരുന്നു. ജറുസലേം നഗരത്തിനു മുമ്പിൽ ഉയർന്നുനിന്ന കുരിശുമരങ്ങൾ റോമിന്റെ ശക്തിയെയും ശിക്ഷാനടപടിയെയും നിരന്തരം ഓർമ്മിപ്പിക്കുന്നതായിരുന്നു. ഇസ്രായേൽജനം അന്ധരായ നേതാക്കന്മാരുടെ കീഴിൽ അനിവാര്യമായ നാശത്തിലേയ്ക്കു നീങ്ങുന്നതായി യേശു കണ്ടു. ഈ നാശം പ്രത്യക്ഷത്തിൽ ഒരു രാഷ്ട്രീയ സംഭവമായിരുന്നു.

എന്നാൽ ഇതിന് മതപരമായ ഒരു മാനമാണ് യേശു നല്കുന്നത്. നാശത്തെ മുൻകൂട്ടി അറിയിക്കുക മാത്രമല്ല അതിന്റെ കാരണം വിശദമാക്കുകയും മതാത്മകമായ ഒരു വിശദീകരണം നല്കുകയും ചെയ്തു. ചരിത്രസംഭവങ്ങളിൽ ദൈവത്തിന്റെ പ്രവർത്തനം കാണുകയും വ്യാഖ്യാനിക്കുകയും ചെയ്യുന്നവനാണല്ലോ പ്രവാചകൻ. ഉടമ്പടിയോട് അവശ്വസ്തത കാണിച്ച ഇസ്രായേലിന്റെ മേൽ ദൈവം നടപ്പാക്കുന്ന ശിക്ഷാവിധിയായിട്ടാണ്

യേശു ഈ നാശത്തെ വ്യാഖ്യാനിച്ചത്. പ്രവാചകരെ കൊല്ലുകയും ദൈവത്തിന്റെ ദൗത്യവാഹകരെ കല്ലെറിയുകയും ചെയ്യുന്ന ജറുസലെം ശിക്ഷാവിധിക്കു പാകമായിരിക്കുന്നു. നഗരത്തിന്റെയും ദേവാലയത്തിന്റെയും നാശം അവിശ്വസ്തമായ ഇസ്രായേലിന്റെ സകല സംവിധാനങ്ങളുടെയും അവസാനം കുറിക്കുന്നതായിരിക്കും. ഇസ്രായേൽ മതനേതൃത്വത്തിന്റെ പ്രതീകമാണ് ദേവാലയം. അതിന്റെ നാശം ലേവി പൗരോഹിത്യത്തിന്റെയും ബലിയർപ്പണത്തിന്റെയും അവസാനമാണ്. നേതൃസ്ഥാനത്തിരുന്ന സാൻഹദ്രിൻ സംഘവും നിഷ്കാസിതമാകും. ഏ.ഡി. 70-ൽ ഇതെല്ലാം സംഭവിക്കുകയും ചെയ്തു. അതിനുശേഷം ഇസ്രായേലിൽ ബലിയർപ്പണമില്ല.

എന്താണീ നാശത്തിനു കാരണം? പ്രവാചകപാരമ്പര്യത്തിൽ ഉറച്ചുനിന്നുകൊണ്ടു തന്നെ യേശു ഇതിനു വിശദീകരണം നല്കുന്നുണ്ട്. ഉപമകളിലൂടെയും നേരിട്ടുള്ള പ്രഖ്യാപനങ്ങളിലൂടെയും പ്രതീകാത്മകപ്രവർത്തനങ്ങളിലൂടെയുമാണിതു നല്കുക. 'ഫലം പുറപ്പെടുവിച്ചില്ല' എന്ന ഒറ്റ വാക്കിൽ ഇതെല്ലാംകൂടി ഒതുക്കിപ്പറയാൻ കഴിയും. എന്തിനുവേണ്ടി ദൈവം ഇസ്രായേൽജനത്തെ തിരഞ്ഞെടുത്തുവോ ആ ദൗത്യം. അടിമകളുടെ മോചകനായ ദൈവത്തിനു സാക്ഷികളായി വർത്തിക്കേണ്ട അവർ ബലികളും കാഴ്ചകളും വഴി പ്രസാദിച്ച് ഉദ്ദിഷ്ടകാര്യങ്ങൾ നേടിക്കൊടുക്കുന്നവനാണ് ദൈവം എന്നു വിശ്വസിച്ചു. ദൈവത്തിന്റെ കാരുണ്യവും അതിർവരമ്പുകളില്ലാത്ത സ്നേഹവും പ്രഘോഷിക്കേണ്ടവർ സമൂഹത്തിലും ദേവാലയത്തിനുള്ളിൽ പോലും അതിർവരമ്പുകളുണ്ടാക്കി. അനാഥരെയും വിധവകളെയും രക്ഷിക്കുകയും മർദ്ദിതർക്കു നീതി നടത്തിക്കൊടുക്കുകയും ചെയ്യേണ്ടവർ വിധവകളുടെ വീടു വിഴുങ്ങി. മോചനത്തിന്റെ പ്രകടന പത്രികയായ നിയമം അനേകരെ പാപികളും ഭ്രഷ്ടരുമായി മുദ്ര കുത്താനുള്ള മർദ്ദക സംവിധാനമാക്കി മാറ്റി. ദൈവത്തിന്റെ ജനം ദൈവത്തെ മറന്ന് തങ്ങൾതന്നെ കെട്ടിപ്പടുത്ത സംവിധാനങ്ങളിൽ ഊറ്റംകൊണ്ടു. മാനസാന്തരത്തിനു ക്ഷണിച്ച പ്രവാചകന്മാരെ കല്ലെറിഞ്ഞു. ദൈവരാജ്യത്തിന്റെ താക്കോൽ ധാരികൾ ദൈവരാജ്യം പൂട്ടി താക്കോലുമായി പുറത്തുനിന്നു.

ഇതെല്ലാമായിട്ടും തങ്ങൾ വിശുദ്ധരും ദൈവത്തിനു പ്രിയപ്പെട്ടവരും ആണെന്ന് അഭിമാനിച്ചു. നിയമത്തിന്റെ അക്ഷരാർത്ഥ

ത്തിലുള്ള അനുസരണത്തിൽ ശ്രദ്ധിച്ച നേതാക്കന്മാർ നിയമത്തിന്റെ കാതലായ നീതി, കാരുണ്യം, വിശ്വസ്തത എന്നിവ അവഗണിച്ചു. മനുഷ്യർ കാണാൻ വേണ്ടിമാത്രം ഭക്തകൃത്യങ്ങൾ അനുഷ്ഠിച്ച അവർ തങ്ങളുടെ ഉള്ളിൽ നിറഞ്ഞുനിന്ന കവർച്ചയും ആർത്തിയും ദൈവം കാണില്ലെന്നു വിചാരിച്ചു. മതനേതൃത്വത്തിൽ നിലനിന്ന അഹങ്കാരവും കാപട്യവും ആണ് യേശു ഏറ്റം നിശിതമായി വിമർശിച്ചത്. ഈ കാപട്യം ദൈവത്തെ തള്ളിപ്പറയുന്നതിനു തുല്യമായിരുന്നു. ഇസ്രായേലിന്റെ നാശത്തിനു കാരണം മുഖ്യമായും ഈ കാപട്യമായിരുന്നു. ജനം ഒന്നടങ്കം കുഴിയിൽ വീഴാൻ കാരണം അന്ധരായ മാർഗ്ഗദർശികളായിരുന്നു.

ദൈവവുമായുള്ള ബന്ധത്തിൽ വന്ന കാതലായ പാളിച്ചയാണ് സമൂഹത്തിന്റെ ഇതരതലങ്ങളിൽ പ്രകടമായത്. യഥാർത്ഥ ദൈവത്തെ ഹൃദയത്തിൽ നിന്നു നിഷ്കാസനം ചെയ്തവർ തൽസ്ഥാനത്ത് മാമോൻ എന്ന മറ്റൊരു ദൈവത്തെ പ്രതിഷ്ഠിച്ചു. ധനതൃഷ്ണ മത-രാഷ്ട്രീയ നേതൃത്വനിരയെ ദുഷിപ്പിച്ചു. ദ്രവ്യാഗ്രഹം വർദ്ധിച്ചതോടെ ദരിദ്രരുടെ എണ്ണവും പെരുകി. വ്രണിതശരീരനായ ലാസർ വീട്ടുപടിക്കൽ പട്ടിണി കിടക്കുമ്പോൾ സമൃദ്ധമായ വിരുന്നുണ്ടു കഴിയാൻ അവർക്കു സാധിച്ചു. മനഃസക്ഷി അത്രയേറെ തഴമ്പിച്ചുപോയി. ധനമോഹത്തിനെതിരേ യേശു ശക്തമായ താക്കീതുകൾ നല്കുന്നതു കാണാം. സ്വരുക്കൂട്ടി വച്ചിരിക്കുന്നതെല്ലാം ദരിദ്രർക്കു ദാനം ചെയ്താലേ രക്ഷ പ്രാപിക്കാൻ കഴിയൂ എന്ന് തീർത്തുപറയുമ്പോൾ ദേശത്തു നിലനിന്ന സാമ്പത്തിക സംവിധാനത്തെ യേശു തള്ളിപ്പറയുകയായിരുന്നു 'ഒട്ടകവും സൂചിക്കുഴയും' സാമ്പത്തികനീതി നടപ്പിലാക്കാനുള്ള ആഹ്വാനമാണ്. പണത്തെ ദൈവമായി പൂജിക്കാതെ പങ്കുവയ്ക്കാനുള്ള മാധ്യമമായി കാണാൻ യേശു ആഹ്വാനം ചെയ്തു. ഇവിടെ പൂർണ്ണമായ ഒരു മാനസാന്തരം ആവശ്യമായി വരുന്നു. യഥാർത്ഥ മാനസാന്തരം വഴി മാത്രമേ രക്ഷ പ്രാപിക്കാൻ കഴിയൂ.

12



# പ്രത്യാശയുടെ പ്രവാചകൻ

പാപപങ്കിലമായ ദേശത്തിന്റെമേൽ ദൈവത്തിന്റെ ക്രോധം നിപതിക്കാൻ പോകുന്നു എന്നതായിരുന്നില്ല യേശുവിന്റെ പ്രസംഗത്തിന്റെ മുഖ്യപ്രമേയം. ആസന്നമായ നാശത്തെക്കുറിച്ചു പ്രതിപാദിക്കുന്നതുതന്നെ മറ്റൊരു ദർശനത്തിന്റെ വെളിച്ചത്തിലാണ്. ദൈവം നിരുപാധികമായി തന്റെ സ്നേഹം വച്ചു നീട്ടുന്നു എന്നതാണ് ഈ ദർശനം. തന്നിൽനിന്ന് അകന്നുപോകുന്ന മനുഷ്യസമൂഹത്തെ വീണ്ടും ജീവന്റെ ഉറവിടമായ തന്നിലേയ്ക്ക് അടുപ്പിക്കാൻ ശ്രമിക്കുന്ന, ദൈവത്തിന്റെ രക്ഷാകരപദ്ധതിയുടെ ഭാഗമാണ് പ്രവാചകദൗത്യം. ദൈവത്തിന്റെ സ്നേഹമാണ് യേശുവിന്റെ പ്രസംഗത്തിന്റെ മുഖ്യവിഷയം ആ സ്നേഹത്തിന്റെ പ്രകടനമാണ് യേശുവിന്റെ ജീവിതവും പ്രവൃത്തികളും. മുൻഉപാധികൾ കൂടാതെയുള്ള ഈ സ്നേഹത്തെയാണ് ദൈവരാജ്യം എന്നു പറയുക.

യേശുവിന്റെ പ്രസംഗവിഷയത്തെ ദൈവരാജ്യം എന്ന ഒറ്റ പദത്തിലാണ് സുവിശേഷകന്മാർ ഒതുക്കി നിർത്തുന്നത്. “സമയം പൂർത്തിയായി, ദൈവരാജ്യം സമീപിച്ചിരിക്കുന്നു, അനുതപിച്ച് സുവിശേഷത്തിൽ വിശ്വസിക്കുവിൻ” (മർക്കോ 1,15). യേശുവിന്റെ നയപ്രഖ്യാപനമെന്ന വിധത്തിൽ മർക്കോസ് അവതരിപ്പിക്കുന്ന

ഈ വാക്യം ഒരൊറ്റ യാഥാർത്ഥ്യമാണ് വ്യക്തമാക്കുന്നത്. ഒരു പുതിയ യുഗം ആരംഭിക്കുകയായി. നൂറ്റാണ്ടുകളിലൂടെ ഇസ്രായേൽ ജനം കാത്തുസൂക്ഷിച്ച പ്രതീക്ഷകളും പ്രവാചകന്മാരുടെ വാഗ്ദാനങ്ങളും ഇതാ പൂർത്തിയാകുന്നു. ഇസ്രായേൽ ജനത്തിന്റെ മാത്രമല്ല, മാനവകുലത്തിന്റെ മുഴുവൻ പ്രതീക്ഷകളും ഇവിടെ പൂർത്തിയാവുകയാണ്. പുതുയുഗപ്പിറവിയുടെ ശംഖനാദം മുഴക്കുകയാണ് യേശു ഈ വാക്കുകളിലൂടെ. തന്റെ ആഗമനത്തോടെ ഈ ഭൂമിയിൽ ഒരു പുതിയ യാഥാർത്ഥ്യം പൊട്ടി വിടരുന്നു എന്ന അവബോധം യേശുവിന്റെ വാക്കുകളിലും പ്രവൃത്തികളിലും തുടിച്ചു നിൽക്കുന്നുണ്ട്. ഈ യാഥാർത്ഥ്യം ശിക്ഷയുടേതല്ല, രക്ഷയുടേതാണ്.

ദൈവരാജ്യം എന്നു പറയുമ്പോൾ ഏതെങ്കിലും ഒരു പ്രത്യേക സ്ഥലത്തേയോ സംവിധാനത്തേയോ അല്ല യേശു ഉദ്ദേശിക്കുന്നത്. ദാവീദിന്റെ സാമ്രാജ്യത്തിന്റെ പുനഃസ്ഥാപനമല്ല അത്. പലസ്തീനായിൽ കോളനി ഭരണം നടത്തുന്ന റോമാക്കാരെ പുറം തള്ളിക്കൊണ്ട് തൽസ്ഥാനത്ത് ഇസ്രായേലിന്റേതായ പുതിയൊരു സാമ്രാജ്യം സ്ഥാപിക്കലുമല്ല. ഭൗതികഘടനകളുടെ നീതിനിഷ്ഠമായ അഴിച്ചു പണിയുമല്ല ഇവിടെ മുൻപന്തിയിൽ നില്ക്കുന്നത്. സാമൂഹ്യസംവിധാനങ്ങളിലും ഘടനകളിലും പരിവർത്തനമുണ്ടാകും. അതു ദൈവരാജ്യത്തിന്റെ ഫലമാണ്. 'രാജ്യം' എന്ന പദംസ്ഥലകാല ഘടനാപ്രധാനമായ ഒരു സംവിധാനത്തെ സൂചിപ്പിക്കുമെന്നു തോന്നിയേക്കാം. എന്നാൽ യേശുവിന്റെ പ്രഘോഷണത്തിൽ ദൈവരാജ്യം യഥാർത്ഥത്തിൽ സാമൂഹ്യഘടനകളെയല്ല ദൈവത്തിന്റെ രാജത്വത്തെയാണ് സൂചിപ്പിക്കുന്നത്.

"ഇതാ നിങ്ങളുടെ ദൈവം രാജാവായിരിക്കുന്നു" (ഏശ 52,7) എന്ന പ്രവാചകപ്രഖ്യാപനത്തിന്റെ വെളിച്ചത്തിൽ ദൈവരാജ്യം എന്ന ആശയം മനസ്സിലാക്കാൻ കഴിയും. ശത്രുക്കളുടെ മേൽ വിജയം വരിച്ചിരിക്കുന്നു എന്ന സദ്വാർത്തയുമായി യുദ്ധഭൂമിയിൽ നിന്നു തലസ്ഥാനനഗരിയിലേയ്ക്കു പാഞ്ഞുവരുന്ന ദൂതനാണ് സുവിശേഷകൻ (ഏശ 52,7). "സദ്വാർത്തയുമായി വരുന്ന ജറുസലേമേ, നിർഭയം വിളിച്ചുപറയുക: യൂദയായുടെ പട്ടണങ്ങളോടു പറയുക: ഇതാ ദൈവമായ കർത്താവ് ശക്തിയോടെ വരുന്നു. അവിടുന്ന് കരബലത്താൽ ഭരണം നടത്തുന്നു" (ഏശ 40,9-10). ബാബിലോണിന്റെ അടിമത്തത്തിൽ കഴിഞ്ഞ ഇസ്രായേൽജനത്തെ

ദൈവം മോചിപ്പിച്ച് ജറുസലേമിലേയ്ക്കു തിരിച്ചുകൊണ്ടുവരുന്നതിന്റെ ചിത്രം മനസ്സിൽ കണ്ടുകൊണ്ടാണ് പ്രത്യാശയുടെ പ്രവാചകനായ രണ്ടാം ഏശയ്യാ സന്തോഷത്തോടെ പ്രവചിക്കുന്നത്. രാഷ്ട്രീയമായ അടിമത്തത്തിന്റെ അവസാനമായിരുന്നു അദ്ദേഹം ദർശിച്ചത്. ഇസ്രായേലിന്റെ മേൽ ഇനി വിജാതീയർ ഭരണം നടത്തുകയില്ല. ശത്രുക്കളെയെല്ലാം പരാജയപ്പെടുത്തി ദൈവം തന്റെ ജനത്തെ വീണ്ടും സ്വതന്ത്രരാക്കിയിരിക്കുന്നു. "അവളുടെ അടിമത്തം അവസാനിച്ചു" (ഏശ 40,2). ദൈവം ഭരണം നടത്തുമ്പോൾ, ദൈവത്തിന്റെ ഭരണം ഈ ഭൂമിയിൽ സംസ്ഥാപിതമാകുമ്പോൾ, യാതൊരടിമത്തവും അവശേഷിക്കുകയില്ല.

രണ്ടാം ഏശയ്യാ കണ്ട ദർശനം യേശുവിൽ യാഥാർത്ഥ്യമാവുകയാണ്. എന്നാൽ രാഷ്ട്രീയമായ അടിമത്തത്തിന്റെ അവസാനമല്ല ഉദ്ഘോഷിക്കുന്നത്. മനുഷ്യന്റെ സകലവിധ അടിമത്തങ്ങളും അവസാനിച്ചിരിക്കുന്നു. ഒരു പുതിയ സാധ്യത ഇവിടെ തുടങ്ങുകയായി. കാരണം മനുഷ്യരെ അടിമകളാക്കുന്ന സകല ശക്തികളെയും തോല്പിച്ച് ദൈവം തന്റെ രാജത്വം ഈ ഭൂമിയിൽ നടപ്പാക്കുന്നു. ദൈവത്തിന്റെ ഭരണം മനുഷ്യനെ വീണ്ടും അടിമയാക്കുന്നതല്ല, പരിപൂർണ്ണ സ്വാതന്ത്ര്യത്തിലേയ്ക്ക് നയിക്കുന്നതാണ്. ദൈവത്തിന്റെ പേരിൽ നിലവിൽവന്ന മതസംവിധാനങ്ങളല്ല ദൈവരാജ്യം. സംവിധാനങ്ങൾ പലപ്പോഴും ദൈവത്തെ മറക്കുന്നതും മനുഷ്യനെ വീണ്ടും അടിമയാക്കുന്നതും ആയെന്നു വരാം. സംവിധാനങ്ങളും സാമൂഹ്യഘടനകളും മനുഷ്യനിർമ്മിതങ്ങളാണ്. എന്നാൽ യേശു പ്രഘോഷിക്കുന്ന ദൈവരാജ്യം സകല ഘടനകൾക്കും സംവിധാനങ്ങൾക്കും അതീതമായി ദൈവം നല്കുന്ന സ്നേഹമാണ്. നിരുപാധികമായ ഈ സ്നേഹത്തിന്റെ പ്രഘോഷണമാണ് യേശുവിന്റെ വാക്കുകൾ, അതിന്റെ ബാഹ്യമായ സാക്ഷാൽക്കാരമാണ് യേശുവിന്റെ പ്രവൃത്തികൾ. നിരാശയിലമരുന്ന ജനത്തിനു പ്രത്യാശയും അടിമത്തത്തിൽ കഴിയുന്നവർക്കു മോചനവും ആയി ഇതു പ്രത്യക്ഷപ്പെടുന്നു. ദൈവത്തിന്റെ പ്രവർത്തനമാണ് ഇവിടെ മുൻപന്തിയിൽ നില്ക്കുന്നത്. മനുഷ്യന്റെ മതാത്മകയോഗ്യതയെ പരിഗണിച്ച് ദൈവം നല്കുന്ന പ്രതിഫലമല്ല ദൈവരാജ്യം. തകർന്നടിയുന്ന മനുഷ്യന് ദൈവം സൗജന്യമായി നല്കുന്ന ദാനമാണത്.

ദൈവം എല്ലാ മനുഷ്യരുടെയും പിതാവാണ് എന്ന സത്യം

യേശു തന്റെ വാക്കും പ്രവൃത്തിയും വഴി വെളിപ്പെടുത്തുമ്പോൾ ദൈവരാജ്യത്തിന്റെ സദ്വാർത്ത പ്രഘോഷിക്കുകയാണു ചെയ്യുക. പിതാവിന്റെ സ്നേഹവും പരിപാലനയും ആ വാക്കുകളിൽ പ്രതിധ്വനിക്കും. "ദരിദ്രരേ, നിങ്ങൾ ഭാഗ്യവാന്മാർ, ദൈവരാജ്യം നിങ്ങളുടേതാകുന്നു" (ലൂക്കാ 6,20) എന്നു പറയുമ്പോൾ ഈ യാഥാർത്ഥ്യമാണ് യേശു വെളിപ്പെടുത്തുന്നത്. മനുഷ്യന്റേതായ ഏതെങ്കിലും യോഗ്യത പരിഗണിച്ചല്ല ദൈവം സ്നേഹിക്കുന്നത്. മാനുഷിക പരിഗണനയിൽ സ്നേഹിക്കപ്പെടാൻ യാതൊരർഹതയുമില്ലാത്തവരാണ് ദരിദ്രർ. അവകാശം പറയാൻ യാതൊരു സാദ്ധ്യതയുമില്ലാത്തവരാണവർ. എല്ലാവരാലും പരിത്യക്തരും അപമാനിതരുമായ പാവങ്ങളെ നിരുപാധികം ദൈവം സ്നേഹിക്കുന്നു. ഈ സദ്വാർത്ത അറിയിക്കുക തന്റെ ജീവിതദൗത്യമായി യേശു പരിഗണിച്ചു. "ദരിദ്രരെ സദ്വാർത്ത അറിയിക്കാൻ അവിടുന്ന് എന്നെ അഭിഷേകം ചെയ്തിരിക്കുന്നു" (ലൂക്കാ 4,18). ഈ സദ്വാർത്ത വിമോചനത്തിന്റെ സദ്വാർത്തയാണ്. ബന്ധിതർക്കു മോചനവും അടിച്ചമർത്തപ്പെട്ടവർക്കു സ്വാതന്ത്ര്യവും ആയിട്ടാണ് ദൈവരാജ്യം പ്രത്യക്ഷപ്പെടുന്നത്. മനുഷ്യനെ ബന്ധിതനാക്കുന്ന പല ശക്തികളുമുണ്ട്. സമഗ്രതയ്ക്കായി ശ്രമിക്കാതെ അവയിൽ ചിലതിനെ അപഗ്രഥിക്കാം.

മനുഷ്യന്റെ സകല ചോദനകളും ചോർത്തിക്കളഞ്ഞ് അടിമത്തത്തിൽ തളച്ചിടുന്ന ഒന്നാണ് പരിത്യക്തതാ ബോധം. രോഗം, സമൂഹത്തിന്റെ അവഗണന, പാപം എന്നിങ്ങനെ പല കാര്യങ്ങൾ ഒരുവനെ ഈ പരിത്യക്തതാ ബോധത്തിലേയ്ക്കു നയിക്കാം. സമൂഹത്തിൽ നിലനിന്ന മനോഭാവത്തെ ദൈവം ശരിവയ്ക്കുന്നു എന്ന ഫരിസേയരുടെയും നിയമജ്ഞരുടെയും പഠനം ദൈവവും തങ്ങളെ കൈവെടിഞ്ഞിരിക്കുന്നു എന്നു വിശ്വസിക്കാൻ ഇങ്ങനെയുള്ള വ്യക്തികളെ പ്രേരിപ്പിക്കും. നിരാശയിലമരുന്ന ഇവരുടെ ഏകാന്തതയിലേയ്ക്കു കടന്നുവരുന്ന യേശുവിന്റെ ചിത്രം വളരെ വ്യക്തമായി സുവിശേഷകന്മാർ രേഖപ്പെടുത്തിയിട്ടുണ്ട്.

കാണുന്നവരിൽ അറപ്പും ഭയവും ജനിപ്പിക്കുന്നവരാണ് കുഷ്ഠരോഗികൾ. സമൂഹത്തിൽനിന്ന് പുറന്തള്ളപ്പെട്ട്, എല്ലാവരുടെയും നിന്ദനത്തിനും പരിഹാസത്തിനും ഇരയായി തങ്ങളുടേതായ കോളണികളിൽ മരണം കാത്തു കഴിയാൻ വിധിക്കപ്പെട്ട ഹതഭാഗ്യരാണവർ. ദൈവശാപത്തിന്റെ അടയാളം അറ്റുപോകുന്ന അവയവങ്ങളിലും ചീഞ്ഞളിഞ്ഞ സ്വന്തം മാംസത്തിലും അവർ

ദർശിച്ചു. ഇങ്ങനെയുള്ള ഒരു വ്യക്തി യേശുവിന്റെ അടുക്കലേയ്ക്കു കടന്നുവന്നു. ജനരോഷത്തെ ഭയപ്പെട്ടാണെങ്കിലും പ്രതീക്ഷയോടെയാണ് അയാൾ വന്നത്. "അങ്ങേയ്ക്കു മനസ്സുണ്ടെങ്കിൽ എന്നെ ശുദ്ധനാക്കാൻ കഴിയും." അയാൾ യാചിച്ചു. പ്രതീക്ഷയെ മറികടക്കുന്നതായിരുന്നു യേശുവിന്റെ പ്രവർത്തനം. അവൻ കരുണ തോന്നി കൈനീട്ടി അവനെ സ്പർശിച്ചുകൊണ്ടു പറഞ്ഞു: "എനിക്കു മനസ്സുണ്ട്- നിനക്കു ശുദ്ധിയുണ്ടാകട്ടെ. തൽക്ഷണം കുഷ്ഠം വിട്ടുമാറി അവനു ശുദ്ധി വന്നു" (മർക്കോ 1,40-42). അന്നുവരെ ഭ്രഷ്ടനായിരുന്ന അവന് അതോടെ പുതിയ ജീവൻ ലഭിച്ചു. ഇനി അവൻ പുറമ്പോക്കിലേക്കു പോകേണ്ടതില്ല. സമൂഹജീവിതത്തിന്റെ മുഖ്യധാരയിൽ പങ്കുചേരാൻ അവനു കഴിയും. ശാരീരികസൗഖ്യം മാത്രമല്ല ആത്മാഭിമാനവും സമൂഹത്തിൽ സ്ഥാനവും യേശു അവനു പ്രദാനം ചെയ്തു. പുരോഹിതന്റെ മുമ്പിൽ സ്വയം കാണിച്ചുകൊടുത്ത് ശുദ്ധിയുടെ സാക്ഷിപത്രം വാങ്ങാൻ യേശു അവനെ പറഞ്ഞയച്ചു. കുഷ്ഠരോഗികളിൽനിന്ന് അവജ്ഞയോടെ അകന്നുനിന്ന സമൂഹത്തിന്റെ മധ്യത്തിൽ ദൈവത്തിന്റെ യഥാർത്ഥ ചിത്രം വരച്ചുകാട്ടുകയാണ് കുഷ്ഠരോഗിയെ സ്പർശിക്കുന്ന യേശു. കുഷ്ഠം മാത്രമല്ല, ഒരു രോഗവും ദൈവശാപത്തിന്റെയോ പാപത്തിന്റെയോ അടയാളമല്ല എന്ന് അവിടുന്ന് ഉച്ചൈസ്തരം ഉദ്ഘോഷിക്കുകയും ചെയ്യുന്നു. നിരാശയുടെ താഴ്വരയിൽ അലയുന്ന മനുഷ്യരുടെ മധ്യത്തിൽ വിടരുന്ന ദൈവരാജ്യത്തിന്റെ പ്രത്യക്ഷമായ അടയാളമാണ് യേശു നല്കിയ രോഗശാന്തികളത്രയും.

യേശുവിന്റെ ജീവിതവും പ്രബോധനങ്ങളും പ്രവർത്തനങ്ങളും, സർവ്വോപരി അവന്റെ കുരിശുമരണവും ഉത്ഥാനവും സംശയാതീതമാംവിധം വെളിപ്പെടുത്തുന്ന ഒരു സത്യമുണ്ട്. നിരാശയിൽപ്പെട്ട് ഉഴലുന്ന മനുഷ്യന് പ്രത്യാശയാണ് യേശുക്രിസ്തു. എന്താണ് ഈ പ്രതാശയുടെ സ്വഭാവം? എങ്ങിനെയാണ് യേശു പ്രത്യാശ നൽകിയത്? അവൻ നല്കുന്ന പ്രത്യാശയ്ക്ക് ഇന്ന് എന്ത് പ്രസക്തിയുണ്ട്? ഇപ്രകാരമുള്ള ചോദ്യങ്ങൾക്ക് മുഖ്യമായും സുവിശേഷങ്ങളുടെ അടിസ്ഥാനത്തിൽ ഉത്തരം തേടുകയാണ് ഇവിടെ. യേശു നൽകുന്ന പ്രത്യാശയുടെ സന്ദേശം പഴയനിയമത്തിൽ അടിയുറച്ചതാണ്. പിതാക്കന്മാർക്ക് ദൈവം നൽകിയ വാഗ്ദാനങ്ങളുടെ പൂർത്തീകരണമാണ് യേശുവും അവിടുത്തെ സുവിശേഷവും. അതിനാൽ പഴയനിയമത്തിൽ ചുരുളഴിയുന്ന പ്രത്യാശയുടെ ചരിത്രം

ചുരുക്കമായി അപഗ്രഥിച്ചതിനുശേഷം യേശുവിന്റെ ജീവിത ശൈലി, പ്രബോധനങ്ങൾ, പ്രവർത്തനങ്ങൾ, മരണം, ഉത്ഥാനം എന്നിവ കൂടുതൽ വിശദമായി വിശകലനം ചെയ്ത് പ്രസക്തമായ ചില നിഗമനങ്ങളിൽ എത്താൻ ശ്രമിക്കുകയാണ് തുടർന്ന് ചെയ്യുന്നത്.

### 1. വാഗ്ദാനങ്ങളിൽ അടിയുറച്ച പ്രത്യാശ

"കർത്താവിന്റെ ആത്മാവ് എന്റെ മേലുണ്ട്. ദരിദ്രരെ സുവിശേഷം അറിയിക്കാൻ അവിടുന്ന് എന്നെ അഭിഷേകം ചെയ്തിരിക്കുന്നു. ബന്ധിതർക്കു മോചനവും അന്ധർക്കു കാഴ്ചയും അടിച്ചമർത്തപ്പെട്ടവർക്ക് സ്വാതന്ത്ര്യവും കർത്താവിന് സ്വീകാര്യമായ വത്സരവും പ്രഖ്യാപിക്കാൻ അവിടുന്ന് എന്നെ അഭിഷേകം ചെയ്തിരിക്കുന്നു............ നിങ്ങൾ കേട്ടിരിക്കേത്തന്നെ ഈ തിരുവെഴുത്ത് നിറവേറിയിരിക്കുന്നു" (ലൂക്കാ 4,18-19-21). യേശുവിന്റെ നയപ്രഖ്യാപനം എന്നു വിശേഷിപ്പിക്കാവുന്ന ഈ തിരുവചനങ്ങളിൽ യേശു നല്കുന്ന പ്രത്യാശയുടെ രത്നച്ചുരുക്കം കാണാം. തന്റെ ആഗമനത്തോടെ നിറവേറിയതായി യേശു പ്രഖ്യാപിച്ച തിരുവെഴുത്ത് ഏശയ്യായുടെ ഒരു പ്രവചനഭാഗം (61,1-2) മാത്രമല്ല, പഴയനിയമത്തിലൂടെ ദൈവം നല്കിയ സകലവാഗ്ദാനങ്ങളെയും സൂചിപ്പിക്കുന്നതാണ്. ഒരു ചരിത്രത്തിന്റെ മുഴുവൻ പൂർത്തീകരണമായിട്ടാണ് സുവിശേഷകർ യേശുവിനെ കാണുന്നത്. അത് വാഗ്ദാനങ്ങളുടെയും കാത്തിരിപ്പിന്റെയും ഭാഗികമായ പൂർത്തീകരണങ്ങളുടെയും തകരുന്ന പ്രതീക്ഷകളുടെയും ആവർത്തിക്കപ്പെടുന്ന വാഗ്ദാനങ്ങളുടെയും ചരിത്രമാണ്.

ദൈവത്തോടും സഹജീവികളോടും പ്രപഞ്ചത്തോടും തന്നോടുതന്നെയും ഉണ്ടായിരുന്ന ഐക്യം നഷ്ടപ്പെട്ട്, സർവ്വഥാ അന്യവൽക്കരിക്കപ്പെട്ട്, ഏകാന്തതയിലും തജ്ജന്യമായ നിരാശയിലും മുങ്ങിത്താഴുന്ന മനുഷ്യന് ദൈവം നല്കിയ ആദ്യവാഗ്ദാനം ഉൽപത്തി 3,15 ൽ കാണാം. "നീയും സ്ത്രീയും തമ്മിലും, നിന്റെ സന്തതിയും അവളുടെ സന്തതിയും തമ്മിലും ഞാൻ ശത്രുത ഉളവാക്കും. അവൻ നിന്റെ തല തകർക്കും." തിന്മയ്ക്ക് അധീനമായിത്തീർന്ന മനുഷ്യവർഗ്ഗത്തിന് ദൈവം തന്നെ സഹായകനായി വരുമെന്നു ദൈവം വാഗ്ദാനം ചെയ്യുന്നു. പറുദീസായിൽവെച്ച് നല്കപ്പെട്ട ഈ വാഗ്ദാനം പ്രളയത്തിന്റെ അവസാനം നോഹയെ

മുൻനിർത്തി സകലജീവജാലങ്ങളുമായി ചെയ്ത ഉടമ്പടിയിൽ (ഉൽപത്തി 9,1-17) ദൈവം ആവർത്തിക്കുന്നു. പരസ്പരം മനസ്സിലാക്കാനാകാതെ അകന്നു പോകുന്ന മനുഷ്യന്റെ ചിത്രം വരച്ചുകാട്ടുന്ന "ആദിചരിത്രം" അവസാനിക്കുന്നത് തേരായിൽനിന്ന് ജനിച്ച അബ്രാം എന്ന വ്യക്തിയിൽ ശ്രദ്ധ കേന്ദ്രീകരിച്ചുകൊണ്ടാണ്.

സ്വന്തം ദേശത്തെയും പിതൃഭവനത്തെയും ബന്ധുക്കളെയും വിട്ടുപേക്ഷിച്ച് താൻ കാണിച്ചു കൊടുക്കുന്ന ദേശത്തേയ്ക്ക് യാത്ര തിരിക്കാൻ അബ്രാമിനോട് ആവശ്യപ്പെട്ട ദൈവം അവന് വാഗ്ദാനങ്ങൾ നല്കി. "ഞാൻ നിന്നെ വലിയൊരു ജനതയാക്കും; നിന്നെ ഞാൻ അനുഗ്രഹിക്കും; നിന്നിലൂടെ ഭൂമുഖത്തെ സകലജനതകളും അനുഗ്രഹീതമാകും" (ഉൽപ 13,14-17, 15,4-5. 17-21; 17,4-8; 22,16-18). അബ്രാഹത്തിന് നല്കിയ വാഗ്ദാനങ്ങൾ ഇസ്രായേൽ ജനത്തിന്റെ പൈതൃകമായിത്തീർന്നു. പിതാക്കന്മാരായ ഇസഹാക്കിനും യാക്കോബിനും പിന്നീട് ഗോത്രപിതാക്കന്മാർക്കും ഈ വാഗ്ദാനങ്ങൾ അവകാശമായി നല്കപ്പെട്ടു. അങ്ങിനെ ദൈവത്തെ അവർ വാഗ്ദാനങ്ങളുടെ ദൈവമായി കണ്ടു; തങ്ങളെ വാഗ്ദാനങ്ങളുടെ അവകാശികളായ ദൈവജനമായും (ഉൽപ 26,24; 28,13-16; 35,9-12; 49,1-27).

സ്വന്തമായൊരു ദേശം വാഗ്ദാനമായി ലഭിച്ചവർ വിദേശത്ത് അടിമകളായി കഴിയുന്ന ചിത്രമാണ് അടുത്തഘട്ടത്തിൽ കാണുക. ഫറവോയുടെ ഇഷ്ടികക്കളത്തിൽ ചോരനീരാക്കിയവർ, കഠിനമായ മർദ്ദനത്തിനും ക്രൂരമായ ചൂഷണത്തിനും ഇരയായിത്തീർന്നവർ, സമൂലനാശത്തിന് ഉഴിഞ്ഞ് വയ്ക്കപ്പെട്ടവർ (പുറ 1-2) നിലവിളിച്ച് അപേക്ഷിച്ചപ്പോൾ അവരുടെ നിലവിളികേട്ട് ദൈവം ഇറങ്ങിവന്നു. അടിമകൾക്ക് വിമോചകനായി, കണ്ണീരൊപ്പുന്നവനായി, പരദേശികൾക്ക് സ്വന്തം ദേശം നൽകുന്നവനായി (പുറ 3,7-8). വാഗ്ദാനങ്ങളിൽ വശ്വസ്തനായ ദൈവം വാഗ്ദത്തഭൂമിയിലേയ്ക്ക് ജനത്തെ നയിക്കുന്നവനായി സ്വയം വെളിപ്പെടുത്തി. വംശനാശം നേരിട്ട ജനം ദൈവത്തിന്റെ കരുത്തു കണ്ടറിഞ്ഞു. അവിടുത്തെ വിശ്വസ്തത അനുഭവിച്ചറിഞ്ഞു. അടിമകളാക്കപ്പെട്ടവർ സ്വതന്ത്രരായിത്തീർന്നു. പുത്തൻ പ്രത്യാശയോടെ അവർ കടൽകടന്നു. അവരെ പിന്തുടർന്ന് പിടിക്കാൻ ശ്രമിച്ചവർ ചെങ്കടലിൽ ചത്തുപൊങ്ങി. മരുഭൂമി തരണം ചെയ്ത ദൈവജനം വാഗ്ദത്തഭൂമി അവകാശമാക്കി. രക്ഷാചരിത്രത്തിന്റെ ഓരോഘട്ടത്തിലും ദൈവം തന്റെ വാഗ്ദാനങ്ങൾ ആവർത്തിച്ചു, ജനത്തിന്റെ പ്രത്യാശ കെടാതെ

സൂക്ഷിച്ചു. ഉടമ്പടിയിലൂടെ വീണ്ടും വീണ്ടും അവർക്ക് ഉറപ്പ് നൽകി. സീനായ് ഉടമ്പടിയും (പുറ 19) ദാവീദിന് നല്കിയ ഉടമ്പടിയും (1 സാമു 7) ഈ വാഗ്ദാനങ്ങളുടെ ആവർത്തനവും വിശദീകരണവുമായിരുന്നു.

അടിമകളായിരുന്നവർ ഉടമകളായിത്തീർന്നപ്പോൾ പ്രലോഭനങ്ങൾ തലയുയർത്തി. ദൈവത്തിന്റെ വാഗ്ദാനങ്ങളും അവയോടനുബന്ധിച്ച് നല്കിയിരുന്ന പ്രമാണങ്ങളും വിസ്മരിച്ചവരെ പ്രവാചകന്മാർ വഴി മാനസാന്തരത്തിന് ക്ഷണിച്ച ദൈവം കർശനമായ ശിക്ഷണങ്ങളിലൂടെ കടത്തിവിട്ടു; അതനുസരിക്കാൻ കൂട്ടാക്കാത്തവരെ പ്രവാസത്തിന്റെ തിക്തചഷകം മട്ടുവരെ കുടിപ്പിച്ചു. അപ്പോഴും നിരാശയുടെ നീർച്ചുഴിയിൽ അവരെ കൈവെടിഞ്ഞില്ല. യുദ്ധങ്ങളിലുണ്ടായ പരാജയങ്ങളും ദേശനഷ്ടവും ബാബിലോൺ പ്രവാസവും പ്രത്യാശയുടെ പുതിയ ചക്രവാളങ്ങൾ അവർക്ക് മുന്നിൽ വിരിയിക്കുകയായിരുന്നു. എല്ലാം നഷ്ടപ്പെട്ടവരുടെ മുമ്പിൽ പ്രവാചകന്മാർ രാജ്യത്തെക്കുറിച്ചുള്ളപുത്തൻ ചിത്രങ്ങൾ വരച്ചു കാട്ടി. അത് ദാവീദിന്റെയും സോളമന്റെയും സാമ്രാജ്യങ്ങൾ തിരിച്ചു പിടിക്കാമെന്ന പ്രതീക്ഷയല്ല, ദൈവരാജ്യത്തെക്കുറിച്ചുള്ള സൂചനയാണ് നല്കുന്നത്.

ജനത്തിന്റെ മാനസാന്തരത്തിലൂടെ സംജാതമാകുന്ന നീതിനിഷ്ടവും സാഹോദര്യത്തിൽ അധിഷ്ഠിതവുമായ പുത്തൻ സംവിധാനങ്ങളെക്കുറിച്ചാണ് പ്രവാചകന്മാർ അധികപങ്കും പ്രഘോഷിച്ചത്. സമൂലമായ ഹൃദയപരിവർത്തനത്തിലൂടെ സംജാതമാകുന്ന പുതിയ രാജ്യത്തെക്കുറിച്ച് അവർ പഠിപ്പിച്ചു. ഹൃദയത്തിൽ എഴുതപ്പെട്ട പുതിയ ഉടമ്പടിയെക്കുറിച്ച് പ്രവചിച്ച പ്രവാചകന്മാർ (ജറെ 31, 29-37, എസെ 36,22-32) ജനത്തിന്റെ പാപാവസ്ഥയെക്കുറിച്ചും വഴിമാറാനുള്ള അവരുടെ കഴിവുകേടിനെക്കുറിച്ചും തികച്ചും ബോധമുള്ളവരായിരുന്നു. അതിനാൽ ദൈവംതന്നെ പാപപങ്കിലമായ അവരുടെ ചരിത്രത്തിലേക്കു കടന്നുവന്ന് അവരെ സമൂലം ശുദ്ധീകരിച്ചാലേ അവർക്ക് ദൈവജനമാകാൻ കഴിയൂ എന്ന് അവർ കണ്ടു. ഇവിടെ വാഗ്ദാനങ്ങൾ പുതിയ മാനങ്ങൾ ഉൾക്കൊള്ളുകയായി, പ്രതീക്ഷകൾ പുതിയ ചക്രവാളങ്ങൾ തേടുകയായി.

ഇസ്രായേൽജനത്തിന്റെ പ്രതീക്ഷകൾ അധികപങ്കും ഭൗതികമായ സമൃദ്ധിയിലും സമാധാനത്തിലും ഊന്നിനിന്നിരുന്നു. സ്വന്ത

മായ ഒരു രാജ്യം, ധാരാളം സമ്പത്ത്, ആരോഗ്യം, ദീർഘായുസ്സ്, ധാരാളം മക്കൾ, ദേശത്ത് സമാധാനം എന്നിങ്ങനെയാണ് ദൈവീകവാഗ്ദാനങ്ങളെ അവർ കണ്ടിരുന്നത് (ലേവർ 26, നിയമാവർത്തനം 28, ഏശ 35) കാലക്രമത്തിൽ ഈ പ്രതീക്ഷകൾ കൂടുതൽ ആദ്ധ്യാത്മികതലങ്ങളിലേയ്ക്ക് ആഴപ്പെടുന്നത് കാണാം. പാപങ്ങളിൽ നിന്നുള്ള ശുദ്ധീകരണം, മരണത്തെ മറികടന്ന് ശവകുടീരത്തിനപ്പുറത്തുള്ള ഒരു ജീവിതം, മനുഷ്യന്റെയും ഈ പ്രപഞ്ചത്തിന്റെതന്നെയും സമൂലമായ നവീകരണം തുടങ്ങിയ ആശയങ്ങളിലേയ്ക്ക് സാവധാനമാണ് അവർക്ക് ഉൾക്കാഴ്ച ലഭിച്ചത്. പ്രവാചകന്മാർ മിസ്റ്റിക്കുകൾക്കും, ജ്ഞാനികൾക്കും അപ്പോക്കലിപ്റ്റുകൾക്കും വഴിമാറി. ദൈവംതന്നെ സൃഷ്ടിക്കുന്ന ഒരു പുതിയ ആകാശവും പുതിയ ഭൂമിയും അവർ പ്രതീക്ഷിക്കാൻ തുടങ്ങി. ഇതും ദൈവികവാഗ്ദാനങ്ങളിൽ അടിയുറച്ചവയായിരുന്നു (ഏശ 65,17, ദാനി 7,12, ജ്ഞാനം 3,1-9; 4,7-14; 2 മക്ക 7).

പുതിയ വാഗ്ദാനങ്ങളും അവയിൽ ചുവടുറപ്പിച്ച പുതിയ പ്രതീക്ഷകളും കടന്നുവന്നപ്പോഴും പഴയപ്രതീക്ഷകൾ പച്ചകെടാതെ നിന്നു. പുതിയനിയമകാലഘട്ടമായപ്പോഴേയ്ക്കും വൈവിധ്യമാർന്ന പ്രതീക്ഷകൾ വച്ചുപുലർത്തുന്ന ഒരു സമൂഹത്തെയാണ് നാം കാണുക. പാപമോചനവും ഹൃദയനവീകരണവും പുത്തൻ സൃഷ്ടിയും വിശ്വാസപൈതൃകങ്ങളായി സ്വീകരിച്ചവരും ദാവീദിന്റെ രാജ്യം പുനഃസ്ഥാപിക്കപ്പെടും എന്ന രാഷ്ട്രീയ മോഹങ്ങളും സമ്പത്ത്, സമൃദ്ധി, ദീർഘായുസ്സ് തുടങ്ങിയ ഭൗതികതാത്പര്യങ്ങളും കാത്തുസൂക്ഷിച്ചു. അതേസമയം അനുദിനയാഥാർത്ഥ്യങ്ങൾ ഈ പ്രതീക്ഷകൾക്ക് മങ്ങലേല്പിച്ചു. സ്വന്തം സാമ്രാജ്യത്തെ സ്വപ്നം കണ്ടവർ റോമൻ ആധിപത്യത്തിൻകീഴിൽ കഴിയേണ്ടിവന്നു. രോഗവും ദാരിദ്ര്യവും പട്ടിണിയും ഭൂരിഭാഗത്തിന്റെയും അനുദിനാനുഭവങ്ങളുടെ ഭാഗമായിരുന്നു. അതൊക്കെത്തന്നെ പാപത്തിന്റെ ഫലവും ദൈവശാപത്തിന്റെ അടയാളവുമായി കരുതപ്പെടുകയും ചെയ്തു. എല്ലാവരും ഒരു രക്ഷകനെ കാത്തിരുന്നു. രാഷ്ട്രീയമോചനം നല്കുന്ന ഒരു മിശിഹായെ, രോഗങ്ങൾ സുഖപ്പെടുത്തുന്ന ഒരു വൈദ്യനെ, പാപങ്ങൾ മോചിക്കുന്ന ഒരു രക്ഷകനെ, ദൈവത്തിന്റെ നിയമം പഠിപ്പിക്കുന്ന ഒരു പ്രവാചകനെ,സമ്പൂർണ്ണ സ്വാതന്ത്ര്യം നല്കുന്ന ഒരു വിമോചകനെ. ഈ ജനത്തിന്റെ മദ്ധ്യത്തിലേയ്ക്കാണ് യേശു കടന്നുവന്നത്. വാഗ്ദാനങ്ങളുടെ പൂർത്തീ

കരണമായി, പുത്തൻ പ്രതീക്ഷകൾ നല്കുന്ന ദൈവത്തിന്റെ അന്തിമപ്രവാചകനായി, എല്ലാം നവീകരിക്കുന്ന ദൈവത്തിന്റെ പുത്രനായി.

2. അത്ഭുതങ്ങൾ - പ്രത്യാശയുടെ കിരണങ്ങൾ

യേശുവിന്റെ ചെയ്തികളെ വിവരിക്കുന്ന സുവിശേഷങ്ങൾ അവിടുത്തെ അത്ഭുതപ്രവർത്തനങ്ങൾക്ക് വലിയ പ്രാധാന്യം നൽകുന്നുണ്ട്. ആയിരക്കണക്കിന് ജനങ്ങൾ അവന്റെയടുക്കലേയ്ക്ക് ആകർഷിക്കപ്പെട്ടത് ഈ അത്ഭുതപ്രവർത്തനങ്ങളാലാണ്. ജനശ്രദ്ധ പിടിച്ചുപറ്റാനുള്ള എളുപ്പമാർഗ്ഗമായിട്ടല്ല യേശു അത്ഭുതങ്ങൾ പ്രവർത്തിച്ചത്, മറിച്ച് പ്രത്യാശയറ്റ്, തകർന്ന ഹൃദയവും തളർന്ന ശരീരവുമായി കഴിഞ്ഞവരോടുള്ള ദൈവത്തിന്റെ കരുണയുടെ പ്രകടനമായിട്ടാണ്. യേശു പ്രവർത്തിച്ച അത്ഭുതങ്ങളെ നാല് ഗണങ്ങളായി തിരിക്കാം.

a. രോഗശാന്തി, b. പിശാചുക്കളെ ബഹിഷ്ക്കരിക്കൽ, c. പ്രകൃതിയുടെ മേലുള്ള ആധിപത്യം. d. മരിച്ചവരെ ഉയിർപ്പിക്കൽ. ഈ നാലു ഗണങ്ങളും പ്രത്യാശ നൽകുന്ന അടയാളങ്ങളായിരുന്നു.

a) രോഗശാന്തികൾ

യേശു പ്രവർത്തിച്ച അത്ഭുതങ്ങളിൽ അധികപങ്കും അത്ഭുതകരമായ രോഗശാന്തികളായിരുന്നു. മനുഷ്യന്റെ ശക്തിചോർത്തിക്കളയുകയും സാവധാനം ജീവൻ തന്നെ ഊതിക്കെടുത്തുകയും ചെയ്യുന്നതാണ് രോഗങ്ങൾ. വൈദ്യശാസ്ത്രം അധികമൊന്നും പുരോഗതി പ്രാപിച്ചിട്ടില്ലാതിരുന്ന അക്കാലത്ത് രോഗത്തെയും രോഗകാരണങ്ങളെയും നിവാരണമാർഗ്ഗങ്ങളെയും കുറിച്ച് വളരെ വികലമായ ധാരണകൾ നിലവിലിരുന്നു (യോഹ 9, 3). ഹിസ്റ്റീരിയ, അപസ്മാരം, മുതലായ രോഗങ്ങൾ മാത്രമല്ല ബധിരതയും മൂകതയും (ലൂക്കാ 11, 14) പനിയും (ലൂക്കാ 4,38-39 പനിയെ ശാസിക്കുന്നത് കാണുക) കൂനും (ലൂക്കാ 13,11) പോലും പിശാചുബാധയുടെ ഫലമായി കരുതപ്പെട്ടിരുന്നു. പലരോഗങ്ങളും പ്രത്യേകിച്ച് കുഷ്ഠം, തളർവാതം മുതലായവ, ദൈവശാപത്തിന്റെ അടയാളമായിട്ടാണ് അന്ന് കരുതപ്പെട്ടിരുന്നത്.

വികലമായ ഈ കാഴ്ചപ്പാട് രോഗികളെ പലപ്പോഴും അവജ്ഞയോടും വെറുപ്പോടും കൂടെ വീക്ഷിക്കുന്നതിന് കാരണമായി ത്തീർന്നു. അംഗവൈകല്യം ബാധിച്ചവർ എല്ലാം അശുദ്ധരായി കരു

തപ്പെട്ടിരുന്നു. അവർക്ക് ദേവാലയത്തിൽ പ്രവേശനം നിഷേധിച്ചിരുന്നു. കുഷ്ഠരോഗികൾക്ക് പട്ടണത്തിൽ പ്രവേശിക്കാനോ പൊതുനിരത്തിലൂടെ സഞ്ചരിക്കാനോ അനുവാദമുണ്ടായിരുന്നില്ല. രോഗത്തെ സംബന്ധിച്ച് സമൂഹത്തിൽ നിലനിന്ന കാഴ്ചപ്പാട് രോഗികളെ ശാരീരികമായി മാത്രമല്ല, മാനസികമായും തളർത്തിക്കളഞ്ഞു. ദൈവംപോലും തങ്ങളെ കൈവിട്ടിരിക്കുന്നു; അറിഞ്ഞോ അറിയാതെയോ ചെയ്തുപോയ ഏതോ പാപത്തിന്റെ ഫലമാണ് താൻ പേറുന്നതെന്നും ഇതിൽനിന്ന് തനിക്കു മോചനമില്ല എന്നും വിശ്വസിച്ച് നിരാശയിൽ ആണ്ട് പോകുന്നവരായിരുന്നു രോഗികൾ അധികപങ്കും. കുഷ്ഠരോഗിയെ കണ്ടാൽ കല്ലെറിഞ്ഞ് ഓടിക്കണം എന്നുവരെ റബ്ബിമാർ പഠിപ്പിച്ചിരുന്നു. രക്തസ്രാവമുള്ള സ്ത്രീ വീട്ടിനുള്ളിൽത്തന്നെ കഴിയണം എന്നായിരുന്നു നിയമം. അവൾ പുറത്തിറങ്ങിയാൽ മറ്റുള്ളവരെക്കൂടി അശുദ്ധരാക്കും. അവൾ നടക്കുന്ന വഴിയും ഇരിക്കുന്ന ഇടവും തൊടുന്ന വ്യക്തികളും എല്ലാം അശുദ്ധമാകും. രോഗം തളർത്തിയവരെ സമൂഹം തകർത്തു. ഇങ്ങനെ മനവും ശരീരവും തളർന്നു പോയവരോടുള്ള യേശുവിന്റെ സമീപനം ശ്രദ്ധേയമാണ്.

രോഗികളെ അശുദ്ധരെന്ന് മുദ്രകുത്തി മാറ്റിനിർത്തുകയല്ല, അടുത്തുചെന്നും അരികിൽവിളിച്ചും അവരെ തൊട്ടുസുഖപ്പെടുത്തുകയാണ് യേശു ചെയ്തത്. കുരുടന്റെ കണ്ണിലും ബധിരന്റെ കാതിലും ഊമന്റെ നാവിലും തൊട്ട് സൗഖ്യദായകമായ ദൈവത്തിന്റെ കരസ്പർശം അവർക്ക് അനുഭവവേദ്യമാക്കി. സമൂഹം ഭ്രഷ്ടു കല്പിച്ച് അകറ്റിനിർത്തിയ കുഷ്ഠരോഗിക്ക് യേശുവിന്റെ അടുക്കൽ വരാൻ ധൈര്യം തോന്നിയതും യേശു അവനെ തൊട്ട് സുഖപ്പെടുത്തുന്നതും രോഗത്തോടും രോഗിയോടുമുള്ള പുതിയ സമീപനത്തിന്റെ അടയാളങ്ങളായിരുന്നു. രോഗവും പാപവും തമ്മിൽ നേരിട്ടുള്ള കാര്യകാരണബന്ധം യേശു അതേപടി അംഗീകരിക്കുന്നില്ല (യോഹ 9,3). പാപബോധത്താൽ തളർന്നുപോയവരെ പാപം മോചിപ്പിച്ചും സൗഖ്യം നല്കിയും പ്രത്യാശയുടെ പുതിയ വെളിച്ചത്തിലേയ്ക്ക് നയിക്കുകയാണ് യേശു ചെയ്തത്. (മർക്കോ 2,5-12). കൂനിപ്പോയ സ്ത്രീ അവിടുത്തെ കരസ്പർശനത്താൽ നിവർന്നിന്നു. മുതുകിൽ പേറിയിരുന്ന അപകർഷതാബോധത്തിന്റെയും അടിമത്തത്തിന്റെയും ഭാരം നീങ്ങിയപ്പോൾ അവൾ നിവർന്നുനിന്ന് ദൈവത്തെ സ്തുതിച്ചു (ലൂക്കാ 13,13). മുപ്പ

ത്തെട്ടുവർഷം തളർന്നുകിടന്നയാൾ യേശുവിന്റെ വാക്കുകേട്ട് കിടക്കയെടുത്ത് നടന്നു. കാഴ്ച ലഭിച്ച കുരുടൻ യേശുവിന് സാക്ഷിയായി (യോഹ 9,17), യേശുവിന്റെ ശിഷ്യനായി (ലൂക്കാ 18,43). സംസാരശക്തി ലഭിച്ചവൻ ദൈവത്തിന്റെ മഹത്ത്വം പ്രകീർത്തിച്ചു.

ക്ഷയിച്ചു പോകുന്ന ജീവനെ പുഷ്ടിപ്പെടുത്തുന്നതായിരുന്നു യേശു നല്കിയ രോഗശാന്തികൾ. വ്യക്തികളുടെ ശരീരവും മനസ്സും അതോടെ ശക്തിപ്രാപിച്ചു. രോഗത്തെ സംബന്ധിച്ച കാഴ്ചപ്പാടും രോഗിയോടുള്ള സമീപനവും മാറ്റിമറിച്ചുകൊണ്ട് വ്യക്തികളിലേയ്ക്കും സമൂഹത്തിലേയ്ക്കും പ്രത്യാശയുടെ കിരണങ്ങൾ വീശുകയാണ് യേശു ചെയ്തത്. യേശുവിന്റെ വസ്ത്രാഞ്ചലത്തിൽ വിശ്വാസത്തോടെ തൊട്ടു സുഖം പ്രാപിച്ച സ്ത്രീ താൻ ശ്രദ്ധിക്കപ്പെട്ടു എന്ന് മനസ്സിലാക്കിയപ്പോൾ ഭയന്നുവിറച്ചു. എന്നാൽ യേശു അവളെ ശാസിക്കുകയോ കുറ്റംവിധിക്കുകയോ അല്ല, അവളുടെ വിശ്വാസത്തെ പ്രശംസിച്ച് സമാധാനത്തോടെ പറഞ്ഞയയ്ക്കുകയാണ് ചെയ്തത് (മർക്കോ 5,34). രോഗത്തെ ദൈവശാപമായി കാണാതെ അവിടുത്തെ മഹത്ത്വം വെളിപ്പെടുത്താനുള്ള അവസരങ്ങളായി വ്യാഖ്യാനിച്ചുകൊണ്ട് രോഗത്തിനു തന്നെ പുതിയ അർത്ഥം നല്കി. ഇത് മാനസികവും ആത്മീയവുമായ തലത്തിൽ ശക്തിനല്കുന്ന പ്രത്യാശയുടെ സുവിശേഷമായിരുന്നു. ദൈവത്താൽ പുറന്തള്ളപ്പെട്ടവരോ ശിക്ഷിക്കപ്പെട്ടവരോ അല്ല, ദൈവത്തിന്റെ പ്രത്യേക കരുണയുടെ പാത്രങ്ങളാണ് രോഗികൾ. അവരിലേക്കാണ് സൗഖ്യദായകമായ ദൈവിക സാന്ത്വനം കരകവിഞ്ഞൊഴുകിയെത്തുന്നത്.

## b) പിശാചുക്കളെ ബഹിഷ്ക്കരിക്കൽ

മനുഷ്യന്റെ ഉള്ളിൽ പ്രവേശിച്ച് അവനെ ഞെരുക്കുകയും രോഗിയാക്കുകയും നശിപ്പിക്കുകയും ചെയ്യുന്ന ഭീകരശക്തിയായിട്ടാണ് യേശുവിന്റെ സമകാലീനർ പിശാചിനെ കണ്ടിരുന്നത്. അതിനാൽത്തന്നെ പിശാചിനോടുള്ള വലിയഭയം സമൂഹത്തിൽ നിലവിലിരുന്നു. പല രോഗങ്ങളും പിശാചുബാധയായി പരിഗണിക്കപ്പെടുകയും ചെയ്തിരുന്നു. പിശാചുക്കളെ ബഹിഷ്ക്കരിക്കൽ യേശുവിന്റെ ഒരു പ്രധാന പ്രവൃത്തിയായി സമാന്തരസുവിശേഷങ്ങൾ അവതരിപ്പിക്കുന്നുണ്ട്. ഇതൊക്കെ രോഗശാന്തിപോലെയാണ് പ്രത്യക്ഷത്തിൽ തോന്നുക. എന്നാൽ രോഗശാന്തിയേക്കാൾ വളരെ

ആഴമേറിയ അർത്ഥമുള്ളതാണ് പിശാചിനെ ബഹിഷ്ക്കരിക്കൽ എന്ന് ഈ വിവരണങ്ങൾ ശ്രദ്ധിച്ചു വായിച്ചാൽ കാണാൻകഴിയും.

മർക്കോസിന്റെ സുവിശേഷത്തിൽ യേശുവിന്റെ ആദ്യത്തെ അത്ഭുതപ്രവർത്തനമായി എടുത്തുകാട്ടുന്നത് ഒരു ദ്രുതോഛാടന മാണ് (മർക്കോ 1,21-26). സാബത്ത് ദിവസം സിനഗോഗിലെ പ്രാർത്ഥനാ ശുശ്രൂഷയുടെ ഭാഗമായിട്ടാണ് മർക്കോസ് ഈ സംഭവം രേഖപ്പെടുത്തിയിരിക്കുന്നത്. പിശാചുബാധിതൻ പ്രാർത്ഥനാലയ ത്തിൽ വന്നിരുന്നുവെന്നും യേശുവിന്റെ പ്രബോധനം കേട്ടപ്പോൾ മാത്രമാണ് അവൻ തനിനിറം വെളിപ്പെടുത്തിയതെന്നുമുള്ള പരാ മർശം പ്രത്യേകം ശ്രദ്ധേയമാണ്. അധികാരത്തോടെയുള്ള യേശു വിന്റെ പ്രബോധനത്തിന്റെ അർത്ഥവും വ്യാപ്തിയും വ്യക്തമാക്കു ന്നതാണ് ഈ വിവരണം. യേശു ദൈവത്തിന്റെ പുത്രനാണെന്ന് പിശാചിനറിയാം. അത് പരസ്യമായി ഏറ്റുപറയാൻ മടിക്കുന്നുമില്ല. "നീ എന്തിന് ഞങ്ങളുടെ കാര്യത്തിൽ ഇടപെടുന്നു! ഞങ്ങളെ നശി പ്പിക്കാനാണോ നീ വന്നിരിക്കുന്നത്?" (മർക്കോ 1,24) എന്ന ചോദ്യം പിശാചിനെ സംബന്ധിച്ച വ്യക്തമായ ചില കാഴ്ചപ്പാടുകൾ നല്കു ന്നുണ്ട്.

മനുഷ്യനെ അടിമയാക്കിവച്ചുകൊണ്ടിരിക്കുന്ന ഒരു സംഘ ടിത ശക്തിയാണ് പിശാച്. ഏതെങ്കിലും ശാരീരികമോ മാനസി കമോ ആയ രോഗമല്ല പിശാചുബാധ. അത് മനുഷ്യനെ തന്നിൽ നിന്ന് തന്നെ അന്യനാക്കുകയാണ്. ദൈവത്തിൽനിന്നും സഹജീ വികളിൽനിന്നും അകറ്റുകയാണ്. യേശു അവനെ നേരിടുന്നതുവരെ മാന്യനായി പ്രാർത്ഥനാലയത്തിൽ ഇരുന്നവൻ യേശുവിനെ കണ്ടു മുട്ടിയപ്പോൾ അലറിവിളിക്കുന്നു. ഇത് തന്നെയാണ് മറ്റു പിശാചു ബാധിതർക്കും സംഭവിക്കുന്നത്. റോമൻ ലീജിയനെപ്പോലെ ഭീക രമായൊരു ശക്തിയാണ് പിശാച് (മർക്കോ 5,9) അവൻ ഒരു രാജ്യ ത്തിന്റെ അധിപനും സൈന്യത്തിന്റെ തലവനുമാണ് (ലൂക്കാ 11,21). ലോകത്തെ മുഴുവൻ തന്റെ ആധിപത്യത്തിലാക്കിയിരിക്കുകയാണ് താൻ എന്ന് അവൻ അവകാശപ്പെടുന്നു (ലൂക്കാ 4,6). അവൻ മനു ഷ്യഹൃദയത്തിൽ പരിവർത്തനം വരാതിരിക്കാൻ ദൈവവചനം എടുത്ത് കളയുന്നു (ലൂക്കാ 8,12). ശിഷ്യരെ പ്രലോഭിപ്പിക്കുകയും വഴിതെറ്റിച്ച് നശിപ്പിക്കുകയും ചെയ്യുന്ന (ലൂക്കാ 22,31) കൊലപാ തകിയാണ് (യോഹ 8,44). യേശുവിനെപ്പോലും പ്രലോഭിപ്പിക്കു കയും ദൈവരാജ്യം ഈ ഭൂമിയിൽ യാഥാർത്ഥ്യമാകുന്നതിന് തടസ്സം

നിൽക്കുകയും ചെയ്യുന്നവനാണ് പിശാച് (മർക്കോ 1,13, മത്താ 16,23).

ഈ ലോകത്തിന്റെ അധികാരിയുമായുള്ള ഏറ്റുമുട്ടലായി ട്ടാണ് യേശു പിശാചുക്കളെ ബഹിഷ്ക്കരിക്കുന്നതിനെ സുവിശേ ഷങ്ങൾ വ്യാഖ്യാനിക്കുന്നത്. നിർണ്ണായകമായ പോരാട്ടം മരുഭൂമി യിലാണ് സംഭവിച്ചത്. അവിടെവച്ച് പരാജിതനായ സാത്താന്റെ സാമ്രാജ്യത്തിലേയ്ക്കുള്ള കടന്നുകയറ്റമായി ഭൂതോച്ചാടനങ്ങളെ വിശേഷിപ്പിക്കുന്നു. ഇത് വലിയ പ്രത്യാശയുടെ സന്ദേശമാണ്. യേശുവിന്റെ ആഗമനത്തോടെ പിശാചിന്റെ ശക്തിനഷ്ടപ്പെട്ടു. അവൻ ഇനിയും പ്രലോഭനങ്ങളുമായി തുടരുമെങ്കിലും യേശുവി നോട് ചേർന്നു നില്ക്കുന്നവർക്ക് പിശാചിനെ ഭയപ്പെടേണ്ടതില്ല. അവന്റെ സകലശക്തിയുടെമേലും യേശുശിഷ്യന്മാർക്ക് അധികാരം നല്കിയിട്ടുണ്ട് (ലൂക്കാ 10,19). ശിഷ്യന്മാരെ തിരഞ്ഞെടുത്തതുതന്നെ പിശാചുക്കളെ ബഹിഷ്ക്കരിക്കാൻ അധികാരം നല്കുന്നിതിനു വേണ്ടിയാണ് (മർക്കോ 3,15). ദൈവികശക്തിയാലാണ് യേശു പിശാ ചുക്കളെ ബഹിഷ്ക്കരിച്ചത്. അത് സാത്താന്റെ രാജ്യത്തിന്മേൽ ദൈവരാജ്യം ആധിപത്യം സ്ഥാപിച്ചിരിക്കുന്നു എന്നതിന്റെ അട യാളമാണ് (ലൂക്കാ 11,20).

നുണയൻ, നുണപ്രവാചകൻ, കൊലപാതകി, പ്രലോഭകൻ, ഈ ലോകത്തിന്റെ അധികാരി, അന്ധകാരശക്തി, സത്യം അറിയു കയും വളച്ചൊടിക്കുകയും ചെയ്യുന്ന വഞ്ചകൻ, ദൈവവചനം മനു ഷ്യഹൃദയങ്ങളിൽനിന്ന് എടുത്ത് മാറ്റുന്നവൻ, വചനത്തിന്റെ ശത്രു, മനുഷ്യനെ അടിമയാക്കിവെക്കുന്ന സംഘടിതശക്തി, ദൈവത്തിന് മാത്രം നല്കേണ്ട ആരാധന തനിക്കായി ആവശ്യപ്പെടുന്ന മാമോൻ എന്നിങ്ങനെ പിശാചിനു സുവിശേഷങ്ങളിൽ നല്കുന്ന വിശേഷ ണങ്ങളുടെ പശ്ചാത്തലത്തിൽ വേണം പിശാചുക്കളെ ബഹിഷ്ക്ക രിക്കുന്നതിന്റെ വിവരണങ്ങളെ മനസ്സിലാക്കാൻ. യഥാർത്ഥ പിശാ ചിനെ തിരിച്ചറിയാനും തള്ളിപ്പറയാനും അവന്റെ ആധിപത്യ ത്തിൽനിന്ന് ഒഴിഞ്ഞുനില്ക്കാനും അത് സഹായിക്കും. ഭയത്തി ന്റെയും വലിയ അടിമത്തത്തിന്റെയും മേഖലയിൽനിന്ന് മനുഷ്യനെ സ്വതന്ത്രനാക്കുന്നതാണ് യേശുവിന്റെ ഭൂതോച്ചാടനങ്ങൾ. ഇനി സാത്താനല്ല യേശുവാണ് ഈ ലോകത്തിന്റെ അധിപൻ എന്ന തിരി ച്ചറിവാണ് ഇവിടെ പ്രത്യാശയുടെ ഉറവിടമായി നില്ക്കുന്നത്.

## c) പ്രപഞ്ചശക്തികളുടെ മേൽ വിജയം

അനേകലക്ഷങ്ങളെ കടൽ വിഴുങ്ങിയ സുനാമിയും വലിയ പട്ടണങ്ങളെത്തന്നെ ഭൂപടത്തിൽനിന്നു തുടച്ചുമാറ്റുന്ന ഭൂമികുലുക്കങ്ങളും ചുഴലിക്കൊടുങ്കാറ്റുകളും മനുഷ്യജീവന് ഭീഷണിയായ പ്രപഞ്ചശക്തികളുടെ ഉദാഹരണങ്ങളാണ്. സംഹാരരുദ്രമായ പ്രപഞ്ചശക്തികൾക്കുമുന്നിൽ മനുഷ്യന്റെ സകലപ്രയത്നങ്ങളും കണ്ടുപിടുത്തങ്ങളും നിസ്സാരമായിത്തീരുന്നു. പ്രപഞ്ചശക്തികളോടുള്ള മനുഷ്യന്റെ ഭയം ഇന്നും തുടരുകയാണ്. അല്ലാ, വർദ്ധിക്കുകയാണ്. ലോകാവസാനം ആസന്നമായിരിക്കുന്നു എന്ന മുന്നറിയിപ്പുകളുമായി ദുരന്തപ്രവാചകന്മാർ അരങ്ങുതകർക്കുന്നു. ഈ പശ്ചാത്തലത്തിൽ യേശുവിന്റെ അത്ഭുതപ്രവർത്തനങ്ങൾ കൂടുതൽ പ്രസക്തമായിത്തീരുന്നു. താരതമ്യേന ചെറിയ ഒരു തടാകമാണ് ഗലീലിക്കടൽ. എങ്കിലും അതിൽ ആഞ്ഞടിക്കുന്ന കൊടുങ്കാറ്റ് ഭീകരമാണ്. കൊടുങ്കാറ്റിൽപെട്ട് തകരാൻ പോകുന്ന തോണിയിൽനിന്ന് ഭയന്ന് നിലവിളിച്ച ശിഷ്യന്മാരോട് യേശു പറഞ്ഞു. ഭയപ്പെടേണ്ട! അവന്റെ വാക്കുകേട്ട് കാറ്റടങ്ങി, കടൽ ശാന്തമായി, "ഇവൻ ആരാണ്? കാറ്റും കടലും ഇവനെ അനുസരിക്കുന്നല്ലോ?" (മർക്കോ 4,41) എന്ന് പറഞ്ഞ് ശിഷ്യന്മാർപോലും തങ്ങളുടെ ആശ്ചര്യം പ്രകടമാക്കി. യേശു കൂടെയുള്ളപ്പോൾ പ്രപഞ്ചശക്തികളെയും ഭയപ്പെടേണ്ടതില്ല എന്ന് അവർ മനസ്സിലാക്കി. കാരണം ഒരു വാക്കാൽ പ്രപഞ്ചത്തിന് രൂപം നല്കിയവന്റെ വചനം തന്നെയാണ് മനുഷ്യനായി യേശുവിൽ അവതരിച്ചത്. "നിങ്ങൾ ഭയപ്പെടുന്നതെന്ത്?" (മർക്കോ 4,40) അവനിന്നും ചോദിക്കുന്നു.

കല്ലുകളെ അപ്പമാക്കി വിശപ്പടക്കാൻ പ്രലോഭകൻ നല്കിയ നിർദ്ദേശം തള്ളിക്കളഞ്ഞവൻ വിശക്കുന്നവർക്ക് ആഹാരം നല്കാൻ അപ്പം അത്ഭുതകരമായി വർദ്ധിപ്പിച്ചു. വിശന്നു പൊരിഞ്ഞ ജനത്തോട് തോന്നിയ അനുകമ്പയാണ് ഈ അത്ഭുതത്തിന്റെ പ്രേരകശക്തി (മർക്കോ 8,2-3). പങ്കുവയ്ക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് ശിഷ്യന്മാർക്ക് ബോധ്യം നല്കിയതിനുശേഷം അവരുടെ തുച്ഛമായ സമ്പത്ത് അത്ഭുതകരമായി വർദ്ധിപ്പിച്ച് എല്ലാവരുടെയും വിശപ്പടക്കിയവൻ ഇന്നും വിശക്കുന്നവർക്ക് ആഹാരമായി നമ്മോടുകൂടെ വസിക്കുന്നു. വാങ്ങി ഭക്ഷിക്കുവിൻ, ഇത് നിങ്ങൾക്കുവേണ്ടി വിഭജിക്കപ്പെടുന്ന എന്റെ ശരീരമാകുന്നു. മനുഷ്യൻ അപ്പത്തിന്റെ അടിമയാകരുത് എന്ന് ഉദ്ബോധിപ്പിക്കുമ്പോഴും അവന്റെ ആവ

ശ്യങ്ങൾ യേശു മറക്കുന്നില്ല. വെള്ളം വീഞ്ഞാക്കി മാറ്റിയതും അപ്പം അത്ഭുകരമായി വർദ്ധിപ്പിച്ചതും പ്രപഞ്ചത്തെ മനുഷ്യന് ജീവിത വ്യമാക്കി മാറ്റുന്നതിന്റെ ഉദാഹരണങ്ങളാണ്. ഒപ്പം യേശു നല്കുന്ന പുതുജീവന്റെ അടയാളങ്ങളും.

## d. വിഷപ്പല്ലുപോയ മരണം

മനുഷ്യന്റെ സകല അന്വേഷണങ്ങളും കണ്ടുപിടുത്തങ്ങളും പ്രയത്നങ്ങളും വിജയങ്ങളും മരണം എന്ന അന്തിമയാഥാർത്ഥ്യ ത്തിനു മുൻപിൽ തകർന്നടിയുന്നു. മറികടക്കാനാകാത്ത പ്രതിബ ന്ധവും കീഴടക്കാനാകാത്ത ശത്രുവും സകല ഭയങ്ങളുടെയും ഉറ വിടവുമായിട്ടാണ് മരണം കരുതപ്പെടുന്നത്. മരണത്തെ മറികടക്കാ നുള്ള യാതൊരു മാർഗ്ഗവും നാളിതുവരെ മനുഷ്യന് കണ്ടു പിടി ക്കാനായിട്ടില്ല. അതിനാൽ മനുഷ്യന്റെ പ്രത്യാശയുടെ അവസാ നത്തെ ശത്രുവാണ് മരണം. എന്നാൽ ഈ ശത്രുവിനെയും യേശു പരാജയപ്പെടുത്തി. മരിച്ച മൂന്നു വ്യക്തികളെ യേശു ഉയർപ്പിച്ച തായി സുവിശേഷങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്.

മരിച്ച് ഏതാനും നിമിഷങ്ങൾകം ജായിറൂസിന്റെ മകളായ ബാലികയെയും, ശവപ്പറമ്പിലേയ്ക്ക് കൊണ്ടുപോയ യുവാവി നെയും, മൂന്നുദിവസം കല്ലറയിൽ കിടന്ന ലാസറിനെയും ഉയർപ്പി ക്കുന്നതിലൂടെ മരണത്തെയും മറികടക്കുന്നവനാണ് താൻ എന്ന് യേശു വെളിപ്പെടുത്തി. "നീ ഇവിടെ ഉണ്ടായിരുന്നെങ്കിൽ എന്റെ സഹോദരൻ മരിക്കുകയില്ലായിരുന്നു. എന്നാൽ നീ ചോദി ക്കുന്നതെന്തും ദൈവം തരും എന്ന് എനിക്കറിയാം" എന്ന വിശ്വാ സപ്രഖ്യാപനത്തിന് യേശു മറുപടി നല്കി. "ഞാനാണ് പുനരു ത്ഥാനവും ജീവനും. എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും" (യോഹ 11, 21-25). മരിച്ചവർക്കു നിത്യജീവൻ നല്കി കല്ലറയിൽനിന്ന് പുറത്ത് കൊണ്ടുവരാൻ കഴിവുള്ളവനിൽ (യോഹ 5,24-25) വിശ്വസിക്കുന്നവർക്ക് ഒരിക്കലും നിരാശയുണ്ടാകരുത്.

മരിച്ചവരെ ഉയർപ്പിച്ചവൻ ജീവന്റെ നാഥനാണ്. മനുഷ്യന്റെ അവസാനത്തെ ശത്രുവായ മരണത്തെ സ്വന്തം മരണംകൊണ്ട് പരാ ജയപ്പെടുത്തുകയും മരണത്തിൽനിന്ന് ഉയിർത്തെഴുന്നേറ്റുംകൊണ്ട് ജീവന്റെ വിജയം പ്രഖ്യാപിക്കുകയും ചെയ്ത യേശുവാണ് മാനവ സമൂഹത്തിന്റെ മുഴുവൻ പ്രത്യാശയുടെയും ഉറവിടം. ഇനി ഒന്നിനെക്കുറിച്ചും ആകുലരാകേണ്ടതില്ല. രോഗവും ദാരിദ്ര്യവും

പട്ടിണിയും മരണവും പിശാചും പ്രപഞ്ചശക്തികളും എല്ലാം അവന്റെ ആധിപത്യത്തിലാണ്. അവയുടെ മേൽ വിജയം നൽകുന്നവനാണ് യേശു എന്ന ബോധ്യമാണ് ഇവയെല്ലാം പ്രത്യാശയോടെ നേരിടാൻ ശക്തി നല്കുന്നത്.

## 3. സുവിശേഷം - പ്രകാശഗോപുരം

ആരോഗ്യവും ആഹാരവും, പ്രകാശവും ജീവനും നല്കുന്ന യേശുവിന്റെ അത്ഭുതപ്രവർത്തനങ്ങളെല്ലാം അടയാളങ്ങളായിരുന്നു. ഭയത്തിന്റെ അന്ധകാരത്തിൽ തപ്പിത്തടയുന്ന, നിരാശയുടെ നീർച്ചുഴിയിൽ മുങ്ങിത്താഴുന്ന മനുഷ്യന്റെ ജീവിതത്തിലേയ്ക്കും മാനവചരിത്രത്തിലേയ്ക്കും കടന്നുവന്ന ദൈവികയാഥാർത്ഥ്യത്തിന്റെ പ്രകാശകിരണങ്ങളായിരുന്നു അവ. അവയുടെ അർത്ഥം വ്യക്തമാക്കുന്നതാണ് യേശുവിന്റെ പ്രബോധനങ്ങൾ. ആ പ്രബോധനങ്ങളുടെ വെളിച്ചത്തിലാണ് അത്ഭുതപ്രവർത്തനങ്ങളുടെ ആഴവും വ്യാപ്തിയും ദൃശ്യമാവുക.

### a. വാഗ്ദാനങ്ങളുടെ പൂർത്തീകരണം

സമയം പൂർത്തിയായി; ദൈവരാജ്യം സമീപിച്ചിരിക്കുന്നു," (മർക്കോ 1,15) എന്ന പ്രഖ്യാപനത്തോടെയാണ് യേശു തന്റെ പരസ്യജീവിതം ആരംഭിക്കുന്നത്. പഴയനിയമത്തിൽ പിതാക്കന്മാർക്ക് ദൈവം നല്കിയ വാഗ്ദാനങ്ങളുടെ മാത്രമല്ല മാനവചരിത്രത്തിന്റെയും സകല പ്രതീക്ഷകളുടെയും പൂർത്തീകരണമാണ് ഇവിടെ വിവക്ഷിക്കുക. കാത്തിരിപ്പിന്റെ കാലം കഴിഞ്ഞു. മനുഷ്യസമൂഹം ഒന്നടങ്കം സഹസ്രാബ്ദങ്ങളായി എന്തിനു വേണ്ടി കാത്തിരിക്കുന്നുവോ ആ സമഗ്രമോചനം യാഥാർത്ഥ്യമായിരിക്കുന്നു എന്നാണ് യേശു ഉദ്ഘോഷിക്കുന്നത്. പ്രവചനങ്ങളുടെ പൂർത്തീകരണമായി യേശുവിനെ അവതരിപ്പിക്കുന്ന മത്തായിയുടെ സുവിശേഷവും ഇതേ സത്യം ഊന്നിപ്പറയുന്നു. യേശുവിന്റെ ജനനം തന്നെ "സകലജനത്തിനുംവേണ്ടിയുള്ള വലിയ സന്തോഷത്തിന്റെ സദ്വാർത്ത" (ലൂക്കാ 2,10) യാണെങ്കിൽ അവന്റെ വാക്കും പ്രവൃത്തികളും ആ സദ്വാർത്തയുടെ സ്വഭാവം വിശദമാക്കുന്നു.

സുവിശേഷത്തിന്റെ ഉള്ളടക്കം ഒറ്റവാക്കിൽ ഒതുക്കുന്ന ഒരു സാങ്കേതികനാമമാണ് "ദൈവരാജ്യം." മനുഷ്യന്റെ മേൽ ആധിപത്യം സ്ഥാപിച്ചിരുന്ന സാത്താനെ പുറന്തള്ളിക്കൊണ്ട് ദൈവം തന്റെ

ഭരണം ഈ ഭൂമിയിൽ സ്ഥാപിക്കുന്നു. രോഗവും പട്ടിണിയും ദാരിദ്ര്യവും ചൂഷണവും അടിമത്തവും മരണവും സാത്താന്റെ രാജ്യത്തിന്റെ സവിശേഷതകളായിരുന്നു. തൽസ്ഥാനത്ത് സാഹോദര്യവും അവസാനമില്ലാത്ത ജീവനുമായി ദൈവരാജ്യം പ്രത്യക്ഷപ്പെടുന്നു. അന്ധകാരത്തിൽനിന്നു പ്രകാശത്തിലേയ്ക്ക് നയിക്കണമേ എന്ന് പ്രാർത്ഥിക്കുന്നവർക്ക് യേശു മറുപടി നൽകുന്നു. "ഞാൻ ലോകത്തിന്റെ പ്രകാശമാണ്" (യോഹ 8,12;9,5). മരണത്തിൽനിന്ന് അമർത്യതയിലേയ്ക്ക് നയിക്കണമേ എന്ന യുഗങ്ങളുടെ പ്രാർത്ഥനയ്ക്കുള്ള മറുപടിയാണ്. "ഞാനാണ് പുനരുത്ഥാനവും ജീവനും" (യോഹ 11,25); "വഴിയും സത്യവും ജീവനും ഞാനാണ്" (യോഹ 14,6). ദൈവരാജ്യം എന്ന് സമാന്തരസുവിശേഷങ്ങൾ വിശേഷിപ്പിക്കുന്ന യാഥാർത്ഥ്യത്തെ ജീവൻ, പ്രകാശം, സത്യം എന്നൊക്കെയാണ് നാലം സുവിശേഷം വ്യാഖ്യാനിക്കുന്നത്. ദൈവമാണ് ഈ പ്രപഞ്ചത്തിന്റെ നാഥനും ചരിത്രത്തിന്റെ നായകനും എന്ന് പഠിപ്പിക്കുന്നതാണ് ദൈവരാജ്യത്തെക്കുറിച്ച് യേശു നല്കിയ പ്രബോധനങ്ങൾ അത്രയും. ഇതുവരെ വാഗ്ദാനങ്ങളിൽ അടിയുറച്ച പ്രതീക്ഷകളായി കഴിഞ്ഞിരുന്നവ തന്റെ ആഗമനത്തോടെ യാഥാർത്ഥ്യമയിത്തീർന്നിരിക്കുന്നു എന്ന് യേശു പ്രഘോഷിച്ചു.

സ്വന്തമായി ഒരു രാജ്യം എന്നതായിരുന്നു അബ്രാഹത്തിന് ലഭിച്ച ഒരു വാഗ്ദാനം. ജോഷ്വായുടെ നേതൃത്വത്തിൽ കാനാൻ ദേശം കയ്യടക്കിയപ്പോൾ ആ വാഗ്ദാനം പൂർത്തിയായി എന്ന് കരുതി. എന്നാൽ യഥാർത്ഥ വാഗ്ദത്തഭൂമി കാനാൻ ദേശത്തിനും അപ്പുറത്താണ് എന്ന് പിന്നീട് പ്രവാചകന്മാർ വ്യക്തമാക്കി. മനുഷ്യഹൃദയങ്ങളിലും മാനവസമൂഹത്തിലും ദൈവം സ്ഥാപിക്കുന്ന ഭരണമാണത് എന്ന് കാലക്രമത്തിൽ ജനം ഗ്രഹിച്ചു. ദാവീദിന്റെ സാമ്രാജ്യമല്ല ദൈവത്തിന്റെ ഭരണമാണ് യേശുവിൽ യാഥാർത്ഥ്യമായിത്തീർന്നത്. അതിന് ജാതിയുടെയും വർഗ്ഗത്തിന്റെയും മതിൽക്കെട്ടുകളില്ല. സകലജനതകളെയും ഉൾക്കൊള്ളുന്ന സ്നേഹസാമ്രാജ്യമാണത്. "നിന്നിലൂടെ ഭൂമുഖത്തെ സകലജനതകളും അനുഗ്രഹീതമാകും" എന്ന വാഗ്ദാനം അബ്രാഹത്തിന്റെ പുത്രനായ യേശുക്രിസ്തുവിൽ പൂർത്തിയായി.

### b. ദൈവരാജ്യത്തിന്റെ മൂല്യങ്ങൾ

മനുഷ്യഹൃദയങ്ങളിലും മാനവസമൂഹത്തിലും ദൈവ

ത്തിന്റെ രാജ്യം അഥവാ ഭരണം നടപ്പിലാകുന്നത് മൂല്യങ്ങളുടെ തലത്തിലാണ്. സാഹോദര്യം, നീതി, സ്വാതന്ത്ര്യം, മുതലായവ യാണ് യേശു പ്രഘോഷിച്ച ദൈവരാജ്യത്തിന്റെ മുഖ്യമായ മൂല്യ ങ്ങൾ.

## ദൈവം സ്നേഹിക്കുന്ന പിതാവ്

മനുഷ്യന്റെ തെറ്റുകൾ കണ്ടുപിടിച്ച്, എഴുതി സൂക്ഷിച്ച്, വ്യക്തമായ ശിക്ഷ നല്കുന്ന നീതിമാനായ വിധിയാളനായിട്ടാണ് മനുഷ്യൻ ദൈവത്തെ സങ്കല്പിച്ചിരുന്നത്. എത്ര ശ്രമിച്ചാലും തെറ്റിൽനിന്ന് ഒഴിഞ്ഞു നില്ക്കാനോ പാപം ചെയ്യാതെ ജീവി ക്കാനോ കഴിയാതെ വരുന്നതിനാൽ മനുഷ്യൻ നിരാശനായിത്തീ രുന്നു. ദൈവത്തോടുള്ള ഭയം വർദ്ധിക്കുകയും ചെയ്യുന്നു. അതി നാൽ ബലിയർപ്പണങ്ങളും മറ്റ് ആചാരാനുഷ്ഠാനങ്ങളും വഴി ദൈവത്തെ പ്രസാദിപ്പിക്കാൻ മനുഷ്യൻ ശ്രമിക്കുന്നു. പഴയനിയമ ത്തിലും ഇപ്രകാരം ഒരു കാഴ്ചപ്പാട് നിലനിന്നു.

ഈ ധാരണയെ തകിടം മറിക്കുന്നതായിരുന്നു യേശുവിന്റെ വാക്കും പ്രവൃത്തികളും. നീതിമാനായ വിധിയാളനല്ല, സ്നേഹനി ധിയായ പിതാവാണ് ദൈവം എന്ന് യേശു പഠിപ്പിച്ചു. പാപിയെ ശിക്ഷിക്കുകയല്ല തന്റെ ഭവനത്തിലേയ്ക്ക് കൂട്ടിക്കൊണ്ടു വരുക യാണ് പിതാവിന്റെ ആഗ്രഹം. വീടുവിട്ടുപോയി പിതൃസ്വത്ത് ധൂർത്തടിച്ച മകന്റെ മടങ്ങിവരവിനുവേണ്ടി വഴിക്കണ്ണുമായി കാത്തി രിക്കുകയും മകൻ മടങ്ങിവരുമ്പോൾ വിരുന്നൊരുക്കി ആഹ്ലാദി ക്കുകയും ചെയ്യുന്ന, സ്നേഹം ധൂർത്തടിക്കുന്ന പിതാവാണ് ദൈവം (ലൂക്കാ 15,11-32). പാപിയുടെ മാനസാന്തരത്തിൽ സന്തോ ഷിക്കുകയും നിരുപാധികം ക്ഷമിക്കുകയും ചെയ്യുന്ന പിതാവ് പാപ ഭാരം പേറി തളരുന്ന സകലർക്കും പ്രത്യാശ നൽകുന്നു.

മനുഷ്യന്റെ കണ്ണീരിൽ കരളലിയാത്ത, അവൻ നല്കുന്ന കാണിക്കകളിൽമാത്രം പ്രസാദിക്കുന്ന കിരാതമൂർത്തിയല്ല ദൈവം. മനുഷ്യനെ അടിമയാക്കി അടിമയുടെ ദാസ്യസേവനം ആവശ്യപ്പെ ടുന്ന ഉടമയല്ല അവിടുന്ന്. ചോദിക്കുന്നതിനുമുൻപ് മനുഷ്യന്റെ ആവ ശ്യങ്ങൾ അറിയുകയും അവന് ആവശ്യമായവയെല്ലാം സൗജന്യ മായി, ഉദാരമായി നല്കുകയും ചെയ്യുന്ന സ്നേഹനിധിയായ പരി പാലകനാണ് അവിടുന്ന് (ലൂക്കാ 12,22-30). അവിടുത്തെ സ്നേഹ ത്തിന് അതിരുകളില്ല. ക്ഷമയ്ക്ക് ഉപാധികളില്ല. പിതാവിന്റെ ഭരണം

യാഥാർത്ഥ്യമാകുന്നിടത്ത് മനുഷ്യരെല്ലാം സഹോദരങ്ങളാകുന്നു. വിശക്കുന്നവർക്ക് ആഹാരവും രോഗികൾക്ക് സൗഖ്യവും പാപികൾക്ക് മോചനവും ലഭിക്കുന്നു. മക്കളുടെ വളർച്ചയിലാണ് പിതാവിന്റെ മഹത്ത്വം.

അവിടുത്തെ ഭവനത്തിൽ ആരും അന്യരല്ല. പിതാവിന്റെ സ്നേഹവും കരുതലും പരിപാലനയും പ്രകടമാക്കുന്നതായിരുന്നു യേശുവിന്റെ വാക്കും പ്രവൃത്തികളും. "എന്റെ പിതാവ് എന്നെ സ്നേഹിച്ചതുപോലെ ഞാനും നിങ്ങളെ സ്നേഹിച്ചു" (യോഹ 15,8). ജീവത്യാഗംവരെ എത്തി നില്ക്കുന്നതാണ് ഈ സ്നേഹം (യോഹ 15,13). തന്റെ ഏകജാതനെ നമുക്കായി നല്കാൻമാത്രം ദൈവം സ്നേഹിക്കുന്നു (യോഹ 3,16). ആശ്വാസദായകമാണ് ഈ സ്നേഹം. യേശു ഉദ്ഘോഷിച്ചു. "അദ്ധ്വാനിക്കുന്നവരും ഭാരം വഹിക്കുന്നവരുമായ നിങ്ങളെല്ലാവരും എന്റെയടുക്കൽ വരുവിൻ, ഞാൻ നിങ്ങളെ ആശ്വസിപ്പിക്കാം" (മത്താ 11,28). പരിധിയില്ലാത്ത സ്നേഹമാണ് യേശു വെളിപ്പെടുത്തുന്നത്. ഈ സ്നേഹത്തിൽ വിശ്വസിക്കുക. അപ്പോൾ ജീവിതം പ്രകാശനിർഭരമാകും

## സാഹോദര്യം

ദൈവം എല്ലാവരുടെയും പിതാവാണ് എന്ന സത്യത്തിന്റെ മറുഭാഗമാണ് മനുഷ്യരെല്ലാം സഹോദരങ്ങളാണെന്ന യാഥാർത്ഥ്യം. മനുഷ്യൻ ഉയർത്തിയ ജാതിയുടെയും വർണ്ണത്തിന്റെയും വർഗ്ഗത്തിന്റെയും മതിൽക്കെട്ടുകൾ തട്ടിത്തകർക്കുന്നതായിരുന്നു യേശുവിന്റെ ജീവിതശൈലിയും പ്രബോധനങ്ങളും. ജനനം, തൊഴിൽ, ശാരീരികാവസ്ഥ, സാമ്പത്തികസ്ഥിതി തുടങ്ങിയ വിവിധമാനദണ്ഡങ്ങൾവച്ച് ഭൂരിഭാഗംപേരെയും അശുദ്ധരും അധഃകൃതരുമായി മുദ്രകുത്തി സമൂഹത്തിന്റെ വേലിയിറമ്പിലേയ്ക്ക് മാറ്റിനിർത്തുന്ന മതവ്യവസ്ഥിതിയാണ് യേശുവിന്റെ കാലത്ത് പാലസ്തീനായിൽ നിലവിലിരുന്നത്. ഇപ്രകാരം ഭ്രഷ്ട് കല്പിക്കപ്പെട്ടവരുടെ അടുക്കലേയ്ക്ക് യേശു കടന്നുചെന്നു. കുഷ്ഠരോഗിയെ ആലിംഗനം ചെയ്യാനും കുലദ്രോഹിയായ ചുങ്കക്കാരന്റെ വിരുന്ന് സൽക്കാരത്തിൽ പങ്കെടുക്കാനും പരസ്യപാപിനിയുടെ സ്നേഹപ്രകടനങ്ങൾ സ്വീകരിക്കാനും (ലൂക്കാ 7,36-50) സമൂഹം വെറുത്ത സമറിയാക്കാരിയോട് കുടിനീരു ചോദിക്കാനും അവളുമായി പൊതുസ്ഥലത്തുവച്ച് സംഭാഷണത്തിൽ ഏർപ്പെടാനും (യോഹ 4,6) അവൻ മടി

ച്ചില്ല. റോമാക്കാർക്കുവേണ്ടി നികുതി പിരിക്കുന്ന ഒരു ചുങ്കക്കാര നേയും സുഹൃത്തുക്കളുടെ ഗണത്തിൽ ചേർത്തുകൊണ്ട് സാഹോ ദര്യത്തിന്റെ മാതൃക നല്കുകയായിരുന്നു; വർഗ്ഗവിദ്വേഷത്തിനു പകരം വിശ്വസാഹോദര്യം ഉറപ്പുവരുത്തുകയായിരുന്നു.

ഒരു വിജാതീയ അടിമയുടെ സ്ഥാനമാണ് യേശുവിന്റെ കാലത്ത് യഹൂദസ്ത്രീകൾക്ക് നല്കിയിരുന്നത്. അവർക്ക് അവ കാശങ്ങളൊന്നും തന്നെയില്ല. സിനഗോഗിനകത്ത് അവൾക്ക് പ്രവേ ശനാനുമതിയില്ല. പൊതുസ്ഥലത്ത്വെച്ച് പരപുരുഷനുമായി സംസാരിക്കാൻ പാടില്ല. കോടതിയിൽ കേസ് കൊടുക്കാനോ, കേസിൽ സാക്ഷിപറയാനോ അവൾക്ക് അവകാശമില്ല. വന്ധ്യത്വവും വൈധവ്യവും അവളുടെമാത്രം കുറ്റമായി പരിഗണിക്കപ്പെട്ടിരുന്നു. പ്രത്യാശയറ്റ സമൂഹത്തിന്റെ ദൃശ്യമായ അടയാളമായിരുന്നു സ്ത്രീ. എന്നാൽ യേശുവിന്റെ സമീപനം എത്ര വ്യത്യസ്തമാണ്! വിരു ന്നുശാലയിൽവച്ച് പാപിനിയുടെ അനുതാപക്കണ്ണീരും സ്നേഹ ചുംബനവും അവൻ സ്വീകരിക്കുന്നു. സിനഗോഗിനു പുറത്ത് ഭയന്ന് കൂനിനിന്നവളെ അകത്ത് വിളിച്ച് തൊട്ടനുഗ്രഹിച്ച് സുഖപ്പെടു ത്തുന്നു. അനേകം സ്ത്രീകളെ തന്റെ സഹചാരികളും ശിഷ്യരു മായി സ്വീകരിക്കുന്നു (ലൂക്കാ 8,1–3).

അധഃകൃതരോടൊപ്പം നടത്തിയ പന്തിഭോജനമാണ് യേശു വിന്റെ ജീവിതശൈലിയുടെ ശ്രദ്ധേയമായ മറ്റൊരു കാര്യം. ഒരുമിച്ചു ഭക്ഷിക്കുന്നത് സാഹോദര്യത്തിന്റെ അടയാളമായി പരിഗണിക്കപ്പെ ട്ടിരുന്നു. തന്നെ ക്ഷണിച്ച ആരുടെയും വിരുന്നിൽനിന്ന് യേശു മാറി നിന്നില്ല. ഫരിസേയന്റെ വീട്ടിലും ചുങ്കക്കാരന്റെ വീട്ടിലും ഒരുപോലെ അവൻ വിരുന്നിനു പോയി. സമൂഹം മുദ്രകുത്തി മാറ്റിനിർത്തിയി രുന്ന "ചുങ്കക്കാരും പാപികളും" അവന്റെ വിരുന്നിലെ സ്ഥിരം ക്ഷണി താക്കളായിരുന്നു. ഊട്ടുമേശയ്ക്ക് ചുറ്റിലുമാണ് യേശു സാഹോ ദര്യം ഊട്ടിയുറപ്പിച്ചത്. തന്നെത്തന്നെ മുറിച്ചു പങ്കുവയ്ക്കുന്നതിന്റെ അടയാളമായിരുന്നു ഈ ഊട്ടുമേശപ്രസ്ഥാനം. തന്റെ ശിഷ്യന്മാർ അത് എന്നും തുടരണമെന്നും അതിലൂടെ തന്റെ ഓർമ്മ നിലനിർത്ത ണമെന്നും യേശു ആഗ്രഹിച്ചു. അതിനായിട്ടാണ് അന്ത്യഅത്താഴ വേളയിൽ പുതിയ കല്പനയും നൽകിയത്. യേശുവിന്റെ സാന്നി ദ്ധ്യവും സാമീപ്യവും അധഃകൃതർക്കും അശരണർക്കും ആത്മാഭി മാനവും പ്രത്യാശയും നല്കുന്നതായിരുന്നു. ചുങ്കക്കാരുടെയും പാപി കളുടെയും സ്നേഹിതൻ (ലൂക്കാ 7,34) എന്ന് വിളിക്കപ്പെടാൻ മാത്രം

ഗാഢമായിരുന്നു യേശുവിന് അവരോടുള്ളആത്മബന്ധം. റോമാക്കാരനായ ശതാധിപനും സിനഗോഗധികാരിയും ചുങ്കക്കാരനും ഫരിസേയനും യേശുവിന്റെ ചുറ്റും സഹോദരങ്ങളായി മാറി. അങ്ങനെ ദൈവരാജ്യം വിശ്വസാഹോദര്യമായി പ്രത്യക്ഷപ്പെട്ടു.

ഇപ്രകാരം സഹോദരങ്ങളുടെ ഒരു കൂട്ടായ്മ ഈ ഭൂമിയിൽ തുടരണം. സകലമനുഷ്യരും ഈ കൂട്ടായ്മയിൽ പങ്കുചേരണം. ധനവാനും ലാസറും, ഫരിസേയനും പാപിയും, യഹൂദനും വിജാതീയനും ഒരേ മേശയ്ക്കുചുറ്റും ഭക്ഷണത്തിൽ പങ്കുചേരണം. അതിനു വേണ്ടിയാണ് തന്റെ ശിഷ്യസമൂഹത്തെ "സഭ"യായി സ്ഥാപിച്ചത്. അവിടെ അധികാരിയാണ് വിളമ്പുന്നത്. അധികാരം വിനീതമായ സേവനത്തിനുള്ള അവകാശവും കടമയുമാണ് (ലൂക്കാ 22,25-27). അപകർഷതാബോധത്തിൽ ആണ്ടുപോയവരെ ദൈവമക്കളുടെ മഹത്ത്വത്തിലേയ്ക്ക് ഉയർത്തുന്നതായിരുന്നു ഈ പ്രവർത്തനശൈലി. സഭയാകുന്ന സഹോദരങ്ങളുടെ കൂട്ടായ്മയിൽ ഈ പ്രത്യാശ പ്രതിഫലിക്കണം. വിശുദ്ധ കുർബ്ബാന എന്ന് വിളിക്കുന്ന പന്തിഭോജനത്തിൽ ഈ കൂട്ടായ്മയും പ്രത്യാശയും ഊട്ടിയുറപ്പിക്കപ്പെടണം.

### സ്വാതന്ത്ര്യം

പാപബോധത്തിലും ഭയത്തിലും അപകർഷതാബോധത്തിലും മനുഷ്യനെ തളച്ചിടുന്നതായിരുന്നു യേശുവിന്റെ കാലത്ത് നിലനിന്ന മതനിയമങ്ങളും സാമൂഹികസംവിധാനങ്ങളും. അടിമത്തം അവസാനിപ്പിച്ച് സ്ഥായിയായ സ്വാതന്ത്ര്യം ഉറപ്പു വരുത്തുന്നതിനു വേണ്ടി നല്കപ്പെട്ടവയായിരുന്നു പഴയ ഉടമ്പടിയിലെ നിയമങ്ങൾ. എന്നാൽ കാലക്രമത്തിൽ 613 നിയമങ്ങളും അവയുടെ ഉപവിഭാഗങ്ങളും മനുഷ്യന് താങ്ങാനാവാത്ത ഭാരമായിത്തീർന്നു. സാബത്ത്, ശുദ്ധാശുദ്ധാവിവേചനം തുടങ്ങിയ നിയമങ്ങൾ ഉദാഹരണങ്ങളാണ്. സാധാരണക്കാരന് ആ നിയമങ്ങൾ അധികപങ്കും അജ്ഞാതമായിരുന്നു. അറിഞ്ഞാൽപോലും അവയെല്ലാം അനുസരിക്കുക അസാദ്ധ്യവുമായിരുന്നു. നിയമലംഘനം പാപമാണ്. പാപിയെ ദൈവം ശിക്ഷിക്കും. അതിനാൽ നിരന്തരമായ ഭയത്തിലാണ് സാധാരണജനം കഴിഞ്ഞിരുന്നത്. അതിന് പുറമെ പ്രപഞ്ചശക്തികളെക്കുറിച്ചുള്ള ഭയം. സകലചൈതന്യവും ചോർത്തിക്കളയുന്ന ഈ ഭയത്തിൽനിന്ന് മോചനം നല്കുന്നതാണ് യേശുവിന്റെ

പ്രബോധനവും പ്രവൃത്തികളും. മനുഷ്യനെ അടിമയാക്കാനുള്ള ഉപകരണമല്ല, അവന് സ്വാതന്ത്ര്യം ഉറപ്പു വരുത്തുന്ന അവകാശ പത്രികയാണ് നിയമം എന്ന് യേശു പഠിപ്പിച്ചു. കൈകഴുകാതെ ഭക്ഷിച്ചും അശുദ്ധരെ സ്പർശിച്ചും സാബത്തിൽ രോഗശാന്തി നല്കിയും ഈ നിയമങ്ങൾക്ക് ഫരിസേയർ നല്കിയ വ്യാഖ്യാനങ്ങളുടെ നിരർത്ഥകത എടുത്തുകാട്ടി. അതോടെ നിയമത്തിന്റെ ഭാരത്തിൽനിന്നും ഭയത്തിന്റെ അടിമത്തത്തിൽനിന്നും മനുഷ്യന് മോചനം ലഭിക്കുകയായി. ഇവയെക്കാളെല്ലാം വലുതാണ് പാപത്തിൽനിന്നു നല്കിയ മോചനം. ദൈവത്തിനുമാത്രം നല്കാൻ കഴിയുന്ന പാപമോചനം അനുതപിക്കുന്ന പാപികൾക്കു നല്കിക്കൊണ്ട് യഥാർത്ഥ സ്വാതന്ത്ര്യത്തിന്റെ ആഴവും വ്യാപ്തിയും യേശു വ്യക്തമാക്കി. പാപബോധത്തിൽനിന്നു ദൈവമക്കളുടെ സ്വാതന്ത്ര്യത്തിലേക്കാണ് യേശു രാജപാത തുറന്നത്. സ്വതന്ത്രരായ ദൈവമക്കളുടെ കൂട്ടായ്മയായ ദൈവരാജ്യത്തിൽ ഭയത്തിനു സ്ഥാനമില്ല.

### നീതി

നിയമാനുസൃതമായ ജീവിതത്തെയാണ് നീതിയായി പരിഗണിച്ചിരുന്നത്. നിയമലംഘനത്തെ പാപമായും. നീതിമാൻ ദൈവത്തിന്റെ അനുഗ്രഹത്തിനും പാപി ശിക്ഷയ്ക്കും പാത്രമാകുന്നു. സമ്പത്ത്, ആരോഗ്യം, ദീർഘായുസ്സ് മുതലായവ ദൈവാനുഗ്രഹങ്ങളായും രോഗം, ദാരിദ്ര്യം മുതലായവ ശിക്ഷയായും കരുതപ്പെട്ടിരുന്നു. ഈ മനോഭാവത്തെ തകിടം മറിക്കുന്നതായിരുന്നു യേശുവിന്റെ പ്രബോധനങ്ങൾ. "ദരിദ്രരേ നിങ്ങൾ ഭാഗ്യവാന്മാർ, ദൈവരാജ്യം നിങ്ങളുടേതാണ്..... സമ്പന്നരേ നിങ്ങൾക്ക് ദുരിതം! നിങ്ങളുടെ ആശ്വാസം നിങ്ങൾ പ്രാപിച്ചുകഴിഞ്ഞു" (ലൂക്കാ 6,20 –26) എന്നീ മഹാവാക്യങ്ങൾ ദരിദ്രർക്ക് പ്രത്യാശ നൽകുന്ന ദൈവരാജ്യത്തിന്റെ സ്വഭാവം വ്യക്തമാക്കുന്നു. ഫരിസേയർ പഠിപ്പിച്ച നിയമങ്ങൾ അക്ഷരാർത്ഥത്തിൽ അനുസരിക്കുന്നതിലൂടെ ആരും നീതിമാനാകുന്നില്ല. സമ്പത്തും ആരോഗ്യവും നീതിയുടെ അടയാളങ്ങളല്ല; രോഗവും ദാരിദ്ര്യവും പാപത്തിന്റെ ലക്ഷണങ്ങളുമല്ല.

നീതിമാനായ ദൈവം അനുതപിക്കുന്ന പാപിയുടെ പാപങ്ങൾ പൊറുത്ത് അവനെ നീതിമാനാക്കുന്നു. അവിടുത്തെ മുമ്പിൽ

നീതിമത്കരിക്കപ്പെടണമെങ്കിൽ സമ്പന്നർ തങ്ങളുടെ സമ്പത്ത് ദരിദ്രരുമായി പങ്കുവയ്ക്കണം. ധനവാന്റെ മേശയിൽ ലാസറിനും സ്ഥാനം ലഭിക്കണം. ഭോഷനായ സമ്പന്നൻ തന്റെ അറപ്പുരകൾ പട്ടിണികിടക്കുന്ന ദരിദ്രർക്കായി തുറക്കണം. വഴിയിൽ മുറിവേറ്റു കിടക്കുന്നവന്റെ ജാതിനോക്കാതെ താങ്ങിയെടുത്ത് ശുശ്രൂഷിക്കണം. വിശക്കുന്ന ദരിദ്രനിലും പാർപ്പിടമില്ലാത്ത അഭയാർത്ഥിയിലും തടവറയിൽ കിടക്കുന്ന കുറ്റവാളിയിലും യേശുവിനെ കാണണം, സേവനം അനുഷ്ഠിക്കണം. അപ്പോൾ ദൈവരാജ്യത്തിൽ അവർക്കും പങ്കു ലഭിക്കും. യേശുവിലൂടെ പ്രകടമായ ദൈവരാജ്യത്തിന്റെ നീതി ഫരിസേയനീതിയെ മറികടക്കുന്നതാണ്. പങ്കുവയ്ക്കുന്ന സ്നേഹത്തിൽ ദൈവരാജ്യം ഫലമണിയുന്നു. ഈ പ്രത്യാശയിലേയ്ക്കാണ് യേശുവിന്റെ പ്രബോധനങ്ങളെല്ലാം വാതിൽ തുറക്കുന്നത്.

**C.** വളരുന്ന ദൈവരാജ്യം

ഭൗതിക സംവിധാനങ്ങളുടെ പിന്തുണയോ ലൗകികശക്തിയോ ഇല്ലാതെയാണ് യേശു ദൈവരാജ്യം ഉദ്ഘാടനം ചെയ്തത്. പ്രത്യക്ഷത്തിൽ അത് ദുർബലമാണ്. നിലത്തുവീണ് അഴിയുന്ന വിത്തുപോലെ. എന്നാൽ വിത്ത് ഉള്ളിൽ സൂക്ഷിക്കുന്ന ജീവൻ പുറന്തോടുപൊട്ടിച്ച് പുറത്തുവരും. ഒച്ചപ്പാടും ബഹളവുമില്ലാതെ, ജനശ്രദ്ധ പിടിച്ചു പറ്റാതെ, സാവധാനം അത് വളർന്ന് വലുതാകും. ആകാശപ്പറവകൾ അവയുടെ ശിഖരങ്ങളിൽ കൂടുകൂട്ടും. ഭൂമിയിലെ സകലജനതകളും അതിന്റെ തണലിൽ അഭയം പ്രാപിക്കും. യേശുവിന്റേതന്നെ പ്രത്യാശ പ്രകടമാക്കുന്നതാണ് ദൈവരാജ്യത്തെക്കുറിച്ച് പറഞ്ഞ ഉപമകളിൽ അധികപങ്കും. ചെറിയ കടുകുമണി വലിയ ചെടിയായി വളരും. വഴിവക്കിലും, പാറപ്പുറത്തും, മുൾച്ചെടികൾക്കിടയിലും വീണ് ഫലശൂന്യമായാലും കുറെ വിത്തുകൾ നല്ല നിലത്തുവീണ് നൂറ് മേനി ഫലം പുറപ്പെടുവിക്കും. അപ്പോൾ പരാജയങ്ങളെല്ലാം വിസ്മൃതമാകും. അല്പം പുളിമാവ് വലിയ കലത്തിലുള്ള മാവിനെ മുഴുവൻ പുളിപ്പിക്കുന്നതുപോലെ ദൈവരാജ്യം ഈ ലോകത്തെ മുഴുവൻ രൂപാന്തരപ്പെടുത്തും. നസ്രത്തിലെ ആശാരി ഗലീലിത്തടാകത്തിലെ മീൻപിടുത്തക്കാരിൽ തുടങ്ങിയ ദൈവരാജ്യം ഈ ലോകത്തെ മുഴുവൻ ദൈവരാജ്യമായി പരിവർത്തിപ്പിക്കും. എതിർപ്പുകൾക്കുമധ്യേ ആണ് അത് വളരുക.

പുറമെനിന്ന് വരുന്ന പക്ഷികൾ അത് കൊത്തിത്തിന്നാൻ ശ്രമിക്കും. അകമേ വളരുന്ന കളകൾ അതിനെ ഞെരുക്കും. കപ്പലിൽത്തന്നെ കള്ളൻ കടന്നുകൂടും. കളയും നെല്ലും ഒരുമിച്ചു വളരും. വലയിൽ നല്ല മത്സ്യങ്ങളുടെ കൂടെ ചീത്ത മത്സ്യങ്ങളും ഉണ്ടാകും. എന്നാലും ഇവയ്ക്കൊന്നും ദൈവരാജ്യത്തിന്റെ മുന്നേറ്റത്തെ തടഞ്ഞുനിർത്താനാവില്ല.

യേശുവിന്റെ ആഗമനത്തോടെ ദൈവരാജ്യം ഈ ഭൂമിയിൽ ഉദ്ഘാടനം ചെയ്യപ്പെട്ടുകഴിഞ്ഞു. സാത്താന്റെ സകലശക്തികളെയും അത് പരാജയപ്പെടുത്തും. കാരണം ദൈവംതന്നെയാണ് തന്റെ രാജ്യം ഈ ഭൂമിയിൽ സ്ഥാപിക്കുന്നത്. രാജ്യത്തിന്റെ വിത്തു വിതയ്ക്കുന്നതും അതിന് വെള്ളവും വെളിച്ചവും വളവും നല്കി വളർത്തുന്നതും ദൈവംതന്നെയാണ്. അതിനാൽ ദൈവരാജ്യത്തിൽ വിശ്വസിക്കുന്നവർക്ക് നിരാശവേണ്ടാ, ഭയവും വേണ്ടാ, " ചെറിയ അജഗമണേ ഭയപ്പെടേണ്ടാ, എന്തെന്നാൽ നിങ്ങൾക്ക് രാജ്യം നൽകുവാൻ നിങ്ങളുടെ പിതാവ് പ്രസാദിച്ചിരിക്കുന്നു. നിങ്ങളുടെ സമ്പത്ത് വിറ്റ് ദാനം ചെയ്യുവിൻ" (ലൂക്കാ 12, 32). വിശ്വാസം പ്രവൃത്തിലേയ്ക്കു നയിക്കണം. വിശ്വാസത്താൽ പ്രചോദിതമായ പ്രവൃത്തി പ്രത്യാശയ്ക്ക് പിൻബലം നൽകണം.

## 4. കുരിശുമരണവും ഉത്ഥാനവും - പ്രത്യാശയുടെ ഉറവിടം

മാനുഷികമായ കാഴ്ചപ്പാടിൽ നോക്കിയാൽ ഏറ്റം വലിയ പരാജയമായിരുന്നു യേശുവിന്റെ ജീവിതവും തുടങ്ങിവച്ച ദൈവരാജ്യപ്രസ്ഥാനവും. ആദ്യമാദ്യം ആയിരങ്ങൾ അവനെ അനുഗമിച്ചു. പ്രബോധനങ്ങളാൽ ആകൃഷ്ടരായി, അത്ഭുതങ്ങളിൽ വിസ്മയസ്തബ്ദരായി. എന്നാൽ പിന്നെപ്പിന്നെ അത്ഭുതങ്ങൾ ഒന്നും പ്രവർത്തിക്കാതെയായി. ആദ്യംമുതലേ എതിർത്തിരുന്ന അധികാരികൾ ആയുധങ്ങൾക്ക് മൂർച്ചകൂട്ടി. പൊതുജനം അകന്നുമാറി. അണികളിൽത്തന്നെ വിള്ളലുണ്ടായി. ശിഷ്യന്മാരിൽ പലരും അവനെവിട്ടുപോയി.

നിർണ്ണായകനിമിഷത്തിൽ എല്ലാവരും വിട്ടകന്നു. ഉറ്റശിഷ്യൻ ഒറ്റിക്കൊടുത്തു. ശിഷ്യപ്രധാനൻ തള്ളിപ്പറഞ്ഞു. ശിഷ്യന്മാർ ഭയന്ന് ഒളിച്ചു. റോമൻ സൈന്യവും ദേവാലയസേനയും ഒത്തൊരുമിച്ച് അറസ്റ്റ് ചെയ്തു. പ്രധാനാചാര്യനും റോമൻ ഗവർണ്ണറും ഗലീലിയുടെ രാജാവും ഒന്നുചേർന്ന് വിചാരണ ചെയ്തു. ദൈവ

ദൂഷകനും രാജദ്രോഹിയും കലാപകാരിയുമായി വിധി പ്രസ്താവിച്ചു. ജനം വിപ്ലവനേതാവായ ബറാബാസിനെ തിരഞ്ഞെടുത്തു. യേശുവിനെ കൈയ്യൊഴിഞ്ഞു. പെസഹാ തിരുനാളിൽ പതിനായിരങ്ങൾ തടിച്ചുകൂടിയ നഗരത്തിന്റെ പൊതുനിരത്തിലൂടെ കുരിശുംവഹിച്ച് അവൻ കൊലക്കളത്തിലേയ്ക്ക് നടന്നുനീങ്ങി; നോക്കിനിന്നവർ പരിഹസിച്ചു. കുരിശിൽ തറച്ചവർ ഇറങ്ങിവരാൻ വെല്ലുവിളിച്ചു. സകലരാലും പരിത്യക്തനും പരിഹാസിതനുമായി കുരിശിൽ തൂങ്ങിക്കിടന്നവൻ മുകളിലേയ്ക്ക് നോക്കി വിലപിച്ചു. "എന്റെ ദൈവമേ, എന്റെ ദൈവമേ എന്തേ എന്നെ നീ കൈവെടിഞ്ഞു?" സ്വർഗ്ഗം തുറന്നില്ല. പിതാവ് ഇറങ്ങിവന്നില്ല. ഒരു ശബ്ദംപോലും പുറപ്പെടുവിച്ചതുമില്ല. കഠിന യാതനകൾക്കുശേഷം മരിച്ചവന്റെ ശരീരം കുരിശിൽ നിന്നിറക്കി, കടം വാങ്ങിയ കല്ലറയിൽ തിടുക്കത്തിൽ സംസ്ക്കരിച്ചു. മരിച്ചവൻ എണീറ്റു വരാതിരിക്കാൻ കല്ലറയ്ക്ക് മുദ്രവച്ചു. പടയാളികൾ കാവൽനിന്നു. ഇതിനേക്കാൾ വലിയൊരു പരാജയമില്ല, എന്നാൽ യാഥാർത്ഥ്യം പ്രത്യക്ഷത്തിന് വിപരീതമായിരുന്നു.

മുദ്രിതമായ കല്ലറ താനേ തുറന്നു. കാവൽക്കാർക്ക് അവനെ തടഞ്ഞുനിർത്താനായില്ല. തിന്മയുടെ ശക്തി വിജയം ആഘോഷിച്ചിടത്തുതന്നെ നന്മ വിജയിക്കുകയായിരുന്നു. ജീവൻ മരണത്തെ ഗ്രസിച്ചു. ക്രൂശിതൻ ഉത്ഥിതനായി. മനുഷ്യനെയും പ്രപഞ്ചത്തെയും സംബന്ധിച്ച അവസാനത്തെ വാക്ക് മരണത്തിന്റേതല്ല, ജീവന്റേതാണ് എന്ന് ശൂന്യമായ കല്ലറ ഉറക്കെ പ്രഖ്യാപിച്ചു. ഈ ലോകത്തിന്റെ ഭരണാധികാരി സാത്താനല്ല, ദൈവമാണെന്ന് പ്രഘോഷിക്കുന്നതായിരുന്നു യേശുവിന്റെ ഉത്ഥാനം. ദൈവത്തിന്റെ ഭരണം ഈ ഭൂമിയിൽ യാഥാർത്ഥ്യമായിത്തീർന്നിരിക്കുന്നുവെന്നും ഈ ലോകത്തിന്റെ അധികാരി ചമഞ്ഞ സാത്താൻ പരാജയപ്പെട്ടിരിക്കുന്നു എന്നും ഉത്ഥാനം തെളിയിക്കുന്നു.

ആകസ്മികമായി സംഭവിച്ച ഒന്നല്ല യേശുവിന്റെ കുരിശുമരണം. തന്റെ ജീവിതം കുരിശിലേയ്ക്കാണ് നയിക്കുന്നതെന്ന് യേശുവിന് ആരംഭം മുതലേ അറിയാമായിരുന്നു. പരസ്യജീവിതത്തിന്റെ പകുതിക്കാലമായപ്പോൾ അതിനെക്കുറിച്ച് ശിഷ്യന്മാർക്ക് മുന്നറിയിപ്പു നല്കാൻ തുടങ്ങിയിരുന്നു. തുടർന്നുള്ള പ്രബോധനങ്ങൾ അധികപങ്കും ആസന്നമായിരിക്കുന്ന മരണത്തിന് ശിഷ്യന്മാരെ ഒരുക്കുന്നതായിരുന്നു.

"അപ്പോൾ മുതൽ യേശു തനിക്ക് ജറുസലേമിലേക്ക്

പോകേണ്ടിയിരിക്കുന്നുവെന്നും ശ്രേഷ്ഠന്മാരിൽ നിന്നും പ്രധാന പുരോഹിതന്മാരിൽനിന്നും, നിയമജ്ഞരിൽനിന്നും വളരെയേറെ സഹിക്കേണ്ടിവരുമെന്നും, താൻ വധിക്കപ്പെടുമെന്നും എന്നാൽ മൂന്നാംദിവസം ഉയിർപ്പിക്കപ്പെടുമെന്നും ശിഷ്യന്മാരെ പഠിപ്പിക്കാൻ തുടങ്ങി" (മത്താ 16,21). വളരെ വ്യക്തമായ പീഡാനുഭവപ്രവചനങ്ങൾ സമാന്തരസുവിശേഷങ്ങൾ മൂന്നും മൂന്നുതവണ ആവർത്തിക്കുന്നുണ്ട്. അതിനു പുറമെ ആസന്നമായിരിക്കുന്ന തന്റെ മരണത്തെക്കുറിച്ച് അനേകം സൂചനകൾ നല്കുന്നതായും കാണാം. ഈ പ്രവചനങ്ങളിൽ എല്ലാംതന്നെ മരണവും ഉത്ഥാനവും ഒരുമിച്ച് പ്രത്യക്ഷ്യപ്പെടുന്നു.

തകർക്കപ്പെടുന്ന ദേവാലയം മൂന്നുദിവസത്തിനകം പുനരുദ്ധീകരിക്കും. തന്റെ ശരീരമാകുന്ന ആലയത്തെക്കുറിച്ചാണ് അവൻ ഇതു പറഞ്ഞത് (യോഹ 2,19-21). ഗോതമ്പുമണി നിലത്ത് വീണ് അഴിയുന്നില്ലെങ്കിൽ അത് തനിയെ ഇരിക്കുന്നു. അഴിയുന്നെങ്കിലോ ധാരാളം ഫലം പുറപ്പെടുവിക്കും (യോഹ 12,24). പുതുജീവൻ പുറത്ത്വന്ന് ഫലമണിയുന്നതിനുവേണ്ടി വിത്ത് ആദ്യമേ അഴിയുന്നതുപോലെയാണ് യേശുവിന്റെ മരണം. തന്നിൽ വിശ്വസിക്കുന്നവന് നിത്യജീവൻ ഉണ്ടാകുന്നതിനു വേണ്ടി മനുഷ്യപുത്രൻ കുരിശിൽ ഉയർത്തപ്പെടണം (യോഹ 3,15). കുരിശിൽ ഉയർത്തുന്നത് മരണത്തിന്റെയും ഉത്ഥാനത്തിന്റെയും സംയുക്തപ്രതീകമാണ്. യോഹന്നാന്റെ സുവിശേഷത്തിൽ (യോഹ 12,32;11,52). മരണവും ഉത്ഥാനവും ഒരേയാഥാർത്ഥ്യത്തിന്റെ ഇരുവശങ്ങളാണ്. മരണമില്ലാതെ ഉത്ഥാനമില്ല, ഉത്ഥാനമില്ലാതെ മരണം അർത്ഥശൂന്യമായിത്തീരുന്നു.

യേശുവിന്റെ മേൽ അടിച്ചേൽപ്പിക്കപ്പെട്ട ശിക്ഷാവിധിയോ ചരിത്രത്തിന്റെ ഒരു അനുവാര്യതയോ ആയിരുന്നില്ല കുരിശുമരണം, പുറമേനിന്നു നോക്കുമ്പോൾ അങ്ങനെ തോന്നുമെങ്കിലും. മറിച്ച് അത് ദൈവീകപദ്ധതിയുടെ പൂർത്തീകരണമായിരുന്നു, മനുഷ്യനു രക്ഷയും പ്രത്യാശയും നല്കുന്ന രക്ഷാചരിത്രത്തിന്റെ ഈ പൂർത്തീകരണം പഴയനിയമത്തിലെ അനേകം പ്രവചനങ്ങളിലേയ്ക്കു വിരൽചൂണ്ടുന്നുണ്ട്. ഏശയ്യാ 53, സങ്കീ 22 ഉദാഹരണങ്ങൾ. യേശുവിന്റെ ഭാഗത്തുനിന്നു നോക്കുമ്പോൾ സ്നേഹത്താൽ പ്രേരിതമായ ആത്മസമർപ്പണമായിരുന്നു കുരിശുമരണം; പിതാവിനോടും നമ്മോടുമുള്ള സ്നേഹത്തിന്റെ പരമമായ പ്രകടനം. "സ്നേഹി

തർക്കുവേണ്ടി ജീവൻ അർപ്പിക്കുന്നതിനേക്കാൾ വലിയ സ്നേഹമില്ല" (യോഹ 15,13). നല്ല ഇടയൻ ആടുകൾക്കുവേണ്ടി ജീവൻ അർപ്പിക്കുന്നു (യോഹ 10,11). ആരും എന്നിൽനിന്ന് അത് പിടിച്ചെടുക്കുകയല്ല, ഞാൻ അത് സ്വമനസ്സാ സമർപ്പിക്കുകയാണ് (യോഹ 10,18). സമ്പൂർണ്ണ സ്വാതന്ത്ര്യത്തോടുകൂടെ യേശു നടത്തിയ ആത്മസമർപ്പണത്തിന് പിതാവ് നല്കിയ മറുപടിയാണ് ഉത്ഥാനം എന്നു പറയാം. അർപ്പിക്കപ്പെടുന്ന ബലി സ്വീകരിക്കപ്പെടുന്നതിന്റെ അടയാളമാണത്. ആരും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കുന്നതിനുവേണ്ടി യേശു സ്വയം ബലിയായിത്തീർന്നു. അവന്റെ മരണവും ഉത്ഥാനവും വഴി എല്ലാവർക്കും നിത്യജീവനിലേക്കുള്ളവഴി തുറന്നു.

യേശുവിന്റെ ജീവിതശൈലിയിലും തീരുമാനങ്ങളിലും അത്ഭുതപ്രവർത്തനങ്ങളിലും പ്രബോധനങ്ങളിലും എല്ലാം കുരിശിന്റെയും ഉത്ഥാനത്തിന്റെയും നിഴൽവീണിട്ടുണ്ട്. മരുഭൂമിയിലെ പ്രലോഭനവേളയിൽ സാത്താൻ വച്ചുനീട്ടിയ എളുപ്പമാർഗ്ഗങ്ങൾ ഉപേക്ഷിക്കുമ്പോൾ കുരിശിന്റെ വഴി സ്വീകരിക്കുകയായിരുന്നു. ഒരു വ്രതമെന്നപോലെ ദാരിദ്ര്യം ഏറ്റെടുത്ത്, തലചായ്ക്കാനിടമില്ലാത്തവനായി ജീവിച്ചതും ആ തിരഞ്ഞെടുപ്പിന്റെതന്നെ ഭാഗമാണ്. ദരിദ്രരും നിന്ദിതരും അധഃകൃതരുമായവരോടു ചേർന്നത് കുരിശിന്റെ വഴിയിലാണ്. അത്ഭുതപ്രവർത്തനങ്ങളിലും കുരിശിന്റെ നിഴൽ പതിഞ്ഞിട്ടുണ്ട്. അവനിൽനിന്നു ശക്തി പ്രവഹിച്ചു (ലൂക്കാ 6,19; 8,46). സർപ്പത്തിന്റെ തലതകർക്കുന്നവന്റെ കുതികാലിൽ പരിക്കേല്ക്കും (ഉൽപ 3,15). അവൻ നമ്മുടെ ബലഹീനതകൾ ഏറ്റെടുക്കുകയും രോഗങ്ങൾ വഹിക്കുകയും ചെയ്തു എന്ന് ഏശയ്യാ പ്രവചിച്ചത് അങ്ങനെ നിറവേറി (മത്താ 8,17).

മുറിവേറ്റവനാണ് മുറിവുണക്കുന്നത്, മരണം വരിച്ചവനാണ് മരണത്തെ ജയിച്ചത്. ജീവനിലേയ്ക്കു നയിക്കുന്ന ഇടുങ്ങിയ പാതയിലൂടെ (മത്താ 7,13-14) ആദ്യമേ നടന്നത് ജീവന്റെ നാഥനാണ്. ലോകത്തിനു തീകൊളുത്താൻ വന്നവൻ തന്നെയാണ് ആ അഗ്നിപ്രളയത്തിൽ ആദ്യമേ ആത്മാഹൂതി ചെയ്യപ്പെട്ടത് (ലൂക്കാ 12, 45). സഹനത്തിൽനിന്നും മരണത്തിൽനിന്നും അകന്നുനിന്നുകൊണ്ടല്ല, അവ ഏറ്റെടുത്തുകൊണ്ടാണ് യേശു അവയുടെ മേൽ വിജയം വരിച്ചത്. ജീവനിലേയ്ക്കു നയിക്കുന്ന വഴി മരണത്തിലൂടെയാണ് കടന്നുപോകുന്നത്.

13



# യേശു - മഹാപുരോഹിതൻ

ലോകത്തെമ്പാടുമുള്ള ലക്ഷക്കണക്കിന് കത്തോലിക്കാ ദേവാലയങ്ങളിൽ ദിവസംതോറും ദിവ്യബലി അർപ്പിക്കപ്പെടുന്നു. അനുദിനമല്ലെങ്കിൽ ഞായറാഴ്ചതോറുമെങ്കിലും കോടിക്കണക്കിനു കത്തോലിക്കർ ദിവ്യബലിയിൽ പങ്കെടുക്കുകയും ചെയ്യുന്നു. യേശു കാൽവരിയിൽ അർപ്പിച്ച ബലിയുടെ പുനരാവിഷ്ക്കരണമായിട്ടാണ് ഈ അനുദിന ദിവ്യബലി കരുതപ്പെടുന്നത്. ദേവാലയങ്ങളിലെ ബലിപീഠങ്ങളിൽ ബലിയർപ്പിക്കുന്ന യഥാർത്ഥ പുരോഹിതൻ ക്രിസ്തുവാണ്. 'പുരോഹിതന്മാർ' യേശുവിന്റെ സ്ഥാനപതികൾ മാത്രം.യേശുവിനെ പുരോഹിതനായും അവിടുത്തെ കുരിശുമരണത്തെ ബലിയായും നൂറ്റാണ്ടുകളിലൂടെ കണ്ടുപോരുന്ന കത്തോലിക്കാവിശ്വാസം യേശുവിന്റെ പൗരോഹിത്യത്തെ ഒരിക്കലും ചോദ്യം ചെയ്യാറില്ല. അവിടുത്തെ മരണം ബലിയാണെന്ന കാര്യത്തിൽ കത്തോലിക്കാസഭയ്ക്കു സംശയമില്ല.

### യേശു പുരോഹിതനോ?

പുരോഹിതഗോത്രമായ ലേവീഗോത്രത്തിലല്ല യേശു ജനിച്ചത്. അതിനാൽ യഹൂദനിയമപ്രകാരം പുരോഹിതനാകാൻ

യേശുവിനു കഴിയുമായിരുന്നില്ല. ജീവിതകാലത്ത് റബ്ബി, പ്രവാചകൻ, ദാവീദിന്റെ പുത്രൻ, ക്രിസ്തു, ദൈവപുത്രൻ, മനുഷ്യപുത്രൻ എന്നിങ്ങനെ അനേകം സ്ഥാനപ്പേരുകൾ അവിടുത്തേക്കു നല്കപ്പെട്ടതായി സുവിശേഷകന്മാർ രേഖപ്പെടുത്തിയിട്ടുണ്ട്. ഉത്ഥാനാനുഭവത്തിന്റെ വെളിച്ചത്തിൽ യേശുവിന്റെ വ്യക്തിത്വത്തെ മനസ്സിലാക്കാൻ ശ്രമിച്ച ശിഷ്യസമൂഹം അവിടുത്തെ രക്ഷകൻ, കർത്താവ് എന്നൊക്കെ വിളിച്ചു. എന്നാൽ ജീവിതകാലത്തോ മരണാനന്തരമോ യേശുവിനെ പുരോഹിതനായി ആരും കണക്കാക്കിയില്ല. യേശുവിന്റെ വ്യക്തിത്വത്തിന്റെ ആഴങ്ങളിലേക്കിറങ്ങാൻ ശ്രമിക്കുന്ന യോഹന്നാൻ മാംസം ധരിച്ച ദൈവവചനമായിട്ടാണ് അവിടുത്തെ കാണുക. കുരിശുമരണത്തിന്റെയും ഉത്ഥാനത്തിന്റെയും വെളിച്ചത്തിൽ യേശുവിനെ കണ്ടുമുട്ടിയ പൗലോസ് രക്ഷകനും നാഥനും ദൈവപുത്രനും ആയി അവിടുത്തെ മനസിലാക്കുന്നുണ്ടെങ്കിലും 'പുരോഹിതൻ' എന്ന പേര് പൗലോസിന്റെ ലേഖനങ്ങളിൽ ഒരിക്കൽപോലും യേശുവിനായി ഉപയോഗിക്കുന്നില്ല. യേശുവിന്റെ മരണത്തെ സംബന്ധിച്ചും ഇതുതന്നെ പറയേണ്ടിയിരിക്കുന്നു. യഹൂദ്ദമതനേതാക്കളും റോമൻ രാഷ്ട്രീയാധികാരികളും കുറ്റവാളിയെന്നു കണ്ട് മരണശിക്ഷയ്ക്കു വിധിച്ചതാണ് യേശുവിനെ. ഒരു കുറ്റവാളിയുടെ മരണം എങ്ങനെ ബലിയർപ്പണമാകും?

ക്രിസ്തുവിന്റെ ബലിയർപ്പണത്തെക്കുറിച്ചു ബാല്യംമുതലേ കേട്ടു ശീലിച്ച നമുക്ക് കുരിശുമരണത്തെ ബലിയർപ്പണമായിട്ടല്ലാതെ കാണുകതന്നെ പ്രയാസമാണ്. എന്നാൽ യേശുവിന്റെ കാലത്ത് ബലിയർപ്പണത്തെക്കുറിച്ചു നിലവിലിരുന്ന കാഴ്ചപ്പാടിന്റെ വെളിച്ചത്തിൽ കുരിശു മരണത്തെ നോക്കിക്കാണുമ്പോൾ മാത്രമേ പ്രശ്നത്തിന്റെ ഗൗരവം മനസ്സിലാവുകയുള്ളൂ. ദൈവത്തിനു ബലിയർപ്പിക്കാനായി പ്രത്യേകം തിരഞ്ഞെടുത്ത് അഭിഷിക്തനായ പുരോഹിതൻ മാത്രമേ ബലിയർപ്പിക്കൂ. മൃഗങ്ങളോ ഭക്ഷ്യപാനീയങ്ങളോ ആവാം ബലിവസ്തു. ബലിയർപ്പണത്തിനായി പ്രത്യേകം നിശ്ചയിക്കപ്പെട്ട സ്ഥാനത്ത് – ദേവാലയത്തിലെ ബലിപീഠത്തിൽ – വച്ചാണ് ബലിയർപ്പിക്കുക. ഇങ്ങനെ നോക്കുമ്പോൾ യേശു പുരോഹിതനുമല്ല, കുരിശുമരണം ബലിയർപ്പണവുമല്ല. അതിനാലാവണം പുതിയ നിയമഗ്രന്ഥകാർത്താക്കൾ യേശുവിന്റെ വ്യക്തിത്വത്തെ അനാവരണം ചെയ്യാൻ ശ്രമിക്കുമ്പോൾ 'പുരോഹിതൻ' എന്ന പേര് ഉപയോഗിക്കാത്തത്.

എന്നാൽ പുതിയനിയമഗ്രന്ഥസമാഹാരത്തിലെ ഒരു പുസ്തകം, ഹെബ്രായർക്കുള്ള ലേഖനം, ഇതിന് ഒരു അപവാദ മാണ്. അല്പം നർമ്മരസത്തോടെയാണെങ്കിലും, യാഥാർത്ഥ്യം വ്യക്തമാക്കുന്ന വിധത്തിൽ ആൽബെർട്ട് വച്ചാ എന്ന പുതിയ നിയ മപണ്ഡിതൻ എഴുതി: 'പൗലോസ് ഹെബ്രായർക്കെഴുതിയ ലേഖനം' പൗലോസ് എഴുതിയതല്ല, അതു ഹെബ്രായർക്കുള്ളതല്ല, അതൊരു ലേഖനവുമല്ല, എന്ന്. മറിച്ച് എ.ഡി. എഴുപതോടടുത്ത് അജ്ഞാതനാമാവായ ഏതോ ഒരു യേശുശിഷ്യൻ യേശുവിന്റെ പൗരോഹിത്യത്തെക്കുറിച്ചെഴുതിയ ഒരു പ്രസംഗമാണത് എന്നാണ് അദ്ദേഹത്തിന്റെ അഭിപ്രായം. ഈ അഭിപ്രായം ഇന്ന് സർവ്വത്ര അംഗീകരിക്കപ്പെട്ടിട്ടുണ്ട്. എന്നാലും പുതിയ നിയമത്തോളം തന്നെ പഴക്കമുള്ള ഈ പേര് മാറ്റുക അസാധ്യമായതിനാൽ ഹെബ്രാ യർക്കുള്ള ലേഖനം എന്ന പേരിൽതന്നെ ഇനിയും ഈ പുസ്തകം അറിയപ്പെടും, ആ പേരിൽത്തന്നെ നാം അത് ഉപയോഗിക്കാൻ ബാധ്യസ്ഥരുമാണ്. യേശുവിന്റെ പൗരോഹിത്യത്തെക്കുറിച്ചുള്ള സമഗ്രമായൊരു പഠനമാണ് ഹെബ്രായലേഖനം. യേശുവിനെ മഹാ പുരോഹിതനായിട്ടാണ് ഗ്രന്ഥകർത്താവ് അവതരിപ്പിക്കുന്നത്. പഴ യനിയമകാലത്തു നിലനിന്ന യഹൂദപൗരോഹിത്യത്തിൽ നിന്നു തികച്ചും വിഭിന്നമാണ് യേശുവിന്റെ പൗരോഹിത്യം എന്നു മന സ്സിലാക്കിക്കൊണ്ട് പ്രമേയം അവതരിപ്പിക്കുന്ന ഗ്രന്ഥകാരൻ യേശു വിന്റെ പൗരോഹിത്യത്തിന്റെ സവിശേഷതകൾ വ്യക്തമായി വിശ ദീകരിക്കുന്നുണ്ട്, നിസ്സംശയം സ്ഥാപിക്കുന്നുമുണ്ട്.

ഇതരപുതിയ നിയമഗ്രന്ഥങ്ങൾ പുരോഹിതൻ എന്ന പേരിൽ യേശുവിനെക്കുറിച്ചു പറയുന്നില്ലെങ്കിലും കാലക്രമത്തിൽ ഇപ്രകാരമൊരു നിഗമനത്തിലെത്താൻ സഹായിക്കുന്ന പലസൂച നകളും അവയിൽ കാണാം; പ്രത്യേകിച്ചും യേശുവിന്റെ മരണത്തെ മനസ്സിലാക്കാൻ ശ്രമിക്കുന്ന ഭാഗങ്ങളിൽ. "മനുഷ്യപുത്രൻ വന്നി രിക്കുന്നത് ശുശ്രൂഷിക്കപ്പെടാനല്ല, ശുശ്രൂഷിക്കാനും സ്വന്തം ജീവൻ അനേകർക്കുവേണ്ടി മോചനദ്രവ്യമായി നല്കാനുമത്രേ" (മർക്കോ 10,45) എന്ന യേശുവചനം പാപമോചനത്തിനായുള്ള ബലിയർപ്പ ണമായി യേശുവിന്റെ മരണത്തെ ചിത്രീകരിക്കുന്നതിന്റെ ആരംഭ മായി കാണാം. ബലിയർപ്പണം എന്ന പദം ഉപയോഗിക്കുന്നില്ലെ ങ്കിലും മോചനദ്രവ്യം എന്ന പദം ബലിയർപ്പണത്തിന്റെ പശ്ചാത്ത ലത്തിലാണ് മനസ്സിലാവുക.

"അവനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് തന്റെ ഏകജാതനെ നല്കാൻ തക്ക വിധം ദൈവം ലോകത്തെ അത്രയേറെ സ്നേഹിച്ചു" (യോഹ 3,16) എന്ന പരാമർശവും യേശുവിന്റെ മരണത്തിന്റെ രക്ഷാകരമാനത്തി ലേക്ക് വിരൽ ചൂണ്ടുന്നു. "തിരിച്ചെടുക്കുന്നതിനുവേണ്ടി ഞാൻ ജീവൻ സമർപ്പിക്കുന്നതിനാൽ പിതാവ് എന്നെ സ്നേഹിക്കുന്നു. ആരും എന്നിൽനിന്ന് അതു പിടിച്ചെടുക്കുകയല്ല, ഞാൻ അതു സ്വമ നസ്സാ സമർപ്പിക്കുകയാണ്" (യോഹ 10,17-18). യേശുവിന്റെ മര ണത്തെ ആത്മസമർപ്പണമായി ചിത്രീകരിക്കുന്ന യോഹന്നാൻ ബലി യർപ്പണത്തിന്റെ ഭാഷ ഉപയോഗിക്കുന്നില്ലെങ്കിലും ഈ ഒരു അർത്ഥ സൂചനയാണ് നമുക്കു ലഭിക്കുക. ആടുകൾക്കുവേണ്ടി ജീവൻ അർപ്പി ക്കുന്ന നല്ല ഇടയന്റെ ഉപമയും (യോഹ 10,11) ഈ സൂചനതന്നെ നല്കുന്നു. ശിഷ്യന്മാർ "സത്യത്താൽ വിശുദ്ധീകരിക്കപ്പെടേണ്ടതിന് അവർക്കുവേണ്ടി ഞാൻ എന്നെത്തന്നെ വിശുദ്ധീകരിക്കുന്നു" (യോഹ 17,19). യേശുവിന്റെ 'പുരോഹിതപ്രാർത്ഥന' എന്നറിയപ്പെ ടുന്ന ഭാഗത്തു കാണുന്ന ഈ തിരുവചനം യേശുവിന്റെ മരണത്തെ വിശുദ്ധീകരണമായി, ദൈവത്തിനുള്ള സമ്പൂർണ്ണ സമർപ്പണ മായിട്ടാണ് ചിത്രീകരിക്കുന്നത്. ശിഷ്യന്മാരുടെ വിശുദ്ധീകരണമാണ് ഇതിന്റെ ലക്ഷ്യം. ഈ വാക്യവും കുരിശുമരണത്തെ ബലിയർപ്പണ മായി വ്യാഖ്യാനിക്കുന്നതിനു വഴിതെളിക്കുന്നതാണ്.

വി. പൗലോസിന്റെ ലേഖനങ്ങളിലും ഇപ്രകാരമുള്ള സൂച നകളും പരാമർശങ്ങളും ഏറെയുണ്ട്. "ഞാൻ ക്രിസ്തുവിനോടു കൂടി ക്രൂശിതനായിരിക്കുന്നു, ഇനിമേൽ ഞാനല്ല ജീവിക്കുന്നത്, ക്രിസ്തുവാണ് എന്നിൽ ജീവിക്കുന്നത്. എന്റെ ഇപ്പോഴത്തെ ഐഹി കജീവിതം, എന്നെ സ്നേഹിക്കുകയും എനിക്കുവേണ്ടി തന്നെ തന്നെ സമർപ്പിക്കുകയും ചെയ്ത ദൈവപുത്രനിൽ വിശ്വസിച്ചു കൊണ്ടുള്ള ജീവിതമാണ്" (ഗലാ 2,20). സ്നേഹത്താൽ പ്രചോദി തമായ ആത്മസമർപ്പണമായി യേശുവിന്റെ മരണത്തെ ചിത്രീകരി ക്കുന്നത് ബലിയർപ്പണത്തിലേക്കുള്ള സൂചന തന്നെയാണല്ലോ നല്കുക. യേശുവിന്റെ മരണം വഴി മനുഷ്യനു പാപമോചനവും പിതാവിന്റെ അടുക്കലേക്കു പ്രവേശനവും ലഭ്യമാകുന്നു എന്ന പൗലോസിന്റെ പഠനങ്ങളിലും ഈ ആശയം തന്നെ പ്രത്യക്ഷമാ കുന്നു. "ദൈവത്തിന്റെ വലതുഭാഗത്തിരുന്ന് നമുക്കുവേണ്ടി മാധ്യസ്ഥം വഹിക്കുന്ന" (റോമ 8,34) യേശുക്രിസ്തു പേരിലല്ലെ

ങ്കിലും യഥാർത്ഥത്തിൽ പുരോഹിതൻ തന്നെയാണ്. “ക്രിസ്തു നമ്മുടെ പാപങ്ങൾക്കുവേണ്ടി മരിച്ചു” (1 കോറി 15,3; റോമ 5,6–8) എന്ന അസന്ദിഗ്ദ്ധമായ പ്രസ്താവന ബലിയർപ്പണത്തെയാണ് സൂചിപ്പിക്കുന്നത് എന്നതിൽ സംശയമില്ല. യേശുവിന്റെ മരണത്തെ പരിഹാരബലിയായി ചിത്രീകരിക്കുന്ന വാക്യങ്ങളും പൗലോസിന്റെ ലേഖനങ്ങളിൽ കാണാം (റോമ 3,25; 1 കോറി 5,7; എഫേ 5,2). സ്വർഗ്ഗീയ സിംഹാസനത്തിനുമുമ്പിൽ നില്ക്കുന്ന കൊല്ലപ്പെട്ടതായി തോന്നുന്ന കുഞ്ഞാട് (വെളി 15,6) ബലിയർപ്പിക്കപ്പെട്ട യേശുവിന്റെ പ്രതീകമാണല്ലോ. യേശുവിനെ ലോകത്തിന്റെ പാപങ്ങൾ നീക്കുന്ന ദൈവത്തിന്റെ കുഞ്ഞാടായി ചിത്രീകരിക്കുമ്പോഴും (യോഹ 1,28) ബലിയർപ്പണത്തെക്കുറിച്ചുള്ള സൂചന കാണാം. ഇങ്ങനെ നോക്കുമ്പോൾ പുരോഹിതൻ, ബലിയർപ്പണം എന്നീ പദങ്ങൾ ഉപയോഗിക്കാതെ തന്നെ ഈ രണ്ടാശയങ്ങളും പുതിയ നിയമത്തിൽ ഉടനീളം അംഗീകരിക്കപ്പെട്ടവയാണെന്നു കാണാം. എന്നാൽ ക്രിസ്തുവിന്റെ പൗരോഹിത്യം പഴയനിയമത്തിലെ ലേവീ പൗരോഹിത്യത്തിൽനിന്നു തികച്ചും വ്യത്യസ്തമായിരുന്നു; അവിടുത്തെ ബലിയർപ്പണം പഴയനിയമബലികളിൽനിന്നും. ഈ വ്യത്യാസങ്ങളെ കണക്കിലെടുത്തുകൊണ്ട് യേശുവിനെ മഹാപുരോഹിതനായി അവതരിപ്പിക്കുകയാണ് ഹെബ്രായർക്കുള്ള ലേഖനം.

## ലേവീപൗരോഹിത്യത്തിന്റെ അപര്യാപ്ത

പാപിയായ മനുഷ്യന് വിശുദ്ധനായ ദൈവത്തിന്റെ സന്നിധിയിലേക്ക് പാപമോചനം വഴി പ്രവേശനം സാധ്യമാക്കുന്നതിനുവേണ്ടിയാണ് പൗരോഹിത്യവും ബലിയർപ്പണവും പഴയനിയമത്തിൽ സ്ഥാപിതമായത്. അനുദിന ബലിയർപ്പണത്തേക്കാൾ പാപപരിഹാരദിനത്തിൽ പ്രധാനപുരോഹിതൻ അർപ്പിക്കുന്ന ബലിയിലാണ് ഹെബ്രായലേഖനം ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. ബലിയർപ്പിച്ച മൃഗത്തിന്റെ രക്തവുമായി അതിവിശുദ്ധസ്ഥലത്തിന്റെ വിരിക്കുള്ളിലേക്കു പ്രവേശിക്കുന്ന പ്രധാനപുരോഹിതൻ ജനത്തിന്റെ മുഴുവൻ പാപങ്ങൾക്കു പരിഹാരമർപ്പിച്ച് ദൈവസന്നിധിയിലേക്കു പ്രവേശിക്കുന്നു എന്നായിരുന്നു ധാരണ. എന്നാൽ പലവിധത്തിലും ഈ ബലി അപര്യാപ്തമായി വിശുദ്ധ ഗ്രന്ഥകാരൻ കാണുന്നു. ആണ്ടുതോറും അർപ്പിക്കപ്പെടുന്നു എന്നതിനാൽത്തന്നെ ഈ ബലിയർപ്പണം പാപമോചനം നല്കുന്നില്ല എന്നു വ്യക്തം. ഒരിക്കൽ പൂർണ്ണമായ പാപമോചനം ലഭിച്ചിരുന്നെങ്കിൽ പിന്നെ ബലിയുടെ

ആവർത്തനം ആവശ്യമാകുമായിരുന്നില്ല. ബലിയർപ്പിക്കുന്ന പുരോഹിതൻ തന്നെ പാപിയായതിനാൽ സ്വന്തം പാപവുമായി പ്രവേശിക്കുന്നത് മനുഷ്യനിർമ്മിതമായ ദേവാലയത്തിനുള്ളിലേക്കാണ്, യഥാർത്ഥ ദൈവസാന്നിധ്യത്തിലേക്കല്ല. അതിനാൽ പഴയനിയമത്തിലെ ബലിയർപ്പണങ്ങൾ മനുഷ്യന്റെ പാപം മോചിക്കാനോ മനുഷ്യനെ ദൈവവുമായി രമ്യതപ്പെടുത്താനോ അപര്യാപ്തമായ പ്രതീകങ്ങൾ മാത്രമായിട്ടാണ് ലേഖനകർത്താവു കാണുന്നത്.

ജനനംവഴി പൈതൃകാവകാശമായി ലഭിക്കുന്ന ലേവീപൗരോഹിത്യം അതിന്റെ ധർമ്മമായ അനുരഞ്ജനം പ്രദാനംചെയ്യാൻ അപര്യാപ്തമാണ്. അതിനാൽ ലേവീപൗരോഹിത്യം മറ്റൊരു പൗരോഹിത്യത്തിനു വഴിമാറുന്നതായി ലേഖനകർത്താവു കാണുന്നു. സങ്കീർത്തനങ്ങളുടെ വെളിച്ചത്തിലാണ് ഈ പുതിയ പൗരോഹിത്യത്തെക്കുറിച്ച് ഹെബ്രായലേഖനം ചർച്ചചെയ്യുന്നതും യേശുവിന്റെ പൗരോഹിത്യത്തെ മനസ്സിലാക്കാൻ ശ്രമിക്കുന്നതും. ലേവീപൗരോഹിത്യം വരാനിരുന്ന സമ്പൂർണ്ണ പൗരോഹിത്യത്തിന്റെ മുന്നോടിയും പ്രതീകവുമായ യേശു എന്ന മഹാപുരോഹിതനിൽ അത് തന്റെ ലക്ഷ്യം നേടുന്നു. യേശുവിന്റെ വരവോടെ ലേവീപൗരോഹിത്യം റദ്ദാക്കപ്പെടുകയും ചെയ്യുന്നു.

### മെൽക്കിസെദെക്കിന്റെ ക്രമപ്രകാരം

"മെൽക്കിസെദെക്കിന്റെ ക്രമമനുസരിച്ച് നീ എന്നേക്കും പുരോഹിതനാകുന്നു" (സങ്കീ 110,4) എന്ന കർത്താവിന്റെ ശപഥവും "നീ എന്റെ പ്രിയപുത്രനാകുന്നു, ഇന്നു ഞാൻ നിനക്കു ജന്മം നല്കി" (സങ്കീ 2,7) എന്ന പ്രഖ്യാപനവും കൂട്ടിച്ചേർത്തുകൊണ്ടാണ് ഹെബ്രായലേഖനം യേശുവിന്റെ പൗരോഹിത്യത്തെ വ്യാഖ്യാനിക്കുന്നത്. ലോത്തിനെയും കുടുംബത്തെയും പിടിച്ചുകൊണ്ടുപോയ രാജാക്കന്മാരെ തോല്പിച്ച് കൊള്ളവസ്തുക്കളുമായി മടങ്ങിവന്ന അബ്രാഹത്തെ സ്വീകരിക്കാൻ എത്തിയ രാജാക്കന്മാരുടെ കൂട്ടത്തിൽ ഉണ്ടായിരുന്ന ഒരാളാണ് മെൽക്കിസെദെക്ക്. 'സാലെമിലെ രാജാവും അത്യുന്നതന്റെ പുരോഹിതനും' (ഉൽപ 14,17) എന്നാണ് അദ്ദേഹം അറിയപ്പെട്ടത്. മെൽക്കിസെദെക്കിന്റെ വംശാവലി ബൈബിളിൽ കൊടുത്തിട്ടില്ല. അദ്ദേഹത്തിന്റെ മരണത്തെക്കുറിച്ചും പരാമർശമില്ല. ഇതിൽ നിന്ന് ആരംഭവും അവസാനവുമില്ലാത്ത ഒരുവന്റെ പ്രതീകമായി മെൽക്കിസെദെക്ക് പ്രത്യ

ക്ഷപ്പെടുന്നു. 'അത്യുന്നതന്റെ പുരോഹിതൻ' അത്യുന്നതന്റെ പുത്രന്റെ പ്രതീകമാണ്.

അബ്രാഹത്തിൽനിന്നു കാഴ്ചകൾ സ്വീകരിക്കുകയും അദ്ദേഹത്തെ അനുഗ്രഹിക്കുകയും ചെയ്യുന്നതുവഴി മെൽക്കിസെദെക്ക് അബ്രഹാത്തെക്കാൾ വലിയവനാണെന്നു തെളിയുന്നു. അബ്രാഹത്തിന്റെ സന്തതി പരമ്പരയിൽ വരുന്ന ലേവിയും ലേവീപുരോഹിതന്മാരും തന്മൂലം മെൽക്കിസെദെക്കിനെക്കാൾ താഴ്ന്നവരാണ്; മെൽക്കിസെദെക്കിന്റെ പൗരോഹിത്യം ലേവീപൗരോഹിത്യത്തെക്കാൾ ശ്രേഷ്ഠവും. യേശുവിന്റെ പൗരോഹിത്യത്തിന്റെ ശ്രേഷ്ഠതയെ ഊന്നിപ്പറയാൻ മെൽക്കിസെദെക്കിന്റെ ക്രമം സഹായകമാകുന്നു.

'നീതിയുടെ രാജാവ്' എന്നാണ് മെൽക്കിസെദെക്ക് എന്ന പേരിന്റെ അർത്ഥം. നീതി പുനഃസ്ഥാപിക്കുക എന്നതാണ് ഈ പുരോഹിതന്റെ ദൗത്യം എന്ന സൂചനയാണ് പേരു നല്കുക. 'സമാധാനം' എന്നർത്ഥമുള്ള 'സാലേം.. എന്നതാണ് അദ്ദേഹം വാഴുന്ന രാജ്യത്തിന്റെ പേര്. നീതിയുടെ പുനഃസ്ഥാപനത്തിലൂടെ സമാധാനം ഉറപ്പുവരുത്തുന്ന പുരോഹിതരാജാവാണ് മെൽക്കിസെദെക്ക്. സമാധാനം നീതിയുടെ ഫലമാണ് എന്ന പ്രവാചകപഠനം ദ്യോതിപ്പിക്കുന്ന ഈ പേര് യേശുവുമായി ബന്ധപ്പെടുത്തുകവഴി ലേവീപൗരോഹിത്യത്തെക്കാൾ ഉന്നതമാണ് യേശുവിന്റെ പൗരോഹിത്യം എന്നു സൂചിപ്പിക്കുന്നതിലുപരി എന്തോ വിശുദ്ധ ഗ്രന്ഥകാരൻ അർത്ഥമാക്കുന്നുണ്ട്.

മനുഷ്യൻ അനുഭവിക്കുന്ന അസമാധാനത്തിന്റെയും അനീതികളുടെയും മൂലകാരണം പാപംവഴി ദൈവത്തിൽനിന്ന് അകന്നുപോയതാണ് എന്നു ബൈബിൾ പഠിപ്പിക്കുന്നു. ആദത്തിന്റെയും കായേന്റെയും കഥകൾ വ്യക്തമാക്കുന്ന സത്യമാണിത്. ദൈവവുമായി അനുരഞ്ജനത്തിലെത്തുന്നതിലൂടെ മാത്രമേ സമാധാനം സാധ്യമാവുകയുള്ളൂ. നീതി പ്രവർത്തിക്കാതെ, നീതി പുനഃസ്ഥാപിക്കാതെ ഈ അനുരഞ്ജനവും തജ്ജന്യമായ സമാധാനവും അസാധ്യമാണ്. നീതിയെന്നാൽ സത്യം അംഗീകരിക്കലാണ്, പ്രവർത്തിക്കലാണ്. ദൈവഹിതം പൂർണ്ണമായി മനുഷ്യജീവിതത്തിൽ നടപ്പിലാക്കലാണ്. മെൽക്കിസെദെക്ക് സൂചിപ്പിച്ച ഈ യാഥാർത്ഥ്യം യേശുവിൽ സാക്ഷാൽക്കരിക്കപ്പെടുന്നു എന്നാണ് ഹെബ്രായലേഖനം പറയുന്നത്. പഴയനിയമത്തിലെ പാപപരിഹാ

രബലികളിൽ അസാധ്യമായിരുന്ന അനുരഞ്ജനം യേശു തന്റെ ആത്മബലിയിലൂടെ നേടിയെടുത്തു. ദൈവഹിതത്തിനു പൂർണ്ണമായി സ്വയം സമർപ്പിച്ചുകൊണ്ടാണ് ഇതു നേടിയത്. "അവൻ ലോകത്തിലേക്കു പ്രവേശിച്ചപ്പോൾ ഇങ്ങനെ അരുളിച്ചെയ്തു: ബലികളും കാഴ്ചകളും അവിടുന്ന് ആഗ്രഹിച്ചില്ല. എന്നാൽ, അവിടുന്ന് എനിക്കൊരു ശരീരം സജ്ജമാക്കിയിരിക്കുന്നു, ദഹനബലികളിലും പരിഹാരബലികളിലും അവിടുന്ന് സംപ്രീതനായില്ല. അപ്പോൾ, പുസ്തകത്തിന്റെ ആരംഭത്തിൽ എന്നെക്കുറിച്ച് എഴുതിയിരിക്കുന്നതുപോലെ, ഞാൻ പറഞ്ഞു: ദൈവമേ, അവിടുത്തെ ഇഷ്ടം നിറവേറ്റാൻ ഇതാ, ഞാൻ വരുന്നു" (ഹെബ്രാ 10, 5–7).

### പുരോഹിതൻ മധ്യസ്ഥൻ

മനുഷ്യന്റെ പാപങ്ങൾക്കു പരിഹാരമർപ്പിക്കാൻ, അവനു പാപമോചനം നല്കാൻ, ദൈവത്തിനും മനുഷ്യനും മധ്യേ നില്ക്കുന്നവനാണ് പുരോഹിതൻ. മധ്യസ്ഥൻ ഇരുകൂട്ടർക്കും സ്വീകാര്യനായിരിക്കണം. ദൈവത്തിനു സ്വീകാര്യനാകാൻ പുരോഹിതൻ വിശുദ്ധനായിരിക്കണം. അതേ സമയം മനുഷ്യരുടെ ബലഹീനതകളും ക്ലേശങ്ങളും അനുഭവിക്കുന്നവനുമായിരിക്കണം. ലേവ്യപുരോഹിതൻ മനുഷ്യനായിരുന്നു, മനുഷ്യൻ മാത്രമായിരുന്നു. മറ്റുമനുഷ്യരെപ്പോലെ പാപിയായ മനുഷ്യൻ. അവൻ ബലിയർപ്പിക്കാനായി പ്രത്യേകം തിരഞ്ഞെടുക്കപ്പെട്ട വിശുദ്ധീകരിക്കപ്പെട്ടവനാണെങ്കിലും ദൈവത്തിന്റെ വിശുദ്ധിയിൽ പങ്കുചേരാൻ കഴിയാത്തവനായിരുന്നു. പാപിയായ മനുഷ്യനും വിശുദ്ധനായ ദൈവവും തമ്മിലുള്ള നിസ്സീമമായ അകല്ച ലേവീപൗരോഹിത്യത്തിനു നികത്താനായില്ല. അതിനാലാണ് ദൈവം തന്റെ പുത്രനെ മനുഷ്യശരീരം ധരിപ്പിച്ച് ലോകത്തിലേയ്ക്ക് അയച്ചത്. ദൈവപുത്രനെന്ന നിലയിൽ ദൈവസന്നധിയിൽ സ്വീകാര്യനാണ് യേശു; ദൈവത്തിരുമുമ്പിൽ പ്രവേശിക്കാൻ അവിടുത്തേക്കു കഴിയുന്നു. ദൈവത്തിൽനിന്നകന്നുപോയ മനുഷ്യനെ തന്നിലേക്കടുപ്പിക്കാൻ ദൈവത്തിനു മാത്രമേ കഴിയൂ.

എന്നാൽ ദൈവസ്വഭാവത്തിൽ കഴിയുന്നിടത്തോളംകാലം പാപിയായ മനുഷ്യർക്കു മധ്യസ്ഥനായിരിക്കാൻ ദൈവപുത്രനും കഴിയുമായിരുന്നില്ല. പാപത്തിന്റെ ഭാരം പേറുന്ന മനുഷ്യന്റെ മധ്യത്തിൽനിന്നാൽ മാത്രമേ അവനു മധ്യസ്ഥനാകാൻ സാധിക്കൂ. അതി

നാൽ ദൈവപുത്രന്റെ മനുഷ്യാവതാരം ആവശ്യമായിവരുന്നു. സ്വയം ശൂന്യവത്കരിച്ച് മനുഷ്യനായിത്തീർന്ന ദൈവപുത്രനെക്കുറിച്ച് ഫിലിപ്പിയാക്കാർക്കെഴുതിയ ലേഖനത്തിൽ (2,7) പൗലോസ് ഊന്നിപ്പറയുന്നത് ഇക്കാര്യമാണ്. പാപത്തിനധീതമായ മനുഷ്യശരീരത്തിലൂടെയാണ് ദൈവപുത്രൻ യഥാർത്ഥ അനുരഞ്ജനം നേടുന്നത്. ദൈവഹിതത്തോടു മറുതലിച്ച് സ്വയം ദൈവമായി പ്രതിഷ്ഠിക്കാൻ ശ്രമിച്ച ആദ്യമനുഷ്യന്റെ സ്ഥാനത്ത് സ്വന്തം ഹിതത്തെ ദൈവഹിതത്തിനു പൂർണ്ണമായി വിധേയപ്പെടുത്തിക്കൊണ്ട് മനുഷ്യപ്രകൃതിക്കുതന്നെ യേശു മോചനം നല്കുന്നു.

ഈ സ്വയം ശൂന്യവൽക്കരണം മരണംവരെ എത്തുന്നു. "തന്റെ ഐഹികജീവിതകാലത്ത് ക്രിസ്തു മരണത്തിൽനിന്നു തന്നെ രക്ഷിക്കാൻ കഴിവുള്ളവന് കണ്ണീരോടും വലിയ വിലാപത്തോടും കൂടെ പ്രാർത്ഥനകളും യാചനകളും സമർപ്പിച്ചു. അവന്റെ ദൈവഭയം മൂലം അവന്റെ പ്രാർത്ഥന കേട്ടു. പുത്രനായിരുന്നിട്ടും സഹനത്തിലൂടെ അവൻ അനുസരണം അഭ്യസിച്ചു. പരിപൂർണ്ണനാക്കപ്പെട്ടതുവഴി അവൻതന്നെ അനുസരിക്കുന്നവർക്കെല്ലാം നിത്യരക്ഷയുടെ ഉറവിടമായി" (ഹെബ്രാ 5,7-9). തന്നെത്തന്നെ പൂർണ്ണമായി ദൈവഹിതത്തിനു സമർപ്പിക്കുന്ന യേശു ഒരേ സമയം ബലിവസ്തുവും ബലിയർപ്പകനുമായി മാറുകയാണ്. മൃഗങ്ങളുടെ രക്തമല്ല, സ്വന്തം ജീവരക്തമാണ് യേശു സമർപ്പിക്കുക. "രക്തം" ജീവന്റെ പ്രതീകമാണ്; അഥവാ, ജീവൻതന്നെയാണ്, ബൈബിളിന്റെ ഭാഷയിൽ. മൃഗങ്ങളെ വധിച്ച് അവയുടെ ചുടുനിണം ബലിപീഠത്തിൽ തളിക്കുക വഴി ദൈവത്തെ ജീവന്റെ അതിനാഥനായി ഏറ്റുപറയുകയായിരുന്നു പഴയനിയമപുരോഹിതന്മാർ. എന്നാൽ സ്വന്തം ജീവൻ സമർപ്പിക്കാൻ അവർക്ക് കഴിയുമായിരുന്നില്ല. യേശുവാകട്ടെ, പാപത്തിനധീനമായ മനുഷ്യപ്രകൃതിയെ സ്വന്തം ജീവൻ സമർപ്പിക്കുകവഴി ദൈവവുമായി രമ്യതയിലെത്തിച്ചു. സ്വയം ശൂന്യവത്കരണത്തിലൂടെയാണ് പാപമോചനവും അനുരഞ്ജനവും സാധ്യമായത്. ദൈവപുത്രനെന്ന നിലയിൽ ദൈവത്തിനു സ്വീകാര്യനാണ് അവൻ. മനുഷ്യപ്രകൃതിയിൽ പങ്കുചേരുന്നതുവഴി മനുഷ്യന്റെ പ്രതിനിധിയുമാണ്. ഇപ്രകാരം ഒരു യഥാർത്ഥ മധ്യസ്ഥനായി യേശു. അതുവഴി പൂർണ്ണനായ മഹാപുരോഹിതനും.

സ്വന്തം ജീവൻ ബലിയായി അർപ്പിച്ചുകൊണ്ട് യേശു പ്രവേ

ശിച്ചത് ദൈവസന്നിധാനത്തിന്റെ പ്രതീകമായ കൂടാരത്തിലേക്കല്ല, ദൈവസന്നിധിയിലേക്കുതന്നെയാണ്. "സ്വർഗ്ഗത്തിൽ മഹിമയുടെ സിംഹാസനത്തിന്റെ വലത്തുഭാഗത്തിരിക്കുന്ന ഒരു പ്രധാനപുരോഹിതൻ നമുക്കുണ്ട്" (ഹെബ്രാ 8,1). ദൈവസന്നിധിയിൽ മനുഷ്യനുവേണ്ടി നിരന്തരം മധ്യസ്ഥം വഹിക്കുകയാണവിടുന്ന്. അതിനാൽ മനുഷ്യന് ദൈവത്തെ സമീപിക്കാൻ സാധിക്കും; ഭയത്തോടെയല്ലാ സ്നേഹത്തോടെ, പ്രതീക്ഷയോടെ. ദൈവവുമായുള്ള അനുരഞ്ജനത്തിലൂടെ യാഥാർത്ഥ്യമായ നീതിയുടെയും സമാധാനത്തിന്റെയും മാർഗ്ഗം യേശു നമുക്കായി തുറന്നിരിക്കുന്നു.

## കരുണയുള്ള പുരോഹിതൻ

ജനങ്ങളുടെ പാപങ്ങൾക്കു പരിഹാരം ചെയ്യുന്നതിനുവേണ്ടി ദൈവികകാര്യങ്ങളിൽ വിശ്വസ്തനും കരുണയുള്ളവനുമായ പ്രധാനപുരോഹിതനാകാൻ അവൻ എല്ലാ കാര്യങ്ങളിലും തന്റെ സഹോദരങ്ങളോടു സദൃശ്യനാകേണ്ടിയിരുന്നു. "അവൻ പീഡസഹിക്കുകയും പരീക്ഷിക്കപ്പെടുകയും ചെയ്തതുകൊണ്ട് പരീക്ഷിക്കപ്പെടുന്നവരെ സഹായിക്കാൻ അവനു സാധിക്കുമല്ലോ" (ഹെബ്രാ 2,17-18). മനുഷ്യന്റെ വേദനകളും ദുരിതങ്ങളും, പ്രലോഭനങ്ങളും പീഡകളും അവന് അന്യമല്ല. സ്വജനത്താൽ പരിത്യക്തനായി, പാളയത്തിൽ നിന്ന് പുറന്തള്ളപ്പെട്ടവനാണവൻ. "സ്വന്തം രക്തത്തിലൂടെ ജനത്തെ വിശുദ്ധീകരിക്കാൻ ക്രിസ്തുവും കവാടത്തിനു പുറത്തുവച്ച് പീഡനമേറ്റു" (ഹെബ്രാ 13,12). ഒറ്റപ്പെടുത്തലും തള്ളിപ്പറയലും, ഒറ്റിക്കൊടുക്കലും ഉപേക്ഷിക്കപ്പെടലും എല്ലാം അനുഭവിച്ച മഹാപുരോഹിതനാണ് യേശു. ഹൃദയം പൊട്ടിയൊഴുകുന്ന കണ്ണീരിന്റെ രുചി അറിഞ്ഞവനാണവൻ (ഹെബ്രാ 5,17). ദൈവത്തിൽനിന്നകന്നു കഴിയുന്ന മനുഷ്യന്റെ വ്യഥകൾ മുഴുവൻ ഹൃദയത്തിൽ പേറിയ ഈ പുരോഹിതൻ പാപത്തിന്റെ തിക്തത മുഴുവൻ അനുഭവിച്ചവനാണ്. മാനുഷികമായ യാതൊരു വേദനകളും അവന് അന്യമല്ല. ഈ വേദനകളും യാതനകളും എല്ലാം അതിന്റെ ഉച്ചകോടിയിലെത്തിയതാണ് കുരിശ്. അവിടെനിന്നാണ് വലിയ വിലാപവും നിലവിളിയും ഉയർന്നത്. സഹിക്കുന്ന മനുഷ്യനോടുള്ള താദാത്മീകരണം, വേദനിക്കുന്ന മനുഷ്യനോടുള്ള ഒന്നുചേരൽ, അതിലൂടെയാണ് യേശു മഹാപുരോഹിതനായത്. പരിത്യക്തതയുടെ പരകോടിയിൽനിന്ന് അവിടുന്ന് ഉയർത്തപ്പെട്ടു. മനുഷ്യൻ പരിത്യജിച്ചവനെ ദൈവം സ്വീകരിച്ചു. മനുഷ്യൻ കുരി

ശിലേറ്റിയവനെ ദൈവം സിംഹാസനാരൂഢനാക്കി. ആത്മസമർപ്പ ണത്തിലൂടെ യേശു പുരോഹിതനായി, ദൈവം ആ ബലി സ്വീക രിച്ച് ശാശ്വതീകരിച്ചു.

പീഡനങ്ങളേറ്റവൻ പീഡിപ്പിക്കപ്പെടുന്നവരോടു ഹൃദ യൈക്യം പുലർത്തുന്നു. പുറന്തള്ളപ്പെട്ടവൻ പുറന്തള്ളപ്പെട്ടവരെ സ്വീകരിക്കുന്നു. വിലപിച്ചവൻ വിലപിക്കുന്നവരുടെ വിലാപം ശ്രവി ക്കുന്നു. കുരിശിലേറിയവൻ ക്രൂശിക്കപ്പെടുന്നവർക്ക് നിത്യജീവൻ പ്രദാനം ചെയ്യുന്നു. സാലെമിലെ രാജാവായ മെൽക്കിസെദെക്കിന്റെ ക്രമപ്രകാരമുള്ള മഹാപുരോഹിതൻ നീതിയുടെ പുനഃസ്ഥാപന ത്തിലൂടെ സമാധാനം പ്രദാനം ചെയ്യുന്നു. മനുഷ്യനും ദൈവവും തമ്മിലും, മനുഷ്യർ തമ്മിൽതമ്മിലും.

## ചില പ്രായോഗിക വിചിന്തനങ്ങൾ

യേശുക്രിസ്തുവാകുന്ന മഹാപുരോഹിതന്റെ പൗരോഹി ത്യത്തിൽ പങ്കുചേരുന്നവരാണ് ക്രൈസ്തവസമൂഹം മുഴുവനും, പ്രത്യേകിച്ച് കൗദാശികപൗരോഹിത്യം സ്വീകരിച്ചവർ, ഇപ്രകാര മൊരു പൗരോഹിത്യപങ്കാളിത്തത്തെക്കുറിച്ച് ഹെബ്രായലേഖനം ഒന്നും പറയുന്നില്ലെങ്കിൽത്തന്നെ. ഈ പൗരോഹിത്യപങ്കാളിത്തം ഇന്നത്തെ സാഹചര്യത്തിൽ എന്താണ് ആവശ്യപ്പെടുന്നത്?

### 1. പുരോഹിതൻ വിശുദ്ധനായിരിക്കണം

ദൈവത്തിനുവേണ്ടി മാറ്റിവയ്ക്കപ്പെട്ടവനാണ് വിശുദ്ധൻ. അവന്റെ ചിന്തകളെയും പ്രവൃത്തികളെയും നയിക്കുന്നത് യേശു വിലൂടെ വെളിപ്പെടുത്തപ്പെട്ട ദൈവഹിതമായിരിക്കും. പാപികളായ ജനങ്ങളുടെ ഇടയിൽനിന്ന് മാറിനിന്നും 'അശുദ്ധവസ്തുക്കൾ' നിഷ്കർഷയോടെ വർജ്ജിച്ചും വിശുദ്ധരാകാൻ ശ്രമിച്ച ലേവീപു രോഹിതന്മാരുടെ വിശുദ്ധിയല്ല ഇവിടെ വിവക്ഷ. ജനമധ്യത്തിൽ ജീവിക്കുകയും അവർക്ക് ദൈവസാന്നിധ്യത്തിന്റെയും ദൈവസ്നേ ഹത്തിന്റെയും അനുഭവം പ്രദാനം ചെയ്യുകയും ചെയ്ത യേശുവാണ് വിശുദ്ധിയുടെ മാതൃക. മനുഷ്യനെ സ്നേഹിക്കുന്ന, മകനെന്നു വിളിക്കുന്ന പിതാവായ ദൈവത്തിന്റെ ശബ്ദമായിരി ക്കണം അവൻ. പുരോഹിതൻ ദൈവസാന്നിധ്യം പ്രകടമാക്കുന്ന വനായിരിക്കണം. ലാഭേച്ഛയാലും സുഖഭോഗാസക്തിയാലും നയി ക്കപ്പെടുന്ന ലോകത്തിന്റേതിൽനിന്നും വ്യത്യസ്തമായിരിക്കണം

അവന്റെ ജീവിതമാനദണ്ഡം. ദൈവത്തിനുവേണ്ടി സമർപ്പിക്കപ്പെട്ടതാവണം ആ ജീവിതം.

2. കണ്ണീരോടെ പ്രാർത്ഥിക്കുന്നവൻ

ദൈവതിരുമുമ്പിൽ പ്രാർത്ഥനകളും യാചനകളും അർപ്പിക്കുന്ന മനുഷ്യനാണ് പുരോഹിതൻ. സഹജീവികളുടെ ദുഃഖവും വേദനകളും ഏറ്റുവാങ്ങി, സഹോദരങ്ങളുടെ കണ്ണീർ സ്വന്തം കണ്ണുകളിലൂടെ ദൈവസന്നിധിയിൽ ചൊരിയണം. പ്രാർത്ഥിക്കുന്ന മനുഷ്യനായിരിക്കണം ക്രിസ്തുവിന്റെ പൗരോഹിത്യത്തിൽ പങ്കുചേരുന്നവൻ. അനുദിനം അപ്പം മുറിക്കൽ ശുശ്രൂഷ നടത്തുന്നതിലൂടെ മാത്രം പൂർണ്ണമാകുന്നതല്ല ഈ പ്രാർത്ഥനാബലി. തന്റെ ചുറ്റും കരയുകയും നെടുവീർപ്പിടുകയും ചെയ്യുന്നവർക്കുവേണ്ടി പ്രാർത്ഥിക്കുന്നവൻ അവരുടെ വേദനകൾ സ്വന്തമാക്കാൻ കഴിയുന്നവനായിരിക്കണം. യേശുവിന്റെ ജീവിതം നിരന്തരമായൊരു ബലിയായിരുന്നു. പാപത്താൽ തകർന്ന മനുഷ്യനെ ദൈവത്തോട് അനുരഞ്ജിപ്പിക്കുന്നതിനുവേണ്ടി സ്നേഹത്താൽ പ്രചോദിതമായി സ്വമനസ്സാ അർപ്പിച്ച ആത്മബലി. ഈ ബലി ജീവിതത്തിന്റെ അവസാനമാണ് കുരിശ്. അവിടെ നിന്നുയരുന്ന നിലവിളി മർദ്ദിതരും പീഡിതരുമായ മനുഷ്യസമൂഹത്തിന്റെ മുഴുവൻ നിലവിളിയാണ്, മോചനത്തിനുവേണ്ടി കേഴുന്ന മനുഷ്യന്റെ ആർത്തനാദം. ഈ നിലവിളി സ്വന്തമാക്കി ദൈവസന്നിധിയിൽ അർപ്പിക്കുക പുരോഹിതധർമ്മമാണ്. അവന്റെ പ്രാർത്ഥനയ്ക്ക് മനുഷ്യന്റെ കണ്ണീരിന്റെ ഈർപ്പമുണ്ടാകണം, വേദനയുടെ വിതുമ്പലുണ്ടാവണം. ഏതോ കാലത്ത് ആരോ എഴുതിയ പ്രാർത്ഥനകൾ ഉരുവിടുന്നതുകൊണ്ടുമാത്രം പുരോഹിതധർമ്മം പൂർത്തിയാവുകയില്ല.

3. കരുണയുള്ളവൻ

പ്രാർത്ഥന സജീവവും മോചകവുമാകുന്നത് അനുഭവത്തിന്റെ വെളിച്ചത്തിലാണ്. ജനത്തിൽനിന്നകന്ന് പള്ളിമേടകളിലും അരമനകളിലും സുഖവാസമനുഷ്ഠിക്കാനല്ല ക്രിസ്തീയപുരോഹിതർ വിളിക്കപ്പെട്ടിരിക്കുന്നത്. സാധാരണക്കാരുടെ മധ്യത്തിൽ, അവരുടെ പട്ടിണിയിലും ദുഃഖത്തിലും സങ്കടങ്ങളിലും വേദനകളിലും പങ്കുചേർന്നുകൊണ്ടാണ് ക്രൈസ്തവപൗരോഹിത്യം അതിന്റെ ലക്ഷ്യം നേടുന്നത്. പാപബോധത്താൽ ഹൃദയം തകർന്ന മനുഷ്യനെ വീണ്ടും താങ്ങാനാവാത്ത ഭാരംചുമത്തി തകർക്കുകയല്ല,

ദൈവസ്നേഹത്തിന്റെ അനുഭവത്തിലേക്കു നയിച്ച്, സമാധാനം പ്രദാനം ചെയ്യുകയാണ് പുരോഹിതധർമ്മം. എളിയവരോടും ദരിദ്രരോടും സമൂഹം പുറംതള്ളിയവരോടും നിരാശയിൽകഴിയുന്നവരോടുമൊക്കെയാണ് കരുണ കാണിക്കേണ്ടത്. എന്നാൽ വലിയവന്റെ ഔദാര്യത്തിനുവേണ്ടി ഓഛാനിച്ചുനില്ക്കുന്നതും മനുഷ്യന്മാർക്കു മനഃസാക്ഷിക്കടിയുണ്ടാകാതിരിക്കാൻ സത്യം മറച്ചുവയ്ക്കുന്നതും കരുണയല്ല.

4. നീതിയുടെ പുനഃസ്ഥാപനം

മെൽക്കിസെദെക്കിന്റെ ക്രമപ്രകാരം പൗരോഹിത്യം സ്വീകരിക്കുന്നവർ നീതിയുടെ പുനഃസ്ഥാപനത്തിനായി യത്നിക്കാൻ കടപ്പെട്ടിരിക്കുന്നു. "നീതി" എന്ന പദം ബൈബിളിന്റെ വീക്ഷണത്തിൽ സാമൂഹ്യ-സാമ്പത്തികനീതിക്ക് അതീതമാണെന്നതിൽ സംശയമില്ല. ദൈവഹിതമനുസരിച്ചുള്ള ജീവിതമാണ് അന്തിമമായ അർത്ഥത്തിൽ നീതി. എന്നാൽ ഈ നീതി സാമൂഹ്യ-സാമ്പത്തികനീതിയെ അവഗണിക്കുന്നില്ല എന്ന കാര്യം മറക്കാനാവില്ല. പാവപ്പെട്ടവന് എല്ലാം തുറകളിലും നീതിനിഷേധിക്കപ്പെടുന്ന ഇന്നത്തെ സാഹചര്യത്തിൽ നീതിക്കുവേണ്ടിയുള്ള പോരാട്ടങ്ങളിൽ ക്രിയാത്മകമായി പങ്കുചേരുക മാത്രമല്ല, നേതൃത്വം വഹിക്കുന്നതും ഈ പൗരോഹിത്യധർമ്മം തന്നെ. സമാധാനത്തിന്റെ രാജാവാണ് മെൽക്കിസെദെക്ക്. നീതിക്കുവേണ്ടിയുള്ള യത്നങ്ങളും പോരാട്ടങ്ങളും സമാധാനത്തിനു കോട്ടം വരുത്തുന്നതാവരുത്. ഹൃദയത്തിലും സമൂഹത്തിലും സ്ഥായിയായ സമാധാനം നിലനിർത്താനും വളർത്താനും പര്യാപ്തമാവണം ക്രിസ്തീയ പുരോഹിതന്റെ പ്രവർത്തനം.

ഈ കാര്യങ്ങളെല്ലാം ക്രിസ്തുവിന്റെ പൗരോഹിത്യത്തിൽ പങ്കുചേരുന്ന നേതാക്കന്മാർക്കെന്നതുപോലെ രാജകീയ പൗരോഹിത്യത്തിൽ പങ്കാളികളാകുന്ന ക്രിസ്തുവിശ്വാസികൾക്കും ബാധകമാണ്. നേതാക്കളും അനുയായികളും ഒരുമിച്ച്, തങ്ങൾ പങ്കുചേരുന്ന ക്രിസ്തുവിന്റെ പൗരോഹിത്യത്തിനു സാക്ഷിയാവണം. "ശരീരങ്ങളെ വിശുദ്ധവും ദൈവത്തിനു പ്രീതികരവുമായ സജീവബലിയായി" സമർപ്പിക്കണം (റോമാ 12,1). ദൈവത്തിനു സ്തുതിയുടെ ബലി - അവന്റെ നാമത്തെ ഏറ്റു പറയുന്ന അധരങ്ങളുടെ ഫലങ്ങൾ - അർപ്പിക്കണം (ഹെബ്രാ 13,15).



14

# എല്ലാ നാമങ്ങൾക്കും ഉപരി

യേശുക്രിസ്തുവിന്റെ വ്യക്തിത്വത്തെക്കുറിച്ചു ചിന്തിക്കുമ്പോൾ അന്ധന്മാർ ആനയെ "കണ്ട" കഥയാണ് ഓർമ്മ വരുന്നത്. ആനയെ തൊട്ടറിഞ്ഞവരിൽ ഒരാൾ പറഞ്ഞു ആന തൂണുപോലെയാണ്; മറ്റൊരാൾക്ക് ആന ചൂലുപോലെയാണ്. വേറൊരുവന് ആന കുന്തംപോലെ. ഇനിയും നാലാമന് ആന മുറം പോലെ. നാലുപേരും പറഞ്ഞതു ശരിയാണ്. കാരണം ആനയുടെ കാല് തൂണുപോലെയും വാല് ചൂലുപോലെയും കൊമ്പ് കുന്തംപോലെയും ചെവി മുറംപോലെയും ആണെന്നതു സത്യമാണല്ലോ. എന്നാൽ മേൽ പറഞ്ഞതൊന്നും ആനയല്ല. ഈ വിവരണങ്ങൾ എല്ലാം കൂട്ടിവച്ചാലും ആനയാവുകയില്ല എന്ന് ആനയെ കണ്ടിട്ടുള്ളവർക്ക് അറിയാം.

യേശുക്രിസ്തുവിനെക്കുറിച്ച് വൈവിധ്യമാർന്നതും പലപ്പോഴും പരസ്പരവിരുദ്ധമെന്നു തോന്നാവുന്നതുമായ അനേകം ചിത്രങ്ങൾ നിലവിലുണ്ട്. അവയിൽ പലതും യേശുവിനെ നേരിൽ കണ്ടവർ രേഖപ്പെടുത്തിയിട്ടുള്ളതും കണ്ടവരുടെയും അവരെ കേട്ടവരുടെയും സാക്ഷ്യങ്ങളെ അടിസ്ഥാനപ്പെടുത്തിയുള്ളവയുമാണ്. പുതിയ നിയമ ഗ്രന്ഥകർത്താക്കൾ തന്നെ വൈവിധ്യമാർന്ന

യേശുചിത്രങ്ങളാണ് വരച്ചുകാട്ടുന്നത്. അവയിൽനിന്ന് പ്രചോദനം ഉൾക്കൊണ്ട വിശ്വാസസമൂഹങ്ങളും വ്യക്തികളും വീണ്ടും പുതിയ ചിത്രങ്ങൾ വരച്ചു; ഇന്നും വരച്ചുകൊണ്ടിരിക്കുന്നു. ഇതിൽ ഏതെങ്കിലും ഒന്നാണ് യേശു എന്നു പറയാനാവില്ല; ഈ ചിത്രങ്ങൾ എല്ലാം കൂട്ടിച്ചേർത്തുവച്ചാലും യേശുവിനെ അവന്റെ പൂർണ്ണതയിൽ അവതരിപ്പിക്കാനോ ഗ്രഹിക്കാനോ കഴിയില്ല. എന്നാലും പുതിയ നിയമഗ്രന്ഥങ്ങളിൽ പ്രകടമാകുന്ന യേശുചിത്രങ്ങൾ ചുരുക്കമായി അവതരിപ്പിക്കാനുള്ള ഒരു എളിയ ശ്രമമാണ് ഈ അധ്യായം, ചിത്രം പൂർണ്ണമാവില്ല എന്ന മുന്നറിവോടുകൂടെത്തന്നെ.

"എല്ലാ നാമങ്ങൾക്കും ഉപരിയായ നാമം" യേശുവിനു ദൈവം നൽകി എന്ന് ഫിലിപ്പിയർക്കെഴുതിയ ലേഖനത്തിൽ വി. പൗലോസ് പ്രഖ്യാപിക്കുമ്പോൾ (ഫിലി 2,9) വിരൽചൂണ്ടുന്ന ഒരു യാഥാർത്ഥ്യമുണ്ട്. സകല നിർവചനങ്ങൾക്കും അതീതനാണ് യേശു. പേര് സംക്ഷിപ്തമായ ഒരു നിർവചനമാണല്ലോ. അതുകൊണ്ടുതന്നെയാണല്ലോ ദൈവം തന്റെ പേരു വെളിപ്പെടുത്താൻ വിസമ്മതിച്ചത് (ഉൽപ 32,29; പുറ 6,3). മോശയ്ക്കു വെളിപ്പെടുത്തിയ പേരാകട്ടെ "ഞാൻ" എന്നു മാത്രമാണ്. ഒരു നിർവചനത്തിന്റെ ചിമിഴിൽ ഒതുങ്ങുന്നവനല്ല ദൈവം; മനുഷ്യന്റെ പരിമിതമായ ബുദ്ധികൊണ്ട് ഗ്രഹിക്കാനോ നിർവചിക്കാനോ കഴിയുന്നവനല്ല അവിടുന്ന്. ഏതാണ്ട് അതുപോലെതന്നെയാണ് യേശുവിനെ സംബന്ധിച്ചും. എല്ലാ നിർവചനങ്ങൾക്കും അതീതൻ. എന്നിരുന്നാലും അപരിമേയനായവൻ പരിമിതികൾ സ്വീകരിച്ചു; പരിമിതമായ ബുദ്ധിക്കു ഗ്രഹിക്കാവുന്ന വിധത്തിൽ സ്വയം ചുരുങ്ങി. അപ്പോൾ അവന് അനേകം പേരുകൾ ലഭിച്ചു. തങ്ങൾക്കുണ്ടായിരുന്ന മുന്നറിവിന്റെ വെളിച്ചത്തിലാണ് ഓരോരുത്തരും യേശുവിനു പേരുകൾ നൽകുന്നത്.

ഗലീലിയിലെ ഒരു കുഗ്രാമമായ നസ്രത്തിലാണ് അവൻ ജീവിച്ചിരുന്നത്. അയൽക്കാർക്ക് അവൻ ആശാരി ഔസേപ്പിന്റെ മകൻ ആശാരി യേശു ആയിരുന്നു (മത്താ 13,55; ലൂക്കാ 4,22). ഔസേപ്പ് നേരത്തെ മരിച്ചുപോയതിനാലാവാം, പലരും അവനെ മറിയത്തിന്റെ മകനായ തച്ചൻ (മർക്കോ 6,3) ആയിട്ടാണ് കണ്ടത്. എന്നാൽ ജീവിതത്തിന്റെ ഒരു പ്രത്യേക ദശാസന്ധിയിൽ അവൻ പണിശാല വിട്ടിറങ്ങി, മറ്റൊരു രീതിയിലുള്ള പ്രവർത്തനം ആരംഭിച്ചപ്പോൾ അയൽക്കാർ വിസ്മയഭരിതരായി. "ഇവന് ഇതെല്ലാം

എവിടെനിന്ന്? ഇവനു കിട്ടിയ ഈ ജ്ഞാനം എന്ത്? എത്ര വലിയ കാര്യങ്ങളാണ് ഇവന്റെ കരങ്ങൾ വഴി സംഭവിക്കുന്നത്!” (മർക്കോ 6,2). അയൽക്കാരുടെ വിസ്മയം കൂടുതൽ അന്വേഷണത്തിലേക്കോ വിശ്വാസത്തിലേക്കോ അല്ല അവരെ നയിച്ചത്. മറിച്ച് തങ്ങൾക്ക് സുപരിചിതനായവനെ ഒരു ആശാരിയുടെ ലേബലിനപ്പുറം വില യിരുത്താൻ തയ്യാറാകാത്ത അവർ അവനെ ഗ്രാമത്തിൽ നിന്നു പുറത്താക്കുകയാണ് ചെയ്തത്. “ഇവൻ ആര്” എന്ന ചോദ്യം യേശു ചെന്നിടത്തെല്ലാം ഉയർന്നു. ഓരോരുത്തരും താന്താങ്ങളുടെ അനുഭവവും മനോധർമ്മവും അനുസരിച്ച് മറുപടിയും നൽകി.

ജോർദ്ദാൻ നദി ചാവുകടലിൽ ചെന്നു ലയിക്കുന്നു. യൂദാ മരുഭൂമിയുടെ ഓരങ്ങളിൽ മാനസാന്തരത്തിനുള്ള ആഹ്വാനമായി സ്നാപകവചനം മുഴങ്ങിയപ്പോൾ സ്നാനം ഏൽക്കാൻ പോയവ രുടെ കൂടെ നസ്രത്തിൽനിന്നുള്ള ആശാരിയും ഉണ്ടായിരുന്നു. സ്നാനത്തിനുശേഷം ഏറെ താമസിയാതെ യേശുവും പ്രസംഗം ആരംഭിച്ചു: പ്രതീക്ഷയുടെ സമയം, ദൈവം വാഗ്ദാനം ചെയ്തി രുന്ന രക്ഷയുടെ സമയം പൂർത്തിയായി; ദൈവം തന്റെ ഭരണം ഈ ഭൂമിയിൽ നടപ്പിലാക്കാൻ തുടങ്ങുന്നു. ഈ സത്യം വിശ്വസിച്ച് ദൈവഭരണത്തിനു സ്വയം വിധേയരാകാൻവേണ്ടി ഹൃദയം ഒരു ക്കുവിൻ. ഇതായിരുന്നു പ്രസംഗത്തിന്റെ സംഗ്രഹം. ഏറെ താമ സിയാതെ സ്നാപകന്റെ ജീവിതം ഹേറോദോസ് അന്തിപ്പാസിന്റെ തടവറയിൽ എരിഞ്ഞടങ്ങി; യേശുവിന്റെ പ്രവർത്തനങ്ങൾ കൂടു തൽ വ്യാപകമായി.

ഗലീലിയിൽ ഉടനീളം യേശുവിന്റെ ശബ്ദം പ്രതിധ്വനിച്ചു. അനേകായിരങ്ങൾ അവനിലേക്ക് ഓടിയടുത്തു. അവനിലൂടെ ദൈവ ത്തിന്റെ ശക്തി പ്രവഹിച്ചു. കുരുടർ കണ്ടു; ബധിരർ കേട്ടു; ഊമ രുടെ നാവിന്റെ കെട്ടഴിഞ്ഞു. ശരീരം തളർന്നുപോയവർ എണീറ്റു നടന്നു; മുടന്തർ ഊന്നുവടികൾ ദൂരെയെറിഞ്ഞ് കുതിച്ചുചാടി. കുഷ്ഠ രോഗികൾ ശുദ്ധരായി. പോരാ, മരിച്ചവർ ശവമഞ്ചത്തിൽ എണീ റ്റിരുന്നു സംസാരിച്ചു. അത്ഭുതസ്തബ്ധരായ ജനം ആർത്തുവി ളിച്ചു: പ്രവാചകൻ! (ലൂക്കാ 9,7-9,19). വിധവയുടെ മകന് ജീവൻ വീണ്ടുകിട്ടിയപ്പോൾ, അധാർമ്മികതയ്ക്കെതിരേ സിംഹഗർജ്ജനം പോലെ അവന്റെ സ്വരം ഉയർന്നപ്പോൾ അനേകർ പറഞ്ഞു: ഏലി യാപ്രവാചകൻ മടങ്ങിവന്നിരിക്കുന്നു (ലൂക്കാ 9,8). ജനക്കൂട്ടത്തിന് യേശു പ്രവാചകനായിരുന്നു - ഗലീലിയിലെ നസ്രത്തിൽ നിന്നുള്ള

പ്രവാചകൻ (മത്താ 21,11). തന്റെ ജീവിതരഹസ്യങ്ങൾ മനസ്സിലാക്കിയവനെ സമരിയാക്കാരിയും (യോഹ 4,19) തനിക്കു കാഴ്ച തന്നവനെ കുരുടനും (യോഹ 9,17) പ്രവാചകനായി ഏറ്റുപറഞ്ഞു. അന്നാസിന്റെ അകത്തളത്തിൽവച്ച് മുഖം മൂടിക്കെട്ടിയശേഷം അവനെ പ്രഹരിച്ചു വിനോദിച്ച പടയാളികൾക്കും അവൻ പ്രവാചകനായിരുന്നു (മർക്കോ 14,65).

വിജനപ്രദേശത്തുവച്ച് അത്ഭുതകരമായി അപ്പം വർദ്ധിപ്പിച്ച് അനേകായിരങ്ങളെ സംതൃപ്തരാക്കിയപ്പോൾ, അപ്പം തിന്ന് വയർ നിറഞ്ഞവർ ഉറക്കെ പ്രഖ്യാപിച്ചു: "ലോകത്തിലേക്കു വരാനിരുന്ന പ്രവാചകൻ സത്യമായും ഇവനാണ്" (യോഹ 6,14). ആവേശം കൊണ്ട ജനം അവനെ രാജാവാക്കാൻ ശ്രമിച്ചു (യോഹ 6,15). കാരണം തങ്ങൾ പ്രതീക്ഷിച്ചിരുന്ന മിശിഹാ രാജാവാണ് അവൻ എന്ന് അവർ കരുതി. യേശുവിനെ അളന്നു നിർവചിക്കാൻ സമകാലികർ ഉപയോഗിച്ച മറ്റൊരു നാമമാണ് "ക്രിസ്തു" അഥവാ "മിശിഹാ." അഭിഷേകം ചെയ്യപ്പെട്ടവൻ എന്ന് അർത്ഥം. വിദേശാധിപത്യത്തിൽനിന്ന് തങ്ങളെ മോചിപ്പിക്കാൻ ഒരു രാജാവു വരും എന്ന പ്രതീക്ഷ യേശുവിന്റെ കാലത്ത് യഹൂദരുടെ ഇടയിൽ വളരെ ശക്തമായിരുന്നു. യേശുവിന്റെ വാക്കും പ്രവൃത്തിയും ഈ പ്രതീക്ഷകളുടെ പൂർത്തീകരണമായി കണ്ടവർ ആർത്തുവിളിച്ചു: "ഹോസാനാ, കർത്താവിന്റെ നാമത്തിൽ വരുന്ന ഇസ്രായേലിന്റെ രാജാവ് വാഴ്ത്തപ്പെട്ടവൻ" (യോഹ 12,13). പരസ്യജീവിതത്തിന്റെ അന്ത്യത്തിലാണ് ഈ രാജകീയ സ്വീകരണം. കർത്താവിന്റെ നാമത്തിൽ വരുവൻ-തങ്ങളെ രക്ഷിക്കാൻ ദൈവമായ കർത്താവ് അയച്ച രാജാവ് ആണ് യേശു എന്ന് ജനം ഉറക്കെ പ്രഖ്യാപിക്കുകയായിരുന്നു.

ദാവീദിന്റെ പുത്രൻ എന്നാണ് അനേകർ അവനെ വിശേഷിപ്പിച്ചത്. പിശാചുക്കളെ ബഹിഷ്ക്കരിക്കുന്നതു കണ്ട ജനക്കൂട്ടം ചോദിച്ചു. "ഇവനായിരിക്കുമോ ദാവീദിന്റെ പുത്രൻ?" (മത്താ 12, 23). പിശാചുബാധിതയായ മകളെ സുഖപ്പെടുത്തണമേ എന്നു യാചിച്ച കാനാൻകാരിക്കും യേശു ദാവീദിന്റെ പുത്രനായിരുന്നു (മത്താ 15,22). ജെറീക്കോയിലെ വഴിയോരത്തു ഭിക്ഷയ്ക്കുവേണ്ടി കാത്തിരുന്ന കുരുടൻ ബർത്തിമേയൂസ് ഹൃദയം പൊട്ടി നിലവിളിച്ചു: "ദാവീദിന്റെ പുത്രനായ യേശുവേ, എന്നിൽ കനിയണമേ" (മർക്കോ 10,47). ആയിരങ്ങളുടെ അകമ്പടിയോടെ കഴുതപ്പുറത്ത്

ജറുസലേമിലേക്കു പ്രവേശിച്ചവനെ ദാവീദിന്റെ പുത്രനായ രാജാവായാണ് ജനം എതിരേറ്റത്. "വരാനിരുന്നവൻ" വന്നു കഴിഞ്ഞു എന്ന് യേശുവിനെ കണ്ടവർ ഉദ്ഘോഷിച്ചു. പിതാക്കന്മാർക്കു ലഭിച്ചതും പ്രവാചകന്മാർ ആവർത്തിച്ചതുമായ സകല വാഗ്ദാനങ്ങളും നിറവേറ്റുന്നവനായി ജനക്കൂട്ടം യേശുവിനെ കണ്ടു.

ജനത്തിന്റെ പ്രതീക്ഷകളും ഗ്രഹണശക്തിയും പഴയനിയമത്തിന്റെ ചുറ്റുവട്ടത്തിൽ ഒതുങ്ങിനിന്നു; എന്നാൽ അതിനുള്ളിൽ ഒതുങ്ങുന്നതായിരുന്നില്ല യേശുവിന്റെ വ്യക്തിത്വം. തങ്ങൾക്കു പരിചിതമായ പേരുകളിൽ യേശുവിനെ വിളിച്ചവർക്കും ഈ യാഥാർത്ഥ്യം ബോധ്യമായിരുന്നു. അതിനാൽ യേശുവിന്റെ സാന്നിധ്യത്തിൽ അവർ വിസ്മയം കൂറിനിന്നു, ആരാണ് ഇവൻ എന്ന ചോദ്യവുമായി. അവന്റെ ഒറ്റവാക്കിൽ തളർവാതരോഗി എണീറ്റു നടന്നപ്പോൾ, മരിച്ചവർ ഉയിർപ്പിക്കപ്പെട്ടപ്പോൾ തങ്ങൾക്കു പരിചിതമായ മേഖലയുടെ അപ്പുറത്താണ് അവൻ നിൽക്കുതെന്ന് അവർക്കു തോന്നി. "നിന്റെ പാപം ക്ഷമിക്കപ്പെട്ടിരിക്കുന്നു" എന്ന വാക്ക് അവന്റെ നാവിൽനിന്നു വീണപ്പോൾ കേട്ടവർ നടുങ്ങി. ദൈവത്തിനുമാത്രം ഉച്ചരിക്കാവുന്ന ഈ വാക്കുകൾ ഉച്ചരിക്കുന്ന ഇവൻ ആര്? (മർക്കോ 2,7-12).

സമകാലികരുട സകല സങ്കല്പങ്ങളെയും മറികടക്കുന്നതായിരുന്നു യേശുവിന്റെ പല വാക്കും പ്രവൃത്തിയും. ഉടമ്പടിയിലൂടെ നൽകപ്പെട്ടതും പിതാക്കന്മാർ പരിപാവനമായി കരുതി കൈമാറി വന്നതുമായ നിയമങ്ങളും പാരമ്പര്യങ്ങളും അവൻ കൂസലില്ലാതെ ലംഘിക്കുന്നതു കണ്ടപ്പോൾ അവർക്ക് അവനെ മനസ്സിലാക്കാനായില്ല. "സാബത്തു മനുഷ്യനുവേണ്ടിയാണ്, മനുഷ്യൻ സാബത്തിനു വേണ്ടിയല്ല, മനുഷ്യപുത്രൻ സാബത്തിന്റെയും കർത്താവാണ്" (മർക്കോ 2,27-28) എന്ന മഹാവാക്യം അമ്പരപ്പുളവാക്കുക മാത്രമല്ല, എതിർപ്പിനും കാരണമായി. ഭക്ഷണകാര്യത്തിൽ എല്ല, സകല വ്യാപാരങ്ങളിലും ശരീരശുദ്ധി പാലിക്കാൻ ദത്തശ്രദ്ധരായിരുന്നവർക്ക് അവന്റെ നിലപാട് ഒരു പ്രതിഷേധവും സമൂഹത്തിനു മുഴുവൻ എതിരെയുള്ള ഒരു വെല്ലുവിളിയുമായേ കാണാൻ കഴിഞ്ഞുള്ളൂ (മർക്കോ 7,1-23).

യഹൂദനേതാക്കന്മാർക്ക് അവൻ ആരംഭംമുതലേ ഒരു നോട്ടപ്പുള്ളിയായിരുന്നു; നിയമനിഷേധിയും ജനത്തെ വഴി തെറ്റിക്കുന്ന കലാപകാരിയും. ആദ്യമാദ്യം അവർ അവനെ സൂക്ഷ്മ നിരീ

ക്ഷണത്തിനു വിധേയനാക്കി; അവന്റെ വാക്കുകളും പ്രവൃത്തികളും ജനമധ്യത്തിൽ അതുളവാക്കുന്ന പ്രത്യാഘാതങ്ങളും സശ്രദ്ധം പരിശോധിച്ചു. അതിന്റെ വെളിച്ചത്തിൽ അവർ ഒരു തീരുമാനത്തിലെത്തി: ഇവൻ ദൈവദൂഷകനാണ്, കഴിയുന്നതും വേഗം നിശബ്ദനാക്കി, ഒഴിവാക്കേണ്ട അപകടകാരി (മർക്കോ 2,7-16. 24; 3,6). ജനമധ്യത്തിൽ അവനെ തേജോവധം ചെയ്യാൻ അവർ പരമാവധി പരിശ്രമിച്ചു. അവനെതിരേ ദുഷ്പ്രചരണത്തിന്റെ ഒരു വേലിയേറ്റംതന്നെ അഴിച്ചുവിട്ടു. അവൻ നിയമനിഷേധകനാണ്, ഭോജനപ്രിയനും മദ്യപനും ചുങ്കക്കാരുടെയും പരസ്യ പാപികളുടെയും കൂട്ടുകാരനുമാണ് (ലൂക്കാ 7,34); അവൻ സമരിയാക്കാരനാണ് (യോഹ 8,48); അവന് സുബോധം നഷ്ടപ്പെട്ടിരിക്കുന്നു (മർക്കോ 3,21); അവനു പിശാചു ബാധിച്ചിരിക്കുന്നു (യോഹ 8, 48); സാത്താനുമായി അവൻ സഖ്യത്തിലാണ് (മർക്കോ 3,22). പഴയനിയമത്തിൽ തഴങ്ങിയ അവരുടെ കാഴ്ചപ്പാടുകൾക്ക് യേശുവിനെ മനസ്സിലാക്കാൻ കഴിഞ്ഞില്ല; അതിനാൽത്തന്നെ അംഗീകരിക്കാനും സാധിച്ചില്ല. ജറുസലേമിലേക്കു നടത്തിയ രാജകീയ പ്രവേശനവും ദൈവാലയത്തിൽ ചുഴറ്റിയ ചാട്ടവാറും യേശുവിനെ ഉന്മൂലനം ചെയ്യാനുള്ള അവരുടെ തീരുമാനത്തെ അരക്കിട്ടുറപ്പിച്ചു.

രാഷ്ട്രീയാധികാരികൾക്കും അവനെ മനസ്സിലാക്കാനായില്ല. ആട്ടക്കാരിയെ തൃപ്തിപ്പെടുത്താൻ പ്രവാചകന്റെ തലയരിഞ്ഞ ഭീരുവായ ഹേറോദേസ് യേശുവിനെ കണ്ടത് തന്നെ വേട്ടയാടുന്ന സ്നാപകന്റെ പ്രേതമായിട്ടാണ് (മർക്കോ 6,16). നാടുവിട്ടില്ലെങ്കിൽ തട്ടിക്കളയും എന്നു ഭീഷണി മുഴക്കിയ നാടുവാഴിയോട് യേശുവിന്റെ മറുപടി വിധേയത്വമുള്ള ഒരു പ്രജയുടേതായിരുന്നില്ല. "ആ കുറുക്കനോടു ചെന്നു പറയുവിൻ..." (ലൂക്കാ 13:31-33). റോമാ സിംഹാസനത്തിന്റെ മുമ്പിലും കൂസലില്ലാത്ത ഈ നിലപാടാണ് യേശു സ്വീകരിച്ചത്. നികുതി പ്രശ്നവുമായി വന്ന നിയമജ്ഞർക്ക് അവൻ കൊടുത്ത മറുപടി ആദ്യമേ ദൈവത്തിന്റെ കാര്യം അന്വേഷിക്കണം എന്നായിരുന്നു (മർക്കോ 12,13-17). സീസറും ദൈവാധികാരത്തിൻ കീഴിലാണെന്ന് റോമൻ ഗവർണ്ണറെയും അവൻ അനുസ്മരിപ്പിച്ചു: "ഉന്നതത്തിൽനിന്നു നൽകപ്പെട്ടില്ലായിരുന്നെങ്കിൽ എന്റെ മേൽ ഒരധികാരവും നിനക്കുണ്ടാകുമായിരുന്നില്ല" (യോഹ 19,11). ഐഹികമല്ലാത്ത ഒരു രാജത്വം അവകാശപ്പെട്ട യേശുവിനെ കലാപകാരിയും സാമ്രാജ്യത്തിനു ഭീഷണിയുമായേ റോമൻ അധികാരിക്കു കാണാൻ

കഴിഞ്ഞുള്ളൂ. ആ ബോധ്യമനുസരിച്ചുള്ള ശിക്ഷയും അയാൾ പ്രഖ്യാപിച്ചു. യഹൂദരുടെ രാജാവിനു കുരിശുമരണം. എന്നാലും തനിക്കജ്ഞാതമായ എന്തോ ഒന്നിന്റെ മുമ്പിലാണ് താൻ നിൽക്കുന്നതെന്ന അവബോധം പീലാത്തോസിനുണ്ടായിരുന്നു. "എന്താണ് സത്യം" എന്ന ചോദ്യം നൽകുന്ന പ്രതീതിയാണത്.

## യേശുവിനെ തിരിച്ചറിയണമെങ്കിൽ

പരസ്യജീവിതത്തിന്റെ ആരംഭം മുതലേ യേശുവിന്റെ കൂടെ ഉണ്ടായിരുന്നവരാണ് അപ്പസ്തോലന്മാർ. ഗലീലി തടകതീരത്തു തുടങ്ങിയ ആ സൗഹൃദവും സഹവാസവും അന്ത്യ അത്താഴം വരെ നീണ്ടു. മൂന്നു വർഷത്തോളം കൂടെ നടക്കുകയും യേശുവിനെ വളരെ അടുത്തു നിരീക്ഷിക്കുകയും ചെയ്ത ശിഷ്യന്മാർക്കും പിടികിട്ടാത്ത ഒരു വ്യക്തിത്വമായിരുന്നു അവന്റേത്. "എന്നെ അനുഗമിക്കുവിൻ" എന്ന വിളികേട്ട് എല്ലാം ഉപേക്ഷിച്ച് ഇറങ്ങിത്തിരിക്കാൻമാത്രം വശ്യമായിരുന്നു ആ വ്യക്തിത്വം, ശക്തമായിരുന്നു അവന്റെ ആകർഷണം. എന്നാൽ ആരാണ് അവൻ എന്ന ചോദ്യത്തിനു മുമ്പിൽ പലപ്പോഴും അവരും പകച്ചുനിന്നു. അവന്റെ ഒറ്റ വാക്കിൽ കാറ്റും കടലും അടങ്ങി നിന്നപ്പോൾ അത്ഭുതസ്തംബ്ധരായി അവർ ചോദിച്ചുപോയി "ഇവൻ ആര്" (ലൂക്കാ 8,35). അവന്റെ അത്ഭുതകരമായ ആജ്ഞാശക്തിയും വിസ്മയാവഹമായ അധികാരപ്രയോഗവും അവരുടെ സുപരിചിതമായ ആശയതലങ്ങൾക്ക് അതീതമായിരുന്നു: ഞാൻ ആരെന്നാണ് നിങ്ങൾ പറയുന്നത് എന്ന ചോദ്യത്തിന് അവർ നൽകിയ ഉത്തരം ഒരു യഹൂദനു നൽകാൻ പറ്റുന്നതു മാത്രമായിരുന്നു. "നീ ക്രിസ്തുവാണ്" (മർക്കോ 8,29). അപൂർണ്ണവും തെറ്റിദ്ധാരണയ്ക്കു വഴി നൽകുന്നതുമാകയാൽ അത് ആരോടും പറയരുതെന്ന് യേശുതന്നെ അവരെ വിലക്കുകയും ചെയ്തു (ഉത്ഥാനത്തിനുശേഷം ലഭിച്ച വിശ്വാസത്തിന്റെ വെളിച്ചത്തിൽ രൂപപ്പെടുത്തിയ വിശ്വാസപ്രഖ്യാപനമാണ് മത്തായി 16,16 രേഖപ്പെടുത്തുന്നത്.)

## വ്യത്യസ്തനായ ഗുരു

കൂടെ നടന്നവർ ഭൗതിക സ്വപ്നങ്ങൾ മെനഞ്ഞിരുന്നു; അധികാരക്കസേരയിലായിരുന്നു അവരുടെ കണ്ണുകൾ (മർക്കോ 10,35-37; ലൂക്കാ 22,24). മരണത്തിനുശേഷവും യേശുവിനെക്കുറിച്ചുള്ള ഈ പ്രതീക്ഷകൾ അവർ പൂർണ്ണമായും കൈവെടിഞ്ഞി

രുന്നില്ല. ഇസ്രായേലിനെ മോചിപ്പിക്കാനിരുവൻ അവനാണെന്നായിരുന്നു അവരുടെ പ്രതീക്ഷ (ലൂക്കാ 24,21). ഇസ്രായേലിന് അവൻ രാജ്യം പുനഃസ്ഥാപിച്ചുകൊടുക്കും എന്ന് അപ്പസ്തോലന്മാർ ആത്മാർത്ഥതമായും വിശ്വസിച്ചിരുന്നു (അപ്പ 1,6). ഒരു ഭാഗത്തുനിന്ന് ദൈവം അയച്ച മിശിഹായാണ് എന്ന് ഏറ്റുപറയുമ്പോഴും മറുഭാഗത്തുനിന്നു നോക്കുമ്പോൾ അവന്റെ വ്യക്തിത്വം ശിഷ്യന്മാർക്ക് അളക്കാനാവാത്ത ആഴമുള്ളതായിരുന്നു. മാതാവിനെയും പിതാവിനെയുംകാൾ, എന്നല്ല സ്വന്തം ജീവനേക്കാൾ അധികമായി തന്നെ സ്നേഹിക്കാത്തവൻ, തന്നെ അനുഗമിക്കുവാൻ വേണ്ടി ജീവൻ ത്യജിക്കാൻ സന്നദ്ധനാകാത്തവൻ, തനിക്കു യോഗ്യനല്ല എന്ന യേശുവിന്റെ പ്രഖ്യാപനം അമ്പരപ്പുളവാക്കുന്നതായിരുന്നു. വിടവാങ്ങലിന്റെ ഭാഗമായി ആചരിച്ച അത്താഴവിരുന്നിൽ അവൻ ചെയ്തതും പറഞ്ഞതും അവരുടെ ബുദ്ധിക്കും യുക്തിക്കും തികച്ചും അതീതമായിരുന്നു. ഗുരു ശിഷ്യരുടെ മുമ്പിൽ മുട്ടുകുത്തി പാദം കഴുകിയതും അപ്പം മുറിച്ച് അതു തന്റെ ശരീരമാണെന്നു പറഞ്ഞ് ഭക്ഷിക്കാൻ കൊടുത്തതും ഏതു കാഴ്ചപ്പാടിലൂടെയാണവർ ഗ്രഹിക്കുക! ഇതിനെല്ലാം ശേഷം കുരിശിൽ നിന്നുയർന്ന പരിത്യക്തന്റെ നിലവിളി വീണ്ടും ദുരൂഹതയുടെ ആഴങ്ങൾ വർദ്ധിപ്പിച്ചു. അവരുടെ മുറിവിന്റെ സകല സീമകളെയും ലംഘിക്കുന്നതായിരുന്നു യേശുവിന്റെ വ്യക്തിത്വം.

## പുതിയ വിശ്വാസത്തിൽ

പന്തക്കുസ്താ ദിവസമുണ്ടായ പുതിയ അനുഭവത്തിനു ശേഷമാണ് ആ വ്യക്തിത്വത്തിന്റെ ഉള്ളറകളിലേക്ക് കുറച്ചൊരു വെളിച്ചം അവർക്കു ലഭിച്ചത്. ആ വെളിച്ചത്തിൽ യേശുവിനെ അവർ പുതുതായി കണ്ടു. ആ പുതിയ അറിവ് വിശ്വാസസത്യമായി അവർ പ്രഘോഷിച്ചു. യഹൂദരുടെ ദൈവസങ്കല്പത്തെ തിരുത്തിക്കുറിക്കുന്നതായിരുന്നു ആ പുതിയ അറിവും വിശ്വാസവും. യേശു എന്ന പേരിന്റെ അർത്ഥം കൂടുതൽ വ്യക്തമായി. “യാഹ്വെ രക്ഷകൻ” എന്ന നാമം ധരിച്ചവൻ മാംസം ധരിച്ചു വന്ന ദൈവം തന്നെയാണ് എന്ന് അവർ ഏറ്റുപറഞ്ഞു. രോഗവും മരണവും അവയ്ക്കെല്ലാം അടിസ്ഥാനകാരണമായി നിൽക്കുന്ന പാപവും മാറ്റി നിത്യജീവൻ നൽകുന്ന രക്ഷകനായി യേശുവിനെ അവർ തിരിച്ചറിഞ്ഞു.

പുതിയ പുതിയ പേരുകൾ അതോടെ യേശുവിനു നൽക

പ്പെട്ടു. “ദൈവപുത്രൻ” എന്ന് ഏറ്റുപറഞ്ഞപ്പോൾ ഇസ്രായേൽ ജനത്തിനു പൊതുവിലും രാജാവിനു പ്രത്യേകിച്ചും നൽകിയിരുന്നതിൽനിന്നു തികച്ചും വ്യത്യസ്തമായ ഒരു അർത്ഥം ആ വിശ്വാസപ്രഖ്യാപനത്തിനുണ്ടായിരുന്നു. മോശയ്ക്കു വെളിപ്പെടുത്തിയ പേരാണ് “യാഹ്‌വെ.” അതിന്റെ വിവർത്തനമാണ് “കർത്താവ്.” ശിഷ്യന്മാർ യേശുവിനെ “കർത്താവ്” എന്നു വിളിക്കുമ്പോൾ ദൈവത്തോടുള്ള അവിടുത്തെ തുല്യത, അഥവാ ദൈവത്വം ഏറ്റുപറയുകയാണ്. ഈ ഉത്ഥാനാനന്തര വിശ്വാസത്തിന്റെ വെളിച്ചത്തിലാണ് പുതിയനിയമ ഗ്രന്ഥങ്ങൾ എല്ലാം എഴുതപ്പെട്ടത്. അതിനാൽ സുവിശേഷങ്ങളിൽ ജീവിതകാലത്ത് യേശുവിന്റെ ദൈവത്വം ഏറ്റുപറയുന്ന ശിഷ്യന്മാരുടെ വാക്കുകളിൽ ഈ വിശ്വാസത്തിന്റെ പ്രതിധ്വനി കേൾക്കാം. “എന്റെ കർത്താവേ, എന്റെ ദൈവമേ” (യോഹ 20,28) എന്ന തോമാശ്ലീഹായുടെ നിലവിളി ശിഷ്യസമൂഹം രൂപപ്പെടുത്തിയ വിശ്വാസപ്രമാണത്തിന്റെ ഏറ്റം ഹ്രസ്വമായ രൂപമാണ്.

## പൂർത്തീകരിക്കപ്പെട്ട വാഗ്ദാനം

വി. മത്തായിയും വി. ലൂക്കായും രചിച്ച ബാല്യകാല സുവിശേഷങ്ങളിൽ ഈ വിശ്വാസം പ്രകടമാകുന്നുണ്ട്. ഇസ്രായേൽജനം പ്രതീക്ഷിച്ചിരുന്ന, വാഗ്ദാനങ്ങളുടെ പൂർത്തീകരണമായ അബ്രാഹത്തിന്റെ പുത്രനും ദാവീദിന്റെ പുത്രനായ രാജാവുമാണ് യേശു (മത്താ 1,1). ജനത്തെ പാപങ്ങളിൽ നിന്നു മോചിപ്പിക്കുന്ന രക്ഷകൻ എന്നാണ് പേരിന്റെ അർത്ഥം (മത്താ 1,21). യേശു മനുഷ്യരുടെ മധ്യേയുള്ള ദൈവികസാന്നിധ്യമാണ്. ദൈവം നമ്മോടുകൂടെ എന്നർത്ഥമുള്ള “എമ്മാനുവേൽ” എന്ന് അവൻ വിളിക്കപ്പെട്ടു (മത്താ 1,23). കിഴക്കുനിന്നു വന്ന ജ്ഞാനികൾ അവനെ ദൈവമായി ആരാധിച്ചു (മത്താ 2,11). യുഗാന്തംവരെ നമ്മോടൊത്തു വസിക്കുന്ന ദൈവമാണ് യേശു എന്ന വിശ്വാസപ്രഖ്യാപനത്തോടെയാണ് മത്തായി തന്റെ വിവരണം സമാപിക്കുന്നത് (മത്താ 28,20).

ലൂക്കായുടെ വിവരണങ്ങളും ഇതേ ശൈലി അവലംബിക്കുന്നു. പരിശുദ്ധാത്മാവിന്റെ പ്രത്യേക പ്രവർത്തനത്താൽ കന്യകയിൽ നിന്നു ജനിച്ചവൻ അത്യുന്നതന്റെ പുത്രനായിരിക്കും (ലൂക്കാ 1,35). പരിശുദ്ധൻ, (ലൂക്കാ 1,35), കർത്താവ് (ലൂക്കാ 1,43; 1,76), രക്ഷകൻ (ലൂക്കാ 1,69; 2,11–31) മുതലായ, പഴയനിയമത്തിൽ ദൈവത്തിനു മാത്രം ഉപയോഗിച്ചിരുന്ന വിശേഷണങ്ങൾ യേശുവിന് നൽകുന്നതി

ലൂടെ തന്റെയും ശിഷ്യസമൂഹം മുഴുവന്റെയും വിശ്വാസം ഏറ്റുപറയുകയാണ് മൂന്നാം സുവിശേഷകൻ ചെയ്യുന്നത്.

## യേശുവിന്റെ വ്യക്തിത്വം

എത്ര വിശേഷണങ്ങൾ നൽകിയാലും അതൊന്നും യേശുവിന്റെ വ്യക്തിത്വത്തെ പൂർണ്ണമായും ഉൾക്കൊള്ളാനോ പ്രകാശിപ്പിക്കാനോ അപര്യാപ്തമാണ്. വി. യോഹന്നാൻ തന്റെ സുവിശേഷത്തിൽ തികച്ചും പുതിയ പേരുകളും വിശേഷണങ്ങളും നൽകി ആ വ്യക്തിത്വത്തിന്റെ ആഴങ്ങൾ വെളിപ്പെടുത്താൻ ശ്രമിക്കുന്നു. ആദിയിലേ ദൈവത്തോടൊന്നിച്ചുണ്ടായിരുന്നവൻ, ദൈവം തന്നെ ആയവൻ, ദൈവത്തിന്റെ സ്വയം പ്രകാശനമായ വചനം, മാംസമായി മാറിയ വചനം (യോഹ 1,1–2.14) അന്ധകാരത്തിനു ഗ്രസിക്കാൻ കഴിയാത്ത പ്രകാശം (യോഹ 1,4), ദൈവത്തോടു ഗാഢബന്ധം പുലർത്തുന്ന ദൈവം തന്നെയായ ഏകജാതൻ (1,18) എന്നിങ്ങനെ സുവിശേഷത്തിന്റെ ആമുഖത്തിൽ നൽകുന്ന വിശേഷണങ്ങളും സ്ഥാനപ്പേരുകളും ഉദാഹരണങ്ങളാണ്. ജീവന്റെ അപ്പം (യോഹ 6,35), ലോകത്തിന്റെ പ്രകാശം (8,12), ജീവനിലേക്കു തുറക്കുന്ന വാതിൽ (10,9), നല്ല ഇടയൻ (10,14), വഴിയും സത്യവും ജീവനും (14,6) ജീവനും പുനരുത്ഥാനവും (11,25) എന്നിങ്ങനെ വ്യക്തിത്വത്തെ വെളിപ്പെടുത്തുന്ന പേരുകൾ നിരവധിയാണ്. "ഞാനും പിതാവും ഒന്നാണ്" (10,30) തുടങ്ങിയ പ്രസ്താവനകൾ ആ വ്യക്തിത്വത്തിന്റെ നിഗൂഢതലങ്ങളിലേക്കു വെളിച്ചം വീശുന്നു.

ദൈവികതയ്ക്ക് ഊന്നൽ നൽകുമ്പോൾ മനുഷ്യത്വം മറക്കരുത് എന്ന് യേശുവിനു നിർബന്ധമുണ്ടായിരുന്നു. ശിഷ്യന്മാർ അതു മനസിലാക്കുകയും ചെയ്തിരുന്നു. അതിനാലാണ് യേശു സ്വയം വിശേഷിപ്പിക്കാൻ "മനുഷ്യപുത്രൻ" എന്ന പേര് സ്ഥിരമായി ഉപയോഗിച്ചിരുന്നത്. നാലു സുവിശേഷകന്മാരും ഇതു രേഖപ്പെടുത്തിയിട്ടുണ്ട്. യേശു മാത്രമേ ഈ പേര് ഉപയോഗിക്കുന്നുള്ളൂ എതും ശ്രദ്ധേയമത്രേ. അത്യുന്നതൻ താഴ്ന്നിറങ്ങി, അമർത്ത്യൻ മർത്ത്യനായി, ദൈവം മനുഷ്യനായി. ഒരേ സമയം ദൈവവും മനുഷ്യനുമായവന്റെ വ്യക്തിത്വത്തെ ആർക്കു നിർണയിക്കാനാവും!

## ശിഷ്യനായി മാറിയ പീഡകൻ

ഇതേ അവബോധവും വിശ്വാസവുമാണ് വി. പൗലോസ് തന്റെ ലേഖനങ്ങളിൽ ഉറക്കെ പ്രഖ്യാപിക്കുന്നത്. ഡമാസ്കസി

ലേക്കുള്ള വഴിയിൽ വച്ചു കണ്ടുമുട്ടിയ നിമിഷം മുതൽ യേശു സാവൂളിന്റെ നാഥനായി; സാവൂൾ പൗലോസായി; പീഡകൻ ശിഷ്യനായി. വ്യക്തിബന്ധത്തിലൂടെയാണ് പൗലോസ് യേശുവിനെ അറിഞ്ഞത്. ഒരു വിളിയും മറുപടിയും ഉൾക്കൊള്ളുന്നതായിരുന്നു ആ ബന്ധം- ഒരു ഗുരു ശിഷ്യബന്ധം. പൗലോസിന്റെ ജീവിതത്തെ സമൂലം തിരുത്തിക്കുറിച്ച ആ ബന്ധം യേശുവിനെ കൂടുതൽ അടുത്തും ആഴത്തിലും അറിയാൻ ഇട നൽകി. "എനിക്കു ജീവിതം ക്രിസ്തുവും മരണം നേട്ടവുമാണ്" (ഫിലി 1,21); "ഇനിമേൽ ഞാനല്ല ജീവിക്കുന്നത്, ക്രിസ്തുവാണ് എന്നിൽ ജീവിക്കുന്നത്. എന്റെ ഇപ്പോഴത്തെ ഐഹികജീവിതം എന്നെ സ്നേഹിക്കുകയും എനിക്കുവേണ്ടി തന്നെത്തന്നെ ബലിയർപ്പിക്കുകയും ചെയ്ത ദൈവപുത്രനിൽ വിശ്വസിച്ചുകൊണ്ടുള്ള ജീവിതമാണ്" (ഗലാ 2,20) തുടങ്ങിയ ആത്മപ്രകാശനങ്ങൾ ആ ആഴമേറിയ അറിവിന്റെ പ്രകടനങ്ങളാണ്. യേശുവിന്റെ വ്യക്തിത്വത്തിന്റെ ഔന്നത്യത്തിലേക്കും അഗാധതലങ്ങളിലേക്കും കടക്കുമ്പോഴും (എഫേ 1,15-23; കൊളോ 1,15-20) ഈ വ്യക്തിബന്ധത്തിനും ഗാഢമായ സ്നേഹത്തിനും പൗലോസ് ഊന്നൽ നൽകുന്നു. ആ സ്നേഹത്തിൽനിന്ന് ഒന്നിനും നമ്മെ വേർപ്പെടുത്താനാവില്ല (റോമാ 8,31-39); അതിന്റെ ആഴവും ഉയരവും വീതിയും നീളവും ഊഹാതീതമത്രെ (എഫേ 3,18). അവനുവേണ്ടിയാണ് നാം ജീവിക്കുന്നത്, അവനിലേക്കാണ് നാം മരിക്കുന്നത് (റോമാ 14,8).

ജീവിതത്തിലുടനീളം കൈപിടിച്ചു നടത്തുകയും മരണത്തിനപ്പുറത്ത് സ്വഭവനത്തിലേക്കു നമ്മെ സ്വീകരിക്കുകയും ചെയ്യുന്നവനാണ് യേശു എന്ന് ശിഷ്യസമൂഹം ഗ്രഹിച്ചു, വിശ്വസിച്ചു; (യോഹ 14,1-3; ലൂക്കാ 223,43; 2 കോറി 5,8-9). സ്വർഗാരോഹണത്തെക്കുറിച്ചു പ്രതിപാദിക്കുന്ന സുവിശേഷകന്മാർ അവിടുത്തെ മഹത്ത്വീകരണത്തിന് ഊന്നൽ നൽകുമ്പോൾ അതു വിവരിക്കാത്ത മത്തായിയും യോഹന്നാനും എന്നും നമ്മുടെ മധ്യേയുള്ള യേശുവിന്റെ സാന്നിധ്യത്തെ എടുത്തുകാട്ടുന്നു. നമുക്കുവേണ്ടി മരിച്ച് ഉയിർത്തവൻ എന്നും നമ്മോടൊന്നിച്ചു വസിക്കുന്നു എന്ന് അവർ ഏറ്റുപറയുകയാണ്.

യേശുവിന്റെ വ്യക്തിത്വത്തിന്റെ മഹത്ത്വവും പ്രഭാവവും ഏറ്റം അധികം വ്യക്തമാക്കുന്ന ഗ്രന്ഥമാണ് വെളിപാടു പുസ്തകം. ലോകരക്ഷയ്ക്കുവേണ്ടി സ്വയം യാഗമായിത്തീർന്നവൻ പാപ

ത്തെയും മരണത്തെയും ജയിച്ച് ഉയിർത്തെഴുന്നേറ്റു. കൊല്ല പ്പെട്ടതായി തോന്നുന്നതും ദൈവസിംഹാസനത്തിനു മുമ്പിൽ നിൽക്കുന്നതുമായ കുഞ്ഞാട് (വെളി 5,6) യേശുതന്നെയാണ്. പീഡി തമായ സഭയെ കൈകളിൽ താങ്ങുകയും നിരന്തരം സഭാമധ്യേ വസിക്കുകയും ചെയ്യുന്ന മഹത്ത്വീകൃതനായ മനുഷ്യപുത്രനാണ് യേശു (വെളി 1,12-13). അവൻ രാജാവും പുരോഹിതനും അതേ സമയം ദൈവവുമാണ്. പിതാവായ ദൈവത്തോടൊന്നിച്ച് സിംഹാ സനത്തിൽ ഇരിക്കുകയും സകല സൃഷ്ടികളുടെയും ആരാധന സ്വീകരിക്കുകയും ചെയ്യുന്ന അവൻ (വെളി 5:11-14) ആദിയും അന്ത വുമാണ് (22,13). എല്ലാം അവനിൽ തുടങ്ങുന്നു, എല്ലാം അവനിൽ അടങ്ങുന്നു. രാജാക്കന്മാരുടെ രാജാവും നാഥന്മാരുടെ നാഥനും സർവ്വാധിപനും (വെളി 17,14; 19,16) ആയ അവനാണ് ഈ ലോക ത്തിന്റെ ഭാഗധേയം നിർണയിക്കുന്നത്, ചരിത്രത്തെ നയിക്കുന്നത്; തിന്മയെ ഉന്മൂലം ചെയ്ത് നന്മയെ പൂർണ്ണവിജയത്തിലെത്തി ക്കുന്നത്.

# ഉപസംഹാരം

ജീവിതയാത്രയിൽ തോണിതകർന്ന് നിരാശയുടെ നടുക്കടലിൽ അലയുന്നവർക്ക് പ്രത്യാശയുടെ പ്രകാശഗോപുരമാണ് യേശു ക്രിസ്തു. കൊടുങ്കാറ്റിൽപെട്ട കപ്പലിന് ഉറപ്പുള്ള നങ്കൂരമാണവൻ. ദൈവം മനുഷ്യനു നല്കിയ സകലവാഗ്ദാനങ്ങളും യേശുവിൽ പൂർത്തിയായി. അവനിലാണ് ദൈവരാജ്യം എന്ന വാഗ്ദത്ത ഭൂമി യാഥാർത്ഥ്യമായത്. അവനിലൂടെയാണ് ഭൂമുഖത്തെ സകലജനതകളും അനുഗൃഹീതരായത്. രോഗികൾക്കു സൗഖ്യമാണവൻ, പാപികൾക്കു മോചനമാണ്, അന്ധർക്കു പ്രകാശമാണ്. അവനെ നോക്കുന്നവർ പ്രകാശിതരാകുന്നു, അവനിൽ പ്രത്യാശവെക്കുന്നവർ നിരാശരാകുന്നില്ല.

യേശു ദൈവരാജ്യം ഈ ഭൂമിയിൽ ഉദ്ഘാടനം ചെയ്തു എങ്കിലും അത് ഇനിയും പൂർത്തിയായിട്ടില്ല. എല്ലാം നവീകരിക്കാൻ, കരയുന്നവരുടെ കണ്ണീരൊപ്പാൻ, കല്ലറയിൽ അടയ്ക്കപ്പെട്ടവരെ വിളിച്ചെഴുന്നേല്പിക്കാൻ അവൻ വീണ്ടുംവരും. ഞാൻ നിങ്ങളെ അനാഥരായിവിട്ടിട്ടു പോവുകയില്ല. "ഞാൻ ആയിരിക്കുന്നിടത്ത് നിങ്ങളും ആയിരിക്കേണ്ടതിന് ഞാൻ വീണ്ടുംവന്ന് നിങ്ങളെയും കൂട്ടിക്കൊണ്ട് പോകും" (യോഹ 14,3). "പിതാവേ, ലോകസ്ഥാപനത്തിനുമുൻപ് എന്നോടുള്ള സ്നേഹത്താൽ അങ്ങ് എനിക്ക് മഹത്ത്വം നല്കി. അങ്ങ് എനിക്ക് നല്കിയവരും അതു കാണാൻ ഞാൻ ആയിരിക്കുന്നിടത്ത് അവരും ആയിരിക്കണം എന്ന് ഞാൻ ആഗ്രഹിക്കുന്നു" (യോഹ 17,24). യേശുവിന്റെ അന്ത്യാഭിലാഷവും പ്രാർത്ഥനയും പിതാവ് തിരസ്ക്കരിക്കുകയില്ല. നാം യേശുവിലും യേശു പിതാവിലും ഒന്നായിത്തീരുമ്പോഴാണ് (യോഹ 17,23) ദൈവരാജ്യം പൂർണ്ണമാവുക.

അതുവരെ കഷ്ടതയുടെ അപ്പം ഭക്ഷിച്ചും ക്ലേശത്തിന്റെ ജലം പാനം ചെയ്തും കുരിശിന്റെ വഴിയിലൂടെ നാം നടന്നുനീങ്ങണം. ലോകത്തിൽനിന്നും അതിന്റെ വേദനകളിൽനിന്നും യേശു നമ്മെ എടുത്തുമാറ്റുന്നില്ല. എന്നാൽ ക്ലേശങ്ങൾക്കും വേദനകൾക്കും പുതിയ അർത്ഥം നല്കുന്നു. അവയെ നേരിടാൻ വേണ്ട കരുത്ത് പ്രദാനം ചെയ്യുന്നു. "ലോകത്തിൽ നിങ്ങൾക്ക് ഞെരുക്കമുണ്ടാകും, എങ്കിലും ധൈര്യമായിരിക്കുവിൻ, ഞാൻ ലോകത്തെ കീഴടക്കിയിരിക്കുന്നു." (യോഹ 16,33).

അദ്ധ്വാനിക്കുന്നവൻ ഇനി തനിച്ചല്ല അദ്ധ്വാനിക്കുന്നത്. ഭാരം വഹിക്കുന്നവന് താങ്ങും തണലുമായി യേശു കൂടെയുണ്ട്. മരണത്തെ ജയിച്ചവൻ മുൻപെ പോകുമ്പോൾ അനുദിനം കുരിശുമെടുത്ത് അവനെ അനുഗമിക്കുക എളുപ്പമാണ്. അവന്റെ വിളികേട്ട് കടലിൻ നടുവിലേയ്ക്ക് ഇറങ്ങി ഓളങ്ങളിൽ മുങ്ങിത്താഴുമ്പോൾ "അല്പവിശ്വാസീ നീ സംശയിച്ചതെന്ത്?" (മത്താ 14,31) എന്ന് പറഞ്ഞുകൊണ്ട് കൈനീട്ടി പൊക്കിയെടുക്കുന്നവൻ അടുത്തുതന്നെയുണ്ട്. ഉണങ്ങാത്ത അവന്റെ മുറിപ്പാടുകളിൽ നമ്മുടെ ദുഃഖങ്ങൾക്ക് ആശ്വാസം കണ്ടെത്താൻ കഴിയും. ആകയാൽ "നമ്മെ വിഷമിപ്പിക്കുന്ന ഭാരവും പാപവും നമുക്കു നീക്കിക്കളയാം. നമുക്കായി നിശ്ചയിച്ചിരിക്കുന്ന ഈ ഓട്ടപ്പന്തയും സ്ഥിരോത്സാഹത്തോടെ നമുക്ക് ഓടിത്തീർക്കാം. നമ്മുടെ വിശ്വാസത്തിന്റെ നാഥനും അതിനെ പൂർണ്ണതയിൽ എത്തിക്കുന്നവനുമായ യേശുവിനെ മുന്നിൽകണ്ടുകൊണ്ട് വേണം നാം ഓടാൻ" (ഹെബ്രാ 12,1-2).

യുഗാന്തംവരെ നമ്മോടുകൂടെ ഉണ്ടായിരിക്കും എന്ന് വാഗ്ദാനം ചെയ്തവൻ മരണത്തെ ജയിച്ച് സകല അധികാരവും പിതാവിൽനിന്ന് സ്വീകരിച്ചവനാണ് (മത്താ 28,18-20). അവനാണ് പറയുന്നത് "ഇതാ ഞാൻ വേഗം വരുന്നു, എന്റെ സമ്മാനവും ഞാൻ കൊണ്ടുവരുന്നുണ്ട്" (വെളി 22,12). ജീവജലത്തിന്റെ ഉറവകളിലേയ്ക്കു നയിക്കുന്ന, എല്ലാ കണ്ണുകളിൽനിന്നും കണ്ണീർ തുടച്ചുനീക്കുന്ന (വെളി 7,17) യേശുവാണ് പ്രത്യാശയുടെ പ്രകാശഗോപുരം. യുഗങ്ങളുടെ പ്രത്യാശയായ യേശു നമ്മിലുണ്ട് (കൊളോ 1,27) എന്ന് വിശ്വസിക്കുന്നവർ പ്രത്യാശയുടെ പ്രവാചകന്മാരാണ്. അവരാണ് അവന്റെ വരവിന് വഴിയൊരുക്കുന്നത്, അവരാണ് അവനെ ഉച്ചത്തിൽ വിളിച്ച് കരയുന്നത്. "കർത്താവായ യേശുവേ, വരണമേ." മാറാൻ ആത്താ! (വെളി 22,20).

പേരുകൾക്കും വിശേഷണങ്ങൾക്കും അതീതനാണ് അവൻ. ഒരു പേരും പൂർണ്ണമല്ല; ഒരു വിശേഷണവും പര്യാപ്തമല്ല. ഓരോ പേരും ഓരോ വിശേഷണവും ആ മഹാരഹസ്യത്തിന്റെ ഓരോ വശം വെളിപ്പെടുത്താൻ സഹായിക്കും എന്നു മാത്രം. ദൈവത്തിന്റെ നീതിയും കരുണയും, സ്നേഹവും കരുതലും മൂർത്തരൂപം ധരിച്ചതാണ് യേശു. നീതിക്കുവേണ്ടി ഗർജ്ജിക്കുന്ന പ്രവാചകനാണവൻ; അധർമ്മത്തിൽ അടിയുറച്ച സിംഹാസനങ്ങളെയും സാമ്രാജ്യങ്ങളെയും തകിടം മറിക്കുന്ന വിപ്ലവകാരിയാണവൻ. മനുഷ്യനെ അടിമയാക്കുന്ന അജ്ഞതയുടെ അന്ധകാരമകറ്റുന്ന ജഗദ്ഗുരുവാണവൻ; ലോകത്തിന്റെ പ്രകാശം. രോഗിക്കു സൗഖ്യം, പാപിക്കു മോചനം, ദുഃഖിതർക്ക് ആശ്വാസം, അശരണർക്കു പ്രത്യാശ, പുറന്തള്ളപ്പെട്ടവർക്ക് അഭയം, മരിച്ചവർക്ക് ജീവൻ. ആ ജീവൻ മരണത്തിനപ്പുറത്തേക്ക്, നിത്യതയിലേക്ക് നീളുന്നു. സ്വയം എരിഞ്ഞ് പ്രകാശമായവൻ, സ്വയം മുറിഞ്ഞ് ഭക്ഷണമായവൻ, ലോകത്തിന്റെ മുഴുവൻ ദുഃഖവും പാപവും ഏറ്റുവാങ്ങി ബലിയായവൻ; യേശു ജീവിക്കുന്നു. ഇന്നും എന്നും, എന്നിലും നിന്നിലും, സർവ്വോപരി എന്റെ സഹായം തേടിവരുന്ന സഹോദരനിലും; ദൈവമായി, ശക്തിയായി, സ്വാന്ത്വനമായി, ആഹ്വാനമായി, വെല്ലുവിളിയായി, ദൗത്യമായി. വിളികേട്ട് പിന്നാലേ പോകാൻ തയ്യാറാകുന്നവനേ അവനെ തിരിച്ചറിയാൻ കഴിയൂ. ശിഷ്യത്വത്തിലൂടെ മാത്രമേ യേശുവിനെ അറിയാനാകൂ!

"എന്നെ സ്നേഹിക്കുന്നവൻ എന്റെ വചനം പാലിക്കും– അപ്പോൾ എന്റെ പിതാവ് അവനെ സ്നേഹിക്കുകയും ഞങ്ങൾ വന്ന് അവനിൽ വാസമുറപ്പിക്കുകയും ചെയ്യും" (യോഹ 14, 23).

●